# ലൈംഗികതയും പൗരോഹിത്യവും

# സമർപ്പണം

പക്വത നേടുംമുമ്പേ
പൗരോഹിത്യത്തിന്റെയോ സന്ന്യാസത്തിന്റെയോ
പാതയിൽ പ്രവേശിച്ച്
ബ്രഹ്മചര്യനിയമമെന്ന അധികച്ചുമടു
ചുമക്കാൻ കഴിയാതെ കാലിടറിവീഴുന്ന
പുരോഹിതർക്കും സന്ന്യസ്തർക്കും...

പുരോഹിതരുടെ ലൈംഗികാതിക്രമങ്ങൾക്കിരയായ
നിഷ്കളങ്കരായ ബാലികാബാലന്മാർക്കും...

## ചാക്കോ കളരിക്കൽ

കോട്ടയം ജില്ലയിൽ പാലാ-ഉരുളികുന്നത്ത് ജനനം. ബാംഗ്ലൂർ ധർമ്മാരാം കോളജിൽ നിന്നു തത്ത്വശാസ്ത്രത്തിൽ ഡിപ്ലോമയും മൈസൂർ യൂനിവേഴ്സിറ്റിയിൽനിന്നു സയൻസിൽ ഡിഗ്രിയും അമേരിക്കയിൽ മക്കോം കമ്മ്യൂണിറ്റി കോളജിൽനിന്നു മെറ്റലർജിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയും എടുത്തു. മാനുഫാക്ചറിങ് ക്വാളിറ്റി അഷ്വറൻസ് സിസ്റ്റത്തിൽ (ISO-9000) സെർട്ടിഫൈഡ് ലീഡ് ഓഡിറ്ററാണ്. ‘ഡെയ്മലർ ക്രൈസ്ലർ’ എന്ന അമേരിക്കൻ കാർനിർമ്മാണ കമ്പനിയുടെ ക്വാളിറ്റി ഡിപ്പാർട്ട്മെന്റിൽ ദീർഘകാല സേവനത്തിനുശേഷം 2007-ൽ റിട്ടയർ ചെയ്തു. 1977 മുതൽ അമേരിക്കയിൽ മിച്ചിഗൻ സ്റ്റേറ്റിൽ താമസം.

ഭാര്യ: അന്നമ്മ കൊള്ളിക്കുളവിൽ (എരുമേലി-മണിപ്പുഴ). മക്കൾ: ജെയ്മി, ഏമി, മരുമകൾ: ലിൻഡ ജേക്കബ്.

2008 കോട്ടയം അന്താരാഷ്ട്ര പുസ്തകമേളയിൽ മികച്ച പുസ്തകനിർമിതിക്കുള്ള പുരസ്കാരം ലഭിച്ച ‘ഇടയൻ’ എന്ന നോവൽ രചിച്ചിട്ടുണ്ട്. ‘മതാധിപത്യം കത്തോലിക്കാസഭയിൽ’, ‘സഭാനവീകരണത്തിലേക്ക് ഒരുവഴി’ എന്നീ രണ്ട് പുസ്തകങ്ങൾ ഉടൻ പ്രസിദ്ധീകരിക്കുന്നതുമാണ്.

വിലാസം: 13337 WINDHAM DR, WASHINGTON TWP, MI 48094-3175, USA.
ഇ-മെയിൽ: ckalarickal10@hotmail.com വെബ്സൈറ്റ്: www.ckalarickal.com


---

*‘ഇടയൻ’ എന്ന പുസ്തകം www.ckalarickal.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

# ലൈംഗികതയും പൗരോഹിത്യവും

ചാക്കോ കളരിക്കൽ

സ്കൈ
ബുക് പബ്ലിഷേഴ്സ്

Malayalam Language

**LAINGIKATHAYUM PAURÕHITHYAVUM**

**(Sexuality and Priesthood)**

Essays

By **Chacko Kalarickal**

Copyright © *By Chacko Kalarickal*

*First Published : June 2011*

*Cover Design:* MosART

Published by

**SKY BOOK PUBLISHERS**

Mavelikara - 690 101,
Alappuzha Dist, Kerala, India.
Tel : 0479 - 3291414, 2307424

Typesetting & Printing
Mudra Creations, Chengannur.

***No part of this book may be reproduced
or transmitted in any form or by any means,
without prior written permission of the author.***

ISBN 978-81-903895-4-9

₹. 80.00

## പ്രസാധകക്കുറിപ്പ്

യേശുക്രിസ്തുവിന്റെ ഉദ്ബോധനങ്ങൾ ലൈംഗികവിവേചനങ്ങൾക്ക് അതീതമാണെങ്കിലും കത്തോലിക്കാസഭയുടെ യാഥാസ്ഥിതികമായ സമീപനം സഭാംഗങ്ങൾക്ക് ഉളവാക്കിയിട്ടുള്ള പ്രശ്നങ്ങൾ നിരവധിയാണ്. തന്റെ പ്രഥമകൃതിയായ 'ഇടയൻ' എന്ന നോവലിലൂടെ കേരള ക്രൈസ്തവ മനസ്സാക്ഷിയെ തട്ടിയുണർത്തിയ ശ്രീ. ചാക്കോ കളരിക്കൽ 'ലൈംഗികതയും പൗരോഹിത്യവും' എന്ന ഈ ഗ്രന്ഥത്തിലൂടെ സഭ ഇന്ന് അഭിമുഖീകരിക്കുന്ന സുപ്രധാനമായ ഒരു പ്രശ്നത്തിന്റെ പരിഹാരമെന്തെന്ന് ചിന്തിക്കാൻ വായനക്കാരെ പ്രേരിപ്പിക്കുന്നു. ബൈബിളിന്റെ അടിസ്ഥാനത്തിൽ ലൈംഗികത സംബന്ധിച്ച യേശുവിന്റെ ഉദ്ബോധനങ്ങൾ വിശകലനം ചെയ്യുകയും കത്തോലിക്കാസഭയുടെ നിലപാടുകൾ എങ്ങനെ തിരുത്തണം എന്നു വ്യക്തമാക്കുകയും ചെയ്യുന്ന പഠനഗ്രന്ഥമാണിത്.

ഗ്രന്ഥകാരനും ഈ പുസ്തകത്തിന്റെ സമകാലികപ്രസക്തി ഉൾക്കൊണ്ട് സമുചിതമായ ഒരവതാരിക എഴുതിയ ചിന്തകനും കോളമ്നിസ്റ്റും നോവലിസ്റ്റുമായ ശ്രീ. കെ.സി. വർഗീസിനും കൃതജ്ഞത.

**സി. പ്രസാദ്**

# അവതാരിക

കത്തോലിക്കാസഭയിൽ സഭാസംബന്ധമോ ദൈവശാസ്ത്രപരമോ ആയ വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള കുത്തകാവകാശം പുരോഹിതന്മാർക്കു മാത്രമായി സംവരണം ചെയ്തിരിക്കുകയാണ്. "നിങ്ങളെല്ലാവരും തിരഞ്ഞെടുക്കപ്പെട്ട വർഗവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവും ആകുന്നു" (1 പത്രോസ് 2: 9–10) എന്ന ബൈബിൾ ലിഖിതത്തിന്റെ അന്തഃസത്തക്കെതിരാണീ സംവരണവ്യവസ്ഥ. കാലഹരണപ്പെട്ട കാനോൻ ചട്ടങ്ങളും മാർപാപ്പാമാരുടെ 'വെളിപാടു'കളും ഉദ്ധരിച്ചുകൊണ്ടാണ് യേശുവിന്റെ സന്ദേശങ്ങളെ വികൃതമാക്കുന്നതിൽ സഭാധികാരികൾ വ്യാപരിക്കുന്നതെന്നതാണു സത്യം. ആത്മാർഥതയും മൂല്യബോധവും നഷ്ടമായിട്ടില്ലാത്ത അല്മായർ ഇതിൽ അത്യന്തം വേദനിക്കുന്നുണ്ട്. അത്തരം ഒരു അല്മായ ജിജ്ഞാസുവാണ് ഈ പുസ്തകത്തിന്റെ കർത്താവ് ശ്രീ. ചാക്കോ കളരിക്കൽ. ദീർഘകാലമായി അമേരിക്കയിൽ സ്ഥിരതാമസമാക്കിയ ഗ്രന്ഥകാരൻ കത്തോലിക്കാസഭയെ അങ്ങേയറ്റം സ്നേഹിക്കുകയും സഭ കാലോചിതമായ പരിഷ്കാരത്തിനു വിധേയമാകണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തിയാണെന്ന് ഈ പുസ്തകം വായിക്കുന്ന ആർക്കും ബോധ്യപ്പെടും. ക്രൈസ്തവമായ മൂല്യസങ്കല്പങ്ങളോട് പ്രതിജ്ഞാബദ്ധത പുലർത്തിക്കൊണ്ട് മതേതര ക്രൈസ്തവത (Secular Christianity) എന്ന ആശയം പ്രായോഗികമാക്കുക എന്ന ലക്ഷ്യത്തോടെ ഞാനേർപ്പെട്ടിരിക്കുന്ന പഠന ഗവേഷണങ്ങൾ കണക്കിലെടുത്തായിരിക്കും ശ്രീ. ചാക്കോ കളരിക്കൽ തന്റെ ഈ പ്രൗഢഗംഭീര പഠനത്തിന്റെ പടിവാതിൽക്കൽ വന്നുനിന്നുകൊണ്ട് വായനക്കാരോട് ചിലതൊക്കെ സംസാരിക്കാൻ എന്നെ നിയോഗിച്ചത്. ഈ രംഗത്തു ഞാൻ ഒറ്റയ്ക്കും

കൂട്ടായും നടത്തിവരുന്ന പരിശ്രമങ്ങൾക്കുള്ള അംഗീകാരമായി ഈ നിയോഗത്തെ ഞാൻ കണക്കാക്കുന്നു.

മതവിമർശനം എല്ലാ സാമൂഹ്യവിമർശനത്തിന്റെയും തുടക്കമാണെന്നു കാറൽമാർക്സ് പറയുന്നു. ഇപ്പോഴത്തെ ലോകസാഹചര്യങ്ങളിൽ ഈ പ്രസ്താവനയെ ഇങ്ങനെ വേണമെങ്കിൽ തിരുത്താമെന്നു തോന്നുന്നു: ലൈംഗികപ്രശ്നങ്ങളെക്കുറിച്ചുള്ള ഏതൊരു വിമർശനവും മതവിമർശനത്തിന്റെ ഭാഗം കൂടിയാണ്. കാരണം മതവും ലൈംഗിക പ്രശ്നങ്ങളും അത്രമേൽ കെട്ടുപിണഞ്ഞു കിടക്കുന്നു. യേശുവും തന്റെ പ്രഭാഷണങ്ങളിൽ ഈ വിഷയം സ്പർശിക്കാതെ വിടുന്നില്ല. അവിടുന്നു പറയുന്നു: "ഷണ്ഡന്മാരായി പിറക്കുന്നവരുണ്ട്. മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെടുന്നവരുണ്ട്. സ്വർഗരാജ്യത്തിന്നുവേണ്ടി സ്വയം ഷണ്ഡന്മാരാക്കിയവരുമുണ്ട്" (മത്തായി 19: 12). ആഗോള കത്തോലിക്കാസഭയിൽ നിർബന്ധിത ബ്രഹ്മചര്യത്തിന്റെ നുകംപേറുന്ന ബഹുഭൂരിപക്ഷം വൈദികരും കന്യാസ്ത്രീകളും യേശുവിന്റെ വിശകലനത്തിലെ രണ്ടാമത്തെ വിഭാഗം ഷണ്ഡരുടെ ഗണത്തിലാണ് പെടുക എന്ന കാര്യത്തിൽ കാര്യങ്ങൾ നേരെ ചൊവ്വേ കാണുന്ന ആർക്കും സംശയം ഉണ്ടാകാനിടയില്ല. തങ്ങളുടെ ഞായറാഴ്ച പ്രസംഗങ്ങളിലൂടെയും ധ്യാനക്ലാസ്സുകളിലൂടെയും വിശ്വാസികളെയും തങ്ങളെപ്പോലെതന്നെ ഷണ്ഡരാക്കാൻ ഒരു വിഭാഗം പുരോഹിതർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ വാദഗതികൾക്കുള്ള മറുപടി കൂടിയാണ് ശ്രീ. ചാക്കോ കളരിക്കലിന്റെ ഈ പുസ്തകം. ഈ പുസ്തകം സാധാരണ വിശ്വാസികൾ മാത്രമല്ല സഭയിലെ പുരോഹിതർ, കന്യാസ്ത്രീകൾ, വേദപാഠാധ്യാപകർ മുതലായവരും മനസ്സിരുത്തി വായിക്കുമെന്നു പ്രതീക്ഷിക്കുന്നു.

യേശു വിവാഹിതനോ?, സഭയും ലൈംഗികതയും, ജനനനിയന്ത്രണം, പൗരോഹിത്യവും അവിവാഹിതാവസ്ഥയും, സ്വവർഗരതിയും പൗരോഹിത്യവും, ബാലരതിക്കാരായ പുരോഹിതർ, സ്ത്രീപൗരോഹിത്യം, ലൈംഗികോർജം സ്നേഹോർജം എന്നിങ്ങനെ എട്ട് അധ്യായങ്ങളായി ഈ പുസ്തകം വിഭജിച്ചിരിക്കുന്നു. അല്പമൊക്കെ പ്രകോപനപരമെന്നു തോന്നാവുന്ന ശീർഷകങ്ങളാണ് ഓരോ അധ്യായത്തിനും നല്കിയിരിക്കുന്നതെങ്കിലും അടിക്കുറിപ്പുകളുടെയും റഫറൻസ് ഗ്രന്ഥങ്ങളുടെയും സഹായത്തോടെ വായനക്കാരെ നിഷ്പക്ഷമായ നിഗമനങ്ങളിലേക്കു നയിക്കുന്ന തരത്തിലുള്ള, തികച്ചും അക്കാദമിക്ക് മര്യാദകൾ പാലിച്ചുകൊണ്ടുള്ള, രചനാശൈലിയാണ് ഗ്രന്ഥകാരൻ അവലംബിച്ചിരിക്കുന്നത്.

പുരോഹിതവൃത്തിയിലേർപ്പെടുന്നവർ അപക്വമായ പ്രായത്തിലെടുക്കുന്ന തീരുമാനത്തിന്റെ ഫലമായി ആജീവനാന്തര ബ്രഹ്മചര്യം അനുഷ്ഠിക്കാൻ നിർബന്ധിതരാകുന്നതിനാൽ ലൈംഗികതയെ സംബന്ധിച്ച പാപസങ്കല്പം സഭയിൽ നട്ടു നനച്ചു വളർത്താൻ സഭ നിർബന്ധിതമാകുകയായിരുന്നു. "ലൈംഗികത മനോഹരമായ ഒരു ആപ്പിൾപ്പഴം ആയിരുന്നു. തിരുസ്സഭ അതിനുള്ളിലേക്കൊരു പുഴുവിനെ കടത്തി വിട്ടു. ആ

പുഴു അതിലിരുന്നു പ്രജനനം നടത്തി. ആപ്പിളാകെ ചീഞ്ഞു നാറി" എന്ന് വെറുതെയല്ല നിക്കോസ് കസൻദ്സക്കിസ് പറഞ്ഞത്.

യേശുവിന്റെ രണ്ടാം വരവ് വേഗം സംഭവിക്കുമെന്ന അമിതപ്രതീക്ഷ തലയിൽ കൊണ്ടുനടന്ന വിശുദ്ധ പൗലോസ് അപ്പോസ്തലൻ അടിസ്ഥാനപരമായി ഒരു സ്ത്രീവിദ്വേഷിയായിരുന്നു. കഴിയുമെങ്കിൽ തന്നെപ്പോലെ അവിവാഹിതനായി തുടരാൻ അദ്ദേഹം തന്റെ ചില അനുയായികളെ ആഹ്വാനം ചെയ്യുന്നുണ്ട് (1 കോറി 7: 9). പക്ഷേ, അദ്ദേഹത്തിന്റെ ചില കത്തുകൾ വരികൾക്കിടയിൽകൂടി വായിക്കുന്ന ചില ആധുനിക വേദശാസ്ത്രപണ്ഡിതന്മാർ പൗലോസ് അപ്പോസ്തലൻ സ്വവർഗാനുരാഗ പ്രവണത പ്രകടിപ്പിക്കുന്നതായും നിരീക്ഷിച്ചിട്ടുണ്ട്. അതെന്തു തന്നെയായാലും യേശുവിന്റെ സഭയിൽ ഒരാൾ മേലന്വേഷകസ്ഥാനം കാംക്ഷിക്കുന്നെങ്കിൽ അയാൾ വിവാഹിതനും മക്കളെ ജനിപ്പിക്കാൻ ശേഷിയുള്ളവനും ഒന്നിലധികം സ്ത്രീകളുടെ പിന്നാലെ പായാത്തവനും മാതൃകാ കുടുംബജീവിതം നയിക്കുന്നവനും ആയിരിക്കണം എന്ന കാര്യത്തിൽ അപ്പോസ്തലനു നിർബന്ധമുണ്ട് (1 തിമൊ 3: 1–7). ഇങ്ങനെയൊരു ഭാഗം ബൈബിളിലുള്ളതായി ഇനിയും അംഗീകരിക്കാത്ത ശുദ്ധാത്മാക്കളായ ധാരാളം കത്തോലിക്കരെ ഈ ലേഖകനറിയാം. കത്തോലിക്കാസഭയുടെ ഔദ്യോഗികനേതൃത്വം, പ്രത്യേകിച്ചും ഇരുണ്ടയുഗങ്ങളിൽ, തങ്ങൾക്ക് അസൗകര്യമുണ്ടാക്കുന്ന ചില വാക്യങ്ങൾക്കുമേൽ ഭാഗികമായ തിരുത്തലുകൾ വരുത്തുകയും ചില പുസ്തകങ്ങൾതന്നെ പൂർണമായും പുറന്തള്ളുകയും ഒക്കെ ചെയ്തിട്ടുണ്ട്. പുരോഹിതന്മാർ വിവാഹിതരായിരിക്കണം എന്നു ശഠിക്കുന്ന വിശുദ്ധ പൗലോസിന്റെ വാക്യം അവരുടെ കത്രികപ്രയോഗത്തിൽനിന്നു രക്ഷപെട്ടതോർത്തു നമുക്കു ദൈവത്തെ മഹത്വപ്പെടുത്താം.

കത്തോലിക്കാസഭയിലെ പുരോഹിതരെയും കന്യാസ്ത്രീകളെയും കേന്ദ്രീകരിച്ച് ഉയർന്നുവരുന്ന ലൈംഗികകുറ്റാരോപണങ്ങൾ ഇപ്പോൾ ഒരു വാർത്തയേ അല്ലാതായിട്ടുണ്ട്. അമേരിക്കയിലെയും യൂറോപ്പിലെയും മറ്റും രൂപതകളിൽ കുമിഞ്ഞുകൂടുന്ന നഷ്ടപരിഹാര ഹർജികളുടെയും മാർപാപ്പായുടെ മാപ്പപേക്ഷയുടെയും മറ്റും വിശദാംശങ്ങൾ പുസ്തകത്തിൽ വിശദമായി ചർച്ചചെയ്യുന്നുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ ഒട്ടേറെ പുസ്തകങ്ങൾ ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മലയാളത്തിൽ ഇത്തരം വിഷയങ്ങളിൽ കൈവെക്കാൻ അധികം എഴുത്തുകാർ ധൈര്യം കാണിക്കാറില്ല. ഫാദർ വടക്കന്റെ 'എന്റെ കിതപ്പും കുതിപ്പും', സിസ്റ്റർ ജെസ്മിയുടെ 'ആമേൻ' തുടങ്ങിയ ആത്മകഥാപ്രധാനമായ പുസ്തകങ്ങളുമായി ഈ പുസ്തകത്തെ താരതമ്യം ചെയ്താൽ വടക്കനച്ചന്റെയും ജെസ്മി സിസ്റ്ററുടെയും പുസ്തകങ്ങൾക്ക് സ്വന്തം അനുഭവങ്ങളുടെ നിറപ്പകിട്ടാണുള്ളതെങ്കിൽ ഈ പുസ്തകത്തിനു സൈദ്ധാന്തികവിശകലനത്തിന്റെ സൂക്ഷ്മതയുണ്ട്. അഭയക്കേസുമായി ബന്ധപ്പെട്ടുനടന്ന മാധ്യമവിചാരണകളും നാർക്കോ അനാലിസിന്റെ തത്സമയ സംപ്രേഷണവും ബിഷപ്പ്

തട്ടുങ്കലിന്റെ ആർത്തവരക്തപങ്കിലമായ ബലിയർപ്പണവും ഒക്കെക്കൂടി ആയപ്പോൾ കേരളത്തിലെ കത്തോലിക്കാപൗരോഹിത്യത്തിന്റെ പ്രതിച്ഛായയ്ക്കു കാര്യമായ മങ്ങലേറ്റിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഈ പുസ്തകം മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങളെ സഭാ സ്നേഹികളും സഭാവിമർശകരും മനസ്സിരുത്തി പഠിക്കേണ്ടതുണ്ട്.

ക്രിസ്തുമതം ലൈംഗികതയോടു (sex) രൂപപ്പെടുത്തിയ സമീപനം യൂറോപ്പിലെ പെയ്ഗൻ (pagan) മതസങ്കല്പങ്ങൾ ലൈംഗികകാര്യങ്ങളിൽ വച്ചുപുലർത്തിയിരുന്ന അയവുള്ള നിലപാടുകൾക്ക് കടകവിരുദ്ധമായ ഒന്നായിരുന്നു. പെയ്ഗൻ മതങ്ങൾ ലൈംഗികവികാരത്തെയും ഈശ്വരാരാധനയേയും കൂട്ടിക്കുഴച്ചിരുന്നു. ചില തലങ്ങളിൽ രണ്ടും ഒന്നുതന്നെയാണെന്നു തോന്നത്തക്കതായിരുന്നു അവരുടെ സമീപനം. ഒട്ടുമിക്ക പ്രാചീനമതങ്ങളുടെ ചരിത്രത്തിലും ലിംഗാരാധന ഒരു പതിവുശൈലിയായിരുന്നു. പുരുഷലിംഗം സൃഷ്ടിയുടെ പ്രതീകമായതിനാൽ ഈശ്വരസാദൃശ്യമായിത്തന്നെ കണക്കാക്കപ്പെട്ടിരുന്നു. പുരാതന ഗ്രീസിലെയും റോമിലെയും ശ്മശാനങ്ങളിലെ പണികളും മറ്റും പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാകും. പുരുഷലിംഗത്തെ പുനരുത്ഥാനത്തിന്റെ പ്രത്യാശയായും കണക്കാക്കിയിരുന്നതാവണം ശവകുടീരങ്ങളിലെ കൊത്തുപണികളിൽ പുരുഷലിംഗത്തിന്റെ പ്രതിരൂപം സ്ഥാനം പിടിക്കാൻ കാരണമായിത്തീർന്നത്. ഈജിപ്തിലെ ഒരു പുരാതന ശവകുടീരത്തിൽ മൃതശരീരത്തിനു സമീപം ഇപ്രകാരം രേഖപ്പെടുയിരിക്കുന്നു: "ലിംഗാഗ്രത്തിൽ നിന്നുത്ഭവിക്കുന്ന അല്ലയോ ദൈവങ്ങളേ, നിങ്ങളുടെ കൈകൾ എന്റെ നേരെ നീട്ടിയാലും". പുരുഷലിംഗം ഇന്ത്യക്കാർക്കു ശിവന്റെ പ്രതിരൂപമാണ്. പുരാതന ക്ഷേത്രമതിലുകളിലെ കൊത്തുപണികളിൽ പ്രകടമായിക്കാണുന്ന ലൈംഗിക പ്രതിരൂപങ്ങൾ അന്നത്തെ മനുഷ്യൻ ലൈംഗിക വികാരങ്ങളുടെ ഉദാത്തവത്ക്കരണവും ഈശ്വരഭക്തിയും ഒന്നുതന്നെയെന്നു ധരിച്ചിരുന്നുവെന്നതിന്റെ തെളിവാണ്.

എന്നാൽ പില്ക്കാലത്ത് ഇത്തരം കാല്പനികസങ്കല്പങ്ങൾ പുറംതള്ളപ്പെടുകയും സെക്സ് പാപമാണെന്ന ചിന്താഗതി പ്രബലമായി വരുകയും ചെയ്തു. ക്രിസ്തു ഇതു സംബന്ധിച്ച വ്യക്തമായ അഭിപ്രായങ്ങളൊന്നും പ്രകടിപ്പിച്ചിരുന്നില്ലെങ്കിലും സ്ത്രീപുരുഷബന്ധത്തെ ഈശ്വരനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ പ്രകടമായ സാദൃശ്യമെന്ന നിലയിൽ കണ്ടിരുന്നു.

മധ്യകാലഘട്ടത്തിൽ കത്തോലിക്കാസഭയ്ക്കുള്ളിൽ പ്രബലമായി വന്ന വിജ്ഞാനവിരോധപരമായ പ്രതിലോമദർശനം ബൈബിളിലെ ലൈംഗികതാവിരുദ്ധ പരാമർശങ്ങൾക്ക് അമിതപ്രാധാന്യം കൊടുക്കുകയും സ്വാഭാവികരതിയുടെ ഒരു വഴിതെറ്റിയ പ്രയോഗമെന്ന നിലയിൽ ആത്മപീഡാരതി പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തു. പുരുഷന്മാരുടെ ബ്രഹ്മചര്യവും സ്ത്രീകളുടെ നിത്യകന്യകാവ്രതവും മഹത്തായ കാര്യങ്ങളായി ഉദ്ഘോഷിക്കപ്പെട്ടു. 11-ാം നൂറ്റാണ്ടിൽ ബനഡിക്ട് എട്ടാ

മൻ മാർപാപ്പായാണു പുരോഹിതന്മാർ വിവാഹം കഴിക്കരുതെന്ന വിലക്കു നടപ്പിലാക്കിയത്. ഇതു സഭയ്ക്കുള്ളിൽ സൃഷ്ടിച്ച പ്രതിസന്ധികൾ നിസ്സാരങ്ങളായിരുന്നില്ല. യൂറോപ്പിലെ ആശ്രമങ്ങളിൽ പുരുഷവേഷം ധരിച്ച സ്ത്രീകളെ പാർപ്പിക്കേണ്ടിവരിക, ഇത്തരം സ്ത്രീകളിൽ ചിലർ ഉയർന്ന പുരോഹിതസ്ഥാനങ്ങളിലേക്കു തിരഞ്ഞെടുക്കപ്പെടുക തുടങ്ങിയ പല ലജ്ജാകരമായ സംഭവങ്ങൾക്കും ഇതു കാരണമായിട്ടുണ്ട്.

പ്രൊട്ടസ്റ്റന്റു ചേരിതിരിവോടെ ആംഗ്ളിക്കൻസഭ പുരോഹിതർക്കു വിവാഹം നിർബന്ധമാക്കി. കത്തോലിക്കാസഭയിൽ പുരോഹിതരുടെ വിവാഹം അനുവദിക്കണമെന്ന മുറവിളി ഉയർന്നുതുടങ്ങിയിട്ടുണ്ട്. സഭ യുടെ ഔദ്യോഗിക നയരൂപീകരണസമിതിയായ കർദ്ദിനാൾ സംഘ ത്തിലെ അംഗങ്ങളുടെ ശരാശരി പ്രായം 70–ലും മുന്നിലാണെന്ന കാര്യം ഓർമിക്കുമ്പോൾ ഈ കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനം സഭാ കേന്ദ്രത്തിൽനിന്ന് അടുത്തെങ്ങും ഉണ്ടാകും എന്നു പ്രതീക്ഷിക്കുവാൻ ന്യായമില്ല. മനുഷ്യാധ്വാനം തുച്ഛമായ വിലയ്ക്കു വാങ്ങി സഭാസ്ഥാപന ങ്ങളുടെ സ്വത്തു വർധിപ്പിക്കുവാൻ സഹായിക്കുന്നുവെന്നതിൽക്കവിഞ്ഞ് പുരോഹിതരുടെമേൽ അടിച്ചേല്പിക്കുന്ന ബ്രഹ്മചര്യംകൊണ്ടുള്ള മറ്റു നേട്ടങ്ങളൊന്നും ചൂണ്ടിക്കാണിക്കുവാൻ ആർക്കും കഴിയില്ല.

സ്വയംഭോഗം ഒരു മാരകപാപമാണെന്നാണ് സഭ പഠിപ്പിക്കുന്നത്. ഇത്തരം പഠിപ്പിക്കലിനു വിധേയരാകുന്ന യുവതീയുവാക്കൾ അകാരണ മായ കുറ്റബോധംകൊണ്ട് മനോരോഗികളായിത്തീരാൻ സാധ്യതയുണ്ട്. സൃഷ്ടികർമത്തിൽ പര്യവസാനിക്കാത്ത എല്ലാ ലൈംഗികവൃത്തികളും പാപമാണെന്ന യാഥാസ്ഥിതിക നിലപാടാണു സ്വയംഭോഗം പോലുള്ള നിരുപദ്രവപ്രവൃത്തികളെപ്പോലും മാരകപാപത്തിന്റെ ആവരണം അണി യിച്ചവതരിപ്പിക്കുന്നത്. വിദ്യാസമ്പന്നരായ കത്തോലിക്കാ യുവതീയുവാ ക്കൾ സ്വയംഭോഗം ഒരു ധാർമിക പ്രശ്നമായിപ്പോലും കണക്കാക്കുന്നി ല്ലെന്നാണു നോർബർട്ട് സി. ബ്രോക്ക്മാൻ (Norbert C. Brockman) അമേ രിക്കയിലെ ഒരു കൂട്ടം യുവജനങ്ങളുടെ ഇടയിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത്. അദ്ദേഹം നടത്തിയ സർവേയുടെ ചോദ്യാവലിക്ക് ഉത്തരം നല്കിയവരിൽ പകുതിപ്പേരും സഭയുടെ പഠനങ്ങൾക്കു വിരു ദ്ധമായൊരു നിലപാടാണു സ്വീകരിച്ചത്. (American Ecclesiastical Review, CL xvi, November 1972, p. 163) ശരിയായ ലൈംഗികവിജ്ഞാ നത്തിന്റെ അഭാവത്തിൽ യുവതീയുവാക്കളിൽ രൂപപ്പെട്ടുവരുന്ന ഒരു ദുശ്ശീലമാണ് സ്വയംഭോഗാസക്തി എന്ന് ആധുനിക മെഡിക്കൽ സയൻ സിന്റെ നിഗമനം ശരിവയ്ക്കുകയാണ് സഭയും ചെയ്യേണ്ടത്. അതിനുപ കരം പാപപുണ്യങ്ങളുടെ ഭീഷണി മുഴക്കി യുവജനങ്ങളെ മനോരോഗി കളാക്കുന്ന ഇന്നത്തെ പ്രവണത അവസാനിപ്പിക്കുവാൻ കാലം വൈകി. വഴിതെറ്റിയ ലൈംഗികസ്വഭാവങ്ങൾക്ക് ഉത്തരവാദിയായ സാമൂഹികപശ്ചാ ത്തലത്തെപ്പറ്റി പഠനം നടത്തുകയും ശാസ്ത്രീയമായ പരിഹാരങ്ങൾ നിർദേശിക്കുകയുമാണ് യാഥാർഥ്യബോധമുള്ള പ്രസ്ഥാനങ്ങൾ ചെയ്യേ

ണ്ടത്. നിർഭാഗ്യവശാൽ ക്രൈസ്തവസഭ ഏതിനെയും പുണ്യപാപങ്ങളുടെ ചങ്ങലയിൽ കുരുക്കി പ്രശ്നങ്ങളെ ലളിതവത്കരിക്കുന്ന സമീപനമാണ് തുടരുന്നത്.

വിവാഹബാഹ്യ ലൈംഗികബന്ധങ്ങളുടെമേൽ സഭയേർപ്പെടുത്തിയിരിക്കുന്ന വിലക്കു ധാർമികതയുടെ പേരിൽ ആണെന്നവകാശപ്പെടുന്നുവെങ്കിലും സത്യത്തിൽ പുരുഷമേധാവിത്വതാത്പര്യങ്ങളാണ് ഇതുമൂലം സംരക്ഷിക്കപ്പെടുന്നത്. ലൈംഗികകാര്യങ്ങളിൽ പുരുഷന് അനുഭവിക്കാൻ കഴിയുന്ന സ്വാതന്ത്ര്യവും ആഹ്ലാദവും തുല്യയളവിൽ സ്ത്രീക്കും ലഭിക്കേണ്ടതാണ്. ഇതു നിഷേധിക്കുന്നതിനെ എന്തിന്റെ പേരിലായാലും ന്യായീകരിക്കുവാൻ കഴിയില്ല! തത്ത്വത്തിൽ എങ്ങനെ ആയിരുന്നാലും പ്രയോഗത്തിൽ വിലക്കുകളും തൽഫലമായുണ്ടാകുന്ന ദൂഷ്യഫലങ്ങളും അനുഭവിക്കേണ്ടിവരുന്നതു സ്ത്രീകൾക്ക് മാത്രമാണ്. ഉദാഹരണത്തിന് വേശ്യകളുമായി ബന്ധപ്പെടുന്ന പുരുഷന്മാർക്കു മാന്യതയ്ക്ക് ഒരു കുറവും വരുന്നില്ല. എന്നാൽ വേശ്യകളായ സ്ത്രീകൾ സമൂഹത്തിന്റെ അവജ്ഞയ്ക്കും അവഹേളനത്തിനും പാത്രങ്ങളാകുന്നു. അവിഹിതവേഴ്ചയിൽ ഗർഭിണികളാകുന്ന സ്ത്രീകൾ സമൂഹത്തിൽനിന്ന് എന്നെന്നേക്കുമായി ബഹിഷ്കരിക്കപ്പെടുന്നു. എന്നാൽ അതിനു കാരണക്കാരായ പുരുഷന്മാർക്ക് ആകട്ടെ യാതൊന്നും നഷ്ടപ്പെടുന്നില്ല. ലൈംഗികസദാചാരത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ബാധകമാക്കാത്ത ഏതൊരു സമൂഹവും പ്രാകൃതം എന്ന വിശേഷണത്തിന് അർഹമായിരിക്കും. ലൈംഗികബന്ധം രണ്ടു സ്വതന്ത്രവ്യക്തികളുടെ സ്വതന്ത്രതീരുമാനത്തിൽ നിന്നുണ്ടാകുന്ന സർഗാത്മക കൂടിച്ചേരലായിരിക്കണം. മൂന്നാമതൊരു വ്യക്തി അതിലിടപെട്ട് അഭിപ്രായപ്രകടനം നടത്താൻ ഇടവരുത്തുന്നത് കഷ്ടമാണ്. പക്വതയാർന്ന വ്യക്തികളുടെ സ്വാഭാവികവളർച്ച ഇത്തരം ബന്ധങ്ങളെ സാധ്യമാക്കുകതന്നെ ചെയ്യും.

കുടുംബാസൂത്രണ പരിപാടികളുടെ കാര്യത്തിലാണ് സഭയുടെ സദാചാരപ്രമാണങ്ങൾ ഏറ്റവും കൂടുതൽ ഇടങ്കോലിട്ടു നില്ക്കുന്നത്. എന്തിന്റെ പേരിലായാലും ജനസംഖ്യാവർധനവിനെ ഇന്നത്തെ ലോകസാഹചര്യങ്ങളിൽ ബോധമുള്ള ഒരു മനുഷ്യനും പ്രോത്സാഹിപ്പിക്കുവാനാവില്ലാ. കത്തോലിക്കാസഭ, മുസ്ലീം മതയാഥാസ്ഥിതികർ തുടങ്ങിയ അപൂർവം ചില പ്രസ്ഥാനങ്ങളേ ഇന്നു ജനനനിയന്ത്രണ പരിപാടികളെ എതിർക്കുന്നതിനു ധൈര്യം കാണിക്കുന്നുള്ളൂ.

ലോകജനസംഖ്യ നമ്മളെ ഭയപ്പെടുത്തത്തക്കവണ്ണം വർധിച്ചുകൊണ്ടിരിക്കയാണ്. 19-ാം നൂറ്റാണ്ടുവരെ ഈ പ്രശ്നത്തിന്റെ ഗൗരവത്തെക്കുറിച്ചാരും ബോധവാന്മാരായിരുന്നില്ല. മാൽത്തുസ് എന്ന ധനതത്ത്വശാസ്ത്രജ്ഞന്റെ The Principle of Population എന്ന കൃതിയാണ് വർധിച്ചുവരുന്ന ജനസംഖ്യാവിസ്ഫോടനത്തിലേക്കു വെളിച്ചം വീശിയത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ലോകജനസംഖ്യ 160 കോടിയായിരുന്നു.

ഐക്യരാഷ്ട്ര സംഘടനയുടെ സ്ഥിതിവിവരക്കണക്കുകൾപ്രകാരം 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ ലോകജനസംഖ്യ 600 കോടി യിൽ അധികരിച്ചു. ലോകജനസംഖ്യ വർഷം തോറും 18 ശതമാനം വർധി ക്കുന്നു. ഓരോ വർഷവും പുതുതായി ജനിക്കുന്നവർ 5 കോടിയോളം വരും. പ്രതിദിനം 18000 പേരെക്കൂടി നാം തീറ്റിപ്പോറ്റേണ്ടിവരുന്നു. ഓരോ സെക്കന്റിലും രണ്ടുപേർ വീതം പുതുതായി ജനിക്കുന്നു. 1963-ൽ ആർതർ മത്കോർമിന്ന എന്ന ശാസ്ത്രജ്ഞൻ എഴുതി: "ഇന്നത്തെ മുന്നൂറു കോടി യെന്ന ജനസംഖ്യ കൊല്ലംതോറും 1.6 ശതമാനം വർധിച്ചുവരികയാണെ ങ്കിൽ 50 വർഷങ്ങൾക്കുള്ളിൽ അത് 650 കോടിയായും ഒരു നൂറ്റാണ്ടിനു ശേഷം 8200 കോടിയായും മൂന്നു നൂറ്റാണ്ടിനു ശേഷം 44000 കോടിയായും വർധിക്കും." ഭൂമിക്കു പരമാവധി താങ്ങാവുന്ന ജനസംഖ്യ 3000 കോടി യാണ്. ജനസംഖ്യസ്ഫോടനം കെട്ടഴിച്ചുവിടുന്ന ഏറ്റവും വലിയ പ്രശ്നം ദാരിദ്ര്യമാണ്.

ലോകജനസംഖ്യയിൽ 52 ശതമാനം വരുന്ന ഏഷ്യനാഫ്രിക്കൻ രാജ്യ ങ്ങളിലെ ജനങ്ങൾക്കു ലഭിക്കുന്നതു ലോകവരുമാനത്തിന്റെ 12 ശതമാനം മാത്രമാണ്. ആഫ്രിക്കയിൽതന്നെ ലോകജനസംഖ്യയുടെ 7 ശതമാനം വസിക്കുന്നു. അവരുടെ വരുമാനമോ കേവലം 2 ശതമാനം. ലോകജന സംഖ്യയിൽ 7 ശതമാനം ജനങ്ങളുള്ള തെക്കേ അമേരിക്കയുടെ വരു മാനം 5 ശതമാനത്തിൽതാഴെയാണ്. ബഹുഭൂരിപക്ഷം ജനങ്ങളും പട്ടി ണിയിലും മനുഷ്യോചിതമല്ലാത്ത സാഹചര്യങ്ങളിലുമാണ് ജീവിക്കുന്നത്. ലോകത്തെങ്ങുമുള്ള ലക്ഷക്കണക്കിനാളുകൾക്കു പ്രത്യേകിച്ചു അവിക സിതരാജ്യങ്ങളിൽ ഒരുനേരം പോലും സമൃദ്ധമായി ആഹാരം കഴിക്കാൻ സാധിക്കുന്നില്ല. ലോകജനസംഖ്യയിൽ മൂന്നിൽ രണ്ടു ഭാഗവും വിശന്നു പൊരിയുന്ന വയറോടെയാണ് ഉറങ്ങാൻ പോകുന്നത്. ദാരിദ്ര്യം മൂലം ഓരോ വർഷവും ഏതാണ്ടു മൂന്ന് കോടിയോളം ജനങ്ങൾ ലോകത്തിൽ മരിക്കുന്നു എന്നാണ് 1961-ലെ യു.എൻ. ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷന്റെ പഠനം വ്യക്തമാക്കുന്നത്. ഇത്തരം ഒരു ലോക ത്തിന്റെ മുഖത്തുനോക്കിയാണ് സഭാനേതൃത്വം ജനനനിയന്ത്രണപരി ശ്രമങ്ങളെ ധാർമികതയുടെ മുഖംമൂടി ഉയർത്തിക്കാണിച്ചുകൊണ്ട് എതിർക്കുന്നതെന്നോർക്കണം.

ലൈംഗികകാര്യങ്ങളിൽ യാതൊരു പ്രായോഗികപരിജ്ഞാനവും ഇല്ലാത്ത ഒരുപറ്റം കന്യാസ്ത്രീകളും വൈദികരും തങ്ങളുടെ ലൈംഗി കപാണ്ഡിത്യം പ്രകടിപ്പിക്കാറുള്ള വേദികളെന്ന നിലയിൽ ഒരുതരം സ്വാഭാവിക ജനനനിയന്ത്രണമാർഗം പ്രചരിപ്പിക്കുന്നുണ്ട്. അവർ സ്വാഭാ വികമെന്നു വിശേഷിപ്പിക്കുന്ന ഇത്തരം മാർഗങ്ങളുടെ പ്രായോഗികത ഏറെ തമാശ നിറഞ്ഞതാണ്. വൈദികരുടെയും കന്യാസ്ത്രീകളുടെയും സ്വാധീനത്തിൽപെട്ട ചില ഡോക്ടർമാരും ഈ മാർഗം ദമ്പതികൾക്കു പദേശിച്ചു കൊടുക്കുന്നുണ്ട്. സ്ത്രീകളിൽ ഉത്പാദനശേഷിയില്ലാത്ത സുരക്ഷിതകാലം നോക്കി ലൈംഗികബന്ധത്തിലേർപ്പെടാനാണിവരുടെ ഉപദേശം. പ്രത്യുത്പാദനം ലക്ഷ്യമാക്കിയല്ലാതുള്ള ലൈംഗികബന്ധം

പാപമാണെന്നുപദേശിക്കുന്ന സഭാധികാരികൾതന്നെ സുരക്ഷിതകാല സംയോഗത്തെ ഒരു ജനനനിയന്ത്രണമാർഗമായി ഉപദേശിക്കുന്നതിന്റെ പിന്നിലുള്ള വൈരുധ്യം എങ്ങനെയുണ്ട്? ഇവിടെ പരിഗണിക്കേണ്ട മറ്റൊരു കാര്യം ലൈംഗികാഹ്ലാദം സ്ത്രീയുടെ അവകാശമായി അംഗീകരിക്കപ്പെടുന്നില്ലെന്നതാണ്. പുരുഷന്റെ ശാരീരികാവശ്യം നിറവേറ്റുന്നതിനുള്ള ഒരുപകരണം മാത്രമായി സ്ത്രീ തരംതാഴ്ത്തപ്പെടുന്നു. ഏതൊരു ജീവികളിലും സ്ത്രീവർഗത്തിന് ഉത്പാദനക്ഷമമായ ചുരുക്കം ചില ദിവസങ്ങളിൽ മാത്രമാണ് ലൈംഗികബന്ധം ഒരു അനിവാര്യമായ ആവശ്യമായി മാറുന്നത്. ജനനനിയന്ത്രണത്തിനുള്ള സ്വാഭാവികമാർഗമെന്ന നിലയിൽ സുരക്ഷിതകാല സംയോഗത്തെക്കുറിച്ചുള്ള സഭാധികാരികളുടെ ഉപദേശം സ്വീകരിക്കുന്ന പുരുഷൻ തന്റെ സ്ത്രീയുടെ ലൈംഗികാനന്ദത്തിനുള്ള അവകാശത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. മറ്റൊരപകടം പിടിച്ച മാർഗമാണ് ആത്മസംയമനത്തിലൂടെ രതിവികാരത്തെ അമർത്തുക എന്നത്. രതിവികാരങ്ങളുടെ അടിച്ചമർത്തൽ ആളുകളെ കായികമായും മാനസികമായും രോഗികളാക്കി മാറ്റുമെന്ന ആധുനിക ശാസ്ത്ര സിദ്ധാന്തങ്ങൾ ഇവർ കണക്കിലെടുക്കുന്നതേയില്ല.

നിരോധ്, ലൂപ്പ്, ഡയഫ്രം, ഗുളികകൾ, വന്ധ്യംകരണം, ട്യൂബക്ടമി തുടങ്ങിയ ആധുനിക ഗർഭനിരോധനമാർഗങ്ങളിൽ ദമ്പതികൾക്കിഷ്ടമുള്ള മാർഗം സ്വീകരിച്ച് ആവശ്യമില്ലാത്ത ജനനങ്ങളെ തടയുന്നതിൽ യാതൊരു സദാചാരഭ്രംശവും ആരോപിക്കേണ്ടതില്ല. ആധുനികമായ മരുന്നുകളും പ്രതിരോധ കുത്തിവയ്പുകളും ഉപയോഗിച്ചു രോഗങ്ങളെ ചെറുത്തുനില്ക്കുന്നതുപോലുള്ള ഒരു പ്രതിഭാസം മാത്രമാണിത്. ദൈവവിശ്വാസത്തിന്റെ പേരിൽ മരുന്നുകളുടെ ഉപയോഗത്തെപ്പോലും സദാചാരവിരുദ്ധമായിക്കാണുന്ന ക്രൈസ്തവ സഭാവിഭാഗങ്ങളുണ്ട്. (ഉദാഹരണം, പെന്തക്കോസ്തുകാർ എന്നറിയപ്പെടുന്ന സഭാവിഭാഗം).

കുഞ്ഞാടുകളെ കുമ്പസാരക്കൂട്ടിലേക്കാനയിക്കണം. തങ്ങൾ കൈവശാവകാശമാക്കിയിരിക്കുന്ന പാപമോചന ലൈസൻസ് സമൃദ്ധമായി വിറ്റഴിക്കണം. അതിനൊക്ക പാപങ്ങളുടെ ഒരു നീണ്ട പട്ടികയുണ്ടാക്കി ജനങ്ങളെ പാപബോധത്തിൽ തളച്ചിട്ടാൽ മാത്രമേ കഴിയൂ. ഈ ബോധ്യത്തിൽ നിന്നായിരിക്കണം സന്മാർഗത്തെയും സദാചാരത്തെയും സംബന്ധിച്ച് എടുക്കാൻ ഭാരമുള്ള ചുമടുകൾ വിശ്വാസികളുടെ ചുമലിൽ വ്യവസ്ഥാപിതസഭ കെട്ടിവയ്ക്കുന്നത്. ഇത്തരം കാര്യങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നില്ലെങ്കിൽ വിശ്വാസികൾ സ്വയം ഈ ചുമടുകൾ വലിച്ചെറിയുകയും സ്വാതന്ത്ര്യത്തിന്റെ പാത കണ്ടെത്തുകയും ചെയ്യും.

**കെ.സി. വർഗീസ്**

തളിപ്പറമ്പ്, ഫോൺ: 9446268581

25 ഏപ്രിൽ 2011 ഇ-മെയിൽ: dialogueservice@gmail.com

# ആമുഖം

ഇന്ന് പല ചെറുപ്പക്കാരും സഭയ്ക്ക് എന്താണ് സംഭവിച്ചത് എന്നു മനസ്സിലാക്കാൻ ശ്രമിക്കുന്നുണ്ട്. അവർ ചോദിക്കുന്നു: ആഗോളസഭയിൽ പുരോഹിത ലൈംഗിക അതിക്രമങ്ങൾക്കും അതുവഴി കത്തോലിക്കാസഭയ്ക്കുണ്ടായ അപകീർത്തിക്കും അടിസ്ഥാനകാരണമെന്ത്? സഭ എന്തുകൊണ്ട് സഭാധികാരികളുടെ വീഴ്ചകൾകൊണ്ടുണ്ടായ പാകപ്പിഴകൾ മറയ്ക്കാൻ സഭാസ്വത്തുക്കൾ വിറ്റ് പണമുണ്ടാക്കി വ്യവഹാരങ്ങൾ നടത്തുകയും പീഡിപ്പിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം നല്കുകയും ചെയ്യുന്നു? നാമമാത്ര കത്തോലിക്കരായി വിശ്വാസികൾ കഴിയുന്നതിന്റെ കാരണമെന്ത്? എന്തുകൊണ്ട് വിശ്വാസികൾ കത്തോലിക്കാസഭ വിട്ട് മറ്റ് ക്രിസ്തീയ കൂട്ടായ്മകളിലോ മറ്റ് മതങ്ങളിലോ ചേരുന്നു? പാശ്ചാത്യരാജ്യങ്ങളിൽ പുരോഹിതരുടെ എണ്ണം ആശങ്കാജനകമായ രീതിയിൽ കുറയുന്നതിന്റെ കാരണമെന്ത്? ഇത് പരിഹരിക്കാൻ സഭ എന്തു നീക്കങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്? പാശ്ചാത്യരാജ്യങ്ങളിൽ നൂറുകണക്കിന് ഇടവകപ്പള്ളികൾ അടച്ചുപൂട്ടാനിടയാകുന്നതിന്റെ കാരണമെന്ത്? രണ്ടാം വത്തിക്കാൻ കൗൺസിൽ തുറന്ന സഭയുടെ ജാലകങ്ങൾ വീണ്ടും അടച്ചുപൂട്ടാൻ സഭാധികാരികൾ എന്തുകൊണ്ട് പരിശ്രമിക്കുന്നു? സ്ത്രീകൾക്ക് അവർ അർഹിക്കുന്ന സ്ഥാനം സഭ എന്തുകൊണ്ട് നല്കുന്നില്ല? സഭയ്ക്ക് കാതലായ എന്തു തെറ്റാണ് സംഭവിച്ചത്? സഭയെ തിരുത്തി നേർവഴിക്കു കൊണ്ടുവരുവാൻ സാധിക്കുമോ?

ചില വിശ്വാസികൾ ആശയറ്റവരായി കഴിയുന്നു. മറ്റുചിലർ പിറുപിറുത്തും കഴിയുന്നു.

സഭയിലെ രൂക്ഷമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് ഞാൻ ആത്മാർഥമായി വിശ്വസിക്കുന്നു. കാലം കുറെ പിടിക്കും എന്നുമാത്രം.

പക്ഷേ, ആരാണ് സഭയിലെ വിഴുപ്പലക്കുന്ന വൃത്തികെട്ട പണിക്ക് മിനക്കെടുക? സഭാധികാരികൾ അതിൽ തത്പരരാകുകയില്ല. കാരണം, സഭയുടെ സദ്ഗതി അവരുടെ ദുർഗതിയാണ്. സഭയുടെ ധനസഹായം സ്വീകരിച്ച് ഗവേഷണം നടത്തുന്ന പണ്ഡിതന്മാരിൽനിന്ന് അതു പ്രതീക്ഷിക്കേണ്ടാ. കാരണം, സഭയോടൊത്തു ചിന്തിക്കുന്നതിലാണവർക്കു താത്പര്യം. പള്ളിഭക്തരായി കണക്കാക്കപ്പെടുന്ന സഭാംഗങ്ങളും ഇക്കാര്യത്തിൽ മുമ്പോട്ടുവരുവാൻ സാധ്യതയില്ല. കാരണം, തങ്ങളുടെ സൽപേരു കാത്തുസൂക്ഷിക്കുന്നതാണവർക്കു പ്രധാനം. അതുകൊണ്ട്, എന്നാൽ കഴിയുന്നവിധം, ഈ പ്രവൃത്തി ഏറ്റെടുക്കാൻ ഞാൻ തീരുമാനിക്കുകയായിരുന്നു.

2008-ൽ 'ഇടയൻ' എന്ന പേരിൽ ഞാൻ ഒരു നോവൽ പ്രസിദ്ധീകരിച്ചു. അതേവർഷംതന്നെ ആ നോവലിന്റെ രണ്ടാം പതിപ്പും അടിച്ചിറക്കി. സഭാനവീകരണം മനസ്സിൽ കണ്ടുകൊണ്ടാണ് ഞാൻ ആ കൃതി രചിച്ചത്. 'ദ ഹിന്ദു' എന്ന ദിനപ്പത്രത്തിൽ ഈ നോവലിന്റെ പുസ്തകനിരൂപണം വന്നു (The Hindu, Online Edition, December 30, 2008). കേരള സഭാനവീകരണപ്രസ്ഥാനത്തിന്റെ ഗതിയെ ഈ നോവൽ പ്രോത്സാഹിപ്പിക്കുമെന്നു മാത്രമല്ലാ, അതിനൊരു മുന്നോടിയുംകൂടിയാണ് അത് എന്ന് പ്രവാചകരീതിയിൽ നിരൂപണകർത്താവ് കെ. കുഞ്ഞികൃഷ്ണൻ അഭിപ്രായപ്പെട്ടു. എങ്കിലും, ഈ നോവൽ വായിച്ച ഒരു കത്തോലിക്കാപുരോഹിതൻ ആക്ഷേപരൂപത്തിൽ എന്നോട് നേരിട്ടു പറഞ്ഞത്, 'ചാക്കോച്ചൻ ഉടനെ മാർപാപ്പായാകും' എന്നാണ്. ആശയത്തോട് ആശയം കൊണ്ടാണ് നാം പ്രതികരിക്കേണ്ടത്. പകരം വ്യക്തികളെ അവഹേളിക്കുന്നതിലർഥമില്ല. അതൊരു പ്രശ്നപരിഹാര മാർഗവുമല്ല.

ഒരു വിമാനദുരന്തമുണ്ടായാൽ ആ വിമാനത്തിന്റെ പൊട്ടിത്തെറിച്ച കഷ്ണങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് ദുരന്തകാരണമെന്തെന്ന് അറിയാൻ വിദഗ്ധർ ശ്രമിക്കാറുണ്ട്. അത്തരം ഒരു ശ്രമമാണ് ഞാൻ നടത്തുന്നത്. കത്തോലിക്കാസഭയിലെ തകരാറുകൾ പലതാണ്. ആ ദുർഗ്രഹപ്രശ്നം പരിഹരിക്കാനുതകുന്ന മാർഗങ്ങൾ കണ്ടുപിടിക്കുന്ന യത്നമാണിവിടെ. അതിനു ഞാൻ ശ്രമിക്കുന്നു എന്നുമാത്രം.

ചരിത്രത്തിലുള്ളതും ചരിത്രത്തോടുകൂടിയതുമായ ഒരു സ്ഥാപനമാണ് സഭ. ആ സഭയ്ക്ക് സ്വയം ആത്മപരിശോധന ചെയ്യാൻ പറ്റിയ കാലാവസ്ഥയാണിന്നുള്ളത്.

സഭയെപ്പറ്റി എഴുതുന്നത് ധാരാളം സ്ഫോടകവസ്തുക്കൾ മറഞ്ഞിരിക്കുന്ന മൈൻപാടങ്ങളിൽക്കൂടി (mine fields) നടക്കുന്നതിനു തുല്യമാണ്. ഒരു സ്ഥാപനത്തിലെ ഉള്ളുകള്ളികൾ അറിയാവുന്നയാളും അതേസമയം അന്യനും (insider/outsider) എന്ന സമീപനമാണ് ഞാൻ ഈ പുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നത്. കാരണം, അനേകവർഷം ആശ്രമനിയമങ്ങളനുസരിച്ച് ജീവിച്ച ഒരു വൈദികവിദ്യാർഥി എന്ന നിലയിൽ ഞാൻ പള്ളിക്കകത്തെ ആളായിരുന്നു. 1974-ൽ വിവാഹിതനായി.

പ്രായപൂർത്തിയിലെത്തിയ രണ്ടു മക്കളുടെ പിതാവായ ഒരു അല്മായ നാണ് ഞാൻ ഇന്ന്. കേരളത്തിലെ കോട്ടയം ജില്ലയിൽ ഉരുളികുന്നത്ത് ജനിച്ചുവളർന്ന് ഒരു നസ്രാണി കത്തോലിക്കനായി 35 വർഷം ഞാൻ ഇൻഡ്യയിൽ ജീവിച്ചു. 1977 മുതൽ അമേരിക്കയിൽ ജീവിക്കുന്നു. അങ്ങനെ സീറോമലബാർ റീത്തിലും ലത്തീൻ റീത്തിലും ജീവിച്ച ഒരാ ളാണു ഞാൻ. സഭയെ പല പക്ഷത്തുനിന്നും വീക്ഷിക്കാൻ എനിക്ക് അനുഗ്രഹം ലഭിച്ചു. അക്കാരണത്താൽ സഭാകാര്യങ്ങളെ സംബന്ധിച്ച് അപൂർവമായ അനുഭവജ്ഞാനം എനിക്കുണ്ടായി. അതുകൊണ്ട് ഇത്തരം സംവാദങ്ങളിൽ ഇടപെടാൻ എനിക്ക് യോഗ്യതയുണ്ടെന്ന് ഞാൻ കരുതുന്നു.

സാങ്കല്പികമായ മനസ്സും ഹൃദയവും ഉപയോഗിച്ചല്ല ഞാൻ ഈ പുസ്തകം എഴുതുന്നത്. എന്റെ സ്വന്തമായ മനസ്സും ഹൃദയവുമാണ് ഈ രചനയുടെ ഉപകരണങ്ങൾ.

ഈ പുസ്തകത്തിന് അവതാരിക എഴുതിയിട്ടുള്ളത് നിക്കോസ് കസൻദ്സ്ക്കിസിനെയും പ്രമുഖ ദൈവശാസ്ത്രജ്ഞരായ ഡോ. എം.എം. തോമസിനെയും എസ്. കാപ്പനെയുംപറ്റി ആധികാരിക ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ചിന്തകനും കോളമ്നിസ്റ്റും നോവലിസ്റ്റുമായ ശ്രീ കെ.സി. വർഗീസാണ്. എന്റെ ഈ പുസ്തകം വായിക്കാനും പണ്ഡിതോചിതമായ അവതാരിക എഴുതാനും അദ്ദേഹം സമയം കണ്ടെത്തിയതിൽ എനിക്ക് വളരെ നന്ദിയുണ്ട്.

ഈ പുസ്തകം ആദ്യന്തം വായിച്ച് തെറ്റുകൾ ചൂണ്ടിക്കാണിച്ചുതന്ന കോട്ടയം (അടിച്ചിറ) സ്നേഹവാണി ഡയറക്ടറായ റവ. ഡോ. ജയിംസ് ഗുരുദാസിനും എഡിറ്റിങ്ങ് നിർവഹിച്ച ജോസാന്റണിക്കും ഈ പുസ്തകത്തിന്റെ പ്രസാധനവും വിതരണവും ഏറ്റെടുത്തിട്ടുള്ള മാവേലിക്കര സ്കൈ ബുക്സിനും എന്റെ ഹൃദയംഗമമായ നന്ദി!

**ചാക്കോ കളരിക്കൽ**

## ഉള്ളടക്കം


1. യേശു വിവാഹിതനോ? ........ 1
2. സഭയും ലൈംഗികതയും ........ 17
3. ജനനനിയന്ത്രണം ........ 25
4. പൗരോഹിത്യവും അവിവാഹിതാവസ്ഥയും ...... 35
5. സ്വവർഗരതിയും പൗരോഹിത്യവും ........ 51
6. ബാലരതിക്കാരായ പുരോഹിതർ ........ 59
7. സ്ത്രീപൗരോഹിത്യം ........ 75
8. ലൈംഗികോർജം സ്നേഹോർജം ........ 91

സൂചിക ........ 107

# 1

# യേശു വിവാഹിതനോ?

"അവൻ മറുപടി പറഞ്ഞു: 'ആദിയിൽ സ്രഷ്ടാവു മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. "ഇക്കാരണത്താൽ പുരുഷൻ മാതാപിതാക്കളെ വിട്ടു ഭാര്യയോടു ചേരണം. അവർ ഇരുവരും ഒരു ശരീരമായിത്തീരണം" എന്നു കല്പിച്ചു. ഇതൊന്നും നിങ്ങൾ വായിച്ചിട്ടില്ലേ? അതിനാൽ, പിന്നീട് അവർ രണ്ടല്ല, ഒരു ശരീരമാണ്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (മത്താ. 19: 4–6).

സ്ത്രീകൾക്ക് പട്ടം നല്കി പുരോഹിതരാക്കാൻ സഭയ്ക്ക് കഴിയുമോ എന്നു ചോദിച്ചാൽ, നാം അനുമാനിക്കും, സഭയുടെ ഇന്നത്തെ നിലപാടിനാധാരമായി വിശുദ്ധ ഗ്രന്ഥത്തിൽ സ്പഷ്ടമായ തെളിവുകളും ദൈവശാസ്ത്രപരമായ ഗംഭീര യുക്തിവിചിന്തനങ്ങളും അതിനു പിന്നിലുണ്ടെന്ന്. യഥാർഥത്തിൽ അങ്ങനെയൊന്നുമില്ല. വൈദികർക്ക് വിവാഹം കഴിക്കാമോ അഥവാ സിവിൽ കോടതിയിൽനിന്നു വിവാഹമോചനം ലഭിച്ചവർക്ക് വീണ്ടും വിവാഹം കഴിക്കാമോ എന്നു ചോദിച്ചാൽ പാടില്ലായെന്ന് നാം മറുപടി പറയും. കാരണം, സഭയുടെ ഇന്നത്തെ നിലപാടിന് പ്രത്യക്ഷമായ തെളിവുകളുണ്ടെന്ന് നാം വെറുതെ സങ്കല്പിക്കുന്നു. ലോകം മുഴുവന്റെയുംമേൽ അധികാരത്തോടും തെറ്റാവരത്തോടും കൂടിയ ഒരു പേപ്പസി ആയിരുന്നോ യേശു വിഭാവനംചെയ്തത് എന്നു ചോദിച്ചാൽ, യാഥാർഥ്യം മറ്റൊന്നാണെങ്കിലും, 'അതേ' എന്നു നാം ഉത്തരം പറയും.

സഭയുടെ ഔദ്യോഗിക നിലപാടിനാധാരമായി വിശുദ്ധ ഗ്രന്ഥത്തിൽ തെളിവുകളോ ദൈവശാസ്ത്രപരമായ യുക്തിയോ ഒന്നുമില്ലെങ്കിലും

ഇത്തരം കാര്യങ്ങളിൽ നാം വെറുതെ ഒത്തിരി അനുമാനിക്കും, സങ്ക ല്പിക്കും, ധരിക്കും, വിശ്വസിക്കും.

സഭയിലെ ഒന്നാംതരം ദൈവശാസ്ത്രജ്ഞരും നല്ല ശതമാനം വൈദി കരും വിശ്വാസികളും മേല്പറഞ്ഞ കാര്യങ്ങൾക്ക് ബൈബിൾ അധിഷ്ഠി തമായ തെളിവുകളൊന്നുമില്ലെന്ന് മനസ്സിലാക്കുന്നുവെങ്കിലും ഔദ്യോഗികസഭ ഇന്നും അതേ സങ്കല്പങ്ങളിലും അനുമാനങ്ങളിലും ഉറച്ചുനില്ക്കുന്നു.

അതുപോലെ, ചരിത്രപുരുഷനായ യേശു ജീവിതകാലം മുഴുവൻ അവിവാഹിതനായിരുന്നു എന്നതും ഒരു സങ്കല്പമാണോ?

യഹൂദപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ യേശു, മറിയമിന്റെ മകൻ എന്നതിനെക്കാൾ യോസേഫിന്റെ മകനാണ്. പക്ഷേ, യേശുവിലുള്ള ദൈവികത്വത്തെ സ്ഥിരീകരിക്കാൻ അവനെ മറിയമിന്റെ മകനായി അവതരിപ്പിച്ചിരിക്കുന്നു. കാരണം, മറിയം കന്യകയാണ്, ദൈവമാതാ വാണ്, അമലോത്ഭവയാണ്, ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് എടു ക്കപ്പെട്ടവളാണ്, സ്വർഗരാജ്ഞിയാണ്. തന്നെയുമല്ല, കന്യകയായ മറിയ മിന്റെ മകനെ ബ്രഹ്മചാരിയായി, അവിവാഹിതനായി കാണാൻ സാധാ രണക്കാർക്ക് എളുപ്പം കഴിയുകയും ചെയ്യും.

എന്നാൽ യോസേഫിന്റെ വംശാവലിവച്ചു ചിന്തിക്കുമ്പോൾ യേശുവി നെക്കുറിച്ചുള്ള ധാരണയിൽ സാരമായ വ്യത്യാസം സംഭവിക്കും. കാര ണം, അബ്രാഹവും സാറായും തമ്മിലുള്ള ലൈംഗികബന്ധത്തി ലൂടെയാണ് ദാവീദിന്റെ വംശവും അതിലൂടെ യേശുവിന്റെ പിതാവായ യോസേഫിന്റെ ജനനവും സംഭവിച്ചത്. അപ്പോൾ യോസേഫിന് മറിയ മിനെ പ്രാപിക്കണമെന്നുള്ള ആഗ്രഹം സ്വാഭാവികമാണെന്ന് ആർക്കും ന്യായമായി ഊഹിക്കാം. തന്നെയുമല്ല, യോസേഫിന്റെ ദൃഷ്ടിയിൽ മറിയം അവിഹിതവേഴ്ച ചെയ്ത കുറ്റക്കാരിയാണ്. അതുകൊണ്ടാണല്ലോ, മറ്റാരോവഴി മറിയം ഗർഭിണിയായി എന്ന് അറിഞ്ഞപ്പോൾ അവളെ രഹസ്യമായി ഉപേക്ഷിക്കണമെന്ന് നീതിമാനായ യോസേഫ് ചിന്തിച്ചുറ പ്പിച്ചത് (മത്താ. 1: 18–19).

അപ്പോൾ പൊതുജനദൃഷ്ടിയിൽ മറിയമിന്റെ മകൻ, ഒരു കന്യകയുടെ മകൻ എന്നതിനെക്കാൾ യോസേഫ് എന്ന മരപ്പണിക്കാരന്റെ മകനാണ്. ഈ കാര്യങ്ങൾ കാലാന്തരത്തിൽ പിന്നീടാരും കെട്ടിച്ചമച്ചതല്ല; മറിച്ച്, പുതിയനിയമത്തിൽ എഴുതിവച്ചിരിക്കുന്നതാണ്.

യേശുവിന്റെ കുടുംബജീവിതത്തെ സംബന്ധിച്ചുള്ള അതിപ്രധാനമായ പല വസ്തുതകളും ആദ്യകാല എഴുത്തുകളിൽനിന്നു നമുക്ക് ലഭിക്കു ന്നുണ്ട്. യേശു ഒരു മരപ്പണിക്കാരനാണെന്ന് മർക്കോസ് വ്യക്തമാക്കിയി ട്ടുമുണ്ട് (മർക്കോ. 6: 3).

മറിയമിനെ സംബന്ധിച്ച് ഒന്നുംതന്നെ പൗലോസിന്റെ കത്തുകളിൽ പരാമർശിക്കുന്നില്ല; പ്രത്യേകിച്ച്, മറിയമിന്റെ കന്യാത്വത്തെ സംബ

ന്ധിച്ചും അത്ഭുതഗർഭധാരണത്തെ സംബന്ധിച്ചും. സുവിശേഷകനായ മർക്കോസ് യേശുവിന്റെ ജീവശാസ്ത്രപരമായ ജനനത്തെ സംബന്ധിച്ച് ഒന്നുംതന്നെ അസാധാരണമായി കാണുന്നില്ല. തന്നെയുമല്ല, യോസേഫിനും മറിയമിനുംകൂടി ചുരുങ്ങിയത് ഏഴു കുട്ടികൾ ജനിച്ചിരുന്നു എന്നും അവരിൽ അഞ്ചുപേർ ആൺമക്കളാണന്നും അദ്ദേഹം സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "ഇവൻ ഒരു മരപ്പണിക്കാരനല്ലേ? മറിയമിന്റെ മകൻ! യാക്കോബ്, യോസെ, യൂദാ, ശിമയോൻ എന്നിവരുടെ സഹോദരൻ. ഇവന്റെ സഹോദരിമാരും ഇവിടെ നമ്മോടൊപ്പമില്ലേ?" (മർക്കോ 6: 3). യേശുവിന്റെ സഹോദരന്മാർ വിവാഹിതരായിരുന്നെന്നും അവരുടെ ഭാര്യമാരെ വേദപ്രചാരയാത്രകളിൽ അവർ കൂട്ടിക്കൊണ്ടുപോയിരുന്നെന്നും പൗലോസ് നമ്മോടു പറയുന്നുണ്ട്. "മറ്റ് അപ്പോസ്തലന്മാരെയും കർത്താവിന്റെ സഹോദരരെയും കേപ്പായെയുംപോലെ, വിശ്വാസിയായ ഒരു സ്ത്രീയെ കൊണ്ടുനടക്കാൻ ഞങ്ങൾക്കും അവകാശമില്ലേ?" (1 കോറി. 9: 5).

മറിയം ജീവിതകാലം മുഴുവൻ കന്യകയായിരുന്നു എന്നു സ്ഥാപിക്കുന്നതിനായി, യാതൊരു തെളിവുമില്ലാതെ, പിന്നീട് കത്തോലിക്കാ ദൈവശാസ്ത്രം യേശുവിന്റെ സഹോദരരെ വെറും കസിൻസാക്കി. അതുകൊണ്ട് പ്രത്യേകിച്ച് എന്തുനേട്ടമുണ്ടായി എന്നോർത്ത് ഒരാൾ അത്ഭുതപ്പെട്ടെന്നിരിക്കാം. ലൈംഗികപ്രക്രിയ അവശ്യം ആവശ്യമായ ഭാര്യാഭർതൃജീവിതം ലൈംഗികത ഇല്ലാതെ നയിച്ചാൽ അതിനെ വളരെ വിചിത്രമായ ജീവിതമായേ സാധാരണക്കാർ കാണുകയുള്ളൂ.

യോസേഫിന്റെയും മറിയമിന്റെയും വിവാഹം ലൈംഗികത ഇല്ലാത്ത ഒന്നായിരുന്നു എന്ന വിശ്വാസപ്രമാണം വികസിപ്പിച്ചെടുത്തത് വിവാഹിതരായ പുരോഹിതർ അവരുടെ ഭാര്യമാരുമായി ലൈംഗികബന്ധത്തിൽ ഇടപെടാൻ പാടില്ലായെന്ന് സഭ അവർക്കു മുന്നറിയിപ്പു നല്കിത്തുടങ്ങിയ കാലഘട്ടത്തിലാണ് എന്നുള്ള യാഥാർഥ്യം ഇവിടെ ശ്രദ്ധേയമാണ്. മറിയം കന്യക, യേശു ബ്രഹ്മചാരി എന്നീ വിശ്വാസപ്രമാണങ്ങളെ ആധാരമാക്കി പുരോഹിതരും സന്ന്യാസികളും താപസികളും സന്ന്യാസിനികളും അവിവാഹിതരായിരിക്കണമെന്നുള്ള ശിക്ഷണസംബന്ധമായ നിയമം സഭയിൽ നടപ്പാക്കാനും ആരംഭിച്ചു.

ഏതായാലും, യോസേഫിന്റെയും മറിയമിന്റെയും സെക്സില്ലാത്ത വിവാഹജീവിതത്തെ അടിസ്ഥാനമാക്കി ക്രിസ്തുശാസ്ത്രം ഉരുത്തിരിയുകയും അതുവഴി സഭ ആധ്യാത്മികതയുടെയും സർവസംഗപരിത്യാഗത്തിന്റെയും ഒരു പരിവേഷം ചമച്ചെടുക്കുകയും ചെയ്തു. ഇത് യേശുവിന്റെ പഠനങ്ങളെക്കാൾ പ്ലേറ്റോയുടെ തത്ത്വശാസ്ത്രത്തെയാണ് വിളിച്ചറിയിക്കുന്നത്. സെക്സില്ലാത്ത വിവാഹജീവിതമാണ് യാഹ്‌വെ നിനച്ചിരുന്നതെങ്കിൽ, സെക്സില്ലാതെ മറിയം യേശുവിനെ ഗർഭം ധരിച്ചതാണ് മാതൃകാപരമായ ഗർഭധാരണമെന്ന് ദൈവം കണ്ടിരുന്നെങ്കിൽ, ബൈബി

ളിൽ വിവരിക്കുന്ന ഉത്പത്തിയുടെ ചരിത്രം തീർച്ചയായും നമുക്ക് അപ്രസക്തമാണ്. എന്നാൽ സെക്സിലൂടെ സന്തതികളെ ജനിപ്പിക്കുകയും അങ്ങനെ വംശത്തെ വർധിപ്പിക്കുകയും ചെയ്യുക എന്നത് ഉത്പത്തിയിൽ യാഹ്‌വെ മനുഷ്യനു നല്കിയ പ്രഥമ സമ്മാനമാണ്. ആ മനുഷ്യൻ ദൈവത്തിന്റെ പ്രതിച്ഛായയിലും സാദൃശ്യത്തിലും നിർമിക്കപ്പെട്ടവനാണ്. "നിങ്ങൾ സന്താനപുഷ്ടിയോടെ പെരുകി, ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുക" (ഉൽപ. 1: 28) എന്ന് ആണും പെണ്ണുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യരോട് ദൈവം അരുൾ ചെയ്തതാണ്. ആണും പെണ്ണുമായുള്ള ലൈംഗികബന്ധംകൊണ്ട് ദൈവത്തിന്റെ പ്രതിച്ഛായയ്ക്കും സാദൃശ്യത്തിനും എന്തെങ്കിലും കോട്ടം സംഭവിക്കുമെന്ന് ദൈവം ഭയപ്പെട്ടതായി ഉൽപത്തിയിൽ കാണുന്നില്ല. എങ്കിൽപ്പിന്നെ, യോസേഫിന്റെയും മറിയമിന്റെയും ലൈംഗികസ്നേഹം യേശുവിന്റെ ദൈവികത്വത്തിനു ചേർന്നതല്ലെന്ന് എന്തുകൊണ്ട് സഭ പഠിപ്പിക്കുന്നു?

ഉൽപത്തിയിലെ രണ്ടാം അധ്യായത്തിൽ ആദാമിന്റെ ബ്രഹ്മചര്യത്തെയാണ് (virginity) സൃഷ്ടികർമത്തിൽ ദൈവം ആദ്യമായി നല്ലതല്ലാത്തതായി കാണുന്നത്. കാരണം, ആ ബ്രഹ്മചര്യം ആദം സ്വതേ തെരഞ്ഞെടുത്തതായിരുന്നില്ല. "അനന്തരം കർത്താവായ ദൈവം അരുൾചെയ്തു: 'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അയാൾക്കു പറ്റിയ ഒരു സഹായിയെ ഞാൻ ഉണ്ടാക്കിക്കൊടുക്കും' " (ഉൽപ. 2: 18). അവളാണ് ഹവ്വ. "അതുകൊണ്ട് പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു പറ്റിച്ചേരും. അവർ ഒരു ശരീരമായിത്തീരും. പുരുഷനും ഭാര്യയും നഗ്നരായിരുന്നു. അവർക്ക് നാണം തോന്നിയതുമില്ല" (ഉൽപ. 2: 24–25). ഒരു മനുഷ്യൻ ഭാര്യയെ ലൈംഗികമായി സ്നേഹിക്കുന്നതിൽ യാതൊരു ലജ്ജയുടെയും ആവശ്യമില്ലായെന്ന് ദൈവം തറപ്പിച്ചും ഉറപ്പിച്ചും വ്യക്തമാക്കുകയാണ് ഇതുവഴി ചെയ്തത്. ആദാമിന്റെ ലൈംഗികസന്തോഷം പ്രേമഗീതമായി മാറുന്നു: "ഒടുക്കം, ഇതാ, എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും എന്റെ മാംസത്തിൽനിന്നുള്ള മാംസവും! നരനിൽ നിന്ന് എടുക്കപ്പെട്ടിരിക്കയാൽ ഇവൾ നാരി എന്നു വിളിക്കപ്പെടും" (ഉൽപ. 2: 23).

പിന്നീട് എത്ര വ്യത്യസ്തമായാണ് ആഗസ്തീനോസ് ഭാര്യാ ഭർത്താക്കന്മാരുടെ ലൈംഗികസ്നേഹത്തെപ്പറ്റി എഴുതിയിരിക്കുന്നത്! എന്തുകൊണ്ട് നാം 'ഉൽപത്തി' മറന്ന് അദ്ദേഹത്തെ കേൾക്കുന്നു?

തുടർന്നുള്ള ഹീബ്രൂ ബൈബിളിൽ ഒരു വ്യക്തിപോലും ജീവിതകാലം മുഴുവൻ ബ്രഹ്മചര്യം സ്വയം തെരഞ്ഞെടുത്തിട്ടില്ല. ഒരു പേട്രിയാർക്കോ മേട്രിയാർക്കോ രാജാവോ പ്രവാചകനോ ദൈവത്തെ പ്രീണിപ്പെടുത്തുന്നതിനായി ബ്രഹ്മചര്യം ഒരു മാർഗമാക്കിയിട്ടില്ല. ദൈവം ബ്രഹ്മചര്യത്തെ ആശീർവദിച്ചതായും നാം കാണുന്നില്ല. യേശുവിന് ഈ ഹീബ്രൂ ബൈബിൾ മാത്രമേ ഉണ്ടായിരുന്നുള്ളു. തന്നെയുമല്ല, യേശു ഉൽപത്തിയിലെ രണ്ടാം അധ്യായത്തിൽനിന്ന് ഉദ്ധരണികൾ ഉപയോഗിക്കുന്നുമുണ്ട്.

ഭാര്യാഭർത്താക്കന്മാരുടെ ലൈംഗികപ്രക്രിയ യേശുവിൽ ഒരിക്കലും വല്ലായ്മ ഉളവാക്കുന്നതായി കാണുന്നില്ല. മറിച്ച് ഓറിഗനും ജറോമും ആഗസ്തീനോസും ലൈംഗികതയെ പാപമായി വീക്ഷിക്കുന്നു!

ലൈംഗികത ഇല്ലാത്ത വിവാഹജീവിതമാണ് ആദർശപരമായ ജീവിതമെന്ന് യേശു കണ്ടിരുന്നെങ്കിൽതന്നെ അത്തരം അവസ്ഥയ്ക്ക് മനുഷ്യരെ ഒരുക്കാൻ പഴയനിയമം സഹായകമാകുന്നില്ലായെന്നതാണ് വാസ്തവം.

യിരമ്യാപ്രവാചകന്റെ ബ്രഹ്മചര്യത്തെപ്പറ്റി ചില കത്തോലിക്കാ ദൈവശാസ്ത്ര പണ്ഡിതന്മാർ ആവശ്യത്തിൽ കൂടുതൽ വീർപ്പിച്ചെഴുതിക്കാണുന്നുണ്ട്. അത് ശിക്ഷയുമായി ബന്ധപ്പെട്ടുള്ളതാണ്. വരുവാനിരിക്കുന്ന ദേശീയ അത്യാഹിതത്തിന്റെ മുന്നറിയിപ്പെന്നോണമാണ് യിരമ്യായുടെ ബ്രഹ്മചര്യത്തെ അവതരിപ്പിക്കുന്നത്. ആധ്യാത്മിക പരിപൂർണതയ്ക്കുള്ള ഉപാധിയായോ മാതൃകാപരമായ സഭാശുശ്രൂഷയ്ക്കുള്ള മുൻകരുതലായോ ആയിട്ടല്ല യിരമ്യാപ്രവാചകന്റെ ബ്രഹ്മചര്യത്തെ നാം കാണുന്നത്.

യോസേഫും യേശുവും പ്രായപൂർത്തിയിലെത്തിയപ്പോൾ ജീവിതകാലം മുഴുവൻ ബ്രഹ്മചാരി ആയി കഴിയുന്നതാണ് ഉത്തമമെന്നുള്ളതിന് ഒരു വഴികാട്ടിയല്ല ഹീബ്രു ബൈബിൾ.

താൻ കന്യകയിൽനിന്നു ജനിച്ചവനാണെന്നോ ബ്രഹ്മചാരിയാണെന്നോ യേശു അവകാശപ്പെട്ടതായി വേദപുസ്തകത്തിൽ ഒരിടത്തും എഴുതിവച്ചിട്ടില്ല. പുതിയനിയമത്തിൽ ഒരിടത്തുപോലും ഒരാളും യേശു ബ്രഹ്മചാരിയാണന്ന് പറഞ്ഞിട്ടില്ല. യേശുവിന്റെ അതുല്യത നിലനിർത്താൻ ആയുഷ്കാല ബ്രഹ്മചര്യം പരമപ്രധാനമായിരുന്നെങ്കിൽ - സഭ ഇന്നങ്ങനെയാണല്ലോ പഠിപ്പിക്കുന്നത് - എന്തുകൊണ്ട് ചുരുങ്ങിയപക്ഷം പുതിയനിയമ എഴുത്തുകാരിൽ ഒരാളെങ്കിലുമോ അഥവാ സുവിശേഷങ്ങളിൽ ഒന്നിലെങ്കിലുമോ ഈ വിഷയത്തെ സ്പർശിക്കുക പോലും ചെയ്തിട്ടില്ല? യേശു പ്രായപൂർത്തിയായിവരുന്ന കാലഘട്ടത്തിലെ ഹീബ്രു ബൈബിളിനെയും രണ്ടാം നൂറ്റാണ്ടിൽ എഴുതിയ മിഷ്നായെയും (Mishnah) അടിസ്ഥാനമാക്കി വേണം, യേശുവിന്റെ അവിവാഹിതാവസ്ഥയെപ്പറ്റി പഠിക്കേണ്ടത്.

മിഷ്നായും തോറായും ആ കാലഘട്ടത്തിലെ യഹൂദ പാരമ്പര്യവുമനുസരിച്ച് ഓരോ യഹൂദപിതാവും മക്കൾക്ക് അഞ്ചു കാര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുണ്ടായിരുന്നു:

1. പരിച്ഛേദനം ചെയ്യുക
2. ശുദ്ധീകരണം നടത്തുക
3. തോറാ പഠിപ്പിക്കുക
4. ഒരു തൊഴിൽ അഭ്യസിപ്പിക്കുക
5. വിവാഹം കഴിപ്പിക്കുക

യേശു ഇവയിൽ നാലു കാര്യങ്ങൾ സ്വീകരിച്ചിരുന്നു എന്ന് പുതിയ നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

**പരിച്ഛേദനം** – “എട്ടുദിവസം പൂർത്തിയായപ്പോൾ ശിശുവിന്നു പരിച്ഛേദനം നടത്തി” (ലൂക്കോ. 2: 21). പരിച്ഛേദനം ശരീരത്തെ വിശുദ്ധമാക്കുന്നതു കൂടാതെ സംഭോഗത്തിനുള്ള തയ്യാറെടുപ്പുമാണെന്നാണ് പ്രസിദ്ധനായ മാർട്ടിൻ ബുബർ (Martin Buber) അഭിപ്രായപ്പെടുന്നത്.

**ശുദ്ധീകരണം** – “മോശയുടെ നിയമമനുസരിച്ചു തങ്ങളുടെ ശുദ്ധീകരണത്തിനുള്ള സമയം വന്നപ്പോൾ അവനെ കർത്താവിന്നു സമർപ്പിക്കാൻ അവർ ജെറൂശലേമിലേക്കു കൊണ്ടുവന്നു. (കർത്താവിന്റെ നിയമത്തിൽ എഴുതിയിരിക്കുന്നതുപോലെ ‘ആദ്യജാതന്മാരെല്ലാം കർത്താവിന്റെ പരിശുദ്ധൻ എന്നു വിളിക്കപ്പെടും’)” (ലൂക്കോ. 2: 22–24). കർത്താവ് തന്റെ കരബലംകൊണ്ട് ഇസ്രായേൽ ജനത്തെ ഈജിപ്തുകാരുടെ അടിമത്തത്തിൽനിന്നു സ്വതന്ത്രരാക്കിയതിന്റെയും കടിഞ്ഞൂൽപുത്രനെ വീണ്ടെടുത്തതിന്റെയും അടയാളമായി (പുറ. 13: 11–15) അവർ രണ്ടു ചെങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ ശുദ്ധീകരണ നടപടിക്രമങ്ങൾ അനുസരിച്ച് (ലേവി. 12: 2–8) ബലി അർപ്പിക്കുകയും ചെയ്തു.

**വിശുദ്ധഗ്രന്ഥമായ തോറായിലുള്ള പരിജ്ഞാനം** – “അവന്റെ മാതാപിതാക്കൾ ആണ്ടുതോറും പെസഹാത്തിരുനാളിന്നു ജെറൂശലേമിലേക്കു പോകാറുണ്ടായിരുന്നു. അവന്നു പന്ത്രണ്ടു വയസ്സുള്ളപ്പോൾ അവർ പതിവനുസരിച്ച് അവിടെ പോയി. തിരുനാൾ കഴിഞ്ഞ് അവർ മടങ്ങിപ്പോന്നപ്പോൾ, ബാലനായ യേശു ജെറൂശലേമിൽ തങ്ങി. അവന്റെ മാതാപിതാക്കൾ ഇത് അറിഞ്ഞില്ല. അവൻ കൂട്ടത്തിൽതന്നെ കാണുമെന്നു കരുതി അവർ ഒരു ദിവസത്തെ യാത്ര പോന്നു. അവർ അവനെ ചാർച്ചക്കാരുടെയും പരിചയക്കാരുടെയും ഇടയിൽ അന്വേഷിച്ചു. അവനെ കണ്ടെത്താഞ്ഞപ്പോൾ, അവർ അവനെ അന്വേഷിച്ച് ജെറൂശലേമിലേക്കു മടങ്ങി. മൂന്നു ദിവസത്തിനുശേഷം അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഗുരുക്കന്മാരുടെ ഇടയിലിരുന്ന് അവരുടെ വാക്കുകൾ കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ആയിരുന്നു. അവന്റെ വാക്കുകൾ കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടികളിലും ആശ്ചര്യപ്പെട്ടു” (ലൂക്കോ. 2: 41–47).

**തൊഴിൽ അഭ്യസിപ്പിക്കൽ** – മത്തായിയുടെ സുവിശേഷത്തിൽ യേശു ഒരു തച്ചന്റെ മകനാണ് (മത്താ. 13: 55). മർക്കോസിന്റെ സുവിശേഷത്തിൽ യേശു ഒരു മരപ്പണിക്കാരനാണ് (മർക്കോ. 6: 3).

**വിവാഹം കഴിപ്പിക്കൽ** – പ്രായപൂർത്തിയായ എല്ലാ യഹൂദരും വിവാഹം കഴിക്കണമെന്ന് ആജ്ഞാപിക്കുകയും സംഭോഗപ്രക്രിയയെ ആശീർവദിച്ച് വിശുദ്ധമാക്കുകയും ചെയ്യുന്ന തോറാ പഠിച്ചിരുന്ന യേശു വിവാഹം ചെയ്തിരുന്നോ എന്നുമാത്രം സുവിശേഷത്തിലില്ല.

ആ കാലഘട്ടത്തിലെ യഹൂദപാരമ്പര്യമനുസരിച്ച് മകൻ കൗമാര

പ്രായം കഴിയുന്നതോടെ അവനുവേണ്ടി ഒരു പെൺകുട്ടിയെ പിതാവ് തെരഞ്ഞെടുത്തിരുന്നു. ഭാവിയിലെ വധൂവരന്മാരോടൊന്നും ആലോചിക്കാതെ രണ്ടു പിതാക്കന്മാരും കൂടി വിവാഹത്തിനുള്ള ഒരുക്കങ്ങൾ നടത്തിയിരുന്നു. വരന്റെ അപ്പനാണ് ഈ കൂടിയാലോചനയിലെ മുഖ്യൻ. കാരണം, വധു വരന്റെ വീട്ടിലേക്കാണല്ലോ കെട്ടിക്കയറി വരുന്നത്. നമ്മുടെ കേരളത്തിലെ നസ്രാണി കുടുംബങ്ങളിലെ പാരമ്പര്യവും ഇപ്രകാരമാണല്ലോ.

ലൂക്കോസിന്റെ സുവിശേഷത്തിൽ യേശു മാതാപിതാക്കൾക്ക് കീഴ്‌വഴങ്ങി കഴിഞ്ഞു എന്ന് നാം വായിക്കുന്നുണ്ട് (ലൂക്കോ. 2: 51). അപ്പോൾ യേശു മാതാപിതാക്കളുടെ ആഗ്രഹങ്ങൾക്കു വിപരീതമായി, വിവാഹം കഴിക്കുവാൻ വിസമ്മതിക്കുമോ? ജീവിതകാലം മുഴുവൻ ബ്രഹ്മചാരിയായി കഴിഞ്ഞുകൊള്ളാമെന്ന് യേശു സ്വയം പ്രഖ്യാപിച്ചോ? യഹൂദ പാരമ്പര്യത്തിനും നിയമത്തിനും കടകവിരുദ്ധമായി യേശു ഇങ്ങനെയൊരു തീരുമാനം എടുത്തിരുന്നെങ്കിൽ തീർച്ചയായും പുതിയ നിയമത്തിൽ എവിടെയെങ്കിലും അത് രേഖപ്പെടുത്തുമായിരുന്നു. സാധാരണയായി അസാധാരണമായ പെരുമാറ്റങ്ങളാണ് സാധാരണക്കാരുടെ ഓർമയിൽ പതിഞ്ഞിരിക്കുവാൻ സാധ്യത കൂടുതലായിട്ടുള്ളത്. ആ അസാധാരണത്വത്തെപ്പറ്റിയാണ് സംസാരിക്കപ്പെടുന്നത്. സാധാരണ സംഭവങ്ങളെ ആരും കണക്കാക്കാറില്ല. മാത്രമല്ല, അതൊരു സംസാരവിഷയമാക്കാറുമില്ല. യേശു ജീവിതകാലം മുഴുവൻ ബ്രഹ്മചാരിയായി ജീവിച്ചിരുന്നെങ്കിൽ അതൊരു അസാധാരണ സംഭവവും മറ്റുള്ളവരിൽ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നതുമായതിനാൽ പുതിയനിയമത്തിൽ എവിടെയെങ്കിലും അതൊരു സുപ്രധാന സംഭവമായി രേഖപ്പെടുത്തുമായിരുന്നു.

പ്രായപൂർത്തിയാകുമ്പോൾ സ്വാഭാവികമായി വിവാഹം കഴിക്കുക എന്ന യഹൂദസംസ്കാരത്തിൽ ജനിച്ചുവളർന്ന ഒരു ചെറുപ്പക്കാരനാണ് യേശു. ഭക്തനായ ഒരു യഹൂദയുവാവ് വിവാഹത്തെ ദൈവത്തെ പ്രീതിപ്പെടുത്താനുള്ള മാർഗമായി കാണാനേ സാധ്യതയുള്ളൂ.

മിഷ്നാ മുന്നറിയിപ്പു നല്കുന്നു: എപ്പോൾ ഒരു അവിവാഹിതന് 20 വയസ്സു തികയുന്നുവോ അപ്പോൾ അയാൾ വിവാഹം കഴിക്കുന്നില്ലെങ്കിൽ അത്യുന്നതൻ പറയുന്നു 'അവൻ നശിക്കട്ടെ' എന്ന്. തന്നെയുമല്ല, മിഷ്നാ ഉപദേശിക്കുന്നു: 'ഒരു അവിവാഹിതൻ കുട്ടികളുടെ അധ്യാപകനാകാൻ പാടില്ല' (Kiddushin 4, 13). നേരത്തെ വിവാഹിതനായി കുട്ടികളെ ജനിപ്പിക്കാത്ത ഒരാൾ തനിയെ ജീവിക്കുന്നതിനെ മിഷ്നാ നിരോധിച്ചിട്ടുണ്ട്. ഒരു വിധുരൻ ആയിരുന്നെങ്കിൽ പരസ്യജീവിതകാലത്ത് യേശുവിന് അവിവാഹിതനായി കഴിയാമായിരുന്നു. അല്ലെങ്കിൽ നിയമവിരുദ്ധമാകുമായിരുന്നു.

യേശു തോറാ നന്നായി പഠിച്ചിട്ടുള്ള ഒരു ഫരിസേയനാണ്. ഇസ്രായേലിലെ അനുകരണയോഗ്യരായ എല്ലാ അതികായരും – അബ്രാഹം,

മോശെ, ദാവീദ്, സോളമൻ, യെശയ്യാ തുടങ്ങിയവർ – വിവാഹിതരാണ്. സങ്കീർത്തനങ്ങൾ ഒരു ബ്രഹ്മചാരിയിൽ നിന്ന് ഉതിർന്നതല്ല. ദൈവസ്നേഹമാകുന്ന വികാരപ്രകടനം ബ്രഹ്മചാരിയായ ഒരു ദീർഘദർശിയിൽനിന്നു പൊട്ടിയൊഴുകിയതുമല്ല.

പില്കാലങ്ങളിൽ കത്തോലിക്കാ ദൈവശാസ്ത്രം ഈ വിവാഹങ്ങളെല്ലാം മനുഷ്യരുടെ ദുർബലതകൊണ്ട് സംഭവിച്ചിട്ടുള്ളതാണെന്നും ബ്രഹ്മചര്യജീവിതമാണ് ആദർശപരമായ ജീവിതമായി ദൈവം നിശ്ചയിച്ചതെന്നും നിർദേശിക്കുന്നു! ഇതിനുള്ള തെളിവുകളെവിടെ?

പന്ത്രണ്ടുപേരുടെ തലവനായ ശിമയോൻ വിവാഹിതനായിരുന്നെന്ന് നാം പുതിയനിയമത്തിൽ വായിക്കുന്നുണ്ട്. വെറും യാദൃച്ഛികമായി മാത്രമാണ് ആ വിവരം രേഖപ്പെടുത്തിയിരിക്കുന്നത്. ശിമയോന്റെ ഭാര്യയുടെ അമ്മ പനിപിടിച്ചു കിടപ്പിലായിരുന്നപ്പോൾ യേശു അവളുടെ പനി മാറ്റി (മർക്കോ. 1: 29–31; മത്താ. 8: 14–16; ലൂക്കോ. 4: 38–39). കൂടാതെ കേപ്പാ തന്റെ ഭാര്യയെ കൂടെകൊണ്ടുനടക്കുന്ന കാര്യം പൗലോസ് കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പരാമർശിക്കുന്നുണ്ട് (1 കോറി. 9: 5). മേല്പറഞ്ഞ സ്പഷ്ടമായ തെളിവുകൾ പുതിയ നിയമത്തിൽ ഇല്ലാതിരുന്നെങ്കിൽ കത്തോലിക്കാ പണ്ഡിതന്മാർ പത്രോസിന്റെ ബ്രഹ്മചര്യത്തെക്കുറിച്ച് വാല്യങ്ങൾ എഴുതിക്കൂട്ടുമായിരുന്നില്ലേ? പത്രോസിന് ശ്ലീഹന്മാരുടെ ഇടയിൽ ലഭിച്ച ഒന്നാം സ്ഥാനം അയാളുടെ ആയുഷ്കാല ബ്രഹ്മചര്യത്തിനു ലഭിച്ച സമ്മാനമാണെന്ന് സമർഥിക്കുമായിരുന്നില്ലേ?

പൗലോസ് തിമൊത്തെയോസിനും തീത്തോസിനും എഴുതിയ കത്തുകളിൽ സഭയുടെ മേലന്വേഷകരും മൂപ്പന്മാരും വിവാഹിതരായിരിക്കണമെന്ന് നിർദേശിക്കുന്നുണ്ട്. “മേലന്വേഷകൻ ആരോപണങ്ങൾക്കതീതനും ഏകഭാര്യാവ്രതനും സംയമനശീലനും വിവേകശാലിയും അന്തസ്സുറ്റവനും നല്ല ആതിഥേയനും ഉത്തമ അധ്യാപകനുമായിരിക്കണം” (1 തിമൊ. 3: 2). “ശുശ്രൂഷകർ, ഏകഭാര്യാവ്രതക്കാരും സന്താനങ്ങളെയും കുടുംബത്തെയും നന്നായി നിയന്ത്രിച്ചു നടത്തുന്നവരും ആയിരിക്കണം” (1 തിമൊ. 3: 12). “മൂപ്പൻ കുറ്റമറ്റവനും ഏകഭാര്യാവ്രതനും ആയിരിക്കണം; അയാളുടെ മക്കൾ വിശ്വാസമുള്ളവരും ദുർവൃത്തരെന്നോ അനുസരണകെട്ടവരെന്നോ ദുഷ്പേര് ഇല്ലാത്തവരും ആയിരിക്കണം” (തീത്തൊ. 1: 6). വിവാഹം മുടക്കുന്നവരെ പിശാചുക്കളുടെ സിദ്ധാന്തത്തെ ചെവിക്കൊണ്ടവരായ അസത്യവാദികളാണെന്ന് പൗലോസ് വ്യക്തമാക്കുന്നു (1 തിമൊ. 4: 1–3).

യേശുവും പന്ത്രണ്ടു ശിഷ്യന്മാരും അവിവാഹിതരായിരുന്നെങ്കിൽ അവർ സമൂഹത്തിന് അപകടകാരികളും ഉതപ്പിന് കാരണക്കാരുമായിരുന്നേനേ.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം 1967-ൽ പോൾ ആറാമൻ മാർപ്പാപ്പാ സച്ചെദോത്താലിസ് ചെലിബാത്തൂസ് (Sacerdotalis

Caelibatus) എന്ന പേരിൽ ഒരു ചാക്രികലേഖനം എഴുതി. ലാറ്റിൻ സഭയിലെ വൈദികർ ബ്രഹ്മചര്യം നിർബന്ധമായി പാലിക്കണം എന്ന് ശഠിച്ചുകൊണ്ടുള്ള ഒരു ലേഖനമായിരുന്നു അത്. യേശു ജീവിതകാലം മുഴുവൻ ബ്രഹ്മചാരി ആയിരുന്നെന്നും അക്കാരണത്താൽ ദൈവത്തെയും മനുഷ്യരെയും മുഴുവനായി സേവിക്കാൻ യേശുവിന് അത് സഹായകമായെന്നും പുരോഹിതർ ബ്രഹ്മചാരികളായിരുന്നാൽ കൂടുതൽ പരിപൂർണരാകുമെന്നും വിശുദ്ധമായ സഭാശുശ്രൂഷയ്ക്ക് സ്വതന്ത്രരാകുമെന്നും മാംസരക്തങ്ങളുടെ അടിമത്തത്തിൽനിന്ന് രക്ഷപെടുമെന്നുമെല്ലാം മാർപ്പാപ്പാ ആ ലേഖനത്തിൽ ഊന്നിപ്പറയുന്നുണ്ട്. മേൽപറഞ്ഞ പ്രസ്താവനയിലെ പ്രശ്നങ്ങൾ നമ്മെ വിസ്മയിപ്പിക്കാതിരിക്കയില്ല. യേശു എന്നും ബ്രഹ്മചാരി ആയിരുന്നെന്ന് പോപ്പ് എങ്ങനെ അറിഞ്ഞു? ബ്രഹ്മചര്യം പൂർണസമർപ്പണത്തിന്റെ അടയാളമാണെന്ന് പ്രഖ്യാപിക്കുമ്പോൾ വിവാഹം കഴിച്ചവർ അർപ്പണത്തിൽ അപൂർണരാണെന്നല്ലേ സമർഥിക്കുന്നത്? എങ്കിൽ, പത്രോസ് യേശുവിന് പൂർണമായി സമർപ്പിച്ച വ്യക്തിയല്ലേ? ദൈവത്തെ പൂർണമായി സേവിക്കുന്നതിന് അദ്ദേഹം ബ്രഹ്മചാരി ആയിരിക്കുക അത്യാവശ്യമായിരുന്നോ? മോശെയും യെശയ്യായും വിവാഹിതരായിരുന്നതിനാൽ അവർക്ക് വല്ല കുറവും സംഭവിച്ചോ? ഹവ്വായെ കൂടാതെ ആദാമിന് ഉപരിസ്ഥാനം ലഭിക്കുമായിരുന്നോ? യേശുവിന്റെ സഭയോടുള്ള പരിപൂർണ അർപ്പണത്തിന്റെ പ്രതീകമായി വിവാഹത്തെ എന്തുകൊണ്ട് നാം കാണുന്നു?

ലൈംഗികതയിൽ നിന്ന് പുരോഹിതരെ മാറ്റി നിർത്തിയാൽ അവർ കൂടുതൽ പരിപൂർണരാകുമെന്ന് പഠിപ്പിക്കുന്നത് ഒരുതരം മനിക്കീയിസം (Manicheism) ആണ്. വികൃതസിദ്ധാന്തമായ ജ്ഞാനവാദത്തിന്റെ (ഗ്നോസ്റ്റിസിസം, Gnosticism) ഏറ്റവും വികൃതനായ സന്തതിയാണല്ലോ മനിക്കീയിസം. ഇത്തരം പഠിപ്പിക്കൽ മനുഷ്യാവതാരമെന്ന വിശ്വാസപ്രമാണത്തിനെതിരാണ്.

മനുഷ്യവർഗത്തെ നിരാകരിക്കുകയും ഭയം ജനിപ്പിക്കുകയും ചെയ്യുന്ന ഒരുതരം ആധ്യാത്മികത ഉരുത്തിരിയാൻ ഇത് പ്രേരകമാകും. എന്തുകൊണ്ട് ദൈവം മാലാഖായുടെ രൂപത്തിൽ അവതരിച്ചില്ല? നമ്മെ രക്ഷയുടെ പാതയിലൂടെ നയിക്കാൻ ദൈവം എന്തുകൊണ്ട് മനുഷ്യനായി? മനുഷ്യപുരോഹിതരെക്കാൾ മാലാഖാപുരോഹിതരായിരുന്നില്ലേ മെച്ചം? ന്യായമായ ചോദ്യങ്ങളല്ലേ ഇവ?

പോൾ ആറാമൻ മാർപ്പാപ്പായുടെ നിരീക്ഷണങ്ങൾക്ക് തക്കതായ തെളിവുകളൊന്നുമില്ല.

'യേശു നിത്യബ്രഹ്മചാരി' എന്ന വിശ്വാസപ്രമാണത്തെ ആധാരമാക്കിയാണ് പുരോഹിതർ നിർബന്ധിതമായി ബ്രഹ്മചര്യം പാലിക്കണമെന്ന നിയമം ഉടലെടുത്തത് എന്നകാര്യം വായനക്കാർ വിസ്മരിക്കാൻ പാടില്ല.

'മറിയം കന്യകയും യേശു ബ്രഹ്മചാരിയു'മാണെന്നുള്ള ഊഹാപോ

ഹങ്ങൾ കാലാന്തരത്തിൽ സുനിശ്ചിതമായ കാര്യമായി മാറിയതിന്റെ പിന്നിൽ മൂന്ന് സുപ്രധാന കാര്യങ്ങളുണ്ട്:

1. ക്രിസ്തുവർഷം 70-ൽ റോമാക്കാർ ജെറൂശലേം ദേവാലയവും ജെറൂശലേം നഗരിയും നശിപ്പിച്ചുകളഞ്ഞു. അക്കാരണത്താൽ യഹൂദ മൂപ്പന്മാരുടെ എണ്ണം ഗണ്യമായി കുറഞ്ഞു. അവർ വിശുദ്ധിയുടെ അടയാളമായും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ മൂലപദ്ധതിയായും വിവാഹത്തെ കണ്ടിരുന്നു.

2. യഹൂദവംശജരല്ലാത്ത മൂപ്പന്മാർ ശാരീരികസുഖത്തെ നിരാകരിക്കുന്നത് ആധ്യാത്മികതയ്ക്ക് സമമാണെന്നുള്ള ഒരു വീക്ഷണം രൂപപ്പെടുത്തിയെടുത്തു.

3. റോമൻ മതപീഡനത്തെ ക്രിസ്ത്യാനികൾ രക്തസാക്ഷിത്വമായി കണ്ടു. അതിനു തുല്യമായി ബ്രഹ്മചര്യത്തെയും കണ്ടുതുടങ്ങി. സേവനത്തെക്കാൾ പരിത്യാഗത്തിന് മുൻതൂക്കം നല്കുന്ന ഒരു തത്ത്വശാസ്ത്രം ഉരുത്തിരിഞ്ഞു.

രണ്ടാം നൂറ്റാണ്ടുമുതൽ അഞ്ചാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ 'ലൈംഗികതയെ നിരാകരിക്കുക' എന്നത് ക്രിസ്ത്യൻ ചിന്തകരുടെ ഇടയിൽ ഒരുതരം അസുഖമായി മാറി. അവർക്ക് 'സേവനം സ്നേഹം' എന്നതിലേറെ ശരീരവും ആന്തരികശക്തിയുമായുള്ള യുദ്ധമാണ് പ്രധാനം. ശാരീരികസന്തോഷം പാപവും വിശുദ്ധിയുടെ ഏക ഉറവിടം ആധ്യാത്മികതയുമാണെന്ന് ഇക്കൂട്ടർ സ്ഥാപിച്ചുറപ്പിച്ചു.

'ദ ഗുഡ് ഓഫ് മാരിയേജ്' (The Good of Marriage) എന്ന പുസ്തകത്തിൽ ആഗസ്തീനോസ് എഴുതിയിട്ടുള്ളത് മനുഷ്യരെല്ലാം ബ്രഹ്മചാരികളായിരുന്നാൽ മനുഷ്യവർഗം പെട്ടെന്നില്ലാതാകുമെന്നും അതോടെ ദൈവരാജ്യം അതിവേഗം സമാഗതമാകുമെന്നുമാണ്. വിവാഹിതനായതിനാൽ തന്റെ നിത്യകന്യാത്വം അപഹരിക്കപ്പെട്ടുപോയെന്ന് നിസ്സായിലെ (Nissa) ഗ്രിഗരി വിലപിക്കുന്നു.

'സഭ മണവാട്ടി, ക്രിസ്തു മണവാളൻ' എന്ന മനോഹരമായ രൂപകാലങ്കാരം ഇപ്പോൾ അക്ഷരാർഥത്തിൽ വ്യാഖ്യാനിക്കപ്പെടുകയാണ്. അതിന്റെ പരിണതഫലമോ? 'മറ്റൊരു ക്രിസ്തു'വായ പുരോഹിതൻ വിവാഹിതനായാൽ 'വ്യഭിചാരക്കുറ്റക്കാര'നായി!

ആഗസ്തീനോസിന്റെ കാഴ്ചപ്പാടിൽ യേശുവിനെ പ്രസവിക്കുന്നതിനു മുമ്പും പ്രസവിച്ചപ്പോഴും പ്രസവിച്ചശേഷവും മറിയം കന്യകയായിരുന്നു. അദ്ദേഹത്തിന്റെ ദ സിറ്റി ഓഫ് ഗോഡ് (The City of God) എന്ന പുസ്തകത്തിൽ യോനിയിലുള്ള സംഭോഗം കൂടാതെയുള്ള ഗർഭധാരണത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. അതിസാമർഥ്യമുള്ള ഈ മനുഷ്യൻ എങ്ങനെ ഇത്തരം ഭോഷത്തം പറയുന്നു! ദൈവശാസ്ത്രജ്ഞരും സഭാനേതാക്കളും മറിയമിന്റെ നിത്യകന്യകാത്വവും യേശുവിന്റെ ബ്രഹ്മചര്യവും അനുപേക്ഷണീയമെന്നു പറയുന്ന ഒരു കാലഘട്ടമായിരുന്നു അത്.

മനുഷ്യന്റെ ലൈംഗികത ആരോഗ്യകരവും വിശുദ്ധവും ബൈബിൾ അനുസൃതവുമാണെന്നു ചിന്തിക്കുവാൻ ആ കാലഘട്ടത്തിൽ അവർക്ക് കഴിഞ്ഞില്ല.

## യേശു വിവാഹിതനായിരുന്നോ?

തെളിവുകളുടെ വെളിച്ചത്തിൽ യേശു വിവാഹിതനായിരിക്കാൻ സാധ്യതകൾ ഏറെയുണ്ട്. തീർച്ചയായും അതിന് ഉറപ്പില്ല. ആ ഉറപ്പ് ഭാവിയിൽ ഉണ്ടായില്ലെന്നുമിരിക്കാം. യേശു ജീവിതകാലം മുഴുവൻ ബ്രഹ്മചാരി ആയിരുന്നു എന്നതിന് യാതൊരു തെളിവുകളുമില്ല. എന്നിരുന്നാലും, യേശു ബ്രഹ്മചാരി ആയിരുന്നു എന്ന കാര്യത്തിൽ സഭാനേതാക്കന്മാർക്ക് തീർച്ചയുണ്ട്.

യേശു ബ്രഹ്മചാരിയാണോ എന്ന ചോദ്യത്തിന് എന്താണിത്ര പ്രാധാന്യം? സഭാ നേതാക്കന്മാർ യേശുവിന്റെ ഈ സാങ്കല്പിക ബ്രഹ്മചര്യത്തിന്റെ പേരിൽ ഒരു വ്യവസായംതന്നെ ആരംഭിച്ചില്ലായിരുന്നെങ്കിൽ ഈ ചോദ്യത്തിന് യാതൊരു കഴമ്പുമില്ലായിരുന്നു.

സംഘടിതസഭയ്ക്ക്, മറിയമിന്റെയും യേശുവിന്റെയും സാങ്കല്പിക ബ്രഹ്മചര്യത്തിന്റെ അടിസ്ഥാനത്തിൽ, കത്തോലിക്കാ മനസ്സാക്ഷിയിൽ സെക്സിനോട് ഭയവും ലജ്ജയും അറപ്പും സ്ഥിരമായി പ്രതിഷ്ഠിക്കാൻ സാധിച്ചു. മറ്റ് ക്രിസ്തീയ സഭകളിലും മതങ്ങളിലും സമൂഹങ്ങളിലും സെക്സിനോട് ഭയമുണ്ടെന്നിരുന്നാലും കത്തോലിക്കാസഭ അതിലെല്ലാം ഉപരിയായ തീക്ഷ്ണത ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്നുണ്ടെന്നുള്ളത് തികച്ചും യാഥാർഥ്യമാണ്.

സുവിശേഷത്തിൽ സെക്സിനെ സംബന്ധിച്ച് ആരോഗ്യകരമായ ഉദ്ബോധനങ്ങൾ നാം കാണുന്നുണ്ട്. 1 തിമോത്തി 4: 1–3 ൽ വിവാഹം വിലക്കുന്നവർ, കപടാത്മാക്കളെയും പിശാചുക്കളുടെ സിദ്ധാന്തങ്ങളെയും ചെവിക്കൊള്ളുന്നവരാണെന്ന് നാം വായിക്കുന്നുണ്ട്. മാർട്ടിൻ ലൂഥർ എഴുതിയിരിക്കുന്നത് ദൈവവചനം കഴിഞ്ഞാൽ അമൂല്യനിധി പരിശുദ്ധമായ വിവാഹമാണെന്നാണ്. പതിനാറാം നൂറ്റാണ്ടിലെ പ്രഗല്ഭ യൂറോപ്യൻ ചിന്തകനും കത്തോലിക്കനുമായ ഇറാസ്മസ് (Erasmus) ചോദിക്കുന്നത് വിവാഹമെന്ന കൂദാശ പ്രഥമവും മറ്റെല്ലാ കൂദാശകളെക്കാളും ബഹുമാനം അർഹിക്കുന്നതുമല്ലേയെന്നാണ്. കാരണം, മറ്റെല്ലാ കൂദാശകളും ഭൂമിയിൽ സ്ഥാപിക്കപ്പെട്ടതാണ്. വിവാഹമോ? പറുദീസായിൽ! മറ്റെല്ലാ കൂദാശകളും തെറ്റുപറ്റിയ മനുഷ്യപ്രകൃതിക്കുവേണ്ടിയുള്ളതാണ്. വിവാഹമോ? പരിശുദ്ധമായ മനുഷ്യപകൃതിക്കുവേണ്ടിയുള്ളതായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പുരോഹിതർക്ക് വിവാഹം ചെയ്യാൻ അനുവാദം നൽകണം. കാരണം, വിവാഹം ദൈവസ്ഥാപിതവും യുക്തവും ദൈവിക-മാനുഷിക നിയമങ്ങളിൽ അധിഷ്ഠിതവും എല്ലാ രാഷ്ട്രങ്ങളും അംഗീകരിച്ചിട്ടുള്ളതുമാണ്. വിവാഹാവസ്ഥ ബ്രഹ്മചര്യ

ത്തെക്കാൾ ശ്രേഷ്ഠമായി കരുതുന്നവരെ ശപിച്ചു തള്ളിയിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു ഇറാസ്മസ് ജീവിച്ചിരുന്നത്.

യേശു വിവാഹിതനായിരുന്നെങ്കിൽ എന്തുകൊണ്ട് ഭാര്യയുടെയോ മക്കളുടെയോ പേര് പുതിയനിയമത്തിൽ പറയുകപോലും ചെയ്തിട്ടില്ല എന്നുള്ളത് പ്രസക്തമായ ഒരു ചോദ്യമാണ്. പരാമർശിക്കത്തക്ക പ്രധാനപ്പെട്ട എന്തെങ്കിലും കാര്യം ചെയ്തിട്ടില്ലെങ്കിൽ പുതിയനിയമത്തിൽ ആ പങ്കാളിയുടെ പേര് സാധാരണയായി പറയാറില്ല. യേശുവിന്റെ കുരിശുമരണം കഴിഞ്ഞ് ഏതാണ്ട് ഇരുപതുവർഷത്തോളം പത്രോസിന്റെ ഭാര്യ അയാളുടെ പ്രേഷിതവേലയ്ക്ക് കൂടെ സഞ്ചരിച്ചിരുന്നെങ്കിലും അവരുടെ പേര് പുതിയനിയമത്തിൽ പറയുന്നില്ല. അതുപോലെ മറ്റ് അപ്പോസ്തലന്മാരുടെ ഭാര്യമാരുടെ പേരുകളും നമുക്ക് പുതിയനിയമത്തിൽനിന്ന് അറിയുവാൻ കഴിയുന്നില്ല. ഹീബ്രു ബൈബിൾ പ്രകാരം പുരുഷന്മാരെല്ലാം വിവാഹിതരാണ്. അതുപോലെ പുതിയനിയമവും എല്ലാ അപ്പോസ്തലന്മാരും വിവാഹിതരെന്ന് കരുതുന്നു.

## യേശു വിവാഹിതനായിരുന്നെങ്കിൽ ആരാണ് ഭാര്യ?

നമുക്ക് അതറിയില്ല.

മഗ്ദല മറിയമിന്റെ പേര് കഴിഞ്ഞകാല ക്രിസ്തീയ ചരിത്രങ്ങളിൽ ഇടക്കിടെ പൊങ്ങിവന്നിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിലെ ഫിലിപ്പിന്റെ സുവിശേഷത്തിൽ മഗ്ദല യേശുവിന്റെ ഭാര്യ ആയിരുന്നെന്നും യേശു സാധാരണ രീതിയിൽ ഗർഭം ധരിക്കപ്പെട്ടവനാണെന്നും പ്രസ്താവിക്കുന്നുണ്ട്.

സഭ അംഗീകരിച്ചിട്ടുള്ള നാലു സുവിശേഷങ്ങളിലും മഗ്ദലമറിയമിനെ സംബന്ധിച്ച് സവിശേഷമായ ചില കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട്:

1. യേശുവിന്റെ കുരിശുമരണത്തിന്റെ അവസാനംവരെ മഗ്ദല മറിയം മാത്രമേ നിന്നിരുന്നുള്ളു.

2. സാധാരണയായി കുരിശിൽ തറയ്ക്കപ്പെടുന്ന കുറ്റവാളിയുടെ അടുത്ത ബന്ധുക്കളെ മാത്രമേ അങ്ങനെ നില്ക്കാൻ അനുവദിക്കാറുള്ളൂ.

3. യേശു ഉയിർത്തെഴുന്നേറ്റ പുലർച്ചെ കബറിടത്തിങ്കൽ ആദ്യമായി എത്തിയ ആൾ മഗ്ദല മറിയം ആയിരുന്നു.

4. മരിച്ച ആളിന്റെ ഭാര്യയോ അടുത്ത ബന്ധുക്കളോ ആണ് തൈലാഭിഷേകത്തിന് കല്ലറയിങ്കൽ എത്താറുള്ളത്.

മേല്പറഞ്ഞ കാര്യങ്ങളൊന്നും മഗ്ദല മറിയം യേശുവിന്റെ ഭാര്യ ആണെന്നുള്ളതിന് മതിയായ തെളിവുകളല്ല. പക്ഷേ, വിജ്ഞാനപ്രദമാണ്.

അപ്പോസ്തലന്മാരുടെ പേരുകളിൽ ആദ്യത്തെ പേര് പത്രോസിന്റെ പേരാണെന്നുള്ളതിന് കത്തോലിക്കാ ദൈവശാസ്ത്രജ്ഞർ വളരെ പ്രാധാന്യം നൽകുന്നുണ്ട്; പ്രത്യേകിച്ച് പത്രോസിന്റെ പ്രഥമസ്ഥാനത്തെ അരക്കിട്ടുറപ്പിക്കാൻ. സമാന്തരസുവിശേഷങ്ങളിൽ സ്ത്രീകളായ ശുശ്രൂ

ഷകരുടെ പേരുകൾ പറയുമ്പോൾ മഗ്ദലമറിയമിന്റെ പേരാണ് ആദ്യം കൊടുത്തിട്ടുള്ളത്. "ദൂരെ കുറെ സ്ത്രീകളും ഇതെല്ലാം കണ്ടുകൊണ്ട് നിന്നിരുന്നു. ഇവരുടെ കൂട്ടത്തിൽ മഗ്ദലക്കാരി മറിയമും ചെറുയാക്കോബിന്റെയും യോസേയുടെയും അമ്മയായ മറിയമും സലോമിയും ഉണ്ടായിരുന്നു" (മർക്കോ. 15: 40). "ശാബത്ത് കഴിഞ്ഞപ്പോൾ മഗ്ദലക്കാരി മറിയമും യാക്കോബിന്റെ അമ്മ മറിയമും സലോമിയും അവനെ തൈലംപൂശാനായി സുഗന്ധദ്രവ്യങ്ങൾ വാങ്ങി" (മർക്കോ. 16: 1). "ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഉയിർത്തെഴുന്നേറ്റ യേശു ആദ്യം മഗ്ദലക്കാരി മറിയമിനു പ്രത്യക്ഷനായി" (മർക്കോ. 16: 9). "ഗലീലയിൽനിന്ന് യേശുവിനെ അനുഗമിക്കയും അവനെ ശുശ്രൂഷിക്കയും ചെയ്തിരുന്ന അനേകം സ്ത്രീകൾ അകലെ ഇതെല്ലാം നോക്കിക്കൊണ്ടു നിന്നിരുന്നു. മഗ്ദലക്കാരി മറിയമും യാക്കോബ്, യോസേഫ് എന്നിവരുടെ അമ്മയായ മറിയമും സെബദി പുത്രന്മാരുടെ അമ്മയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു" (മത്താ. 27: 55–56). "ശാബത്തിനുശേഷം, ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ മഗ്ദലക്കാരി മറിയമും മറ്റേ മറിയമും കല്ലറ സന്ദർശിക്കാൻ ചെന്നു" (മത്താ. 28: 1). "അശുദ്ധാത്മാക്കളിൽ നിന്നും രോഗങ്ങളിൽനിന്നും വിമുക്തരായ കുറെ സത്രീകളും കൂടെ ഉണ്ടായിരുന്നു: മഗ്ദലക്കാരി എന്നു വിളിക്കപ്പെടുന്ന മറിയം, ഇവളിൽ നിന്നാണ് ഏഴു പിശാചുക്കൾ പുറത്തു പോയത്; ഹെറോദേസിന്റെ കലവറക്കാരനായ ഖുസയുടെ ഭാര്യ യോവന്ന; സൂസന്നാ; തങ്ങളുടെ വരുമാനത്തിൽ നിന്ന് അവർക്ക് ശുശ്രൂഷ ചെയ്തിരുന്ന മറ്റു സ്ത്രീകൾ" (ലൂക്കോ. 8: 2–3). "കല്ലറയിൽനിന്നു മടങ്ങിവന്ന അവർ, പതിനൊന്നു പേരോടും മറ്റെല്ലാവരോടും ഇക്കാര്യം മുഴുവൻ പറഞ്ഞു. മഗ്ദലക്കാരി മറിയമും യോവന്നായും യാക്കോബിന്റെ അമ്മയായ മറിയമും അവരോടുകൂടെ ഉണ്ടായിരുന്ന മറ്റു സ്ത്രീകളുമാണ് അപ്പോസ്തലന്മാരോട് ഇക്കാര്യം പറഞ്ഞത്" (ലൂക്കോ. 24: 9–10).

യോഹന്നാന്റെ സുവിശേഷം 20–ാം അധ്യായത്തിൽ ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഉയിർത്തെഴുന്നേറ്റ യേശു മഗ്ദല മറിയമിന് പ്രത്യക്ഷപ്പെടുന്ന ഭാഗമാണ് ഉയിർപ്പിലെ ഏറ്റവും മനോഹരമായ കഥ. യേശു 'മറിയമേ' എന്ന് അവളുടെ പേരു പറഞ്ഞു വിളിച്ചപ്പോൾ അവൾ യേശുവിനെ തിരിച്ചറിഞ്ഞു! മഗ്ദല മറിയമിന്റെ യേശുവുമായുള്ള പ്രത്യേക അടുപ്പത്തെയാണ് ഇതെല്ലാം വിളിച്ചറിയിക്കുന്നത്. എങ്കിലും അവൾ യേശുവിന്റെ ഭാര്യയാണെന്നുള്ളതിന് പ്രത്യക്ഷ തെളിവുകളൊന്നുമല്ല.

## യേശുവിന് കുട്ടികൾ ഉണ്ടായിരുന്നോ?

നമുക്ക് അതു സംബന്ധമായി യാതൊരറിവും ഇല്ല. പക്ഷേ, നമുക്കൊന്നറിയാം. യേശുവിന് കുട്ടികൾ ഉണ്ടായിരുന്നെങ്കിൽ അവർ പുതിയ

നിയമസഭയിൽ പ്രമുഖരായിരുന്നില്ല എന്ന കാര്യം. കാരണം, ഭാര്യമാരുടെയോ കുട്ടികളുടെയോ ഒക്കെ പേരുകൾ പുതിയനിയമത്തിൽ എടുത്തെഴുതണമെങ്കിൽ അവർ അവരാൽതന്നെ പ്രമുഖരായിരിക്കണം.

യേശു വിവാഹിതനായിരിക്കാൻ സാധ്യതയുണ്ട് എന്ന നിഗമനത്തോട് എന്തുകൊണ്ടാണ് വിശ്വാസികൾ എതിർപ്പുകാണിക്കുന്നത്? അത് യേശു ജീവിതകാലം മുഴുവൻ ബ്രഹ്മചാരി ആയിരുന്നു എന്ന വിശ്വാസത്തിന് സഭാധികാരികൾ കൂടുതൽ ഊന്നൽ നല്കുന്നതുകൊണ്ടാണ്. അല്പം ചിന്തിച്ചാൽ അതിലൂടെ സഭാധികാരികൾക്കു ചില സ്ഥാപിത താത്പര്യങ്ങൾ സംരക്ഷിക്കാൻ ഉണ്ടെന്നു നമുക്കു മനസ്സിലാകും. എന്നാൽ യേശു ബ്രഹ്മചാരി ആയിരുന്നാൽ മാത്രമേ പരിശുദ്ധനായിരിക്കയുള്ളൂ, മറിച്ച്, വിവാഹിതനായാൽ കളങ്കപ്പെട്ടവനായി എന്ന നിഗമനത്തിലെത്തിയാൽ തീർച്ചയായും വിവാഹം എന്ന കൂദാശയുടെ പരിണാമത്തിന് (evolution) അർഥമില്ല. തന്നെയുമല്ല, യോസേഫിന്റെയും മറിയമിന്റെയും സെക്സ് ഇല്ലാത്ത വിവാഹത്തിൽ ആരോഗ്യകരമായ, എന്തോ ആധ്യാത്മികത ഒളിഞ്ഞിരിക്കുന്നുണ്ടെന്നനുമാനിക്കുന്നത് ചിന്താക്കുഴപ്പം തന്നെയാണ്. ഒരു വിവാഹം സെക്സുള്ളതോ ഇല്ലാത്തതോ ആയിരിക്കാം, പലവിധ കാരണങ്ങളാൽ. എന്നാൽ സെക്സില്ലാത്ത വിവാഹമാണ് സെക്സുള്ള വിവാഹത്തെക്കാൾ മെച്ചപ്പെട്ട വിവാഹം എന്ന ചിന്താഗതി അപകടകരമാണ്.

സഭാശുശ്രൂഷകരായ പുരോഹിതർക്ക് വിവാഹം ചെയ്യാം എന്നുള്ളതിന് മേൽപറഞ്ഞ കാര്യങ്ങൾ സഹായകമാണോ എന്നു ചോദിച്ചാൽ, ‘അതേ’ എന്നാണ് എന്റെ ഉത്തരം.

സെക്സ് നാണംകെട്ട ഒരു കാര്യമായി കത്തോലിക്കാസഭ ചിത്രീകരിക്കാറുണ്ട്. തന്മൂലം വിശ്വാസികളിൽ കുറ്റബോധവും പാപചിന്തയും അപകർഷതാബോധവും ഉണ്ടാകുന്നു. ഇപ്പറഞ്ഞതൊന്നും യേശുവിന്റെ പഠനങ്ങളിലില്ല! യേശുവും വിവാഹിതനായിരുന്നു എന്ന ചിന്ത ഇത്തരക്കാരുടെ സെക്സിനോടുള്ള സമീപനത്തിൽ ആരോഗ്യകരമായ മാറ്റങ്ങൾ സംഭവിക്കാൻ കാരണമാകും.

പുരോഹിതർ വിവാഹിതരാകുന്നത് ഒരു ക്രിസ്ത്യാനിയെ അലട്ടുന്നുണ്ടെങ്കിൽ, അതിന്റെ മുഖ്യകാരണം, അയാൾ പൗരോഹിത്യത്തിന്റെ വിശുദ്ധിയും ബ്രഹ്മചര്യവുമായി കൂട്ടിക്കുഴയ്ക്കുന്നു എന്നതാണ്. പുരോഹിതർ വിവാഹിതരായാൽ കത്തോലിക്കാവിശ്വാസികളുടെ ഇടയിലുള്ള ലൈംഗികതയും പാപവും തമ്മിലുള്ള താദാത്മ്യപ്പെടുത്തലിനൊരു അറുതിയുണ്ടാകാൻ കാരണമായേക്കാം.

യേശു ജീവിതകാലം മുഴുവൻ ബ്രഹ്മചാരി ആയിരുന്നോ അഥവാ വിവാഹിതനായിരുന്നോ എന്നു തീർച്ചപ്പെടുത്തുന്നതിന് എന്തെല്ലാം തെളിവുകൾ ഓരോന്നിനുമുണ്ട് എന്നന്വേഷിക്കുന്നതായിരിക്കും ഉത്തമം.

വിവാഹം വിശുദ്ധവും ലൈംഗികത അതിവിശുദ്ധവുമാണെന്ന്

പഠിപ്പിക്കാത്ത ഒരു സഭയിൽ ജനിച്ചുവളരാൻ നമുക്കിടയായത് ദയനീയ മാണ്.

സ്വന്തം ഭാര്യയില്ലാത്ത, സ്വന്തം ഭാര്യയെ സ്നേഹിക്കാത്ത, നിത്യബ്രഹ്മ ചാരിയായ ഒരു യേശുവിനെയാണ് സ്വർഗസ്ഥനായ പിതാവ് നമുക്ക് തന്നത് എന്നു പഠിപ്പിക്കുന്ന ഒരു സഭയിൽ ജനിച്ചു വളരാൻ നമുക്കിട യായത് ദയനീയമാണ്.

പുരോഹിതർ നിർബന്ധമായും അവിവാഹിതരായിരിക്കണമെന്ന് സുവി ശേഷവിരുദ്ധമായി പഠിപ്പിക്കുന്ന ഒരു സഭയിൽ ജനിച്ചുവളരാൻ നമുക്കി ടയായത് ദയനീയമാണ്.

പുരോഹിതർ വിവാഹിതരായാൽ അവരെ ഉപേക്ഷിക്കണമെന്നും അവ രെയും അവരുടെ ഭാര്യമാരെയും യേശുവിന്റെ പഠനങ്ങൾക്കു വിപരീത മായി ശിക്ഷിക്കണമെന്നും ശഠിക്കുന്ന ഒരു സഭയിൽ ജനിച്ചുവളരാൻ നമുക്കിടയായത് ദയനീയമാണ്.

ഇതൊന്നും യേശുവിൽനിന്നല്ല; അക്കാരണത്താൽത്തന്നെ ദയനീയ തയുടെ കാഠിന്യം വർധിക്കുന്നു.

മനുഷ്യന്റെ ലൈംഗികതയെ പവിത്രമായി കാണുന്ന ഒരു സഭയിൽ ജനിച്ചുവളരാൻ നമുക്ക് കഴിയാതെ പോയത് ദയനീയമാണ്.

ഒരു സ്ത്രീയെ വൈകാരികമായി സ്നേഹിച്ച രക്ഷകനായ ഒരു യേശു വിനെ തരാത്ത ഒരു സഭയിൽ ജനിച്ചുവളരാൻ നമുക്കിടയായത് ദയനീ യമാണ്.

മറിച്ചു ചിന്തിക്കുന്നതെല്ലാം അസാന്മാർഗികവും ഈശ്വരനിന്ദയും സഭാ ദ്രോഹവും അപ്രധാനവും തൻകാര്യവുമാണു പോലും!

കുരിശുയുദ്ധങ്ങളും ഇൻക്വിസിഷനും ദൈവത്തെ പ്രസാദിപ്പിക്കുന്ന തിനു പറ്റിയ മാർഗങ്ങളായിക്കണ്ട ഒരു സഭയിൽ ജനിച്ചു വളരാൻ നമു ക്കിടയായത് ദയനീയമാണ്.

ഒരു സ്ത്രീയെ യേശു സ്നേഹിച്ചു എന്നതിൽ അപമാനം പുലർ ത്തുന്ന ഒരു സഭയിൽ ജനിച്ചു വളരാൻ നമുക്കിടയായത് ദയനീയമാണ്.

വിവാഹിതനായ യേശുവിലൂടെ ദൈവരാജ്യത്തെ കാണാൻ കഴി യാതെപോയ ഒരു സഭയിൽ ജനിച്ചു വളരാൻ നമുക്കിടയായത് ദയനീയ മാണ്.

രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടും വരനു സമമായി വധുവിനെ കാണാൻ കഴിയാത്ത ഒരു സഭയിൽ ജനിച്ചു വളരാൻ നമുക്കിടയായത് ദയനീയമാണ്.

പൗരോഹിത്യശുശ്രൂഷക്ക് സ്ത്രീകൾ പറ്റിയവരല്ലപോലും!

മറിയമിന്റെ ശിശുവിനെ യോസേഫിന്റെ മകനായി കാണാൻ കഴിയാ തെപോയ ഒരു സഭയിൽ ജനിച്ചു വളരാൻ നമുക്കിടയായത് ദയനീയ മാണ്.

പത്രോസിനെ പുകഴ്ത്തുകയും മഗ്ദലമറിയമിനെ ഇകഴ്ത്തുകയും

ചെയ്യുന്ന ഒരു സഭയിൽ ജനിച്ചു വളരാൻ നമുക്കിടയായത് ദയനീയമാണ്.

യേശുവിനോടുള്ള മഗ്ദല മറിയമിന്റെ സ്നേഹം മറ്റ് അപ്പോസ്തലരുടെ സ്നേഹത്തെക്കാൾ ഉപരിയായിരിക്കാം. യേശുവിന്റെ കുരിശുമരണത്തിന് അവൾ സാക്ഷിയായി. വേദനയോടെയുള്ള യേശുവിന്റെ ഭീകരമരണത്തിന്റെ അന്ത്യംവരെ കൊലമരത്തിൽ നിന്നല്പം അകലെ നിന്നുകൊണ്ട് അവൾ കണ്ടു. മറ്റാരെയുംകാൾ യേശുവിന്റെ മരണം അവൾ നേരിൽ കണ്ട് അറിഞ്ഞു. മറ്റ് അപ്പോസ്തലർക്ക് മുമ്പായി ഉയർപ്പു നാളിൽ അതിരാവിലെ യേശുവിന്റെ കബറിടത്തിൽ അവൾ എത്തി, തൈലം പൂശാനായി. ഉയിർപ്പിന്റെ മഹത്വം സവിശേഷമായ രീതിയിൽത്തന്നെ അവൾ കണ്ടറിഞ്ഞു. പുനരുത്ഥാനം ചെയ്ത യേശുവിനെ മറ്റാരും കാണുന്നതിനു മുമ്പ് അവൾ കണ്ടു. യേശുവിനോടുകൂടി പരസ്യശുശ്രൂഷയിൽ പങ്കെടുത്ത മഗ്ദലമറിയം എല്ലാംകൊണ്ടും അപ്പോസ്തലസ്ഥാനത്തിന് അർഹയാണ്. പക്ഷേ, അവൾ പെണ്ണായിപ്പോയി!

യേശു എല്ലാവരെയും തന്റെ മേശയിലേക്ക് ക്ഷണിക്കുന്നു. അവിടെ സ്ത്രീപുരുഷഭേദമില്ല. വിവാഹിതരോ അവിവാഹിതരോ എന്നതിന് സ്ഥാനമില്ല. എല്ലാവരുടെയും സാന്നിധ്യത്തിനാണ് പ്രാധാന്യം. ഒഴിഞ്ഞ കസേര അപകീർത്തിക്കു കാരണമാകുന്നു. ഏകപക്ഷീയമായി കസേര ഒഴിപ്പിക്കുന്നത് പാപവുമാണ്.

യേശു നമ്മെ എല്ലാവരെയും ഒരു വിവാഹവിരുന്നിന് ക്ഷണിച്ചിരിക്കുകയാണ്. അവിടെ അപ്പവും വീഞ്ഞും കഴിക്കുമ്പോൾ നാം സന്തോഷിക്കുന്നു. എന്നാൽ എല്ലാവർക്കും വിരുന്നിലേക്ക് സ്വാഗതമുള്ളപ്പോഴാണ് കൂടുതൽ സന്തോഷം. സഭയിൽ കാരുണ്യത്തിന് സ്ഥാനമുണ്ടെന്നറിയുമ്പോഴാണ് സന്തോഷം.

സഭയിൽനിന്നുള്ള 'പുറപ്പാട്' തുടർന്നുകൊണ്ടിരിക്കുന്നു. ദയനീയത തുടർന്നുകൊണ്ടിരിക്കുന്നു. അടിമത്തത്തെ എന്നന്നേക്കുമായി അനുഗ്രഹിച്ച് ആശീർവദിക്കുന്നു. ലജ്ജ നാടുകടത്തപ്പെട്ടിട്ടില്ല. വാഗ്ദാനഭൂമി അപ്രാപ്യമായിത്തുടരുന്നു.

# 2

# സഭയും ലൈംഗികതയും

“ ഒടുക്കം, ഇതാ, എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും എന്റെ മാംസത്തിൽനിന്നുള്ള മാംസവും! നരനിൽനിന്ന് എടുക്കപ്പെട്ടിരിക്കയാൽ ഇവൾ നാരി എന്നു വിളിക്കപ്പെടും. അതുകൊണ്ടു പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു പറ്റിച്ചേരും. അവർ ഒരു ശരീരമായിത്തീരും. പുരുഷനും ഭാര്യയും നഗ്നരായിരുന്നു. അവർക്കു നാണം തോന്നിയതുമില്ല” (ഉൽപ. 2: 23–25).

**ഉ**ൽപത്തിയിൽ നാം വായിക്കുന്നത് ഉദ്ധരിക്കട്ടെ: “മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, അയാൾക്കു പറ്റിയ ഒരു സഹായിയെ ഞാനുണ്ടാക്കിക്കൊടുക്കും” (ഉൽപ. 2: 18). ദൈവം മനഷ്യനിൽനിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി. അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുചെന്നു. മനുഷ്യൻ ഒരു പ്രേമഗീതത്തിലൂടെയാണ് സ്ത്രീയെ കണ്ടു സ്വീകരിച്ചത്: “ഒടുക്കം, ഇതാ, എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും എന്റെ മാംസത്തിൽനിന്നുള്ള മാംസവും! നരനിൽനിന്ന് എടുക്കപ്പെട്ടി രിക്കയാൽ ഇവൾ നാരി എന്നു വിളിക്കപ്പെടും. അതുകൊണ്ട് പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു പറ്റിച്ചേരും. അവർ ഒരു ശരീരമായിത്തീരും. പുരുഷനും ഭാര്യയും നഗ്നരായിരുന്നു. അവർക്ക് നാണം തോന്നിയതു മില്ല” (ഉൽപ. 2: 23–25). ദൈവം ആണും പെണ്ണുമായി സൃഷ്ടിച്ച മനുഷ്യരോട് അരുൾചെയ്തു: “നിങ്ങൾ സന്താനപുഷ്ടിയോടെ പെരുകി ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുക” (ഉൽപ.1: 28).

മത്തായിയുടെ സുവിശേഷത്തിൽ ഫരിസേയരുടെ ചോദ്യത്തിനുത്തര

മായി യേശു പറയുന്നത് ശ്രദ്ധിക്കുക. 'ആദിയിൽ സ്രഷ്ടാവു മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. "ഇക്കാരണത്താൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരണം, അവർ ഇരുവരും ഒരു ശരീരമായിത്തീരണം" എന്നു കല്പിച്ചു. ഇതൊന്നും നിങ്ങൾ വായിച്ചിട്ടില്ലേ? അതിനാൽ, പിന്നീട് അവർ രണ്ടല്ല, ഒരു ശരീരമാണ്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ' (മത്താ. 19: 4–6). ദൈവം സ്ത്രീപുരുഷ ലൈംഗികത സൃഷ്ടിക്കുകയും അവരുടെ ലൈംഗിക സംഭോഗം വഴി സന്താനങ്ങൾ പെരുകി ഭൂമുഖം മുഴുവൻ മനുഷ്യരാൽ നിറയണമെന്ന് കല്പിക്കുകയും ചെയ്തു എന്നത് സെമറ്റിക് മതങ്ങളെല്ലാം അംഗീകരിക്കുന്നുണ്ട്.

വിവാഹപ്രായമെത്തിയ യഹൂദ പുരുഷന്മാരെല്ലാം വിവാഹം കഴിക്കണമെന്ന പാരമ്പര്യം യേശു സുവിശേഷം പ്രസംഗിക്കുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്നു എന്നും യഹൂദർ ലൈഗികതയെ വിശുദ്ധമായി കണ്ടിരുന്നു എന്നും മുൻ അധ്യായത്തിൽ വ്യക്തമാക്കിയിരുന്നല്ലോ. കർത്താവിന്റെ ശിഷ്യന്മാരിൽ യോഹന്നാനൊഴിച്ച് ബാക്കിയെല്ലാവരും വിവാഹം ചെയ്തിരുന്നിരിക്കണം. ശ്ലീഹപ്രമുഖനായ പത്രോസ് വിവാഹിതനായിരുന്നല്ലോ (മത്താ. 8: 14, മർക്കോ. 1: 30, ലൂക്കോ. 4: 38, 1 കോറി. 9: 5). ഒന്നാം നൂറ്റാണ്ടിൽ അപ്പോസ്തലരും കർത്താവിന്റെ സഹോദരരും കേപ്പായും വിവാഹിതരായിരുന്നെന്ന് പൗലോസ് സാക്ഷിക്കുന്നുണ്ട് (1 കോറി. 9: 5). "ദുർന്നടപ്പിലേക്കു പ്രലോഭനം ഉള്ളതുകൊണ്ട് ഓരോ പുരുഷന്നും സ്വന്തമായി ഭാര്യയും ഓരോ സ്ത്രീക്കും സ്വന്തമായി ഭർത്താവും ഉണ്ടായിരിക്കണം" (1 കോറി. 7: 2) എന്നാണ് പൗലോസ് കോറിന്തോസുകാരെ ഉപദേശിച്ചത്. "കാമം കൊണ്ട് എരിയുന്നതിനേക്കാൾ വിവാഹം കഴിക്കുന്നതാണ് ഉത്തമം" (1 കോറി. 7: 9) എന്നും പൗലോസ് കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പ്രത്യേകം എടുത്തുപറയുന്നുണ്ട്.

സഭയിലെ മേലന്വേഷകസ്ഥാനം വഹിക്കുന്നയാൾ ഏകഭാര്യാവ്രതനും കുടുംബകാര്യങ്ങൾ ഭംഗിയായി നിർവഹിക്കുന്നവനും സ്വന്തം മക്കളെ അനുസരണയിലും മാന്യതയിലും വളർത്തുന്നവനുമായിരിക്കണമെന്നാണ് പൗലോസ് അപ്പോസ്തലൻ നിർദേശിച്ചത് (1 തിമൊ. 3: 1–5). അതുപോലെ ശുശ്രൂഷകരും ഏകഭാര്യാവ്രതക്കാരും സന്താനങ്ങളെയും കുടുംബത്തെയും നന്നായി നിയന്ത്രിച്ചു നടത്തുന്നവരുമായിരിക്കണമെന്നാണ് പൗലോസിന്റെ നിർദേശം (1 തിമൊ. 3: 12).

ലോകവുമായുള്ള ബന്ധം കഴിവതും ഇല്ലാതിരിക്കുന്നതാണ് നല്ലതെന്ന് പൗലോസ് തന്റെ അനുയായികളെ ഉപദേശിച്ചു. കുടുംബജീവിതത്തിന് പ്രാധാന്യം നല്കാതെ അവിവാഹിതാവസ്ഥയിൽ കഴിഞ്ഞാൽ ലോകബന്ധമില്ലാതെ സ്വതന്ത്രരായി കഴിയാമെന്ന് പൗലോസ് കരുതി. എന്നാൽ ലൈംഗികമായി പിടിച്ചുനില്ക്കാൻ സാധിക്കാത്തവർ വിവാഹം ചെയ്യണമെന്നും പൗലോസ് ഉപദേശിച്ചു, ഒരു അപവാദമെന്നപോലെ. ഇവിടെ

ഒരു കാര്യം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അതായത്, അവിവാഹിതാവസ്ഥയെ പൗലോസ് മേന്മയായി കണ്ടത് ലൈംഗികതയോടുള്ള അവഹേളനം കൊണ്ടല്ല, മറിച്ച്, ക്രിസ്തുവിന്റെ രണ്ടാംവരവ് ഉടൻ സംഭവിക്കുമെന്നുള്ള അദ്ദേഹത്തിന്റെ ആത്മാർഥമായ വിശ്വാസംകൊണ്ടായിരുന്നു. പൗലോസ് കോറിന്തോസുകാർക്കെഴുതുന്നു: "സഹോദരരേ, നിർദിഷ്ട സമയം അടുത്തിരിക്കുന്നു എന്നാണ് എന്റെ വിവക്ഷ" (1 കോറി. 7: 29). ആ യുക്തിയാലാണ് "എല്ലാവരും എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു" (1 കോറി. 7: 7) എന്ന് പൗലോസ് കോറിന്തോസുകാർക്ക് എഴുതാൻ കാരണം.

രണ്ടാം നൂറ്റാണ്ടായപ്പോഴേക്കും ജ്ഞാനമാത്രവാദം (Gnosticism) തലപൊക്കി. ആത്മീയ കാര്യങ്ങൾ വിശുദ്ധവും ഭൗതികമായതെല്ലാം തിന്മയുമാണെന്നുള്ള സിദ്ധാന്തം സ്ഥാപിച്ചെടുക്കാൻ ജ്ഞാനമാത്രവാദികൾ പണിപ്പെട്ടു. ലോകവും ലോകത്തോടു ബന്ധപ്പെട്ട എല്ലാ ദ്രവ്യങ്ങളും മനുഷ്യശരീരവും അവർക്ക് അശുദ്ധമാണ്. ഈ സിദ്ധാന്തത്തിനെതിരായ സമരത്തിൽ സഭ വിജയിച്ചെങ്കിലും വളർന്നുകൊണ്ടിരുന്ന ക്രിസ്തീയപഠനങ്ങളിൽ ജ്ഞാനമാത്രവാദത്തിന്റെ വിഷം കലരുകയുണ്ടായി.

ദിവ്യബലി അർപ്പിക്കുന്ന ദിവസത്തിന്റെ തലേരാത്രിയിൽ സ്വന്തം ഭാര്യയുടെകൂടെ പുരോഹിതൻ ശയിക്കാൻ പാടില്ലെന്ന് എ. ഡി. 306-നോടുകൂടി സ്പെയിനിൽ കൂടിയ എൽവിരാ കൗൺസിലിൽ (Council of Elvira) കല്പിച്ചു. കല്പന ലംഘിച്ച് ആരെങ്കിലും ചെയ്താൽ ആ പുരോഹിതന്റെ പൗരോഹിത്യവൃത്തി നഷ്ടപ്പെടുമെന്ന് താക്കീതും നല്കി (Decree No. 43). ഭാര്യയുമായുള്ള പുരോഹിതന്റെ ലൈംഗികസംഭോഗവും ദിവ്യബലിയുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥിതിക്ക് ഈ കല്പന ജ്ഞാനമാത്രവാദത്തിന്റെ വിഷം സഭയിൽ കയറിക്കൂടി എന്നതിന്റെ തെളിവാണ്. പുരോഹിതപട്ടം സ്വീകരിച്ചതിനുശേഷം വിവാഹം ചെയ്യാൻ പാടില്ലെന്ന് നിക്യാസൂനഹദോസ് (Council of Nicea) എ.ഡി. 325-ൽ തീരുമാനിച്ചു. എ.ഡി. 385-ൽ മാർപ്പാപ്പാ ആകുന്നതിനുവേണ്ടി പോപ്പ് സിറിസിയസ് (Pope Sirisius) സ്വന്തം ഭാര്യയെ ഉപേക്ഷിച്ചു. കൂടാതെ, പുരോഹിതർ അവരുടെ ഭാര്യമാരുമായി ശയിക്കാൻ പാടില്ലെന്ന് കല്പിക്കുകയും ചെയ്തു. ദൈവനിയമത്തിനും (Divine law) പ്രകൃതിനിയമത്തിനും (Natural law) പൗരനിയമത്തിനും (Civil law) എതിരായ ഒരു പ്രവൃത്തിയാണ് സിറിസിയസ് പാപ്പാ ചെയ്തത്.

എ.ഡി. 391-ൽ വിശുദ്ധ ആഗസ്തീനോസ് ക്രിസ്തുമതം സ്വീകരിക്കുന്നതിനു മുമ്പ് മഹാപാപിയും കാമത്തിന്റെ അടിമയും മെയിൽ ഹോർമോൺ (male hormone) ധാരാളമുണ്ടായിരുന്ന ഒരാളുമായിരുന്നെന്ന് അദ്ദേഹത്തിന്റെ കൺഫെഷൻസ് (Confessions) എന്ന പുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട്.[1] സഭാപിതാക്കന്മാരിലൊരാളും വിശുദ്ധനുമായ ആഗസ്തീനോസിന്റെ ലൈംഗികതയോടുള്ള സമീപനം ഒരു സാധാരണ വിശ്വാസിയെപ്പോലും അത്ഭുതപ്പെടുത്താതിരിക്കയില്ല. അദ്ദേഹം തന്റെ

'സിറ്റി ഓഫ് ഗോഡ്' (City of God) എന്ന പുസ്തകത്തിൽ എഴുതുന്നു: "ആദാമും ഹവ്വായും കാരണം പുരുഷലിംഗം അവന്റെ മനസ്സിന്റെ പൂർണ നിയന്ത്രണത്തിലല്ല; നിവർന്നു നില്ക്കുന്ന പുരുഷലിംഗം ദൈവത്തോടുള്ള മനുഷ്യന്റെ അനാദരവിന്റെ പ്രതീകമാണ്".[2] ആദിമ മാതാപിതാക്കളുടെ ദൈവകല്പനാലംഘനം എന്ന വീഴ്ചയിൽ അവശേഷിക്കുന്ന (The remnant of the Fall) കാമാസക്തി ജ്ഞാനസ്നാനജലത്തിനു പോലും നീക്കം ചെയ്യാൻ സാധിക്കയില്ലെന്നാണ് ആഗസ്തീനോസിന്റെ നിഗമനം. മനുഷ്യന്റെ ലൈംഗികതയുടെ ദൈവശാസ്ത്രത്തെ ആദാമിന്റെയും ഹവ്വായുടെയും ദൈവപ്രമാണലംഘന-ദൈവശാസ്ത്രവുമായി കൂട്ടി ഘടിപ്പിച്ചിരിക്കുന്നതായാണ് നാം ഇവിടെ കാണുന്നത്.

ബ്രഹ്മചര്യം നന്മയും വിവാഹം തിന്മയുമാണെന്നാണ് ജെറോം പുണ്യവാളൻ (St. Jerome) അഭിപ്രായപ്പെട്ടിട്ടുള്ളത്. അക്കാരണത്താൽ ബ്രഹ്മചര്യവും വിവാഹവും തമ്മിൽ താരതമ്യപ്പെടുത്താൻ സാധ്യമല്ലെന്നും അദ്ദേഹം സമർഥിക്കുന്നു. വിവാഹം സാരാംശത്തിൽ വ്യഭിചാരമാണെന്നാണ് തെർത്തുല്യന്റെ (Tertullian) നിഗമനം! 'മനുഷ്യൻ പെരുകി ഭൂമി നിറഞ്ഞ് ഭൂമിയെ കീഴടക്കട്ടെ' എന്ന ദൈവത്തിന്റെ പ്രഥമ കല്പന കാലഹരണപ്പെട്ടുപോയെന്നാണ് കാർത്തേജിലെ മെത്രാനായിരുന്ന സിപ്രിയാന്റെ (Cyprian, bishop of Carthage) അഭിപ്രായം. ലൈംഗികത പാപമാണെന്നുള്ള തെറ്റായ ഉൾക്കാഴ്ചയാണ് സഭാനേതാക്കന്മാരുടെ ദൈവശാസ്ത്രത്തിൽ വിവാഹം അപ്രധാനമായിപ്പോകാൻ കാരണം. ദിവ്യബലി (Eucharist), ജ്ഞാനസ്നാനം (Baptism), സ്ഥൈര്യലേപനം (Confirmation) ഇവ മൂന്നും ആദിമസഭതന്നെ കൂദാശകളാക്കി ഉയർത്തി. എന്നാൽ ഇണകളെ യോജിപ്പിക്കുന്ന വിവാഹം ഒരു കൂദാശയായി ഉയർത്താൻ വിശ്വാസികൾ 16 നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ടിവന്നു. ത്രെന്തോസ് സൂനഹദോസാണ് (1545-1563) വിവാഹം ഒരു കൂദാശയാക്കി ഉയർത്തിയത്.

മനുഷ്യൻ ദൈവത്തിന്റെ പ്രതിച്ഛായയിലും സാദൃശ്യത്തിലും നിർമിക്കപ്പെട്ടിട്ടുള്ളതാണ് (ഉൽപ. 1: 26). അത് ദൈവത്തിന്റെ ആലയമാണ്. അവന്റെയും അവളുടെയും ശരീരം സൗന്ദര്യത്തിന്റെ നിറകുടവും സന്തോഷത്തിന്റെ ഉറവിടവുമാണ്. പക്ഷേ, സഭയ്ക്കത് തിന്മനിറഞ്ഞതും പാപകാരണവുമാണ്. സഭയ്ക്കു പുറത്ത് രക്ഷയില്ലെങ്കിലും സെക്സിനുപുറത്ത് രക്ഷയുണ്ട്. സ്വാതന്ത്ര്യത്തിന്റെ സുവിശേഷം അടിമത്തത്തിന്റെ ദുർവാർത്തയായി മാറുകയാണ്. സഹനത്തെ മഹത്വീകരിക്കുകയും മനുഷ്യരുടെ ശാരീരിക ആനന്ദത്തെ നിത്യരക്ഷയുടെ പേരിൽ കൊള്ളയടിക്കുകയും ചെയ്യുന്ന ദൈവശാസ്ത്രമാണ് നാം ഇവിടെ കാണുന്നത്.

വിശുദ്ധ അക്വീനോസിന്റെ അഭിപ്രായത്തിൽ സന്താനോത്പാദന ഉദ്ദേശ്യത്തോടുകൂടി പുരുഷൻ സ്വന്തം ഭാര്യയുടെ മുകളിലായി കിടന്നുകൊണ്ടുള്ള ലൈംഗികകൃത്യം മാത്രമേ സദാചാരപരമാവൂ. അല്ലാതുള്ള ലൈംഗികവൃത്തികൾ അധാർമികമാണ്! മനുഷ്യന്റെ ശാരീരിക ആനന്ദ

ത്തിനുള്ള അതിർത്തിവരമ്പുകളാണിവ. എന്നാൽ ഒരു വിശ്വാസിയുടെ പ്രജ്ഞയെ അധിക്ഷേപിക്കുന്നതിന് ഈ ദൈവശാസ്ത്രജ്ഞർക്ക് അതിർത്തിവരമ്പുകളില്ലെന്നുള്ളതാണ് ഇതിലെ ഏറ്റവും വലിയ അത്ഭുതം.

ആധുനിക ചെറുപ്പക്കാർക്ക് സഭയോടുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. സഭയിൽനിന്നുള്ള അവരുടെ കൂട്ടമായ പ്രയാണത്തിനുള്ള കാരണം ഇത്തരം കാര്യങ്ങളിലെ, ഈ 21-ാം നൂറ്റാണ്ടിലുമുള്ള, സഭയുടെ പരിഹാസ്യമായ നിലപാടാണ്!

ഒരു ജനതയുടെ ലൈംഗികജീവിതത്തെ നിയന്ത്രിക്കാതെ ആ ജനതയെ നിയന്ത്രിക്കാൻ സാധിക്കുകയില്ലെന്ന് സഭാധികാരികൾ പണ്ടേ പഠിച്ചുവച്ചിട്ടുള്ള തത്ത്വശാസ്ത്രമാണ്.

എന്റെ സന്ന്യാസപരിശീലനകാലത്ത് “മൂത്രമൊഴിക്കുമ്പോൾ ‘അതേൽ’ കഴിവതും തൊടാതെയും നോക്കാതെയും മൂത്രമൊഴിക്കണം” എന്ന് എന്റെ ഗുരുവച്ചൻ ഉപദേശിച്ചതായി ഞാൻ ഓർമിക്കുന്നു. ‘അതേൽ’ പിടിച്ച് മൂത്രമൊഴിച്ചാൽ ശാരീരികപരീക്ഷയിലേക്ക് ചെറുപ്പക്കാരനായ ഞാൻ വഴുതിവീഴാൻ കാരണമായേക്കാമെന്ന് നല്ല മനുഷ്യനായ ഗുരുവച്ചൻ സംശയിച്ചിരുന്നിരിക്കാം. അതുപോലെ, കുമ്പസാരത്തിനുമുമ്പ് ആത്മപരിശോധന നടത്തുമ്പോൾ ശുദ്ധതയ്ക്കെതിരായി വിചാരത്താലോ വചനത്താലോ പ്രവൃത്തിയാലോ ഭാവനയാലോ എന്തെങ്കിലും പിഴച്ചോയെന്ന് പരിശോധിക്കുന്നത് വളരെ പ്രധാനപ്പെട്ട ഘടകമായിരുന്നു. ആറാം പ്രമാണത്തിലെ കൊച്ചു കൊച്ചു പിഴകളായിരുന്ന നോട്ടം, തൊടൽ, ഭാവന, വിചാരം, സ്വയംഭോഗം, പ്രത്യേകസ്നേഹം (Particular friendship), തുടങ്ങിയ നിസ്സാരകാര്യങ്ങൾ ഒരു വൈദികവിദ്യാർഥിയുടെ പ്രത്യേകശ്രദ്ധയുടെ വിഷയങ്ങളായിരുന്നു. ഉപവി, സ്നേഹം തുടങ്ങിയ മറ്റു പ്രമാണങ്ങൾക്കെതിരായ പാപങ്ങൾ ലൈംഗികപാപങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ അപ്രധാനങ്ങളായിരുന്നു.

2008 നവംബറിൽ ഭരണങ്ങാനത്തെ അൽഫോൻസാപള്ളിയിൽ ദിവ്യബലിയിൽ സംബന്ധിക്കാൻ ഞാൻ എന്റെ ഭാര്യയുമൊത്ത് പോയി. 30 വർഷത്തോളം മിഷൻ പ്രദേശങ്ങളിൽ സേവനമനുഷ്ഠിച്ച ഒരു വൈദികനാണ് അന്ന് ബലിയർപ്പിച്ചത്. അദ്ദേഹത്തിന്റെ അന്നത്തെ പള്ളിപ്രസംഗത്തിൽനിന്നാണ് ഞാൻ ആ വിവരം അറിഞ്ഞത്. അദ്ദേഹം പ്രസംഗിക്കുകയാണ്: “ചാവുദോഷം എന്നു പറഞ്ഞാൽ, അത് രണ്ടേ രണ്ടു പ്രമാണങ്ങളുടെ ലംഘനമാണ്; ആറാം പ്രമാണത്തിന്റെയും ഒൻപതാം പ്രമാണത്തിന്റെയും ലംഘനം.” ഈ 21-ാം നൂറ്റാണ്ടിലും എഴുത്തും വായനയും അറിയാൻ പാടില്ലാത്തവരാണ് പള്ളിയിൽ ഇരിക്കുന്നവർ എന്നാണ് ഇത്തരം വൈദികർ ധരിച്ചുവച്ചിരിക്കുന്നതെന്നുള്ളതാണ് സങ്കടകരം. ആ വൈദികനെ വിമർശിക്കുകയല്ല എന്റെ ഉദ്ദേശ്യം. ലൈംഗികതയോടുള്ള അവജ്ഞയും അറപ്പും സഭാധികാരികൾ ഇന്നും വച്ചുപുലർത്തുന്നു എന്നതിന്റെ തെളിവാണ് ഇത്തരം പള്ളിപ്രസംഗങ്ങൾ. “ഒരാൾ ഇമ്മോറൽ

(immoral) ആണെന്നു കേട്ടാൽ അയാളുടെ ലൈംഗിക ജീവിതത്തിലേക്കല്ലേ നമ്മുടെ ചിന്ത പോകുന്നത്" എന്നൊരു വൈദികൻ ഒരിക്കൽ എന്നോടു ചോദിക്കുകയുണ്ടായി. സെക്സ് സംബന്ധമായ പാപമാണ് അവർ മനസ്സിലാക്കിവച്ചിരിക്കുന്ന മഹാപാപം! ഒരു സ്ത്രീയുടെ അനുരാഗത്തിന്റെ ചൂട് അനുഭവിക്കാൻ ഭാഗ്യം ലഭിക്കാത്ത ഇവർക്ക് ലൈംഗിക സംഭോഗത്തിന്റെ സ്വാദറിയാൻ എങ്ങനെ സാധിക്കും?

അവിവാഹിതയായ ഒരു ചെറുപ്പക്കാരി ഗർഭിണിയായാൽ "നമുക്കെന്തു പറ്റി?" എന്ന് ഉടൻ ചോദ്യമായി. അൽഫോൻസാപ്പള്ളിയിൽ നേർച്ചവീഴുന്ന കോടികൾ എങ്ങോട്ടുപോകുന്നു? ആ പണം എങ്ങനെ വിനിയോഗിക്കുന്നു? ഒരു വിശ്വാസിക്കും അറിഞ്ഞുകൂടാ. "നമുക്കെന്തുപറ്റി?" എന്നു ചോദിക്കാനാരുമില്ല. ഒരു മെത്രാന്റെ പട്ടാഭിഷേകത്തിന് ലക്ഷങ്ങൾ മുടക്കുന്നു. "നമുക്കെന്തുപറ്റി?" എന്നു ചോദിക്കാനാരുമില്ല. ഒരു മുതലാളിയുടെ മകളുടെ കല്യാണത്തിന് കോടികൾ മുടക്കുന്നു, ആയിരക്കണക്കിന് പെൺകുട്ടികളെ കെട്ടിച്ചുവിടാൻ ബുദ്ധിമുട്ടുന്ന മാതാപിതാക്കളുള്ള നമ്മുടെ കൊച്ചുകേരളത്തിൽ. "നമുക്കെന്തുപറ്റി?" എന്നു ചോദിക്കാൻ ഒരു മെത്രാനോ വൈദികനോ ധൈര്യപ്പെടുന്നില്ല. കുറ്റം ചെയ്ത വൈദികനെയും മെത്രാനെയും രക്ഷിക്കാനുള്ള തിടുക്കത്തിലാണ് സഭാധികാരികൾ. വത്തിക്കാൻ ഇത്തരം ക്രിമിനലുകൾക്കുള്ള അഭയസ്ഥലമായി മാറിയിരിക്കുകയാണ്, ഇന്ന്.

എന്തുകൊണ്ട് ലൈംഗികതയെ ഒരു പ്രശ്നമായും പാപകാരണമായും സഭ അവതരിപ്പിക്കുന്നു? എന്തുകൊണ്ട് ദൈവത്തിന്റെ ആലയവും ദൈവം നിത്യം കുടികൊള്ളുന്നതുമായ നമ്മുടെ ശരീരത്തെ സംശയിക്കണമെന്നും വെറുക്കണമെന്നും സഭ പഠിപ്പിക്കുന്നു?

പത്തോ പന്ത്രണ്ടോ വയസു പ്രായമുള്ള ഒരാൺകുട്ടി അവന്റെ അമ്മ ഇളയതിനെ മുലകുടിപ്പിക്കുമ്പോൾ അമ്മയുടെ മാറിടത്തിന്റെ ഭാഗം യാദൃച്ഛികമായി കാണാൻ ഇടയായെന്നു വിചാരിക്കുക. അവന്റെ ചെവികൾക്ക് ചൂടുപിടിക്കുന്നു. അവന്റെ മുഖം ചുമക്കുന്നു. അവന്റെ അധരങ്ങൾ വിറയ്ക്കുന്നു. അടുത്തശനിയാഴ്ച കുമ്പസാരിക്കുമ്പോൾ അച്ചനോടു 'പറഞ്ഞു കുമ്പസാരിക്കണമോ' എന്നവൻ ആലോചിക്കുന്നു. എന്തുകൊണ്ട്? അവൻ നോക്കാതെ കണ്ട അവന്റെ അമ്മയുടെ മാറിടം പാപകാരണമായോ എന്നവൻ സംശയിക്കുന്നു. അനാവശ്യമായ ഒരു കുറ്റബോധമാണ് സഭയുടെ ലൈംഗിക ധർമശാസ്ത്രം കുട്ടികളിൽ സൃഷ്ടിക്കുന്നത്.[3] ലൈംഗികത ലജ്ജാകരമായ ഒന്നാണെന്ന് വിശ്വാസികൾ ചിന്തിക്കാൻ കാരണമെന്ത്? സഭ്യമായ ഭാഷ ഉപയോഗിച്ചല്ലാതെ ലൈംഗികതയെപ്പറ്റി സംസാരിക്കുന്നതുപോലും തെറ്റാണല്ലോ!

പ്രായപൂർത്തിയിലെത്തിയ ഇണകൾ പരസ്പരസമ്മതപ്രകാരം ലൈംഗികകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ തെറ്റില്ലെന്ന് ഉത്പതിഷ്ണുകൾ (liberals) പറയുമ്പോൾ സെക്സ് എപ്പോഴും പാപത്തിലേക്ക് നയിക്കുമെന്ന് മൗലികവാദികൾ (fundamentalists) വിശ്വസിക്കുന്നു. അതിനാൽ

മനുഷ്യന്റെ ലൈംഗികധാർമികതയിൽ വിപുലമായ സംരക്ഷണം ആവശ്യമാണെന്നാണ് മൗലികവാദികൾ കരുതുന്നത്. യഥാർഥത്തിൽ ഇരുകൂട്ടരും കാര്യം മനസ്സിലാക്കുന്നതിൽ അപൂർണരാണ്.

ലൈംഗികത ഒരു വ്യക്തിയുടെ ജീവിതത്തിലെ അഭിഭാജ്യഘടകമാണ്; കുടുംബജീവിതത്തിന്റെ സുസ്ഥിതിക്കാവശ്യമാണ്; ആധ്യാത്മികവും സാമൂഹികവുമായ വളർച്ചയ്ക്ക് അനിവാര്യമാണ്. അങ്ങനെ എന്നും നില നിർത്തിക്കൊണ്ടു പോകാൻ സാധിക്കുന്ന ഒരു ലൈംഗികതയാണ് ഇന്നിന്റെ ആവശ്യം. അനുദിനം നാം അറിഞ്ഞും അറിയാതെയും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ പുതിയ സഹസ്രാബ്ദിയിലും ലൈംഗികത മനുഷ്യവർഗത്തിന്റെ അവിഭാജ്യഘടകമാണ്.

ലൈംഗികത മനുഷ്യരിൽ ഭാവനയെ സൃഷ്ടിക്കുന്നു; തീവ്രമായ വികാരങ്ങൾക്ക് ജന്മം നല്കുന്നു; ഭോഗേച്ഛയോടെയുള്ള സ്പർശനത്തെ കാംക്ഷിക്കുന്നു; ആവേശം കൊള്ളിക്കുന്ന മനോരാജ്യത്തെ കെട്ടിപ്പടുക്കുന്നു; നിഗൂഢമായ ഭാവങ്ങളെ അവതരിപ്പിക്കുന്നു; സ്നേഹത്തിന്റെ ഓർമകളെ പുതുക്കുന്നു. സ്നേഹാധിഷ്ഠിതമല്ലാത്തതും ആസ്വാദ്യരഹിതവുമായ ലൈംഗിക സംഭോഗമായിരുന്നാൽപ്പോലും അത് എന്നന്നേക്കും നീണ്ടുനില്ക്കുന്ന അവ്യക്തബോധത്തെ പിന്നെയും അവശേഷിപ്പിക്കുന്നു.

ലൈംഗികത സൃഷ്ടികർമത്തിന്റെ പൂർണതയാണ്. മനുഷ്യന്റെ ജന്മാവകാശമാണ്. ദൈവവും മനുഷ്യനുമായുള്ള അനുരാഗത്തിന്റെ പ്രതിച്ഛായയാണ്. സോളമന്റെ ഉത്തമഗീതം (The Song of Songs) വളരെ സരളമായി അത് വർണിക്കുന്നുണ്ട്. ഓരോ ലൈംഗികസംഗമവും വിശുദ്ധമാണ്. ഓരോ അനുരാഗസ്പർശനത്തിലും ദൈവസാന്നിധ്യമുണ്ട്. പുതുസൃഷ്ടികർമം തുടരുകയാണ്.

ലൈംഗികത സംപുഷ്ടമാണ്. അത് മതാനുഭൂതിയുടെ സ്രോതസ്സാണ്; വിശുദ്ധരഹസ്യമാണ്. അത് ജീവിതത്തിന് അർഥവും വിശുദ്ധിയും പകർന്നുതരുന്നു. ദൈവസ്നേഹത്തിലേക്ക് അത് വഴികാട്ടിത്തരുന്നു.

സെക്സിനെ പരിശുദ്ധമാക്കണമെന്നോ ക്രിസ്തീയരീതിയിൽ ഉപയോഗിക്കണമെന്നോ ചിന്തിക്കുകയല്ല, മറിച്ച്, ലൈംഗികതയിലെ വിശുദ്ധിയെ അനാവരണംചെയ്ത് കണ്ടുപിടിക്കാൻ ശ്രമിക്കുകയാണു ചെയ്യേണ്ടത്.

മനുഷ്യനിൽ ദൈവം സെക്സ് സൃഷ്ടിച്ചത് ദൈവം നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. മനുഷ്യൻ ആഹ്ലാദപൂർണനും സുഖപൂർണനും സംതൃപ്തനുമായിരിക്കണം എന്നാണ് ദൈവം കാംക്ഷിക്കുന്നത്.

സ്ത്രീപുരുഷശരീരങ്ങൾ ഒന്നാകണം (ഉൽപ. 2: 25). അത് ദൈവകല്പനയാണ്. ലൈംഗികാനന്ദത്തിനുവേണ്ടിക്കൂടിയാണ് ദൈവം നമ്മെ സൃഷ്ടിച്ചത് (1 കോറി. 7: 5). ദൈവസൃഷ്ടിയിൽ സ്ത്രീകൾക്ക് സുഖാനുഭൂതിയ്ക്കുള്ള പ്രത്യേക ഇടങ്ങൾ – യോനീച്ഛദം (clitoris) - ദൈവം നല്കിയിട്ടുണ്ട്. അണ്ഡോത്പാദനവും സുഖാനുഭൂതി ഇടങ്ങളും തമ്മിൽ

യാതൊരു ബന്ധവുമില്ല. അതിനർഥം ലൈംഗികത സന്താനോത്പാദനത്തിനുമാത്രം ഉള്ളതല്ല; മറിച്ച്, സുഖാനുഭൂതിക്കുംകൂടി ഉള്ളതാണെന്നാണ്.

വസന്തരാവിലെ പൂർണചന്ദ്രന്റെ പൂനിലാവിൽ പൂർണസുന്ദരിയായ പ്രിയതമയുടെ ആകാരത്തിലൂടെയുള്ള കരചലനങ്ങൾ സ്നേഹത്തിന്റെ ശക്തമായ സംഗീതമായി മാറുകയാണ്. സ്നേഹം പൂർണമാകുകയാണ്. അതാണ് അഗാപ്പെ (Agape). അങ്ങനെ ശരീരം സ്നേഹത്തിന്റെ നിറകുടമാകുമ്പോൾ അത് യഥാർഥപറുദീസായും സ്വർഗവുമായി മാറുന്നു; ദൈവത്തിന്റെ ഉത്തമസൃഷ്ടി, അന്യൂനമായ ശരീരം. ഈ ശരീരം ജന്മപാപരഹിതമായ ഗർഭധാരണഫലമല്ല. അത് അത്ഭുതാവഹമായ ഗർഭധാരണഫലമാണ്; സ്നേഹപ്രവാഹത്തിന്റെ അത്ഭുതം.

ഫരിസേയനായ ശിമയോന്റെ വീട്ടിൽ ഭക്ഷണം കഴിക്കാൻ വന്ന യേശുവിന്റെ പാദങ്ങളിൽ പാപിനിയായ സ്ത്രീ സുഗന്ധതൈലം പൂശിയ സംഭവമാണ് എനിക്ക് ഏറ്റം പ്രിയംകരമായ സുവിശേഷകഥ. അവൾ കർത്താവിന്റെ പാദാന്തികത്തിൽ നിന്നു കരഞ്ഞു. അവൾ അവന്റെ പാദങ്ങൾ കണ്ണീർകൊണ്ടു നനച്ചു. തലമുടികൊണ്ടു തുടച്ചു. സുഗന്ധതൈലം പൂശി. കർത്താവിന്റെ പാദങ്ങൾ തുടർച്ചയായി അവൾ ചുംബിച്ചുകൊണ്ടിരുന്നു. കർത്താവിനോടുള്ള അവളുടെ ഗാഢസൗഹൃദവും ദൃഢബന്ധവും അഗാധസ്നേഹവും ഇവിടെ വെളിപ്പെടുന്നു. കർത്താവിന്റെ പാദചുംബനത്തിൽനിന്നു വിരമിക്കാത്ത പാപിനിയായ ആ സ്ത്രീയുടെ പാപങ്ങൾ മുഴുവനായി കർത്താവു ക്ഷമിച്ചു. സമാധാനം കൈവരിച്ച സ്നേഹത്തിന്റെ കഥയാണിത് (ലൂക്കോ. 7: 36–50).

ലൈംഗികത അതിവിശുദ്ധമാണ്. അതിൽനിന്ന് എപ്പോഴും ഓശാന ഉയരട്ടെ.

ലൈംഗികവേഴ്ച ഇല്ലാത്ത അവസ്ഥയിൽ ജീവിക്കുന്നത് (Celibate) പുണ്യമാണെന്നാണ് സഭ പഠിപ്പിക്കുന്നത്. ദൈവകല്പനയ്ക്ക് വിപരീതമായി ജീവിക്കുന്നത് ദൈവകല്പന അനുസരിച്ച് ജീവിക്കുന്നതിനെക്കാൾ മെച്ചമാണെന്നുള്ള ദൈവശാസ്ത്രം വിസ്മയകരംതന്നെ. സുവിശേഷത്തിലെ വിശിഷ്ടോപദേശങ്ങളിലൊന്ന് സ്വമനസ്സാ നേരുന്ന ബ്രഹ്മചര്യമാണെന്ന് ഈ ബ്രഹ്മചര്യദൈവശാസ്ത്രജ്ഞന്മാർതന്നെ പഠിപ്പിക്കുന്നു! വിവാഹം ഒഴിച്ചുകൂടാൻ പാടില്ലാത്ത തിന്മയാണെന്നാണ് ഇവരുടെ നിഗമനം!! വിവാഹത്തിലെ സെക്സ് തിന്മ. സന്താനോത്പാദനത്തിനുവേണ്ടി മാത്രമേ തിന്മയായ ആ സെക്സാകാവൂ എന്ന് സഭയ്ക്ക് നിർബന്ധമുണ്ട്.

# 3

# ജനനനിയന്ത്രണം

"ചോദ്യം ചെയ്യാൻ പാടില്ലാത്ത സിദ്ധാന്തങ്ങളുടെ ചരിത്രവും ധാർമികദൈവശാസ്ത്രവും നന്നായി മനസ്സിലാക്കിയിട്ടുള്ളവർക്കറിയാം, ഒരു കാലത്ത് നിർണായകമെന്നു കരുതിയിരുന്ന പല ആശയങ്ങളും കാലാന്തരത്തിൽ ഭേദഗതികൾക്കു വിധേയമാകുകയോ വിസ്മൃതിയിലേക്ക് വഴുതിപ്പോകുകയോ ചെയ്തിട്ടുണ്ടെന്ന്"[1]

– ബർണാർഡ് ഹേറിംഗ്

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആവേശകരമായ പരിസമാപ്തിക്കുശേഷം ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലുള്ള സഭയുടെ പരിവർത്തന വട്ടംതിരിച്ചിലിനിടയ്ക്ക് ദൈവജനം വളരെക്കാലമായി കാത്തിരുന്ന ജനനനിയന്ത്രണവിഷയത്തെ സംബന്ധിച്ചുള്ള ഔദ്യോഗിക പഠനം 1968-ൽ പോൾ ആറാമൻ മാർപ്പാപ്പായുടെ 'ഹുമാനെ വീത്തെ' (Humanae Vitae) എന്ന ചാക്രികലേഖനത്തിലൂടെ പുറത്തുവന്നു.[2] കൃത്രിമജനനനിയന്ത്രണത്തെ സംബന്ധിച്ചുള്ള സഭയുടെ അന്നുവരെയുള്ള നിലപാടിന് യാതൊരു വ്യതിയാനവുമില്ലെന്ന് ആ ലേഖനം വഴി മാർപ്പാപ്പാ പ്രഖ്യാപിച്ചു. ലോകജനതയുടെ ഇടയിൽ, പ്രത്യേകിച്ച് ശാസ്ത്രീയവും സാമ്പത്തികവുമായി പുരോഗമിച്ച പാശ്ചാത്യനാടുകളിൽ, ഈ പ്രഖ്യാപനം ഒരു ബോംബുസ്ഫോടനമായിരുന്നു.

പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ 'കാസ്തി കൊനുബിയി' (Casti Connubii)[3] എന്ന ചാക്രികലേഖനത്തോടും പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയുടെ പല പ്രസ്താവനകളോടും യോജിച്ചുകൊണ്ടുള്ള ഒരു ചാക്രികലേഖനമായിരുന്നു ഹുമാനെ വീത്തെ. എന്നിരുന്നാലും ശ്രദ്ധേ

യമായ ചില അപവാദങ്ങൾ ഹുമാനെ വീത്തെയിലുണ്ടായിരുന്നു. ദുഷിച്ച ആധുനിക ചിന്താഗതിയാണ് ജനനനിയന്ത്രണമെന്നും സഭ അക്കാരണത്താൽ അതിനോട് അടിയറവു പറയുകയില്ലെന്നും പതിനൊന്നാം പീയൂസ് മാർപ്പാപ്പ വ്യക്തമാക്കിയിരുന്നു.

1930-ൽ ലാംബെത്ത് (Lambeth) സമ്മേളനത്തിൽവച്ച് സഭാംഗങ്ങൾക്ക് കൃത്രിമ ജനനനിയന്ത്രണം ആകാമെന്ന് ആംഗ്ലിക്കൻസഭ വോട്ടിട്ട് തീരുമാനിച്ചു. അതിനുശേഷം പല പ്രോട്ടസ്റ്റന്റു സഭകളും ആംഗ്ലിക്കൻസഭയെ അനുകരിച്ചു. ധാർമ്മികതയെയും സത്യത്തെയും സംബന്ധിച്ചുള്ള കാര്യങ്ങളിൽ മറ്റു ക്രിസ്ത്യൻ സഭകളെ അപേക്ഷിച്ച് ആധികാരികത കത്തോലിക്കാസഭാധികാരികൾക്കാണെന്നുള്ള അഹങ്കാരചിന്ത അന്നും ഇന്നും കത്തോലിക്കാസഭയിൽ നിലനില്ക്കുന്നുണ്ട്. അതിന്റെ ഉദാഹരണങ്ങളാണ് കാസ്തി കൊനുബ്ബുയിയും ഹുമാനെ വീത്തെയും. കത്തോലിക്കാസഭ ആംഗ്ലിക്കൻസഭയെയോ പ്രോട്ടസ്റ്റന്റുസഭകളെയോ ഇക്കാര്യത്തിൽ അനുകരിക്കയില്ലെന്ന് പതിനൊന്നാം പീയൂസിന്റെയും പോൾ ആറാമന്റെയും ചാക്രികലേഖനങ്ങൾ വ്യക്തമാക്കി.

ജീവനെ ഉത്പാദിപ്പിക്കുന്നതു നിരാകരിച്ചുകൊണ്ടുള്ള ഏതു കൃത്രിമജനനനിയന്ത്രണവും പ്രകൃതിവിരുദ്ധമാണെന്നും ആ പ്രവൃത്തി നൈസർഗികമായി അസഭ്യമാണെന്നും മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങൾ വ്യക്തമാക്കി. ആംഗ്ലിക്കൻസഭയുടെയും പ്രോട്ടസ്റ്റന്റുസഭകളുടെയും ധാർമികതയെക്കാൾ മെച്ചപ്പെട്ട ധാർമികതയാണ് കത്തോലിക്കാസഭയുടേതെന്ന് പതിനൊന്നാം പീയൂസും പന്ത്രണ്ടാം പീയൂസും പോൾ ആറാമനും വിശ്വസിച്ചു.

നൊട്രെഡാം (Notre Dame) യൂണിവേഴ്സിറ്റിയുടെ നിയമവിദഗ്ധൻ ജോൺ നൂനൻ (John Noonan) ഗർഭധാരണനിരോധനത്തെപ്പറ്റി ആഴമായി പഠിച്ചിട്ടുള്ള ഒരു പണ്ഡിതനാണ്.[4] ഗർഭധാരണനിരോധനത്തെ സംബന്ധിച്ച് കത്തോലിക്കാസഭയ്ക്കുള്ള ചിന്താക്കുഴപ്പത്തിന് ചരിത്രപരമായ കാരണങ്ങൾ ഉണ്ടെന്നാണ് നൂനന്റെ വിലയിരുത്തൽ. ഗർഭധാരണത്തെ തടസ്സപ്പെടുത്താൻ പാനീയ ഔഷധങ്ങൾ ഉപയോഗപ്പെടുത്തിയിരുന്ന ശീലം അവിശ്വാസികളുടെ ഇടയിൽ (Among Pagans) ഉണ്ടായിരുന്നു. ആദിമസഭയ്ക്ക് അന്ന് അതു കൈകാര്യം ചെയ്യേണ്ടിയിരുന്നു. പിന്നീട് സഭ ഈ ശീലത്തെ 'വിച്ച്ക്രാഫ്റ്റ്' (Witchcraft) ആയി മുദ്രയടിച്ചു. സന്താനോത്പാദനോദ്ദേശ്യത്തോടെയല്ലാതുള്ള എല്ലാ ലൈംഗികപ്രവൃത്തികളും അസന്മാർഗികമാണെന്നത് വിശുദ്ധ ആഗസ്തീനോസും അദ്ദേഹത്തിന്റെ സമകാലികരും പുലർത്തിയിരുന്ന നിലപാടായിരുന്നു.

ജനനനിയന്ത്രണം ഒരു സാമൂഹികപരിവർത്തനമായി കാണുന്നതിനുള്ള അവസരം നൂനൻ ദൈവശാസ്ത്രജ്ഞർക്കും നിയമപണ്ഡിതർക്കും അര നൂറ്റാണ്ടുമുമ്പ് നല്കുകയുണ്ടായി. നൂനന്റെ ആഴമായ പഠനങ്ങളിലൂടെ ഉരുത്തിരിഞ്ഞ നിഗമനങ്ങളായിരുന്നു അതിന് ആധാരം.

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ജനന

നിയന്ത്രണ ചിന്താഗതിയുടെ വളർച്ചയുടെ പല ഘട്ടങ്ങൾ തെളിഞ്ഞു കാണാം.

19-ാം നൂറ്റാണ്ടിൽ സഭയും രാഷ്ട്രങ്ങളും ജനനനിയന്ത്രണകാര്യത്തിൽ ഒരേസ്വരത്തിലായിരുന്നു. സഭയും രാഷ്ട്രങ്ങളും ജനനനിയന്ത്രണത്തെ അന്ന് ഒരുപോലെ നിന്ദിച്ചിരുന്നു. ബ്രിട്ടണിലും അമേരിക്കയിലും മറ്റും നിയമങ്ങൾ വഴി ജനനനിയന്ത്രണത്തെ നിയന്ത്രിച്ചിരുന്നു.

എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ജനനനിയന്ത്രണത്തിന്റെ നിയന്ത്രണകാര്യത്തിൽ ജനങ്ങളിൽ അസംതൃപ്തി ഉണ്ടാകുവാൻ തുടങ്ങി. പ്രധാനമായി മൂന്നു കാര്യങ്ങളായിരുന്നു ഈ മാറ്റത്തിനാധാരം:

1. ക്രമാതീതമായ ജനസംഖ്യാ വർധനവ്
2. അനേകം മക്കൾ ജനിക്കുന്നതിനാൽ കുടുംബങ്ങൾക്കുണ്ടാകുന്ന സാമ്പത്തികക്ലേശം.
3. കാർഷികകുടുംബങ്ങളിൽനിന്നു വ്യവസായ സമൂഹങ്ങളിലേക്കുള്ള പരിവർത്തനം.

സഭയെ സംബന്ധിച്ചിടത്തോളം കത്തോലിക്കരുടെ ജനസംഖ്യാ വർധനവാണ് പ്രധാനം!

അവികസിതവും ക്രമാതീതമായ ജനപ്പെരുപ്പവുമുള്ള ചൈന, ഇൻഡ്യാ മുതലായ രാജ്യങ്ങൾ കൃത്രിമജനനനിയന്ത്രണത്തെ പ്രോത്സാഹിപ്പിച്ചു. ചൈന നിയമംവഴിതന്നെ ജനപ്പെരുപ്പത്തെ നിയന്ത്രിക്കുന്നു.

20-ാം നൂറ്റാണ്ടിന്റെ ആരംഭകാലഘട്ടത്തിൽ പാശ്ചാത്യനാടുകളിൽ ജനനനിയന്തണമെന്ന സാമൂഹിക പരിഷ്കരണത്തിന് കർമോത്സുകരായി പ്രവർത്തിച്ചവരെ അസന്മാർഗികളും കുറ്റക്കാരുമായി വിധിച്ചുതള്ളി. ആ കാലയളവിൽ ജനനനിയന്ത്രണത്തെ പിന്താങ്ങുന്ന സംഘടനകൾ രൂപംകൊണ്ടു. കൂടാതെ, തെരുവുപ്രകടനങ്ങളും അറസ്റ്റും കോടതികളിൽ കേസ്സുകളും നടന്നു. അതോടെ പല പാശ്ചാത്യരാജ്യങ്ങളിലും ആവശ്യമുള്ളവർക്ക് കൃത്രിമജനനനിയന്ത്രണം ആകാമെന്നുള്ള നിയമം പാസ്സായി. അങ്ങനെ പടിഞ്ഞാറൻ രാഷ്ട്രങ്ങൾ ജനനനിയന്ത്രണത്തിന് എതിര് എന്നതിൽനിന്ന് ജനനനിയന്ത്രണത്തിന് അനുകൂലം എന്ന സ്ഥിതിയിലേക്കു മാറി. 20-ാം നൂറ്റാണ്ടിലെ കുടുംബജീവിതത്തെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ ഒരു പരിവർത്തനമായിരുന്നു അത്. അതോടെയാണ് ആംഗ്ലിക്കൻസഭയും മറ്റു പ്രോട്ടസ്റ്റന്റുസഭകളും കൃത്രിമജനനനിയന്ത്രണം അവരുടെ സഭാംഗങ്ങൾക്ക് അനുവദിച്ചത്.

കത്തോലിക്കാഭൂരിപക്ഷമുള്ള പല പാശ്ചാത്യരാജ്യങ്ങളുമാണ് ജനനനിയന്ത്രണത്തിന് അനുകൂലമായ നിയമങ്ങൾ പാസ്സാക്കിയത്. അത് മതേതരമായ ഒരു നിയമനടപടിക്രമമായിരുന്നു. സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരുന്ന സാമൂഹ്യപരിവർത്തനങ്ങളായിരുന്നു അതിനു കാരണം. ഡോക്ടർമാർക്ക് നിയമപരമായിത്തന്നെ കോൺഡവും (Condum) അതുപോലുള്ള മറ്റു കൃത്രിമജനനനിയന്ത്രണ ഉപകരണങ്ങളും സൂക്ഷിക്കാനും ആവശ്യക്കാർക്കു വിതരണം ചെയ്യാനും സാധിച്ചു.

കൃത്രിമജനനനിയന്ത്രണത്തിനുള്ള നിയമം പാസ്സാകുകയും ആംഗ്ലിക്കൻ, പ്രോട്ടസ്റ്റന്റുസഭകൾ അവരുടെ സഭാംഗങ്ങൾക്ക് കൃത്രിമജനനനിയന്ത്രണം അനുവദിക്കുകയും ചെയ്തപ്പോഴാണ് 11-ാം പീയൂസ് മാർപ്പാപ്പാ 1930 ഡിസംബർ 31-ാം തിയതി തന്റെ കാസ്തി കൊനൂബിയി എന്ന ചാക്രികലേഖനവുമായി രംഗത്തുവന്നത്. എല്ലാവിധത്തിലുമുള്ള ജനനനിയന്ത്രണത്തെയും ആ ചാക്രികലേഖനംവഴി കത്തോലിക്കർക്ക് നിരോധിച്ചു.

വർഷങ്ങൾക്കുശേഷം പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പതിനൊന്നാം പീയൂസ് മാർപ്പാപ്പായോടും തോമസ് അക്വീനാസിനോടും ആഗസ്തീനോസിനോടുമെല്ലാം വിയോജിച്ച് സഭാംഗങ്ങൾക്ക് ആവശ്യമെങ്കിൽ റിഥം മെഥേഡ് (Rhythem Method) വഴി ജനനനിയന്ത്രണം ആകാമെന്നു സമ്മതിച്ചു. സ്ത്രീകൾക്ക് ഉത്പാദനശേഷി ഇല്ലാത്ത ദിവസങ്ങളിൽ മാത്രം ലൈംഗികസംഭോഗം നടത്തി ഭ്രൂണോത്പാദനത്തെ കൃത്രിമമായി തടസ്സപ്പെടുത്തുന്ന രീതിയാണ് റിഥം മെഥേഡ്.

സഭാപഠനങ്ങൾ അവഗണിച്ച് പുരുഷന്മാർ വന്ധ്യംകരണ ശസ്ത്രക്രിയ (vasectomy) നടത്തി ജനനനിയന്ത്രണത്തിനു ശ്രമിച്ചിരുന്നു. ഇൻഡ്യയിൽ ഗവൺമെന്റ് അങ്ങനെ ശസ്ത്രക്രിയാവിധേയരാകുന്നവർക്ക് സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിച്ചിരുന്നു. എന്റെ അയൽവാസി അപ്പച്ചൻചേട്ടൻ 'ഞരമ്പു കണ്ടിച്ച്' ബക്കറ്റും തൂക്കിപ്പിടിച്ച് ബസിൽനിന്നിറങ്ങി കവച്ചുകവച്ചു നടക്കുന്നത് ഞാനിന്നും ഓർമിക്കുന്നു. സാമ്പത്തികശേഷി കുറഞ്ഞവർ ഒരേ കോൺഡം പല പ്രാവശ്യം ഉപയോഗിച്ച് തേഞ്ഞുപോയി പൊത്തുപിടിച്ചതിനാൽ അപ്രതീക്ഷിതമായി കുട്ടികൾ ജനിക്കാനിടയായ കഥകൾപോലും കേട്ടിട്ടുണ്ട്.

1960-കളിൽ ജനനനിയന്ത്രണ ഗുളികകൾ (The Pills) കമ്പോളങ്ങളിൽ എത്തിത്തുടങ്ങി. 'ദി പിൽസ്' എന്നു പറഞ്ഞാൽ ജനനനിയന്ത്രണ ഗുളികൾ എന്നാണ് വിവക്ഷ. ഗുളികകൾ ഉപയോഗിക്കുവാൻ സഭ അനുവദിക്കുമെന്നു വിശ്വാസികൾ കരുതി. കാരണം, പ്രസവശേഷം കുഞ്ഞിനെ മുല കുടിപ്പിക്കുന്ന കാലഘട്ടത്തിൽ സ്ത്രീകളുടെ ശരീരത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ പോലെയായിരുന്നു ഗുളിക കഴിക്കുന്ന സ്ത്രീകൾക്കു സംഭവിക്കുന്നതും. തന്നെയുമല്ല, ഗുളികകൾ വളരെ ആധുനികവും ഫലപ്രദവുമായിരുന്നു. ഈ ജനനനിയന്ത്രണഗുളികകളുടെ കണ്ടുപിടിത്തത്തോടെ കൃത്രിമജനനനിയന്ത്രണത്തെ സംബന്ധിച്ചുള്ള സഭയുടെ നിലപാടിൽ പുനർവിചാരണ ഉണ്ടാകുമെന്ന് കത്തോലിക്കാ ഡോക്ടർമാരും വിശ്വാസികളും കരുതി. പക്ഷേ, ഒന്നും സംഭവിച്ചില്ല.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ സഭാപിതാക്കന്മാർ ജനനനിയന്ത്രണത്തെ സംബന്ധിച്ച് സംവാദം നടത്തി, ഇക്കാര്യത്തിൽ ഒരു അന്തിമതീരുമാനത്തിൽ എത്തുമെന്ന് ലോകരെല്ലാം കരുതി. പക്ഷേ, 23-ാം ജോൺ മാർപ്പാപ്പാ ഈ വിഷയത്തെ സംബന്ധിച്ച് ചർച്ചകൾ നടത്താൻ പാടില്ലെന്ന് സഭാപിതാക്കന്മാർക്ക് നിർദേശം നല്കിയിരുന്നു. പകരം അദ്ദേഹം ഈ വിഷയത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു

നല്കാൻ ഒരു പ്രത്യേക കമ്മീഷനെ 1963-ൽ നിയമിച്ചു. കമ്മീഷനിലെ അംഗസംഖ്യ പല ഗഡുക്കളിലായി വർധിപ്പിച്ചു. അങ്ങനെ അമ്പതോളം അംഗസംഖ്യയിലെത്തിയ ആ കമ്മീഷനിൽ മെത്രാന്മാരും ദൈവശാസ്ത്രജ്ഞരും വൈദികരും അഞ്ചു സ്ത്രീകൾ ഉൾപ്പെടെ അല്മായരും ഉണ്ടായിരുന്നു. എല്ലാ വിധത്തിലും ഉത്തമരായ കത്തോലിക്കരായതിനാലായിരുന്നു അവരെല്ലാവരെയും ഈ കമ്മീഷനിലേക്കു തെരഞ്ഞെടുത്തത്. ചരിത്രപ്രധാനമായ ഈ തീരുമാനത്തിന് അവരുടെ പഠനങ്ങളും നിഗമനങ്ങളും മാർപ്പാപ്പായ്ക്ക് അനിവാര്യമായിരുന്നു. ഈ പശ്ചാത്തലത്തിൽ 'സഭ ദൈവജനം' എന്ന ആശയത്തിന് ഒരു പ്രത്യേക അർഥവും ഉണ്ടായിരുന്നു. ജനനനിയന്ത്രണം എന്ന വിവാദവിഷയത്തിന് കമ്മീഷനിലെ അംഗങ്ങളുടെ ജീവിതത്തിലൂടെയുള്ള അനുഭവജ്ഞാനം കമ്മീഷന്റെ പഠനങ്ങൾക്ക് വളരെ സഹായകരമായിരുന്നു. വിവാഹിതരായ സാധാരണ വിശ്വാസികളിൽനിന്ന് ജനനനിയന്ത്രണത്തെപ്പറ്റിയുള്ള അവരുടെ അഭിപ്രായങ്ങൾ കമ്മീഷനംഗങ്ങൾ ഒരു സർവേ വഴി ശേഖരിച്ചു. വിശ്വാസികളുടെ കാഴ്ചപ്പാടുകളെയും പ്രശ്നങ്ങളെയുംപറ്റി പഠിക്കുന്നതിന് വത്തിക്കാൻ ആദ്യമായിട്ടാണ് ഇത്തരമൊരു സാമൂഹികസർവേ നടത്തുന്നത്.

1963-ൽ 23-ാം ജോൺ മാർപ്പാപ്പാ മരിച്ചതിനുശേഷം ആറാം പോൾ മാർപ്പാപ്പായുടെ കാലത്തും ഈ കമ്മീഷന്റെ പഠനം തുടർന്നുകൊണ്ടിരുന്നു. കമ്മീഷന്റെ പഠനം 1966-ൽ പൂർത്തിയാക്കി, റിപ്പോർട്ട് ആറാം പോൾ മാർപ്പാപ്പായ്ക്ക് സമർപ്പിച്ചു. കമ്മീഷനിലെ അംഗങ്ങളിൽ മെത്രാന്മാരായിട്ടുള്ള 16 പേർക്കു മാത്രമേ അവസാനതീരുമാനത്തിൽ വോട്ടുചെയ്യാൻ അനുവദിച്ചിരുന്നുള്ളു. ദൈവജനം എന്ന മാതൃക മാറി സംഘടിതസഭയാണ് വോട്ടുചെയ്തത്. എന്നിരുന്നാൽത്തന്നെ ഭൂരിപക്ഷം മെത്രാന്മാരും (75%) സഭയുടെ നിലവിലുള്ള ഗർഭധാരണ പ്രതിരോധനിലപാടിൽ മാറ്റങ്ങൾ വരുത്തണമെന്നുള്ള തീരുമാനത്തിന് അനുകൂലമായി വോട്ടുചെയ്തു.

റിപ്പോർട്ടു കൈപ്പറ്റിയ ആറാം പോൾ മാർപ്പാപ്പാ അതു സംബന്ധിച്ച് രണ്ടു വർഷത്തോളം യാതൊരു നടപടിയും സ്വീകരിച്ചില്ല.

ഇതിനിടെ, ആരുമറിയാതെ കാർഡിനൽ അൽഫ്രെഡോ ഒട്ടവിയാനിയുടെ (Cardinal Alfredo Ottaviani) നേതൃത്വത്തിൽ കമ്മീഷന്റെ റിപ്പോർട്ട് സ്വീകരിക്കരുതെന്നും പകരം ഒട്ടവിയാനിയുടെയും കൂട്ടരുടെയും റിപ്പോർട്ട് ഒരു 'ന്യൂനപക്ഷറിപ്പോർട്ട്' എന്ന രീതിയിൽ സ്വീകരിക്കണമെന്നും ആറാം പോൾ മാർപ്പാപ്പായോട് ആവശ്യപ്പെട്ടു. 80 വയസ്സിൽ കൂടുതലുള്ള കർദിനാളന്മാർ പാപ്പാ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ പാടില്ലെന്നുള്ള ആറാം പോൾ മാർപ്പാപ്പായുടെ തീരുമാനത്തെ ഇറ്റാലിയൻ റ്റി.വി.യിലൂടെ പരസ്യമായി വിമർശിച്ച ആളാണ് ഒട്ടവിയാനി. ജനനനിയന്ത്രണകാര്യത്തിൽ സഭയുടെ അപ്പോഴുള്ള നിലപാടിൽ യാതൊരു മാറ്റങ്ങളും വരുത്താൻ പാടില്ലെന്നായിരുന്നു ഒട്ടവിയാനിക്കൂട്ടരായ യാഥാസ്ഥിതികരുടെ ആവശ്യം. ഏകദേശം രണ്ടു വർഷം കഴിഞ്ഞപ്പോൾ പോൾ

ആറാമൻ മാർപ്പാപ്പാ ലോകരെയെല്ലാം അത്ഭുതപ്പെടുത്തിക്കൊണ്ടും കൊളെജിയാലിറ്റി എന്ന ആശയത്തെ കാറ്റിൽ പറപ്പിച്ചുകൊണ്ടും സഭയുടെ ജനനനിയന്ത്രണത്തെ സംബന്ധിച്ച ഔദ്യോഗിക നിലപാട് ഹുമാനെ വീത്തെവഴി പ്രഖ്യാപനം ചെയ്തു. സഭാവിശ്വാസികൾ കൃത്രിമജനനനിയന്ത്രണം സ്വീകരിക്കാൻ പാടില്ലെന്ന് ആ ചാക്രികലേഖനം വ്യക്തമാക്കി. ഗുളിക ഉപയോഗവും നിരോധിക്കപ്പെട്ടു.

കർദ്ദിനാൾ ഒട്ടവിയാനിക്കും കൂട്ടർക്കും വേണ്ടത് അവർക്കു കിട്ടി. പക്ഷേ, സഭ ഈ കാര്യത്തിൽ അമ്പേ പരാജയപ്പെട്ടു. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം യാഥാസ്ഥിതികനീക്കത്തിന്റെ ആദ്യത്തെ വിജയമായിരുന്നു ഹുമാനെ വീത്തെ.

പ്രസിദ്ധ ദൈവശാസ്ത്രജ്ഞരായ കാൾ റാണർ (Karl Rahner), ബെർണാർഡ് ഹേറിംഗ് (Bernard Haring), ജോസഫ് ഫുക്സ് (Joseph Fuchs) മുതലായവരെല്ലാം സഭയുടെ ഈ ഔദ്യോഗികനിലപാടിന് എതിരായി. പാശ്ചാത്യരാജ്യങ്ങളിൽ കത്തോലിക്കർ മറ്റു ക്രിസ്ത്യൻ സഭകളിലേക്കു മാറിപ്പോയി. 'ഞാൻ ചെയ്യുന്ന കാര്യം സഭാധികാരികൾക്ക് സ്വീകാര്യമല്ലെങ്കിൽ ആ പള്ളിയിൽ ഞാൻ എങ്ങനെ പോകും' എന്നാണ് അവരുടെ വാദഗതി. മറ്റു വിശ്വാസികൾ ഭിന്നാഭിപ്രായക്കാരായി നിന്നുകൊണ്ട് അവരുടെ മനസ്സാക്ഷി പറയുന്നതരത്തിൽ കൃത്രിമജനനനിയന്ത്രണം നടത്തിത്തന്നെ മുമ്പോട്ടുപോകുന്നു. എന്നുവച്ചാൽ, സഭയുടെ ജനനനിയന്ത്രണ നിലപാട് നീതിപൂർവകമല്ലെന്നും വിശ്വാസികളുടെ സൗകര്യംപോലെ ജനനനിയന്ത്രണം സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാമെന്നുമുള്ള തീരുമാനത്തിലേക്ക് ഭാര്യാഭർത്താക്കന്മാർ എത്തിച്ചേർന്നു. സാധാരണവിശ്വാസിയെ സംബന്ധിച്ചിടത്തോളം സഭയുടെ ഔദ്യോഗികനിലപാട് അപ്രസക്തമായിത്തീർന്നു. ചുരുക്കത്തിൽ മിക്കവരും കുടുംബാസൂത്രണം ചെയ്തുകൊണ്ട്, മാർപ്പാപ്പായെ അനുസരിക്കുക അസാധ്യമെന്ന ഭിന്നാഭിപ്രായത്തിൽ ജീവിക്കുകയാണ്. ഇത്തരം ഒരു സ്ഥിതിവിശേഷം നിലനില്ക്കുന്നതിനാൽ സാധാരണ വിശ്വാസികളെ സംബന്ധിച്ചിടത്തോളം സഭയോടുള്ള വിശ്വാസം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. മാർപ്പാപ്പായുടെ ഈ ചാക്രികലേഖനത്തിനു ഭിന്നാഭിപ്രായം പ്രകടിപ്പിച്ച ശ്രദ്ധേയനായ ദൈവശാസ്ത്രജ്ഞൻ ചാൾസ് കുറാനെ (Charles Curran) റോം ശിക്ഷിക്കുകയും കത്തോലിക്കാ യൂണിവേഴ്സിറ്റികളിൽ ദൈവശാസ്ത്രം പഠിപ്പിക്കാനുള്ള ലൈസൻസ് റദ്ദാക്കി വിലക്കു കല്പിക്കുകയും ചെയ്തു. അദ്ദേഹം മെഥോഡിസ്റ്റ് (Methodist) യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കാൻ പോയി.

കാലത്തിന്റെ ചുവരെഴുത്തുകളെ സഭ കാണണം. ഇവിടെ സഭാധികാരികളുടെ തീരുമാനങ്ങൾ – പ്രത്യേകിച്ച് ജനനനിയന്ത്രണം പോലുള്ള സാമൂഹിക വിവാദവിഷയങ്ങൾ – വിശ്വാസികൾ കൈകാര്യം ചെയ്തത് എങ്ങനെയെന്ന് വളരെ ശ്രദ്ധാപൂർവം നോക്കേണ്ടതാണ്. കർദിനാൾ ജോൺ ന്യൂമാന്റെ (John Cardinal Newman) അഭിപ്രായത്തിൽ നാലാം

നൂറ്റാണ്ടിൽ ദൈവത്തിൽ മൂന്നാളുകൾ – പിതാവ്, പുത്രൻ, പരിശുദ്ധാരൂപി – ഉണ്ടെന്ന് സഭാപിതാക്കന്മാർ വിശ്വാസസത്യമായി പ്രഖ്യാപിച്ചപ്പോൾ ദൈവജനത്തിന്റെ പരിപൂർണവിശ്വാസവും അതായിരുന്നു എന്ന് സഭാപിതാക്കന്മാർ മനസ്സിലാക്കിയിരുന്നു.[5]

ജനനനിയന്ത്രണകാര്യത്തിലും ദൈവജനത്തിന്റെ വിശ്വാസം എന്താണെന്ന ധാരണ അനിവാര്യമാണ് എന്നു സഭാധികാരികൾ മറന്നു. കാരണം, 80 മുതൽ 90 ശതമാനം വരെയുള്ള വിശ്വാസികൾ സഭയുടെ ഈ നിലപാടിനെതിരായി ജനനനിയന്ത്രണം നടത്തുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. നമ്മുടെ കേരളത്തിൽ ഇപ്പോഴത്തെ തലമുറയ്ക്ക് മുമ്പുള്ള തലമുറയിലെ ഓരോ കുടുംബങ്ങളിലും എട്ടും പത്തും മക്കളുണ്ടായിരുന്നു. അപൂർവമെങ്കിലും 21 ഉം 17 ഉം മക്കളുള്ള കുടുംബങ്ങളെയും എനിക്കറിയാം. എന്നാൽ ഈ തലമുറയിലെ കുടുംബങ്ങളിൽ ഒന്നും രണ്ടും മക്കൾ ഏറിയാൽ മൂന്നു മക്കളാണുള്ളത്. ഈ തലമുറയിലെ കത്തോലിക്കാ മാതാപിതാക്കന്മാർ റിഥം മെഥേഡ് ഉപയോഗിച്ചുകൊണ്ടാണ് സന്താനോത്പാദനത്തെ നിയന്ത്രിക്കുന്നത് എന്ന് ആരെങ്കിലും അനുമാനിച്ചാൽ അയാളുടെ ചിന്തയിൽ പുഴുക്കുത്തു പിടിച്ചിട്ടുണ്ടെന്നല്ലാതെ അനുമാനിക്കാൻ വയ്യ. അപ്പോൾ ആ മാതാപിതാക്കൾ സഭയുടെ പഠിപ്പിക്കലിന് കാര്യമായ വില നല്കുന്നില്ലെന്നു തീർച്ച. ജനനനിയന്ത്രണം അനിവാര്യമാണെന്നു കരുതുന്ന അവർ ജനനനിയന്ത്രണ ഉപാധികളൊന്നും തെറ്റായി കരുതുന്നില്ലെന്നു ചുരുക്കം. തന്നെയുമല്ല, തെറ്റും ശരിയും തമ്മിൽ തിരിച്ചറിയാൻ വിദ്യാസമ്പന്നരായ ആധുനികമനുഷ്യനു കഴിവില്ലെന്നുള്ള സഭയുടെ അഹങ്കാരചിന്ത വിലപ്പോവില്ലെന്നും ഇതു തെളിയിക്കുന്നു. കഴിഞ്ഞ 40 വർഷത്തോളം വിശ്വാസികൾ അവരുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നതു കാണുന്ന വത്തിക്കാന് ആഗോളസഭാംഗങ്ങളുടെ ശബ്ദത്തെ ശ്രവിക്കാനുള്ള കാതുകൾ പോലുമില്ലെന്നുള്ളത് അത്ഭുതകരംതന്നെ. വത്തിക്കാന്റെ മൗനം സാധാരണ വിശ്വാസികളുടെ പ്രജ്ഞയെ അധിക്ഷേപിക്കുന്നതിനു തുല്യമാണ്.

ജനനനിയന്ത്രണം ദൈവതിരുമനസ്സിന് എതിരല്ലെന്ന് 90 ശതമാനത്തോളം വിശ്വാസികളും അനേകം ദൈവശാസ്ത്രജ്ഞരും മെത്രാന്മാരും വൈദികരും കരുതുന്ന സ്ഥിതിക്ക്  സഭയുടെ ഔദ്യോഗികനിലപാടിനെ എങ്ങനെ നീതീകരിക്കാൻ സാധിക്കും? ജനസംഖ്യാവർധനവിനെ നിയന്ത്രിക്കുന്നതിനു വേണ്ടിയാണ് വിശ്വാസികൾ ഗർഭനിരോധനം സ്വീകരിക്കുന്നത്. കത്തോലിക്കാസഭയും ചുരുക്കം ചില ബാപ്റ്റിസ്റ്റ് (Baptist) സഭാവിഭാഗങ്ങളും ഒഴിച്ച് മറ്റെല്ലാ സഭകളും കൃത്രിമജനനനിയന്ത്രണം അനുവദിച്ചിട്ടുണ്ട്. അവരുടെ കാഴ്ചപ്പാടിൽ കുടുംബാസൂത്രണം അനിവാര്യമാണ്. മൊത്തം ക്രിസ്ത്യാനികളിൽ 50 ശതമാനം മാത്രമേ കത്തോലിക്കരുള്ളു എന്ന കാര്യം ഇവിടെ ചിന്തിക്കേണ്ടതാണ്.

സഭയുടെ ഔദ്യോഗികനിലപാടിനെ സാധൂകരിക്കാൻ ചിലപ്പോഴെങ്കിലും പള്ളിയുടെ പ്രസംഗപീഠങ്ങൾ രാഷ്ട്രീയ പ്രസംഗപീഠങ്ങളായി

മാറാറുണ്ട്. 20-ഉം 25-ഉം കുട്ടികളെ വരെ സൃഷ്ടിക്കാനുള്ള ആരോഗ്യ ശക്തി ഓരോ പുരുഷനും സ്ത്രീക്കും ദൈവം നല്കിയിട്ടുണ്ടെന്നും ഭൂമിയിലെ മണൽത്തരിപോലെയും ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും മനുഷ്യർ പെരുകണമെന്നും വിവരദോഷികളായ ചില വൈദികർ പ്രസംഗപീഠത്തിൽ നിന്ന് പ്രബോധിപ്പിക്കാറുണ്ട്. കോടിക്കണക്കിനു കുട്ടികൾ പഞ്ഞം കിടക്കുന്ന വിവരമറിയാവുന്ന വിശ്വാസികൾ ഇത്തരം പ്രസംഗങ്ങളെ പുച്ഛിച്ചു പുറംതള്ളുകയേയുള്ളു. കാരണം, വിശ്വാസികൾ ഇത്തരം കാര്യത്തിൽ ഉത്തരവാദിത്വബോധമുള്ളവരാണ്. വിശ്വാസികളുടെ കിടപ്പുമുറിയിൽ ആ ഉത്തരവാദിത്വബോധം പ്രതിധ്വനിക്കുന്നുമുണ്ട്.

ഭാര്യക്കോ ഭർത്താവിനോ എയ്ഡ്സ് (AIDS) ബാധിച്ചെന്നു കരുതുക. അവർ ലൈംഗികസംഭോഗം നടത്തുമ്പോൾപോലും കോൺഡം ഉപയോഗിക്കാൻ പാടില്ലെന്നു പഠിപ്പിച്ചിരുന്ന സഭയെപ്പറ്റി എന്തു പറയാനാണ്? എയ്ഡ്സ് എന്ന മാരകരോഗം എതിർപാർട്ടിക്കു പകരാമെന്നുള്ള കാരണംപോലും സഭയുടെ മുമ്പിൽ അപ്രസക്തമായിരുന്നു. കോൺഡം ഉപയോഗിക്കുക മാരകപാപമായിരുന്നു! പൊട്ടിത്തെറിക്കാത്ത ബോംബുപോലെയായിരുന്നു സഭാധികാരികൾ കോൺഡത്തെ കണ്ടിരുന്നത്!! ഈയിടെ എയ്ഡ്സ് രോഗികൾ കോൺഡം ഉപയോഗിക്കുന്നത് പാപമാകില്ലെന്ന് മാർപ്പാപ്പാ തിരുമനസ്സായിട്ടുണ്ട്. പണ്ടു കോൺഡം ഉപയോഗിച്ചിരുന്നവരുടെ പാപം പൊറുത്തിട്ടുണ്ടെന്നു തോന്നുന്നില്ല.

വിശ്വാസികളുടെ വിശ്വാസത്തെ നാമാവശേഷമാക്കുന്ന ഇത്തരം വിവാദവിഷയങ്ങൾ ഉതപ്പിനു കാരണമാണ്. തീർച്ചയായും ഹുമാനെ വീത്തെ വിശ്വാസികളുടെ ഇടയിൽ സഭയോടുള്ള വിശ്വാസ്യതയ്ക്ക് പ്രതിസന്ധിയാണ്. ധാർമികാധാർമികതകൾ എന്താണെന്ന് സ്വയം തീരുമാനിക്കാൻ ഈ പ്രതിസന്ധി സഹായകമായി. 'ഇക്കാര്യത്തിൽ ഞങ്ങൾതന്നെ തീരുമാനം എടുത്തോളാം' എന്ന തീരുമാനത്തിലേക്കു വിശ്വാസികൾ എത്തിച്ചേർന്നു. അതിന്റെ വ്യക്തമായ അടയാളമല്ലേ രണ്ടും മൂന്നും കുട്ടികൾ മാത്രമുള്ള കുടുംബങ്ങൾ.

സഭയുടെ ധാർമികപ്രബോധനങ്ങളിൽ കാര്യമായ മാറ്റങ്ങൾ ചിലപ്പോഴൊക്കെ സഭാചരിത്രത്തിൽ സംഭവിച്ചിട്ടുണ്ട്. അതിനൊരു ഉദാഹരണമാണ് 13-ാം ലെയോ (Leo XIII) മാർപ്പാപ്പായുടെ 'റേരും നൊവാരും' (Rerum Novarum) എന്ന 1891-ലെ ചാക്രികലേഖനം.[6] വ്യാവസായികവിപ്ലവകാലഘട്ടത്തിൽ ആ ചാക്രികലേഖനം തൊഴിലാളികൾക്ക് അവരുടെ ജോലിക്ക് ന്യായമായ വേതനം നല്കണമെന്ന് വാദിച്ചു. 1931-ലെ 11-ാം പീയൂസ് മാർപ്പാപ്പായുടെ 'ക്വദ്രജേസിമോ ആന്നോ' (Quadragesimo Anno) എന്ന ചാക്രികലേഖനം തൊഴിലാളികൾക്ക് സംഘടിക്കാൻ അവകാശമുണ്ടെന്നു സ്ഥാപിച്ചു. സഭ സാമൂഹികനീതിയുടെ വക്താവായിത്തീർന്നു. കുടുംബജീവിതം സാമ്പത്തികമായി നന്നായി കൊണ്ടുപോകുന്നതിന് മേല്പറഞ്ഞ രണ്ടു ചാക്രികലേഖനങ്ങളും സഹായകമായി. സമാധാനം, നീതി, യുദ്ധം, ഭ്രൂണഹത്യ, വധശിക്ഷ തുടങ്ങിയ കാര്യങ്ങളിൽ

വത്തിക്കാൻ ധീരമായ നിലപാടാണ് ഇന്നുവരെ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ, ജനനനിയന്ത്രണകാര്യത്തിൽ വത്തിക്കാൻ അമ്പേ പരാജയപ്പെട്ടു പോവുകയാണ് ചെയ്തത്.

സഭാധികാരികൾ, പ്രത്യേകിച്ചു മാർപ്പാപ്പാമാർ, 'ആദർശധർമശാസ്ത്ര'ത്തെ അവലംബിക്കുമ്പോൾ കുറെ വിശ്വാസികളെ അതു പ്രചോദിപ്പിച്ചെന്നിരിക്കും. പക്ഷേ വിവാഹിതരായ അല്മായർ യഥാർഥലോകത്തിലാണ് ജീവിക്കുന്നതെന്നോർക്കണം. ക്വാഡ്രജേസിമോ ആന്നോ എന്ന ചാക്രികലേഖനത്തിൽ തൊഴിലാളികൾ സമരം ചെയ്യാൻ പാടില്ല (No Strike) എന്ന് ഉദ്ബോധിപ്പിച്ചിരുന്നു. എന്നാൽ അമേരിക്കൻ കത്തോലിക്കർ സമരം ചെയ്യാൻ പാടില്ല എന്ന സഭയുടെ നയം ഗ്രെയ്റ്റു ഡിപ്രഷനു (Great Depression) ശേഷം അപ്പാടെ അവഗണിച്ചു കളഞ്ഞു. പോളണ്ടിൽ കത്തോലിക്കനായ ലേഷ് വലേസായുടെ (Lech Walesa) നേതൃത്വത്തിൽ 'സോളിഡാരിറ്റി' (Solidarity) 1980-ൽ ഇരിപ്പുസമരം (sit-in-strike) നടത്തി. പോളണ്ടിലെ രാഷ്ട്രീയസാമൂഹികഗതികളെ അപ്പാടെ മാറ്റിമറിച്ച സമരമായിരുന്നു അത്. പക്ഷേ, തൊഴിലാളികൾ സമരം ചെയ്യാൻ പാടില്ലായെന്ന 11-ാം പീയൂസ് മാർപ്പാപ്പായുടെ പഠിപ്പിക്കലിനെ അനുസരിക്കണമെന്നു രണ്ടാം ജോൺ പോൾ  മാർപ്പാപ്പാ വലേസയ്ക്ക് ഉത്തരവു നല്കിയതായി നാമാരും കേട്ടിട്ടില്ല. അപ്പോൾ ഒരു മാർപ്പാപ്പായ്ക്ക് മറ്റൊരു മാർപ്പാപ്പായോട് അഭിപ്രായവ്യത്യാസം ഉണ്ടാകാം.

ചുരുക്കത്തിൽ സഭയുടെ സാമൂഹിക ഉദ്ബോധനങ്ങളിൽ നന്മയും തിന്മയും കയറിക്കൂടാറുണ്ട്. സമൂഹം കൂടുതൽ കൂടുതൽ മതേതരമായിക്കൊണ്ടിരിക്കുന്നതാണ് സഭാധികാരികളുടെ ഈ ചിന്താക്കുഴപ്പത്തിനു കാരണം.[7] മതത്തിന്റെ സ്വാധീനവും ശക്തിയും പതുക്കെപ്പതുക്കെ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. മേലധികാരികളുടെ കൃത്യവിലോപത്തിനു പുറമെ മറ്റു ചില കാരണങ്ങൾ കൂടിയുണ്ടതിന്. സഭാംഗങ്ങൾ ശാസ്ത്രസാങ്കേതികകാര്യങ്ങളിൽ ഇന്ന് സാമാന്യധാരണയും വിശ്വാസവും ഉള്ളവരാണ്. ക്യാൻസറിനു മരുന്ന്, പ്രപഞ്ചവിജ്ഞാനം, മാനസികാരോഗ്യം തുടങ്ങിയ കാര്യങ്ങൾക്ക് ഇന്നാരും മതനേതാക്കളെ സമീപിക്കാറില്ല. ശാസ്ത്രമാണ് അതിന് നമുക്ക് അറിവു നല്കുന്നതും അതു കൈകാര്യം ചെയ്യുന്നതും.  അതിനാൽ ഇത്തരം കാര്യങ്ങളിൽ മതത്തിനുള്ള സ്വാധീനം ചുരുങ്ങിവരുകയാണ്.

മതങ്ങളുടെ വൈവിധ്യമാണ് മറ്റൊരു കാരണം. പഴയതും പുതിയതുമായ നൂറുകണക്കിന് മതങ്ങൾ വ്യത്യസ്തങ്ങളായ സിദ്ധാന്തങ്ങളും വിശ്വാസങ്ങളുമായി സമൂഹത്തിൽ നിറഞ്ഞിരിക്കുകയാണ്. ആർക്കും ഏതു മതത്തിലും വിശ്വസിക്കാം.

യൂറോപ്യൻ യൂണിയന്റെ (European Union) ഭരണഘടന എഴുതിയുണ്ടാക്കിയപ്പോൾ ദൈവത്തെയോ ക്രിസ്തീയമൂല്യങ്ങളെയോ പറ്റി അവതാരികയിൽ സൂചിപ്പിക്കാതിരുന്നതിനെ വത്തിക്കാൻ ശക്തമായി വിമർശിച്ചു. കുരിശുയുദ്ധങ്ങൾ (crusades), വിച്ച്ക്രാഫ്റ്റ്, ഇൻക്വിസിഷൻ

(Inquisition), പ്രൊട്ടസ്റ്റന്റ് റിഫർമേഷൻ (Protestant Reformation), അധികാരത്തിനു വേണ്ടിയുള്ള മാർപ്പാപ്പാമാരുടെ വടംവലികൾ, അനാവശ്യമായ ദൈവശാസ്ത്രസംവാദങ്ങൾ തുടങ്ങിയ വസൂരിക്കലകളാൽ വികൃതമായിട്ടുള്ളതാണ്, യൂറോപ്പിന്റെ ക്രിസ്തീയചരിത്രം. ആയതിനാൽ മതേതരശക്തികൾ സഭാപ്രത്യയശാസ്ത്രത്തെ അപ്പാടെ ഒഴിവാക്കാൻ ശ്രമിച്ചിരുന്നിരിക്കാം. സഭ ഇന്നും പഴയ ലോകത്ത് പണ്ടെന്നതുപോലെ യാതൊരുവക വിട്ടുവിഴ്ചയ്ക്കോ ഒത്തുതീർപ്പിനോ വഴങ്ങാതെ സത്യത്തിന്റെ കുത്തകയെന്ന ഭാവത്തിൽ മുന്നോട്ടു പോകുന്നു. ആധുനിക വിശ്വാസിക്ക് ഇതു വിഴുങ്ങാൻ പ്രയാസം.

പുതുയുഗത്തിൽ സാമൂഹികമാറ്റങ്ങൾ ധൃതഗതിയിലാണ് സംഭവിക്കുന്നത്. ഒന്നാംതരം ശസ്ത്രക്രിയാവിദഗ്ധരെയും വിമാനനിയന്ത്രണവിദഗ്ധരെയും കംപ്യൂട്ടർ ശാസ്ത്രജ്ഞരെയും എല്ലാം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രത്തിന്റെ ഈ യുഗവുമായി സഭ പൊരുത്തപ്പെട്ടുപോകുന്നില്ല. ശാസ്ത്രം, വീക്ഷണവൈവിധ്യം, സാമൂഹികപരിവർത്തനത്തിലെ ജാഗ്രത തുടങ്ങിയവ വ്യക്തികളുടെമേലുള്ള ബാഹ്യ സ്വാധീനശക്തികളാണ്. ഈ ശക്തികൾ വ്യക്തികളെയും സമൂഹങ്ങളെയും കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതിനാൽ പരമ്പരാഗതമതങ്ങൾക്ക് മനുഷ്യജീവിതത്തിലും കുടുംബങ്ങളിലുമുള്ള സ്വാധീനം കുറഞ്ഞുകൊണ്ടിരിക്കുന്നു. മതേതരത്വം മതങ്ങളെ അടിച്ചമർത്തിയിട്ടില്ലെങ്കിലും മനുഷ്യചിന്തയിലും പ്രവർത്തനങ്ങളിലും സാരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. കുടുംബത്തിനു സാമ്പത്തികനഷ്ടം സംഭവിച്ചാലും ഞായറാഴ്ച ജോലി ചെയ്യാൻ പാടില്ലെന്നുള്ള സഭയുടെ ചട്ടത്തെ പുച്ഛത്തോടെയാണ് വിശ്വാസികൾ ഇന്നു കാണുന്നത്. കാലത്തിനൊത്ത് സഭ ഇണങ്ങിച്ചേരണമെന്നാണ് ഇതിനർഥം.

മതങ്ങളിലും ദൈവത്തിലുമുള്ള വിശ്വാസം ജനജീവിതത്തിൽ വളരെ പ്രധാനമാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. പക്ഷേ, മതപ്രേരണയാലുള്ള നിരന്തര അഭ്യാസങ്ങളും മതവിശ്വാസങ്ങളും അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. ആൻഡ്രൂ ഗ്രീലിയുടെ (Andrew Greeley) ഗവേഷണത്തിൽ, ഇന്നത്തെ ചെറുപ്പക്കാരായ കത്തോലിക്കരിൽ അഞ്ചിൽ നാലു ഭാഗവും ജനനനിയന്ത്രണം, വിവാഹമോചനം, അപ്രമാദിത്വം തുടങ്ങിയ വിവാദവിഷയങ്ങളിൽ സഭ പുലർത്തുന്ന നിലപാടുകളോട് ഭിന്നാഭിപ്രായമുള്ളവരാണ് എന്ന നിഗമനത്തിലാണ് എത്തിയിരിക്കുന്നത്.[8]

ഭാവിയിൽ എന്തായിരിക്കും സംഭവിക്കാനിരിക്കുന്നത്?

# 4

# പൗരോഹിത്യവും അവിവാഹിതാവസ്ഥയും

"അവിവാഹിതാവസ്ഥ പൗരോഹിത്യത്തിന്റെ അനി വാര്യമായ ഘടകമല്ല"

– പോപ്പ് ജോൺ പോൾ II, 1993

**വി**വാഹിതപൗരോഹിത്യത്തെ സഭാചരിത്രം എല്ലാ വിധത്തിലും അനുകൂലിക്കുന്നുണ്ട്. സഭയുടെ ആരംഭം മുതൽ 2000 വർഷത്തെ നില നില്പിൽ വൈദികരും മെത്രാന്മാരും 39 മാർപ്പാപ്പാമാരും വിവാഹിതരാ യിരുന്നു.[1] മധ്യകാലയുഗങ്ങളിലെ സഭാരാഷ്ട്രീയമാണ്, വൈദികർ നിർബന്ധമായും ബ്രഹ്മചാരികളായിരിക്കണമെന്നുള്ള ശിക്ഷണസംബ ന്ധമായ നിയമം ലത്തീൻസഭയിൽ നിലവിൽവരാൻ കാരണ മായത്.

"നീ ക്രിസ്തുവാകുന്നു; ജീവനുള്ള ദൈവത്തിന്റെ പുത്രൻ" (മത്താ. 16: 16), "നീ ക്രിസ്തുവാകുന്നു" (മർക്കോ. 8: 30), "ദൈവത്തിന്റെ അഭി ഷിക്തൻ" (ലൂക്കോ. 9: 20) എന്നെല്ലാം ക്രിസ്തുവിനെ സാക്ഷ്യപ്പെടു ത്തിയ പത്രോസിനോട് കർത്താവ് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക: "നീ പത്രോസ് ആകുന്നു. ഈ പാറയിൽ എന്റെ സഭ ഞാൻ കെട്ടിപ്പ ടുക്കും" (മത്താ. 16: 18). ഈ പാറയാകുന്ന പത്രോസ്, ശിഷ്യപ്രമുഖൻ, വിവാഹിതനായിരുന്നു. പത്രോസിന് ഒരു ഭാര്യയുണ്ടായിരുന്നു. പത്രോ സിന്റെ ഭാര്യയെ സംബന്ധിച്ച് വി. ഗ്രന്ഥത്തിൽ പരാമർശിക്കുന്നത് കാണുക: "പിന്നീട് യേശു പത്രോസിന്റെ വീട്ടിൽ ചെന്നപ്പോൾ അവിടെ അയാളുടെ ഭാര്യയുടെ അമ്മ പനിപിടിച്ചു കിടക്കുന്നതു കണ്ടു" (മത്താ. 8: 14). "ശിമയോന്റെ ഭാര്യയുടെ അമ്മ പനിപിടിച്ച് കിടപ്പിലായിരുന്നു"

(മർക്കോ. 1: 30). ''ശിമയോന്റെ ഭാര്യയുടെ അമ്മ കലശലായ പനി പിടിച്ചു കിടപ്പിലായിരുന്നു'' (ലൂക്കോ. 4: 38). ''മറ്റ് അപ്പോസ്തലന്മാരെയും കർത്താവിന്റെ സഹോദരരെയും കേപ്പായെയും പോലെ വിശ്വാസിയായ ഒരു സ്ത്രീയെ കൊണ്ടുനടക്കാൻ ഞങ്ങൾക്കും അവകാശമില്ലേ?'' (1 കോറി. 9: 5). പത്രോസിന് ഒരു മകൻ ഉണ്ടായിരുന്നു എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ''ഇതുപോലെ, തെരഞ്ഞെടുക്കപ്പെട്ട ബാബിലോണിലെ സഭയും എനിക്കു പുത്രനായ മർക്കോസും നിങ്ങൾക്ക് അഭിവാദനങ്ങൾ അർപ്പിക്കുന്നു'' (1 പത്രോ. 5: 13). പത്രോസിന്റെ സഹായിയും കൂട്ടുവേദപ്രസംഗകനുമായ മർക്കോസിനെ സ്വന്തം പുത്രനെപ്പോലെ കരുതി 'എനിക്കു പുത്രനായ മർക്കോസും' എന്ന് എഴുതിയതുമായിരിക്കാം.

യഹൂദപാരമ്പര്യം വച്ചുനോക്കിയാൽ, (പൗലോസിന്റെ വാക്കുകൾ ഓർമിക്കുക: 'മറ്റ് അപ്പോസ്തലന്മാരെയും കർത്താവിന്റെ സഹോദരരെയും കേപ്പായെയുംപോലെ.....' (1 കോറി. 9: 5) ചെറുപ്രായക്കാരനായ യോഹന്നാനൊഴിച്ച് മറ്റെല്ലാ ശ്ലീഹന്മാരും വിവാഹിതരായിരിക്കണം.[2] അതായത് ആദ്യകാലങ്ങളിലെ മെത്രാന്മാർ, പുരോഹിതർ, വേദപ്രസംഗകർ തുടങ്ങിയ സഭാശുശ്രൂഷകർ ഒക്കെ വിവാഹിതരായവരായിരുന്നു. പൗലോസ് തിമൊത്തെയോസിന് എഴുതിയ കത്തിൽ ഇത് കൂടുതൽ വ്യക്തമാണ്. ''മേലന്വേഷകൻ ആരോപണങ്ങൾക്കതീതനും ഏകഭാര്യാവ്രതനും സംയമശീലനും വിവേകശാലിയും അന്തസ്സുറ്റവനും നല്ല ആതിഥേയനും ഉത്തമ അധ്യാപകനുമായിരിക്കണം..... അയാൾ തന്റെ കുടുംബകാര്യങ്ങൾ ഭംഗിയായി നിർവഹിക്കുന്നവനും സ്വന്തം മക്കളെ അനുസരണയിലും മാന്യതയിലും വളർത്തുന്നവനുമായിരിക്കണം. സ്വന്തം കുടുംബകാര്യങ്ങൾ നിർവഹിക്കാൻ അറിഞ്ഞുകൂടാത്തവൻ ദൈവത്തിന്റെ സഭയെ എങ്ങനെ പരിപാലിക്കും?'' (1 തിമൊ. 3: 2-5). ശുശ്രൂഷകർക്ക് ആവശ്യമായ ഗുണവിശേഷങ്ങളും പൗലോസ് ഈ കത്തിൽ വളരെ സമ്യക്കായി പ്രതിപാദിക്കുന്നുണ്ട് (1 തിമൊ 3: 8-12). പൗലോസ് റോമിലും കൊറിന്തിലും ഗലാത്തിയായിലും എഫേസോസിലും ഫിലിപ്പിയായിലും മറ്റും ചെറിയ ചെറിയ കൂട്ടായ്മകൾ സ്ഥാപിച്ചു. അവിടെയെല്ലാം വിവാഹിതരായ മേലന്വേഷകരേയും ശുശ്രൂഷികളെയും അദ്ദേഹം നിയോഗിക്കുകയും ചെയ്തു (അപ്പോ. പ്രവ. 14: 23).

കടുത്ത മതപീഡനത്തിനിരയായ, ഒന്നാം നൂറ്റാണ്ടിൽ ചെറിയ ചെറിയ സഭാകൂട്ടായ്മകൾ ആയിരുന്ന, ആദിമസഭ ഇരുപതു നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ വമ്പിച്ച ഒരു സ്ഥാപനമായി മാറിയിരിക്കയാണ്. അതിന്റെ കാരണമെന്ത്? ഇതിനിടെ വിവാഹിതപൗരോഹിത്യത്തിന് എന്തു സംഭവിച്ചു?

റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി ക്രിസ്തുമതത്തെ കോൺസ്റ്റന്റയിൻ ചക്രവർത്തി, എ.ഡി. 313-ൽ പ്രഖ്യാപിച്ചു. അതോടെ

സഭയിൽ വൻപിച്ച മാറ്റങ്ങൾ അതിശീഘ്രം സംഭവിക്കാൻ തുടങ്ങി. പുരോഹിതർക്കും വിശ്വാസികൾക്കും റോമൻ പട്ടാളക്കാരെ പേടിക്കേണ്ട; മതപീഡനത്തെ ഭയപ്പെടേണ്ട. കൂടാതെ ചെറിയ ചെറിയ ക്രിസ്തീയകൂട്ടായ്മകൾ ലോകശക്തികളുടെ കൂട്ടമായി മാറി. മെത്രാൻമാർക്കും പുരോഹിതർക്കും സമൂഹത്തിൽ പ്രത്യേക സ്ഥാനവലുപ്പവും അവകാശങ്ങളും ലഭിച്ചു. അവരുടെ സേവനത്തിന് ശമ്പളം ലഭിക്കാൻ തുടങ്ങി. അവരുടെ അധികാരപരിധിയിലെ ജനങ്ങളുടെ ഭരണാധികാരികളായിട്ടുള്ള സിവിൽ അധികാരവും അവർക്കു ലഭിച്ചു.[3]

ചെറിയ കൂട്ടായ്മകൾ കർത്താവിന്റെ മേശയാചരണം കുടുംബങ്ങളിൽവച്ചായിരുന്നു നടത്തിയിരുന്നത്. അതു മാറ്റി ജനനിബിഡമായ വലിയ കെട്ടിടങ്ങളിൽവച്ച് കർത്താവിന്റെ ബലിയാക്കി. ഇന്നത് 'മാസ്' (Mass) എന്ന പേരിൽ അറിയപ്പെടുന്നു. റോമൻ സാമ്രാജ്യകോടതിയിലെ ഔപചാരികമായ ആചാരങ്ങളെയും വേഷഭൂഷാദികളെയും കടമെടുത്ത് ദിവ്യബലി നിർബന്ധമായ പ്രത്യേകഘടനയുള്ള ഒരു ആചാരമാക്കി മാറ്റി. അങ്ങനെ രാജവസ്ത്രം പുരോഹിതചമയവസ്ത്രമായി മാറി. കുമ്പിടീൽ, മുട്ടുകുത്തൽ തുടങ്ങിയ ആചാരങ്ങൾ ദിവ്യബലിയുടെ കർശനമായ ഔപചാരിക ചടങ്ങിന്റെ ഭാഗമായി.

തദ്ദേശ വിവാഹിതപുരോഹിതർ നയിച്ചിരുന്ന ചെറിയ കൂട്ടായ്മകളെ പുതിയ റോമൻ പുരോഹിതർ രാഷ്ട്രീയ സ്വാധീനത്തോടെ വലിയ പള്ളിയാക്കി മാറ്റി. റോമൻ സാമ്രാജ്യപിന്തുണയോടെ സഭാനേതൃത്വം സ്ഥാനികളുടെ അധികാരശ്രേണിയായി (Hierarchy) രൂപാന്തരപ്പെട്ടു. കുടുംബങ്ങളിലാരംഭിച്ച കൂട്ടായ്മ റോമൻ സാമ്രാജ്യ അധികാരശ്രേണിയുടെ പിടിയിലായ സഭയായി. സാധാരണമനുഷ്യരിൽനിന്നകന്ന് സഭ ഭരണവർഗത്തിന്റെ കൈയിലായി.[4]

റോമൻ രാഷ്ട്രീയസ്വാധീനത്തിന്റെ ഫലമായി സഭയിലെ സ്ഥാപനാധികാരം പുരുഷന്മാർക്കു മാത്രമായി. ഈ മാറ്റത്തിനുമുമ്പ് സ്ത്രീകളും പുരോഹിതവർഗത്തിൽപ്പെട്ടിരുന്നെന്ന് ചരിത്രപരമായ തെളിവുകളുണ്ട്.[5] സ്ത്രീകൾക്ക് പുരോഹിതപട്ടം നിരോധിച്ചുകൊണ്ടുള്ള പോപ്പ് ഗലേഷ്യസിന്റെ (Pope Galasius) 494-ലെ കല്പനയോടെ സ്ത്രീ പൗരോഹിത്യത്തിനു വിരാമമായി.[6] സ്ത്രീകൾ പുരോഹിതപട്ടം സ്വീകരിച്ച് ആധ്യാത്മികമാതാക്കളായി 5-ാം നൂറ്റാണ്ടുവരെ സേവനം ചെയ്തിരുന്നുവെന്നതിന്റെ ശക്തമായ തെളിവാണ് പോപ്പ് ഗലേഷ്യസിന്റെ ഈ കല്പന. പാപ്പാമാരും മെത്രാന്മാരും റോമൻ അധികാരികളുടെ തോളോടുതോളുരുമ്മി നടക്കാൻ ആരംഭിച്ചതോടെയാണ് സ്ത്രീകളുടെ സഭയിലുള്ള പ്രവർത്തനധർമത്തിന് ഇടിവു സംഭവിച്ചത്.

കാലം മുമ്പോട്ടു പോയതോടെ ലൈംഗികവേഴ്ചയിൽ ഏർപ്പെടാതിരിക്കുന്നത് സഭാശുശ്രൂഷകർക്കു നന്ന് എന്ന പ്രത്യേക ആധ്യാത്മികത സഭയിൽ വളർന്നുതുടങ്ങി. പല വികല പഠനങ്ങളും സിദ്ധാന്തങ്ങളും

ഇത്തരം ആധ്യാത്മികത സഭയിൽ വളരാൻ കാരണമായി. അതിവിടെ വിശദീകരിച്ചെഴുതാൻ ഉദ്ദേശിക്കുന്നില്ല. വികലമായ ഈ ആധ്യാത്മികത വിവാഹത്തിലെയും ലൈംഗികതയിലെയും വിശുദ്ധിയെ കൊച്ചാക്കിക്കാണാൻ കാരണമായി. ഈ ആശയം മനുഷ്യഹൃദയങ്ങളിൽ പ്രചരിച്ചുതുടങ്ങി. വിവാഹിതരായ വൈദികർ ദിവ്യബലി അർപ്പിക്കുന്നതിന്റെ തലേരാത്രിയിൽ അവരുടെ ഭാര്യമാരുമായി ഭോഗബന്ധം പാടില്ലെന്നു കല്പിച്ചതോടെ അവിവാഹിതരായ മെത്രാന്മാരും പട്ടക്കാരും വിവാഹിതരായ മെത്രാന്മാരെയും പട്ടക്കാരെയും രണ്ടാം തരക്കാരായി കാണുകയും സ്ത്രീകളെയും ലൈംഗികതയെയും നിഷേധഭാവത്തോടെ വീക്ഷിക്കുകയും ചെയ്തു[7].

385-ൽ സിറിസിയസ് പാപ്പാ (Pope Siricius) പാപ്പാസ്ഥാനം കരസ്ഥമാക്കാൻ വേണ്ടി തന്റെ ഭാര്യയെയും മക്കളെയും ഉപേക്ഷിച്ചു. ബ്രഹ്മചര്യം വിശുദ്ധിയുടെ പാരമ്യമാണെന്നുള്ള തലതിരിഞ്ഞ ചിന്താഗതിയുടെ പരിണതഫലമായി പോപ്പ് ഡമാസസ് (Pope Damasus) പുരോഹിതർക്ക് വിവാഹം ചെയ്യാം; പക്ഷേ, അവരുടെ ഭാര്യമാരുമായി ലൈംഗികബന്ധം പാടില്ല എന്നു കല്പിച്ചു.[8] ആ കല്പനയെ പട്ടക്കാരും വിശ്വാസികളും അപ്പാടെ തള്ളിക്കളഞ്ഞു. സഭ റോമൻ സഭ ആയശേഷം ഏകദേശം 1000 വർഷത്തോളം പ്രകൃതിവിരുദ്ധമായ രീതിയിലുള്ള ലൈംഗിക ധർമശാസ്ത്രം സഭയുടെ ദൈവശാസ്ത്രവികസനത്തിൽ കയറിപ്പറ്റി. സാധാരണജനങ്ങളുടെ ലൈംഗികബന്ധത്തിനും ദൈവം സ്ഥാപിച്ച ബന്ധത്തിനും പ്രതികൂലമായും സ്ത്രീകളെ ആക്ഷേപിക്കുന്ന രീതിയിലുമായിരുന്നു സഭയുടെ സെക്സ് സംബന്ധമായ ഈ പഠനങ്ങൾ. ലൈംഗികതയോടും പ്രത്യേകിച്ച് സ്ത്രീകളോടും എതിരായ സഭയുടെ ഈ നിലപാട് ഓരോ വ്യക്തിയുടെ വീക്ഷണത്തെയും നിയന്ത്രിക്കാൻ പറ്റിയ രീതിയിലായിരുന്നു. ഇന്നും അതു തുടർന്നുകൊണ്ടിരിക്കുന്നു.

വിവാഹമോചനം ലഭിച്ചവർ രണ്ടാം വിവാഹം ചെയ്താൽ അതു പാപമാണെന്ന് സഭ പന്ത്രണ്ടാം നൂറ്റാണ്ടിൽ പ്രഖ്യാപിച്ചു. അതോടെ ദിവ്യകാരുണ്യം സ്വീകരിക്കാൻ അവരെ അനുവദിച്ചില്ല. അന്നുവരെ വിവാഹം ന്യായവിചാരണ ചെയ്യപ്പെട്ടിരുന്നു; പരസ്പരധാരണയോടെ വിവാഹമോചനം നേടിയിരുന്നു; വ്യക്തികൾക്ക് വീണ്ടും വിവാഹം ചെയ്യാമായിരുന്നു; സ്വതന്ത്രമായി ദിവ്യകാരുണ്യം സ്വീകരിക്കാമായിരുന്നു.[9]

യൂറോപ്പിലെ വളരെ സ്വാധീനമുള്ള വിവാഹിതപുരോഹിതകുടുംബങ്ങളെ നിർബന്ധിതബ്രഹ്മചര്യത്തിന്റെ പേരിൽ സഭാനേതൃത്വം എതിർക്കാൻ ആരംഭിച്ചു. അവരുടെ പള്ളികളും ഭൂസ്വത്തുക്കളും സഭ പിടിച്ചെടുത്തു. എല്ലാ വൈദികാർഥികളും ബ്രഹ്മചര്യപ്രതിജ്ഞ ചെയ്തശേഷമേ പട്ടം സ്വീകരിക്കാവൂ എന്ന നിയമം 1074-ൽ പോപ്പ്

ഗ്രിഗറി ഏഴാമൻ (Pope Gregory VII) കൊണ്ടുവന്നു. വിവാഹിതരായ വൈദികർ ബ്രഹ്മചര്യനിയമം ലംഘിച്ചാൽ അവരുടെ ആത്മരക്ഷയ്ക്കായി അവരെ ജയിലിലടയ്ക്കണമെന്ന് 1095-ൽ ഉർബാൻ രണ്ടാമൻ (Pope Urban II) മാർപ്പാപ്പാ ഉത്തരവിട്ടു. (ഈ പാപ്പായാണ് ഒന്നാം കുരിശുയുദ്ധം, 1095-1099 പ്രഖ്യാപിച്ചത്). വിവാഹം ചെയ്ത പുരോഹിതരുടെ ഭാര്യമാരെയും കുട്ടികളെയും അടിമകളാക്കി വിറ്റു. അപ്രകാരം സമ്പാദിച്ച പണം പള്ളി ഭണ്ഡാരത്തിലിട്ടു.[10] ഇന്നസെന്റ് രണ്ടാമൻ മാർപ്പാപ്പായുടെ (Pope Innocent II) കീഴിൽ നടന്ന രണ്ടാം ലാറ്ററൻ കൗൺസിലിൽവച്ച് (Second Lateran Council) 1139-ൽ പുരോഹിതർക്ക് നിർബന്ധിതബ്രഹ്മചര്യം കർശനമാക്കുന്ന നിയമം പാസ്സായി.[11] "ബ്രഹ്മചര്യം കർശനമാക്കിയാൽ പുരോഹിതർ വ്യഭിചാരത്തെക്കാൾ വലിയ പാപം ചെയ്യും" എന്ന് ഇറ്റലിക്കാരനായ ഇമോളയിലെ ഊൾറിച്ച് മെത്രാൻ (Bishop Ulrich of Imola, 1053-1063) അന്ന് അഭിപ്രായപ്പെട്ടു.[12] കൂടാതെ മെത്രാന്മാരോടും പുരോഹിതരോടും അവരുടെ കുടുംബത്തെ വഴിയാധാരമാക്കരുതെന്ന് അദ്ദേഹം നിർബന്ധപൂർവം അഭ്യർഥിക്കുകയും ചെയ്തു. ഇന്നത്തെ പുരോഹിത ലൈംഗിക അതിക്രമങ്ങൾ കാണുമ്പോൾ ഊൾറിച്ച് മെത്രാന്റെ അന്നത്തെ അഭിപ്രായം എത്രയോ പ്രസക്തമാണെന്ന് നമുക്ക് ഇന്ന് മനസ്സിലാകും.

അധികം ബഹുമാനം അർഹിച്ചിരുന്ന പരമ്പരാഗത വിവാഹിത പൗരോഹിത്യം നിർബന്ധിതബ്രഹ്മചര്യനിയമം കാരണം അക്ഷരാർഥത്തിൽ നശിച്ചുപോയി. കുടുംബാധിഷ്ഠിത സഭാകൂട്ടായ്മയെയും വിവാഹിതപൗരോഹിത്യത്തെയും സഭ ഫലപ്രദമായി അടിച്ചമർത്തുകയാണ് ചെയ്തത്. അതോടെ സ്ത്രീകൾക്ക് സഭയിൽ മൂല്യശോഷണവും സ്ഥാനമില്ലായ്മയും സംഭവിച്ചു.

ഉദയംപേരൂർ സൂനഹദോസിനു മുമ്പ് കേരളത്തിലെ പട്ടക്കാരും വിവാഹിതരായിരുന്നു. അവരെ സംബന്ധിച്ച കാനോനകളിൽ ഇപ്രകാരം കാണുന്നു:

"........ഒരിക്കൽ കെട്ടുന്നത കൂടാതെ ആ കെട്ടിയവൾ മരിച്ചാൽ പിന്നെയും രണ്ടാം കെട്ടും മൂന്നാം കെട്ടും കെട്ടുന്നവരുണ്ട. ശ്ലീഹന്മാരുടയും പള്ളിയുടയും കല്പനക്ക മറുത്ത ചരട വാങ്ങിയിരിക്കുന്നവരയും കെട്ടുവാറ ഒണ്ട. എന്നാൽ ശ്ലീഹന്മാരുടയും പള്ളിയുടയും പഴെ സൂന്നഹദോസുകളുടയും കല്പനകൾക്ക എടത്തൂട ഇത ആയതിനെക്കൊണ്ട ഇ ശുദ്ധമാന സൂനഹദൊസ വഴക്കത്തിൻെറ ശത്തിയാലെയും മഹറൊൻെറ പ്രാശ്യത്വത്താലെയും പെണ്ണുകെട്ടി പെലർത്തുന്ന പട്ടക്കാരര കുറുബാനയും മറ്റ കൂദാശ ഒന്നും ചെയരുത എന്ന പ്രമാണിക്കുന്നു. വിശെഷിച്ചും പെണ്ണുകെട്ടി പെലർത്തുന്ന പട്ടക്കാരൊട ശുദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്നു തങ്ങളിൽപിരിഞ്ഞ തങ്ങടെ അമിശത്തിന്ന തക്കവണ്ണം പ്രവൃത്തിച്ചു കൊള്ളണം എന്ന.

വിശെഷിച്ചും വഴക്കത്തിൻെററ ശക്തിയാലെയും ഇ പ്രമാണം കടക്കുംപൊളെ മഹറൊൻ തട്ടും എന്നതിൻെററ പ്രാശ്യത്വത്താലെയും ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു, കൂദാശ പട്ടം ഒള്ളവര ആരും പെണ്ണു കെട്ടരുതെന്നും അതിന്ന ആരും സഹായം ചെയരുതെന്നും കൂടെ കൂടെരുതന്നും. ഇതിന്ന മറുത്ത ചെയുന്നവർക്ക വെളിച്ചമെ മഹറൊൻ ചൊല്ലണം എന്നും അങ്ങനെ കെട്ടുന്നത വാസ്തം അല്ല എന്നും കെട്ടാതെ ഒരുത്തിയെ വച്ച ഇരിക്കുംവണ്ണം വച്ചിരിക്ക അത്രെ ആകുന്നു എന്നും ശുദ്ധമാന സൂനഹദൊസ എല്ലാവരൊടും അറിയിക്കുന്നു.

പന്ത്രണ്ടാം കാനൊന

മെൽ എഴുത്തുപ്പട്ടവണ്ണം കെട്ടിയവരെ പിരിഞ്ഞ വഴിയെ നടപ്പാൻ മനസ്സ ഒള്ള പട്ടക്കാരർക്ക കുറുബാന ചെകയും ശെഷം തങ്ങൾക്ക അടുത്ത കൂദാശകളെയും ചെതുകൊള്ളാം. രണ്ടാംവട്ടം കെട്ടി എംകിലും ശരടവാങ്ങിയവരെ കെട്ടിയെങ്കിലും കണക്കെ ഇത അറിയാതെ പെഴച്ചു എന്നതിനെ ശുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ട പള്ളിയുടെ കല്പനകൾ ആകുന്നത ഇങ്ങനത്തവരെ പിന്നെ കൂദാശകളിൽ ഒന്നും ചെയരുത എന്ന എംകിലും ഇത അനുവസിച്ചു.”[13]

ഈ കാനോനകൾ പ്രകാരം:

1. മേലിൽ പട്ടക്കാർ വിവാഹം കഴിക്കാൻ പാടില്ല.

2. വിവാഹം ചെയ്തിട്ടുള്ളവർ അവരുടെ ഭാര്യമാരെയും മക്കളെയും ഉപേക്ഷിച്ചാൽ പട്ടക്കാരായി തുടരാം.

3. രണ്ടാം വിവാഹം ചെയ്തവർക്ക് രണ്ടാം ഭാര്യയെ ഉപേക്ഷിച്ചാൽ പട്ടക്കാരായി തുടരാം.

4. വെപ്പാട്ടികളുള്ള പട്ടക്കാർക്ക് അവരെ ഉപേക്ഷിച്ചാൽ പട്ടക്കാരായി തുടരാം.

വിവാഹിതരായ പുരോഹിതന്മാരുണ്ടായിരുന്ന നമ്മുടെ നസ്രാണിസഭയിലും നിർബന്ധിതവൈദികബ്രഹ്മചര്യം ഇപ്രകാരം 1599 മുതൽ ഉദയംപേരൂർ സൂനഹദോസിലൂടെ അടിച്ചേല്പിക്കുകയാണുണ്ടായത്.

വിവാഹിത പൗരോഹിത്യം പാശ്ചാത്യസഭയുടെ വീക്ഷണത്തിൽ ഒരപവാദമാണ്. എന്നാൽ പൗരസ്ത്യസഭകളുടെ വീക്ഷണത്തിൽ വിവാഹിതപൗരോഹിത്യം സാധാരണവും അപ്പോസ്തലിക പാരമ്പര്യത്തോട് അനുയോജ്യപ്പെട്ടു പോകുന്നതുമാണ്. പാശ്ചാത്യ-പൗരസ്ത്യ ക്രൈസ്തവ ജീവിതവീക്ഷണ വ്യത്യാസമാണ് നാം ഇവിടെ കാണുന്നത്.

പഴയകാലവും പഴയവീക്ഷണങ്ങളും സഭയിൽ മാറിത്തുടങ്ങി. രണ്ടാംവത്തിക്കാൻ കൗൺസിലിലെ പൗരസ്ത്യകത്തോലിക്കാ സഭകളെ സംബന്ധിക്കുന്ന ഡിക്രിയിൽ ഇപ്രകാരം കാണുന്നു: “അതിനാൽ പൗരസ്ത്യസഭകൾക്കും പാശ്ചാത്യസഭകളെപ്പോലെതന്നെ തങ്ങ

ളുടെ പ്രത്യേകശിക്ഷണത്തിനനുസരിച്ചു സ്വയം ഭരിക്കാനുള്ള അവകാശവും കടമയുമുണ്ടെന്ന് ഈ കൗൺസിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു........നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യസഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ......കാലത്തിന്റെയോ വ്യക്തിയുടെയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്കു ചേരാത്തവിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചു പോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേയ്ക്ക് തിരിയുവാൻ അവർ ശ്രമിക്കേണ്ടതാണ്.”[14]

മൽക്കയിറ്റ് (Melkite), ബൈസന്റൈൻ (Byzantine), യുക്രേനിയൻ (Ukaranian) തുടങ്ങിയ പൗരസ്ത്യകത്തോലിക്കാസഭകളിൽ, ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിൽപോലും, വിവാഹിതരായ പുരോഹിതർ സേവനം ചെയ്യുന്നുണ്ട്. 1996-ൽ അമേരിക്കയിലെ നൂട്ടൻ (Newton) മൽക്കയിറ്റ് രൂപതാധ്യക്ഷൻ ബിഷപ്പ് ജോൺ ഏലിയ (Bishop John Elya) റോമിന്റെ പ്രത്യാഘാതങ്ങളൊന്നുമില്ലാതെ, വിവാഹിതനായ ഒരാൾക്ക് പൗരോഹിത്യപട്ടം നൽകി. അങ്ങനെ രണ്ടാംവത്തിക്കാൻ കൗൺസിലിലെ ഡിക്രി അനുസരിച്ച് പല പൗരസ്ത്യസഭകളും വിവാഹിതപൗരോഹിത്യത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്തുകൊണ്ട് നമ്മുടെ സീറോ മലബാർ കത്തോലിക്കാസഭയും സീറോ മലങ്കരകത്തോലിക്കാസഭയും നമ്മുടെ പൂർവ പാരമ്പര്യമായ വിവാഹിത പൗരോഹിത്യത്തിലേക്ക് തിരിച്ചുപോകുന്നില്ലായെന്ന് ചിന്തിക്കേണ്ടതാണ്. ഉദയംപേരൂർ സൂനഹദോസിന്റെ പരിണിതഫലമായും ലത്തീൻസഭയുടെ അധിനിവേശത്താലും കേരളത്തിലെ ആരാധനക്രമം മുഴുവൻ ലത്തീനികരിച്ച് താറുമാറാക്കിക്കളഞ്ഞെന്നും അവ വീണ്ടെടുക്കണമെന്നും പറഞ്ഞ് വിപ്ലവമുണ്ടാക്കുന്ന ചില സഭാധികാരികളും ദൈവശാസ്ത്രജ്ഞരും കേരളത്തിലെ പള്ളിഭരണ കാര്യത്തിലും വിവാഹിത പൗരോഹിത്യത്തിന്റെ കാര്യത്തിലും എന്തുകൊണ്ട്, ആ ഉശിരു കാണിക്കുന്നില്ല?

യഥാർത്ഥത്തിൽ വിവാഹിതരായ പുരോഹിതർ സഭാധികാരികൾക്ക് മുതൽക്കൂട്ടാണ്; ദൈവജനത്തിന് അത്താണിയാണ്. കാരണം ഒരു കുടുംബത്തിന്റെ പ്രശ്നങ്ങളെ അനുഭവത്തിലൂടെ മനസ്സിലാക്കാൻ അവർക്കു കഴിയും. വിശ്വാസികളോട്, പ്രത്യേകിച്ച് സഭയിൽ യാതൊരു അവകാശവുമില്ലാത്ത സ്ത്രീകളോട്, ദയാപൂർവം പെരുമാറാൻ സാധിക്കുന്നവരാണവർ. വൈവാഹിതജീവിതത്തിലെ പ്രശ്നങ്ങളുമായി തന്നെ സമീപിക്കുന്നവർക്ക് വ്യക്തമായ മാർഗനിർദേശം നല്കാൻ അവർ പ്രാപ്തരാണ്. വിവാഹമോചനത്തിൽ ഏർപ്പെട്ടവരുടെ പ്രത്യേക ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവർക്ക് വേണ്ട ശുശ്രൂഷകൾ ചെയ്യാൻ സാധിക്കുന്നവരാണവർ. തന്നെ ഭരമേൽപിച്ചിരിക്കുന്ന ദൈവജനത്തിന് കൂടുതൽ വിനയത്തോടും സ്നേഹത്തോടും കൂടി സേവനം ചെയ്യാൻ

അവർ സന്നദ്ധരാണ്. പല കുട്ടികൾ ജനിക്കുന്നതിനാലുള്ള കുടുംബഭാരം മനസ്സിലാക്കാൻ കെല്പുണ്ടവർക്ക്. വിവാഹാന്തസ്സിലേക്കു പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്കു വേണ്ട സദുപദേശങ്ങൾ നല്കാൻ അവർക്കു കഴിവുണ്ട്. ഇടവകകുടുംബത്തിലെതന്നെ അംഗങ്ങളാണല്ലോ അവർ.

ബ്രഹ്മചര്യം എന്ന ദുർവഹമായ ചുമട് ഒരു വൈദികനിൽ നിർബന്ധമായി വയ്ക്കുന്നത് അനീതിയാണ്.

എല്ലാ പുരോഹിതരും പട്ടസ്വീകരണത്തിനു മുൻപ് നിർബന്ധിത ബ്രഹ്മചര്യപ്രതിജ്ഞ മെത്രാന്റെ മുൻപിൽ എടുക്കണമെന്നുള്ളത് ദൈവനീതിക്ക് വിപരീതമാണ്; അക്രൈസ്തവമാണ്. ക്ലേർജി ഉദ്യോഗം ഉപേക്ഷിച്ചുപോകുന്ന ഒരു വൈദികൻ അയാൾക്ക് ഒരിക്കലും പൗരോഹിത്യത്തിലേക്ക് 'ദൈവവിളി' ഇല്ലായിരുന്നെന്നും മനഃശാസ്ത്രപരമായി സ്ഥിരത ഇല്ലാത്തവനാണെന്നും കാണിച്ച് (പരമാർഥം നേരേ മറിച്ചാണെങ്കിലും) വത്തിക്കാന് കടലാസ് ഒപ്പിട്ടു കൊടുക്കണം. ഇതില്പരം ഒരു വ്യക്തിയെ അവഹേളിക്കാനുണ്ടോ?

ക്ലേർജികൾ അവിവാഹിതരായിരിക്കണമെന്നുള്ള സഭാനിയമം നിർബന്ധമെങ്കിൽ ആ ലത്തീൻ റീത്ത് എന്തുകൊണ്ട് വിവാഹിതരായ വൈദികരെ ക്ലേർജികളായിട്ടെടുക്കുന്നു? അമേരിക്കയിൽ മാത്രം 100-ൽ കൂടുതൽ വിവാഹിതരായ വൈദികർ ലത്തീൻ റീത്തിൽ സേവനം ചെയ്യുന്നുണ്ട്. അവർ എപ്പിസ്കോപ്പൽ സഭയിൽനിന്നും ലൂഥറൻ സഭയിൽനിന്നും കത്തോലിക്കാസഭയിലേക്ക് വന്നവരാണ്. അവരുടെ ഭാര്യയെയും മക്കളെയും ഉപേക്ഷിച്ചിട്ടേ കത്തോലിക്കാസഭയിലേയ്ക്ക് വരാവൂ എന്ന നിബന്ധനകളൊന്നും വത്തിക്കാൻ വച്ചിട്ടില്ല. എങ്കിലും 20,000-നുമേൽ പുരോഹിതർ വിവാഹിതരായതിന്റെ പേരിൽ നിർബന്ധമായി അമേരിക്കയിൽ മാത്രം പിരിച്ചുവിടപ്പെട്ടിട്ടുണ്ട്.

ബ്രഹ്മചര്യപ്രതിജ്ഞ എടുത്ത വ്യക്തികൾക്കു മാത്രമേ വൈദികപട്ടം നൽകാവൂ എന്ന നിയമം ഉണ്ടായിരിക്കുകയും അതേസമയം 'അവിവാഹിതാവസ്ഥ പൗരോഹിത്യത്തിന്റെ അനിവാര്യമായ ഘടകമല്ല' എന്ന് പ്രസ്താവിക്കുകയും ചെയ്യുന്നത് വിരോധാഭാസമല്ലേ? വിവാഹം കഴിച്ചതിന്റെ പേരിൽ വൈദികസ്ഥാനത്തുനിന്നു നീക്കം ചെയ്യുകയും അതേ സമയം മറ്റ് സഭകളിൽനിന്നു വരുന്ന വിവാഹിതരായ വൈദികരെ ശുശ്രൂഷയ്ക്കായി നിയമിക്കുകയും ചെയ്യുന്നത് വിരോധാഭാസമല്ലേ? സഭാധികാരികളുടെ തികഞ്ഞ കൊള്ളരുതായ്മയല്ലേ?

പൗരസ്ത്യദേശങ്ങളിൽ കർത്താവിന്റെ കാലത്തിനു മുമ്പും പിമ്പും മുനികളും വാനപ്രസ്ഥരും ഉണ്ടായിരുന്നു. അവരെല്ലാം ബ്രഹ്മവിചാരത്തിൽ മുഴുകിയ മഹാതപസ്വികളും ശുദ്ധത (Celibacy) കൃത്യമായി പാലിച്ചവരുമായിരുന്നു. കത്തോലിക്കാസഭയിൽ തന്നെ ബ്രഹ്മചര്യവ്രതം എടുത്തിട്ടുള്ള സന്ന്യാസിനീസന്ന്യാസികൾ ലക്ഷക്കണക്കി

നുണ്ട്. അവർ ആ ജീവിതശൈലി സ്വയം സ്വീകരിച്ചവരാണ്. തമ്പുരാൻ അവർക്ക് പ്രത്യേകവരം നൽകിയിട്ടുണ്ടെന്നാണ് കത്തോലിക്കാ ദൈവശാസ്ത്രം പഠിപ്പിക്കുന്നത്. ഹൈന്ദവമതത്തിലും ബുദ്ധമതത്തിലുമൊക്ക ബ്രഹ്മചാരികളായ സന്ന്യാസികൾ ധാരാളമുണ്ട്. അവർ ആ ജീവിതരീതിയാണ് കാംക്ഷിക്കുന്നത്. അവർ അതിനാൽ രക്ഷിക്കപ്പെടട്ടെ. പക്ഷേ, പുരോഹിതനാകുന്നതിന്റെ പേരിൽ ബ്രഹ്മചര്യം നിർബന്ധമാക്കുന്നത് അനീതിയാണ്. സഭയിലെ ഇരട്ടത്താപ്പുനയം അവസാനിപ്പിക്കണം.

നിർബന്ധിത വൈദികബ്രഹ്മചര്യം സഭയിലെ ശിക്ഷണസംബന്ധമായ ഒരു നിയമമാണ്, അത് മനുഷ്യനിർമിതമാണ്, റോമൻ കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണങ്ങളുടെ ഭാഗമല്ല. പാശ്ചാത്യനാടുകളിൽ വൈദികക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കയാണ്. നിർബന്ധിത ബ്രഹ്മചര്യനിയമം നീക്കം ചെയ്താൽ സഭ വിട്ടുപോയ ഒന്നരലക്ഷത്തോളം വൈദികരുടെ സേവനം സഭയ്ക്ക് ഉടൻ ലഭിക്കും. കൂടുതൽ വൈദികാർഥികളെ ലഭിക്കും. അങ്ങനെ വൈദികക്ഷാമം ഇല്ലാതാകും. വിശ്വാസികൾക്കാവശ്യമായ ശുശ്രൂഷ ലഭ്യമാവുകയും ചെയ്യും.

യൂറോപ്പിലും അമേരിക്കയിലും ഓസ്ട്രേലിയായിലും, എന്നുവേണ്ട നമ്മുടെ നാട്ടിൽപ്പോലും ഈ നിർബന്ധിത ബ്രഹ്മചര്യനിയമം കാരണം മെത്രന്മാരും വൈദികരും ലൈംഗികപ്രശ്നങ്ങളിൽ കുടുങ്ങാറുണ്ട്. കോടിക്കണക്കിന് ഡോളറിന്റെ സാമ്പത്തികനഷ്ടവും മാനക്കേടും സഭയ്ക്ക് മിച്ചം. കത്തോലിക്കാസഭയോടുള്ള വിശ്വാസം നഷ്ടപ്പെട്ട് വിശ്വാസികൾ സഭ വിട്ടുപോകുന്നു. സഭ ഇന്ന് അപകടസന്ധിയിലാണ്. കാലത്തിന്റെ ചുവരെഴുത്തുകളെ സഭാനേതാക്കൾ തിരിച്ചറിയണം. വിവാഹിതർക്കും വൈദികരാകാം എന്ന വാക്യത്തിന്റെ കീഴെ മാർപ്പാപ്പാ തന്റെ തൂലിക ചലിപ്പിച്ചാൽ ഈ അപകടസന്ധി ഒഴിവാക്കാം.

യേശു വിവാഹിതരെയും അവിവാഹിതരെയും ശുശ്രൂഷാ വേലയ്ക്ക് തെരഞ്ഞെടുത്തു. വിവാഹിതരെയും സ്ത്രീകളെയും യേശു ശുശ്രൂഷാ വേലയിൽനിന്ന് മാറ്റിനിർത്തിയിട്ടില്ല. യേശുവിന്റെ മുമ്പിൽ അവിവാഹിതർക്കുമാത്രം പട്ടം നല്കുന്ന നിയമം ന്യായീകരിക്കപ്പെടുകയില്ല. അപ്പോൾ അവിവാഹിതരിൽനിന്നു മാത്രം കൂടുതൽ വൈദികാർഥികളെ ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ ദൈവത്തോട് പ്രാർഥിക്കുന്നത് ദൈവത്തെ അവഹേളിക്കുന്നതിന് തുല്യമല്ലേ?

പാശ്ചാത്യ-പൗരസ്ത്യദേശങ്ങളിൽ 12-ാം നൂറ്റാണ്ടുവരെ വിവാഹിതരായ പുരോഹിതർ ശുശ്രൂഷ ചെയ്തിരുന്നു. 12-ാം നൂറ്റാണ്ടിൽ മാത്രമാണ് പാശ്ചാത്യദേശത്തെ പുരോഹിതർക്ക് വിവാഹം മുടക്കിയത്. പൗരസ്ത്യദേശത്തെ പുരോഹിതർ അന്നും ഇന്നും വിവാഹിതരാണ്. പ്രോട്ടസ്റ്റന്റു സഭകളിലെ വിവാഹിതരായ മിനിസ്റ്റേഴ്സിനെ കത്തോലിക്കാപുരോഹിതരായി തുടരാൻ ഇന്നും അനുവദിക്കുന്നുണ്ടെങ്കിലും

വിവാഹിതരായ കത്തോലിക്കാവൈദികരെ പുറത്താക്കുന്നു! ദൈവനീതിക്കു വിപരീതമായ, കൂദാശകളെ ബന്ധിയാക്കുന്ന, പ്രവർത്തനമല്ലേ ഇത്?

പരിശുദ്ധകുർബാന ദൈവാരാധനയുടെ പാരമ്യമാണ്. കഴിഞ്ഞ 20 നൂറ്റാണ്ടുകളിലെ ദൈവജനത്തിന് അത് ആധ്യാത്മിക പരിപോഷണവും ദൈവകൃപയുടെ ചാലുമായിരുന്നു. സഭയുടെ തെറ്റായ നയംമൂലം ലക്ഷക്കണക്കിന് വിശ്വാസികൾക്കിന്ന് പരിശുദ്ധകുർബാന നിഷേധിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ 40 വർഷത്തിനിടെ ഒന്നരലക്ഷത്തോളം പുരോഹിതർ ക്ലേർജി സ്ഥാനം ഉപേക്ഷിച്ചുപോയിട്ടുണ്ട്. അവിവാഹിതാവസ്ഥയിൽ തുടരാനുള്ള ബുദ്ധിമുട്ടാണ് അതിന് ഒരു കാരണം. അവരിൽ ഭൂരിപക്ഷം വൈദികരും വിവാഹിതരായി. ആ വിവാഹിതരായ പുരോഹിതർ പള്ളിയിലെ പ്രാർഥനാസമ്മേളനങ്ങളിൽ ഉണ്ടായിരുന്നിട്ടും ക്ലേർജിസ്ഥാനത്തിന്റെയും പുരോഹിതന്റെയും അഭാവത്തിൽ പരിശുദ്ധകുർബാനയുടെ സ്ഥാനത്ത് പൊതുപ്രാർഥനകൾമാത്രം നടത്തുകയും പൂജാർപ്പണം നടത്താതിരിക്കുകയും ചെയ്യുന്നുണ്ട്. ആത്മാക്കളുടെ രക്ഷയാണ് പരമപ്രധാനമായ സഭാദൗത്യമെങ്കിൽ (ലത്തീൻ സഭയുടെ കാനൻ 1752) സഭയുടെ ഈ നിലപാട് ശരിയാണോ?

പാശ്ചാത്യ-പൗരസ്ത്യസഭകളിലെ വിവാഹിതരായ വൈദികർ പൗരോഹിത്യത്തിലൂടെ സഹോദരപുരോഹിതരാണ്. സ്ഥാപിതസഭയുടെ എല്ലാവിധ ആനുകൂല്യങ്ങൾക്കും അവർ അർഹരാണ്. അവർ മാർപ്പാപ്പായുടെയും സഹോദരപുരോഹിതരാണ്. അവർ പരസ്പരം സ്നേഹത്തിന്റെ ചുംബനങ്ങൾകൊണ്ട് അഭിവാദനം ചെയ്യുന്നു. ഇപ്പോൾത്തന്നെ ഒന്നരലക്ഷത്തോളം വിവാഹിതരായ പുരോഹിതർ സഭയ്ക്കു പുറത്തുണ്ട്. ആ പുരോഹിതർ ബലിപീഠത്തിനുചുറ്റും മാർപ്പാപ്പായോടൊപ്പംനിന്ന് എന്നായിരിക്കും ബലിയർപ്പിക്കുകയും സ്നേഹത്തിന്റെ ആശ്ലേഷം പങ്കുവയ്ക്കുകയും ചെയ്യുക?

ഒരു ക്ലേർജി വിവാഹിതനായാൽ പള്ളിക്കു പുറത്താക്കപ്പെട്ടവനാകുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യ മരിക്കുകയും കുട്ടികൾ പ്രായപൂർത്തിയായിക്കഴിയുകയും ചെയ്താൽ അദ്ദേഹത്തെ വീണ്ടും റോമൻ കത്തോലിക്കാസഭയിലെ പുരോഹിതനായി തുടരാൻ സഭ അനുവദിക്കുന്നു. അപ്പോൾ ഒരു വ്യക്തിയുടെ ബ്രഹ്മചര്യപ്രതിജ്ഞയെക്കാൾ സഭയ്ക്കു പ്രധാനം അയാൾക്ക് ഒരു ഭാര്യ ഉണ്ടാകാതിരിക്കണമെന്നുള്ളതാണ്.

ദിവ്യബലിയാണ് ബ്രഹ്മചര്യത്തെക്കാൾ പ്രധാനം. ബ്രഹ്മചര്യനിയമം കാരണം ദൈവജനത്തിന് ദിവ്യബലി എന്ന കൂദാശ ലഭിക്കാതെ വരുന്നത് അക്ഷന്തവ്യമായ തെറ്റാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ അവസാനിച്ച് രണ്ടുവർഷം കഴിഞ്ഞപ്പോൾ പോൾ ആറാമൻ മാർപ്പാപ്പാ മെത്രാന്മാരോടൊന്നും ആലോ

ചിക്കാതെ വിവാദപരമായ വൈദികബ്രഹ്മചര്യ നിയമം അദ്ദേഹത്തിന്റെ സച്ചെർദോത്താലിസ് ചെലിബാത്തൂസ് എന്ന ചാക്രികലേഖനം വഴി നിർബന്ധമാക്കി.[15] 1980 ജൂലൈ 22-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ബ്രഹ്മചര്യനിയമത്തിന് അപവാദമെന്ന രീതിയിൽ വിവാഹിതരായ ആംഗ്ലിക്കൻ, ലൂഥറൻ മിനിസ്റ്റേഴ്സിനെ ലാറ്റിൻ സഭയിൽ (അമേരിക്ക) പുരോഹിതരാകാൻ അനുവദിച്ചു. ബ്രഹ്മചര്യം വൈദികന് ആവശ്യമാണ്; പക്ഷേ, അതൊരത്യാവശ്യഘടകമല്ല, എന്നാണല്ലോ ഇതുകൊണ്ട് അർഥമാക്കുന്നത്. ബ്രഹ്മചര്യം പൗരോഹിത്യത്തിന്റെ സുപ്രധാനഘടകമെങ്കിൽ എന്തിന് ഈ വിട്ടുവീഴ്ച നൽകുന്നു? വിവാഹം ചെയ്താൽ കത്തോലിക്കാ ക്ലേർജികൾക്ക് അവരുടെ ക്ലേർജി സ്ഥാനം നഷ്ടപ്പെടും. വിവാഹിതരായ മിനിസ്റ്റേഴ്സിന് കത്തോലിക്കാ സഭയിലേക്ക് ചേർന്നാൽ പൗരോഹിത്യസ്ഥാനം ലഭിക്കും. പട്ടസ്വീകരണത്തിനുശേഷം ക്ലേർജികൾ വിവാഹം കഴിക്കുന്നതാണ് സഭാധികാരികൾക്ക് അപ്രിയമെങ്കിൽ വിവാഹിതരായവർക്ക് പട്ടം കൊടുത്തുകൂടേ? ചെക് റിപ്പബ്ലിക് (Czech Republic), ഹംഗറി (Hungary), സ്ലോവാക്കിയ (Slovakia), യൂക്കറേൻ (Ukrane), ഇറാക്ക് (Iraq), അമേരിക്ക (America) തുടങ്ങിയ രാജ്യങ്ങളിൽ വിവാഹിതരായ പുരോഹിതർ ഇന്ന് കത്തോലിക്കാസഭയിൽ സേവനം ചെയ്യുന്നുണ്ട്.

സഭാധികാരം യാഥാസ്ഥിതികരാൽ ഇന്ന് നിറഞ്ഞിരിക്കയാണ്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായും ഇപ്പോഴത്തെ ബനഡിക്റ്റ് മാർപ്പാപ്പായും യാഥാസ്ഥിതികരായ പുരോഹിതരെ തപ്പിത്തേടി കണ്ടുപിടിച്ച് മെത്രാന്മാരാക്കിയിരിക്കയാണ്. സഭയിലെ 80 ശതമാനത്തിലേറെ മെത്രാന്മാരും സൂപ്പർ യാഥാസ്ഥിതികരാണ്. വൈദികബ്രഹ്മചര്യനിയമത്തിന് മാറ്റമൊന്നും ഇവരിൽനിന്ന് പ്രതീക്ഷിക്കേണ്ടാ, പരിശുദ്ധറൂഹാ നേരിട്ട് ഇവരിൽ ഇടപെട്ടില്ലെങ്കിൽ. കഴിഞ്ഞ നൂറ്റാണ്ടുവരെ 70 ശതമാനത്തോളം കത്തോലിക്കർ യൂറോപ്പിലും അമേരിക്കയിലുമായിരുന്നു അധിവസിച്ചിരുന്നത്. എന്നാൽ ഇന്ന് 70 ശതമാനത്തോളം കത്തോലിക്കർ ഏഷ്യാ, ആഫ്രിക്ക, തെക്കേഅമേരിക്ക എന്നീ ഭൂപ്രദേശങ്ങളിലാണ് വസിക്കുന്നത്. ഇവർ യൂറോപ്യൻ ക്രിസ്ത്യാനികളെ വച്ചുനോക്കുമ്പോൾ കൂടുതൽ യാഥാസ്ഥിതികരാണ്. അവർക്ക് വിവാഹിത പൗരോഹിത്യത്തെ അംഗീകരിക്കാൻ പ്രയാസം.

സഭയുടെ ഭരണവിഷയകവും മതാധികാരപരവുമായ കാരണങ്ങളാലാണ്, ആധ്യാത്മിക കാരണങ്ങളാലൊന്നുമായിരുന്നില്ല, പുരോഹിതർക്കുള്ള നിർബന്ധിത ബ്രഹ്മചര്യനിയമം സഭയിൽ കയറിക്കൂടിയത്. മേലിലും അതേ കാരണങ്ങളായിരിക്കും ഇക്കാര്യത്തിലെ നിർണായക ഘടകം. പക്ഷേ, യാഥാർഥത്തിൽ പൗരാണിക ആചാരങ്ങളുടെ പുനരുദ്ധാരണവും അപ്പോസ്തലരെ യേശു തെരഞ്ഞെടുത്ത രീതിയോടുള്ള ആത്മാർഥതയുമായിരിക്കണം ഈ കാര്യത്തിലെ നിർണായകഘടകം.

16,000-ഓളം വിവാഹിതരായ സ്ഥിര ഡീക്കന്മാർ (Permanent Deacons) അമേരിക്കയിൽ ഇന്ന് സേവനം ചെയ്യുന്നുണ്ട്. സ്തുത്യർഹ മായ സേവനമാണ് അവർ സഭയ്ക്ക് ചെയ്തുകൊണ്ടിരിക്കുന്ന തെന്നാണ് അമേരിക്കൻ സഭയുടെ വിലയിരുത്തൽ. വിവാഹിതരായ പുരോഹിതരും സഭയ്ക്ക് ശ്രദ്ധേയമായ സേവനം ചെയ്യുമെന്നുള്ളതിന്റെ തെളിവാണിത്. വിവാഹം, വിവാഹമോചനം, ജനനനിയന്ത്രണം തുട ങ്ങിയ വിഷയങ്ങളിൽ വിവാഹിതരായ പുരോഹിതരുടെ മാർഗനിർദേശം അല്മായർക്ക് കൂടുതൽ സ്വീകാര്യമായിരിക്കും. അല്മായരുടെ ആവലാ തികൾക്ക് ഒരു പുത്തൻ ചെവിയായിരിക്കും അവർ. അവിവാഹിത പുരോഹിതർ ഇത്തരം വിഷയങ്ങളിൽ വിശ്വാസികളെ നയിക്കാൻ അനു ഭവജ്ഞാനം ഉള്ളവരല്ലല്ലോ.

ആനി മർഫിയുടെ (Annie Murphy) 'വിലക്കപ്പെട്ട കനി' (Forbidden Fruit) എന്ന പുസ്തകം ആനിയുടെ ആത്മകഥയാണ്. അവിവാഹിത പൗരോഹിത്യത്തിന്റെ ദൂഷ്യവശങ്ങളെയും വീഴ്ചകളെയും ഈ പുസ്ത കത്തിൽ ഗൗരവപൂർവം വിശകലനം ചെയ്യുന്നുണ്ട്.[16] അയർലൻഡിലെ കെറി (Kerry) രൂപതയുടെ മെത്രാനായിരുന്നു ഈമോൻ കെയ്സി (Eammon Casey). ആനി ഒരു യഹൂദനെ വിവാഹം ചെയ്തെങ്കിലും കുട്ടികൾ ജനിക്കുന്നതിനുമുമ്പ് അവർ വിവാഹമോചനം നേടി. വിവാഹ മോചനം മുഖേനയുള്ള അവളുടെ മാനസിക ബുദ്ധിമുട്ടുകൾക്ക് അയവുവരുത്തുന്നതിനുവേണ്ടി ആനിയുടെ മാതാപിതാക്കൾ അവളെ ഈമോന്റെ അടുത്തേക്കു പറഞ്ഞയച്ചു. ആനി അമേരിക്കക്കാരിയും ഈമോന്റെ അകന്ന ഒരു കസിനുമാണ്. ഈമോൻ ആനിയെ തന്റെ കൂടെ താമസിപ്പിച്ചു. കാലക്രമേണ ആനി ഈമോന്റെ രഹസ്യകാമുകി യായി. ഏറെത്താമസിയാതെ പീറ്റർ എന്നു പേരായ ഒരു മകൻ അവർക്ക് ജനിച്ചു. അപ്പനെന്ന നിലയിൽ ഈമോൻ പീറ്ററിനെ വളർത്തു ന്നതിനാവശ്യമായ സാമ്പത്തികസഹായം ചെയ്യാതിരുന്നതിനാലും മെത്രാൻ സ്ഥാനം ഉപേക്ഷിച്ച് പീറ്ററും ആനിയും ഒന്നിച്ച് ഒരു കുടുംബ ജീവിതം അസാധ്യമെന്ന് മനസ്സിലാക്കിയതിനാലും ആനി വിലക്കപ്പെട്ട കനി എന്ന പേരിൽ അവളുടെ ആത്മകഥ എഴുതി പ്രസിദ്ധം ചെയ്തു. ഈമോന്റെ രഹസ്യജീവിതം - പകൽ മെത്രാൻ, രാത്രി രതിക്രീഡ ക്കാരൻ - 19 വർഷങ്ങൾക്കുശേഷം അങ്ങനെ വെളിയിൽവന്നു. ഭക്തി യുള്ള കാപട്യക്കാരനായ അദ്ദേഹം മെത്രാൻസ്ഥാനം രാജിവച്ചു. രാജി വയ്ക്കുമ്പോൾ അയാൾ ഗാൽവെയുടെ (Galway) മെത്രാനായിരുന്നു.

പരഗുവെയുടെ (Paraguay) ഇപ്പോഴത്തെ പ്രസിഡന്റ് ഫർനാൻഡൊ ലുഗോ (Fernando Lugo) ഒരു കത്തോലിക്കാ മെത്രാനായിരുന്നു. 2008 ഓഗസ്റ്റ് 15-നാണ് അദ്ദേഹം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത്. മെത്രാനായിരുന്നപ്പോൾ അദ്ദേഹത്തിനൊരു പുത്രൻ ജനിച്ചു. അദ്ദേഹം അതു പരസ്യമായി സമ്മതിക്കുകയും ചെയ്തു. രണ്ടു വയസ്സായ ആ

കുട്ടി 2009 ഏപ്രിലിൽ ഒരു കെട്ടിടത്തിന്റെ മൂന്നാം നിലയിൽനിന്നു വീഴാനിടയായി. ഒരു പോറലുപോലും ആ കുട്ടിക്കുണ്ടാകാതെ വീഴ്ചയിൽ നിന്നു രക്ഷപ്പെട്ടു. ലുഗോയുടെ കാമുകി വിവിയാനയുടെ (Viviana) വക്കീൽ വാൾട്ടർ (Walter) ഈ സംഭവത്തെപ്പറ്റി പറഞ്ഞത്, ''അവൻ ഒരു മെത്രാന്റെ പുത്രനാണ്; യാതൊരു സംശയവുമില്ല, ഇതൊരത്ഭുതമാണ്'' എന്നാണ്.[17]

സിംബാബ്‌വെയിലെ (Zimbabwe) മെത്രാപ്പോലീത്താ പീയൂസ് ന്യൂബെയ്ക്കെതിരായി (Pius Neube) വ്യഭിചാരകുറ്റാരോപണം ഉണ്ടായി. സിംബാബ്‌വെ അപ്പോൾ രാഷ്ട്രീയവും സാമ്പത്തികവുമായ വലിയ പ്രതിസന്ധിയിലായിരുന്നു. ന്യൂബെ മെത്രാപ്പോലീത്താ സംഭവം കാരണം, രാജ്യത്തിന്റെ ഈ പ്രതിസന്ധിയിൽ നിന്നു ജനശ്രദ്ധ മാറുകയില്ലായിരിക്കുമെന്ന് തെക്കേ ആഫ്രിക്കൻ മെത്രാൻസംഘം പ്രത്യാശ പ്രകടിപ്പിച്ചു. മെത്രാൻസംഘത്തിന്റെ പ്രത്യാശ അത്ഭുതകരംതന്നെ.[18]

കന്നു കയം കണ്ടപോലെ അനുരാഗക്രീഡയിൽ മുങ്ങിപ്പൊങ്ങുന്ന ഇത്തരം മെത്രാന്മാരും വൈദികരും അവരുടെ രക്തത്തിന്റെ രക്തമായ സ്വന്തം മക്കളെ കൈകൊണ്ട് സ്പർശിക്കാൻ പോലും കൂട്ടാക്കുകയില്ല. ഈമോൻ കെയ്സി മെത്രാൻ പീറ്ററിനെ സ്പർശിക്കയില്ലായിരുന്നു. സ്വന്തം കുട്ടികളെ ജാരസന്തതികളായി കാണുന്ന ഈ കപടവേഷധാരികൾ ദിവ്യബലിയിൽ തിരുവോസ്തി പൊക്കിപ്പിടിച്ച് വിസ്മയത്തോടെ ആരാധിക്കും. ആഗസ്തീനോസ് പുണ്യവാന് അവിഹിതബന്ധത്തിൽ ഒരു മകനുണ്ടായി. എങ്കിലും അവന് അദെയോദാത്തുസ് (Adeodatus-Gift of God-ദൈവത്തിന്റെ സമ്മാനം) എന്ന പേരു നല്കി, അദ്ദേഹം അവനിൽ അഭിമാനം കൊണ്ടു. ഗർഭഛിദ്രത്തെ നഖശിഖാന്തം എതിർക്കുന്ന ചില മെത്രാന്മാർ ഹേറോദേസിന്റെ ശിശുവധംവരെ ചെയ്തുകളയും. ഒരു ആദിവാസിപ്പെണ്ണിന് ഒരു വൈദികൻ ഗർഭം ഉണ്ടാക്കി. ആ വിവരം അദ്ദേഹത്തിന്റെ മെത്രാൻ അറിഞ്ഞു. രാവിലെ ദിവ്യബലി അർപ്പിച്ചശേഷം പെണ്ണിനെ കൂട്ടിക്കൊണ്ടുപോയി ഗർഭച്ഛിദ്രം നടത്തി വരാൻ മെത്രാൻ വൈദികനോടു കല്പിച്ചു. ഒരു വൈദികൻ എന്നോടു നേരിട്ടു പറഞ്ഞ സംഭവമാണിത്. എല്ലാ ദിവസവും ദിവ്യബലി എന്ന അത്ഭുതം ഇവർ ചെയ്യും. ദൈവത്തെ വിശ്വാസികളുടെ നാവിൽ വയ്ക്കും. ഒരിക്കലും പൊറുക്കാൻ പാടില്ലാത്ത പാപങ്ങൾക്കിവർ മാപ്പു നല്കും. മരണക്കിടക്കയിൽ കിടക്കുന്നവരെ കൈ പിടിച്ച് സ്വർഗത്തിലേക്കയയ്ക്കും. എന്നാൽ ഒരു പശു ഇവർക്കു വിഘ്നമായിവന്നാൽ അതിനെയും ഇവർ പള്ളിക്കു പുറത്താക്കും. അതല്ലെങ്കിൽ 'പോപ്പിന്റെ മൂരിക്കുട്ടനെ' (Papal Bull) അയയ്ക്കും.

പാശ്ചാത്യനാടുകളിലെ വിശ്വാസികളിൽ ചിലർ പള്ളിയെ കാണുന്നതു മാഫിയയെപ്പോലെയാണ്. സെക്സ് സംബന്ധമായി എന്തെങ്കിലും തെറ്റ് സഭയിൽ സംഭവിച്ചാൽ ശ്വസിക്കുന്ന അതേ ലാഘവ

ത്തോടെ മെത്രാന്മാർ കള്ളം പറയും. അമേരിക്കയിലും യൂറോപ്പിലും ആസ്ത്രേലിയയിലുമെല്ലാമുണ്ടായ വൈദികരുടെ സെക്സ് അബ്യൂസ് കേസുകളിൽ നിന്നനുമാനിക്കാൻ കഴിയുന്നതതാണ്. രൂപതാഭരണത്തി ലേർപ്പെട്ടിരിക്കുന്ന അമേരിക്കയിലെ മൂന്നിൽ രണ്ടു ഭാഗം മെത്രാന്മാരും, അവർ ഭരമേല്പ്പിച്ചിരിക്കുന്ന വൈദികർ കുട്ടികളെ അബ്യൂസ് ചെയ്യുന്നു ണ്ടെന്ന് അറിഞ്ഞിട്ടും, അവർക്ക് പള്ളികൾതോറും സ്ഥലംമാറ്റം നല്കു കയാണു ചെയ്തത്. അമേരിക്കയിലെ രൂപതാഭരണത്തിൽ ഏർപ്പെട്ടിരി ക്കുന്ന എട്ടു കർദിനാളന്മാരും ഈ തെറ്റു ചെയ്തവരാണ്.[19] ഈ സഭാ ധികാരികൾ പീഡിപ്പിക്കപ്പെട്ടവർക്ക് രഹസ്യത്തിൽ നഷ്ടപരിഹാരം നല്കി പൊതുജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് രക്ഷപ്പെട്ടുകൊണ്ടിരി ക്കുകയായിരുന്നു, കത്തോലിക്കാസഭയെ ഒന്നടങ്കം പിടിച്ചുകുലുക്കിയ ഈ സംഭവം വെളിച്ചത്തു വരുന്നതുവരെ.

ചിന്തയിലും പ്രവൃത്തിയിലും സംസാരത്തിലും ചെയ്തതും ചെയ്യാതെ പോയതുമായ കുറ്റങ്ങൾക്കെല്ലാം പാപത്തിന്റെ ലേബൽ ഒട്ടിക്കുന്ന ഇവർക്ക് ഭോഗത്തിന്റെ ഭാഷ നല്ലപോലെ അറിയാം. ഈ പുരോഹിതരിൽ ചിലർക്ക് മാംസയിളക്കം (flesh quake) ഉണ്ടാകും. എന്നാൽ, 'ദോഷം' ചെയ്ത മെത്രാന്മാരും അച്ചന്മാരും നിർദോഷികളും സ്ത്രീകൾമാത്രം എന്നും പാപിനികളുമാണ്. വൈദികർ ബ്രഹ്മചര്യം തെറ്റിച്ചാൽ സഹിക്കുന്നത് സ്ത്രീകളും കുട്ടികളുമാണ്. ചങ്ങനാശ്ശേരി അതിരൂപതയിൽ ഏതാനും വർഷം മുമ്പ് നടന്ന സംഭവം ഓർമിക്കുക. ഒരു പുരോഹിത പിതാവ് സ്നേഹത്തിന്റെ ഫലമായ സ്വന്തം കുട്ടിയെ എങ്ങനെ സ്നേഹിക്കാതിരിക്കും? ഒരിക്കലും തിരിച്ചെടുക്കാൻ സാധി ക്കാത്തതും എപ്പോഴും ഓർമയിൽ അവശേഷിക്കുന്നതുമാണ് സ്നേഹ ത്തിന്റെ സുഖാനുഭവം. നിർദോഷികളായ ആ കുട്ടികൾക്ക് അതു നിഷേ ധിക്കപ്പെടുകയല്ലേ? ഇവർ സ്ത്രീകളുടെ ഹൃദയവും മനസ്സും ശരീരവും ആത്മാവും ആവശ്യപ്പെടുന്നു, കാർന്നുതിന്നുന്നു, തകർക്കുന്നു. ഇത്തരം തെറ്റുകൾ ചെയ്യുന്ന പൗരോഹിത്യഗോത്രനേതാക്കന്മാർ പൗരോഹിത്യ ത്തോടു വിടപറയുകയുമില്ല. ദൈവത്തിന്റെ യശസ്സ് സഭയെ ആശ്രയിച്ച ല്ലെന്നുള്ളത് വളരെ ആശ്വാസകരംതന്നെ. കാൽവരിയിൽ വന്ന് യേശു വിന്റെ ക്രൂരമരണം കാണാതിരിക്കാനുള്ള സഭ്യതയെങ്കിലും ഒറ്റുകാര നായ യൂദായ്ക്കുണ്ടായിരുന്നു. പക്ഷേ, ചില മെത്രാന്മാർക്കും വൈദി കർക്കും ആ സഭ്യത പോലുമില്ല!

നിർഭാഗ്യകരമായ സംഭവങ്ങൾക്ക് മെത്രാന്മാരെയും പുരോഹിത രെയും പൂർണമായി കുറ്റപ്പെടുത്താനാവില്ല. ലൈംഗികവാസന മനുഷ്യനിൽ ദൈവം നിക്ഷിപ്തമാക്കിയതാണ്. ദൈവകല്പനയെ നിരാകരിച്ച് സഭ ഇവരെ ഈ നിലയിലേക്ക് എത്തിച്ചതാണ്. കുറ്റം ചെയ്ത പുരോഹിതനും മെത്രാനും വ്യക്തിപരമായി മോശക്കാരായിരി ക്കണമെന്നില്ല. മനുഷ്യസ്വഭാവത്തിനു ചേരാത്തതും അക്രൈസ്തവവു

മായ നിയമംമൂലം അവരെ അവിവാഹിതാവസ്ഥയിലേക്കു തള്ളിവിട്ട സഭാധികാരികളാണ് മോശക്കാർ. ക്ലേർജികൾ അവിവാഹിതരായിരിക്കണമെന്നുള്ള സഭാനിയമം നടപ്പാക്കിയ മധ്യനൂറ്റാണ്ടുകളിൽ മാർപ്പാപ്പാമാർക്കും മെത്രാന്മാർക്കും അനേകം വെപ്പാട്ടികൾ ഉണ്ടായിരുന്നു എന്ന് സഭാചരിത്രം വായിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

കത്തോലിക്കാസഭയിലെ പുരോഹിതർ അവിവാഹിതരായിരിക്കണമെന്നുള്ള നിയമം എടുത്തുകളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

# 5

# സ്വവർഗരതിയും പൗരോഹിത്യവും

"The Lord is My Shepherd, and He knows I am Gay''

– Troy Perry

സ്വവർഗരതി (Homosexuality) സംബന്ധിച്ച് ഇന്നും കേരളത്തിലെ ജനങ്ങളുടെയിടയിൽ കാര്യമായ അറിവില്ല. സ്വവർഗരതി വഴിപിഴച്ച ഒരു ജീവിതരീതിയായിക്കരുതി തള്ളുകയാണ് സാധാരണ ചെയ്യുന്നത്. സ്വവർഗരതിക്രിയകൾ (Homosexual Acts) പാപമായി സഭ കാണുന്നു.

ഈ വിഷയത്തിലേക്കു കടക്കുന്നതിനുമുമ്പ് 'ഹോമോസെക്ഷ്വാലിറ്റി' എന്താണെന്ന് കുറച്ചൊന്നു വിവരിക്കട്ടെ. ഒരേ ലിംഗത്തിൽപെട്ടവർ തമ്മിലുള്ള (പുരുഷനു വേറൊരു പുരുഷനുമായോ സ്ത്രീക്കു വേറൊരു സ്ത്രീയുമായോ ഉള്ള) വൈകാരികമായ ലൈംഗികാകർഷണത്തെയോ ലൈംഗികപെരുമാറ്റത്തെയോ ആണ് സ്വവർഗരതി എന്ന പദംകൊണ്ട് അർഥമാക്കുന്നത്. 'ഹോമോസെക്ഷ്വൽ' (Homosexual) എന്ന പദം ഗ്രീക്കും ലത്തീനും കൂടിയ ഒരു സങ്കരപദമാണ്. ഹോമോസ് (Homos) എന്ന ഗ്രീക്കുപദത്തിന് അതുതന്നെ (Same) എന്ന അർഥമാണ് ഉള്ളത്. മേൻ (Man) എന്നർഥമുള്ള 'ഹോമൊ' എന്ന ലത്തീൻ പദത്തിൽനിന്നല്ല ഹോമോസെക്ഷ്വൽ എന്ന പദത്തിന്റെ ഹോമോ ഉണ്ടായതെന്ന് പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. രണ്ടാം പദമായ 'സെക്ഷ്വൽ' ലത്തീനിലെ സെക്സുസ് (Sexus) എന്ന പദത്തിൽനിന്നു വന്നതാണ്. അങ്ങനെ ഹോമോസും സെക്സുസും കൂടിച്ചേർന്ന് ഹോമോസെക്ഷ്വൽ എന്ന പദമുണ്ടായി. ഒരേ ലിംഗത്തിൽപെട്ടവർ തമ്മിലുള്ള ലൈംഗികമായ മമതയെയും (Homophilia) ക്രിയകളെയുമാണ് സ്വവർഗരതി അഥവാ ഹോമോസെക്ഷ്വാലിറ്റി എന്ന പദംകൊണ്ട് അർഥമാക്കുന്നത്.

പുരുഷന്മാർ ഹോമോസെക്ഷ്വൽ ആയിരുന്നാൽ അവർ 'ഗേ' (Gay) എന്നും സ്ത്രീകൾ ഹോമോസെക്ഷ്വൽ ആയിരുന്നാൽ അവർ 'ലെസ്ബിയൻ' (Lesbian) എന്നും അറിയപ്പെടുന്നു. ഗേ എന്ന പദം ചില പ്പോഴൊക്കെ പൊതുവിൽ ലെസ്ബിയനെയും ഗേയെയും ബൈസെക്ഷ്വ ലിനെയും (Bisexual) ട്രാൻസ്ജെൻഡറിനെയും (Transgender)എല്ലാം ഉദ്ദേശിച്ച് ഉപയോഗിക്കാറുണ്ട്. ലെസ്ബിയൻ എന്ന പദം ഗ്രീസിലെ ഒരു ദ്വീപായ ലെസ്ബോസിൽനിന്നാണ് (Lesbos) ഉത്ഭവിച്ചത്. അതിനു കാരണം സാഫൊ (Sappho) എന്ന കവയിത്രി ഈ ദ്വീപിലിരുന്ന് ചെറു പ്പക്കാരി ഇണയുമൊത്തുള്ള വികാരോദ്ദീപകമായ ജീവിതത്തെപ്പറ്റി കവിതകൾ എഴുതിക്കൂട്ടി എന്നതാണ്.

ഭിന്നലിംഗത്തിലേക്കു ചായ്‌വ് ഉള്ളവർ ഹെറ്ററോസെക്ഷ്വൽ (Heterosexual) അല്ലെങ്കിൽ സ്ട്രെയ്റ്റ് (Straight) എന്ന് അറിയപ്പെടുന്നു. മനുഷ്യവർഗത്തിലെ ഏകദേശം 95 ശതമാനം ആൾക്കാരും ഈ വിഭാ ഗത്തിൽപ്പെട്ടവരാണ്.

ഗേ ലൈംഗികതയും ലെസ്ബിയൻ ലൈംഗികതയും നാം ചരിത്രപ രമായി പഠിക്കേണ്ടതാണ്. യവനസംസ്കാരത്തിലും അബ്രാഹമിയ മത ങ്ങളിലും എല്ലാ വർഗത്തിലും വംശത്തിലും ജാതിയിലും പരമ്പരക ളിലും കാലങ്ങളിലും രാജ്യങ്ങളിലും സ്വവർഗരതിക്കാർ ഉണ്ടായിരുന്നു. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുവരെ സ്വവർഗരതിക്കാരെ മാനസികരോഗിക ളായി മുദ്രകുത്തിയിരുന്നു. സ്വവർഗരതിക്രിയ പ്രകൃതിക്കെതിരായ പ്രവൃത്തിയായി കരുതിയിരുന്നു. ക്രിസ്ത്യൻ രാജ്യങ്ങളായ യൂറോപ്പിൽ ഗേ ലൈംഗികതയും ലെസ്ബിയൻ ലൈംഗികതയും കുറ്റകരമായി രുന്നു. സ്വവർഗരതി (Sodomy) പ്രകൃതിനിയമത്തിനെതിരാണെന്നു ക്രിസ്തുമതം പഠിപ്പിക്കുകയും ആ പ്രവൃത്തി ചെയ്യുന്നവരെ നിയമം വഴി ശിക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ, അന്നത്തെ യൂറോപ്പ ല്ലിന്ന്!

കഴിഞ്ഞ അമ്പതുവർഷമായി സ്വവർഗരതിക്കാർ തങ്ങളുടെ ഉള്ളറ കളിൽനിന്നു പുറത്തു ചാടിത്തുടങ്ങി.

പത്തൊമ്പതാം നൂറ്റാണ്ടുവരെ സ്വവർഗരതിയെ ഒരു അസുഖമായി കണ്ടിരുന്നു. പിന്നീട് 1950 വരെ സ്വവർഗരതി മനുഷ്യപ്രകൃതിയിലെ ഒര പാകതയായി കരുതി. കഴിഞ്ഞ 50 വർഷത്തിനിടെ ധാരാളം ഡോക്ടർമാരും മനഃശാസ്ത്രജ്ഞരും മനോരോഗചികിത്സാവിദഗ്ധരും സാമൂഹികപ്രവർത്തകരും സ്വവർഗരതിയെക്കുറിച്ച് കൂടുതൽ പഠന ങ്ങൾ നടത്തുകയുണ്ടായി. ഇപ്പോഴത്തെ വിദഗ്ധാഭിപ്രായം ഒരു വ്യക്തി സ്വവർഗരതിയിലേക്ക് കാലക്രമേണ ചായ്‌വുള്ളവനായിത്തീരുകയല്ല, മറിച്ച് ആ ചായ്‌വോടുകൂടി ജനിക്കുകയാണ്, എന്നാണ്. എന്നുവച്ചാൽ സ്വവർഗരതി ഒരു ജീവിതരീതി (life-style) അല്ല, മറിച്ച് 'അവർ അതാണ്' എന്നാണർഥം. ദ റോയൽ കോളജ് ഓഫ് സൈക്യാട്രി (The

Royal College of Psychiatry), ചൈനീസ് കോളജ് ഓഫ് സൈക്യാട്രി (Chinese College of Psychiatry), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് (National Institute of Mental Health), അമേരിക്കൻ സൈക്കളോജിക്കൽ അസോസിയേഷൻ (American Psychological Association), നാഷണൽ അസോസിയേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് (National Association of Social Workers), അമേരിക്കൻ സൈക്യാട്രിക് അസോസിയേഷൻ (American Psychiatric Association), ദ അമേരിക്കൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് (The American Academy of Pediatrics) തുടങ്ങിയ ഗവേഷണസംഘടനകളെല്ലാം സ്വവർഗരതിക്കാരുടെ മാനസികാരോഗ്യം (Mental Health) സാധാരണമായ നിലവാരം ഉള്ളതാണെന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇന്ന് ഹോമോസെക്ഷ്വാലിറ്റിയെയും മനുഷ്യലൈംഗികതയുടെ ഒരു ഭാഗം മാത്രമായാണ് ശാസ്ത്രജ്ഞർ കാണുന്നത്. സ്വവർഗരതി സാക്ഷാത്തായതും എങ്ങുമുള്ളതും എന്നുമുള്ളതും സാധാരണവും ആയ ലൈംഗികതയായി കരുതപ്പെടുന്നു.

സ്വവർഗരതിക്കാരുടെ ലൈംഗികതകാരണം സമൂഹം അവരെ അപമാനിക്കാറുണ്ട്. അതിന്റെ പരിണതഫലം അവരെ നിഷേധിക്കലാണ്. സമൂഹം ഗേയെയും ലെസ്ബിയനെയും അംഗീകരിക്കാൻ വിമുഖത കാണിക്കുമ്പോൾ എന്തുകൊണ്ട് ഒരു വ്യക്തി സ്വവർഗരതിയിലേക്കു പോകുന്നു എന്നാണ് ചിലർ ചോദിക്കുന്നത്. സ്വവർഗരതിയുടെ മുഖ്യകാരണം ജനിതകമാണെന്ന് ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. ഈ വസ്തുത വ്യവസ്ഥാപിത സന്മാർഗവാദികൾ പരിഗണിക്കാറില്ല. കുടുംബം, മതം, സമൂഹം തുടങ്ങിയ ബാഹ്യശക്തികളുടെ സമ്മർദം കാരണം ചില സ്വവർഗരതിക്കാർ അവരുടെ ലൈംഗികാസക്തി അടക്കി ജീവിക്കുന്നുണ്ടാവും. മറ്റു ചിലർ വ്യക്തിപരമായ കാരണങ്ങൾകൊണ്ട് ജീവിതപങ്കാളിയെ കണ്ടുപിടിച്ചെന്നു വരില്ല. വേറെ ചിലർ സ്വമേധയാ ജീവിതകാലം മുഴുവൻ ഈ സ്ഥിതിവിശേഷത്തോട് മല്ലടിച്ച് സ്വജീവിതം നശിപ്പിക്കാറുണ്ട്. ചുരുക്കം ചിലർ ആത്മഹത്യയിലും അവസാനിക്കാറുണ്ട്.

സമൂഹം എന്തുകൊണ്ടിവരെ വെറുക്കുന്നു? ഒരാളുടെ മുടി ചുരുണ്ടിരുന്നാൽ അയാളെ നാം വെറുക്കുമോ? കറുത്ത കണ്ണുള്ളവരെ സ്നേഹിക്കുകയും പൂച്ചക്കണ്ണുള്ളവരെ വെറുക്കുകയും ചെയ്യുന്നതു ശരിയാണോ? സ്വവർഗരതിക്കാരെ വിവേചിച്ചു കാണുന്നതു ശരിയാണോ? യാക്കോബിന്റെ കിണറ്റിൽനിന്നു വെള്ളംകോരാൻ വന്ന പാപിനിയായ ശമരിയാക്കാരി സ്ത്രീയെപ്പോലും വെറുക്കുകയല്ല, സദുപദേശങ്ങൾ നല്കി നന്മയിലേക്കു നയിക്കുകയാണ് യേശു ചെയ്തതെന്നോർക്കണം (യോഹ 4: 4-42).

കഴിഞ്ഞ നൂറ്റാണ്ടുമുതൽ സ്വവർഗരതിക്കാർ ജനമധ്യത്തിൽ കൂടുതലായി പ്രത്യക്ഷപ്പെടുകയും അംഗീകരിക്കപ്പെടുകയും നിയമപരമായ അവ

കാശങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. പല രാജ്യങ്ങളിലും സ്വവർഗരതിക്കാർക്ക് തടസ്സങ്ങളില്ലാതെ ജോലി ലഭിക്കും, നിയമപരമായി വിവാഹം ചെയ്യാം, സിവിൽ യൂണിയനാകാം, കുട്ടികളെ ദത്തെടുത്ത് വളർത്താം, സൈന്യത്തിൽ ചേർന്ന് യോദ്ധാക്കളാകാം, ആരോഗ്യസംരക്ഷണത്തിന് തടസ്സങ്ങളൊന്നുമില്ല. ഡൽഹി ഹൈക്കോടതിതന്നെ ജൂലൈ 2009-ൽ സ്വവർഗരതി കുറ്റകരമല്ലെന്നു നിയമപരമായി പ്രഖ്യാപിച്ചു. ഇൻഡ്യയിൽ 1831-ൽ സ്വവർഗരതി കുറ്റകരമാണെന്നുള്ള നിയമം കൊണ്ടുവന്ന ബ്രിട്ടൺ 1967-ൽ (42 വർഷങ്ങൾക്കു മുമ്പ്) സ്വവർഗരതി കുറ്റകരമല്ലെന്നുള്ള നിയമം പാസ്സാക്കിയിരുന്നു!

സ്വവർഗരതിക്കാർ ഇംഗ്ലണ്ടിൽ 6.1 ശതമാനവും (1992) ഫ്രാൻസിൽ 4.1 ശതമാനവും (1992) നോർവേയിൽ 12 ശതമാനവും (2003) ന്യൂസിലാൻഡിൽ 20 ശതമാനവും (2006) യു.എസ്സിൽ 4 ശതമാനവും (2008) ഉണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. അതായത് ആധുനിക പാശ്ചാത്യരാജ്യങ്ങളിൽ 4 മുതൽ 20 ശതമാനംവരെ സ്വവർഗരതിക്കാർ ഉണ്ടെന്നു കരുതണം.

ഇനി 'സ്വവർഗരതിയും പൗരോഹിത്യ'വുമെന്ന വിഷയത്തിലേക്കു കടക്കാം.

നമ്മുടെ നാടിന്റെ പ്രത്യേക സംസ്കാരസവിശേഷതകൊണ്ടും മതപരവും സാമൂഹികവുമായ സമ്മർദംകൊണ്ടും വൈദികർ സെക്സ് സംബന്ധമായ വീഴ്ചകളിൽ, പ്രത്യേകിച്ചു സ്വവർഗരതിയിൽ, ഉൾപ്പെടുക താരതമ്യേന കുറവാണ്. ആരെങ്കിലും ഇനി ഉൾപ്പെട്ടാൽത്തന്നെ ആ കാര്യം പരമരഹസ്യവുമായിരിക്കും. പാശ്ചാത്യനാടുകളിലെ വൈദികരെ സംബന്ധിച്ച് കഥ വേറെയാണ്.

പാശ്ചാത്യനാടുകളിലെ പുരോഹിതരുടെയിടയിൽ സ്വവർഗരതിക്കാരുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്നതിനു പല കാരണങ്ങളുണ്ട്:

1. കഴിഞ്ഞ 40 വർഷങ്ങൾക്കിടെ ലോകമെമ്പാടുമുള്ള കത്തോലിക്കാ വൈദികരിൽ ഒരു ലക്ഷത്തിനുമേൽ വൈദികർ അവരുടെ വൈദികവൃത്തി ഉപേക്ഷിച്ചുപോയിട്ടുണ്ട്. അവരെല്ലാംതന്നെ ഹെറ്ററോസെക്ഷ്വൽ വൈദികരായിരുന്നു. അവർ പണ്ടേ വിവാഹിതരായി. അപ്പോൾ ആ കാലയളവിൽ ഗേ വൈദികരുടെ സാന്ദ്രത കൂടി. വളരെ നിസ്സാരമായ കണക്കാണിത്. ഉദാഹരണത്തിന് 50,000 വൈദികരിൽ 10,000 ഗേ (20%) വൈദികരാണെന്നു കരുതുക. മൊത്തമുള്ള 50,000-ൽ 10,000 ഹെറ്ററോസെക്ഷ്വൽ വൈദികർ 25 വർഷങ്ങൾകൊണ്ട് വൈദികവൃത്തി ഉപേക്ഷിച്ചുപോയെന്നും കരുതുക. ബാക്കിയുള്ള 40,000 വൈദികരിൽ 10,000 ഗേ വൈദികരുള്ളപ്പോൾ ഗേ വൈദികരുടെ ശതമാനം 20-ൽ നിന്ന് 25 ആയി ഉയർന്നു. ഈ സ്ഥിതിവിശേഷം സഭയിൽ സാവധാനമായി സംഭവിച്ചതാണ്.

2. സെമിനാരികളിൽ വൈദികപഠനത്തിനു ചേരുന്ന അർഥികളിൽ കഴിഞ്ഞ 40 വർഷങ്ങളായി ഗേകളുടെ ശതമാനം കൂടുതലാണ്. ഗേകളാ

ണെന്നറിഞ്ഞാലും സെമിനാരികളിൽ അവർക്കു പ്രവേശനം അനുവദിച്ചിരുന്നു.[1] ശാസ്ത്രീയമായ പഠനത്തിലൂടെ കൃത്യമായ കണക്കുകൾ ഇല്ലെങ്കിലും ഗേ വിദ്യാർഥികളുടെ സംഖ്യ സെമിനാരികളിൽ കൂടുതലായിരുന്നെന്ന് നിശ്ചയമായും പറയാം. ഗേ ചായ്‌വുള്ളവരെ സെമിനാരികളിൽ സ്വീകരിക്കുന്നതിന്റെ പ്രധാന കാരണം ഗേകളും സ്ട്രെയ്റ്റുകളെപ്പോലെ ബ്രഹ്മചര്യം കാത്തുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നതുകൊണ്ടാണ്.[2] ഗേയുടെ കാര്യത്തിലും സ്ട്രെയ്റ്റിന്റെ കാര്യത്തിലും പ്രതിജ്ഞ ഒന്ന്, യാഥാർത്ഥികജീവിതം മറ്റൊന്ന് എന്നായിപ്പോകുന്നതാണ് ഈ വിഷയത്തിലെ പ്രശ്നം. ബർമൂഡ ട്രയാംഗിളിൽ (Bermuda Triangle)* സംഭവിക്കുന്നതുപോലെ പ്രതിജ്ഞ അപ്രത്യക്ഷമാകുന്നു.

3. സ്ട്രെയ്റ്റ് ആയിട്ടുള്ള പുരോഹിതർ സ്ത്രീകളുമായി ലൈംഗിക ബന്ധം പുലർത്തിയാൽ അതു പരമരഹസ്യമായി സൂക്ഷിക്കും. തന്നെയുമല്ല, വൈദികരിൽ അത്തരം ഒരു കുറ്റം സംഭവിച്ചാൽ, വൈദികരെ വിവാഹം കഴിക്കാൻ അനുവദിക്കാത്ത നിയമത്തിന്റെ പരിണതഫലമാണെന്നു കരുതി വിശ്വാസികൾ ആ വൈദികനെ സഹതാപത്തോടെ വീക്ഷിക്കുന്നു. ഭാര്യയാകാൻ തയ്യാറുള്ള സ്ത്രീയെ കണ്ടെത്തുന്ന വൈദികർ പൗരോഹിത്യം ഉപേക്ഷിച്ച് പോവുകയും ചെയ്യുന്നു. പക്ഷേ, ഗേ പുരോഹിതരുടെ സ്ഥിതി അതല്ല. അവർ പൗരോഹിത്യം ഉപേക്ഷിച്ച് പോവുകയില്ല. അവർക്കുള്ള പങ്കാളികൾ (മറ്റു ഗേ പുരോഹിതർ, ബ്രദേഴ്സ്, അൾത്താരബാലന്മാർ തുടങ്ങിയവർ) സഭയിൽത്തന്നെ ഉണ്ട്. കൂടാതെ അവരുടെ അവകാശങ്ങൾക്കായി അവർ പരസ്യമായിത്തന്നെ പോരാടുന്നു.

അമേരിക്ക പോലെയുള്ള പാശ്ചാത്യനാടുകളിൽ സഭയിൽ സൽപ്പേരുള്ള അഞ്ചിലൊന്നു വൈദികർ സ്ത്രീകളുമായി ലൈംഗിക ബന്ധം സ്ഥിരമായിട്ടുള്ളവരാണെന്നാണ് ഈ വിഷയത്തിലെ പണ്ഡിതരുടെ അഭിപ്രായം.[3] ചുരുക്കത്തിൽ വൈദികരിൽ സ്ട്രെയ്റ്റും ഗേയുമായ രണ്ടു ഗണം ആൾക്കാരും ഉണ്ട്. അതിൽ ചെറിയ ഒരു ശതമാനം തങ്ങളുടെ ബ്രഹ്മചര്യപ്രതിജ്ഞയെ അവഗണിച്ചും ലംഘിച്ചും തോന്ന്യാസം ജീവിക്കുന്നു. അമേരിക്കയിലും അയർലണ്ടിലും ജർമ്മനിയിലും ആസ്ത്രേലിയായിലും എല്ലാം അൾത്താരബാലന്മാരെ പീഡിപ്പിച്ചത് ഇത്തരം വൈദികരാണ്.

വൈദികനും ദീർഘകാലം സെമിനാരി റെക്ടറും ആയിരുന്ന കോസ്സെൻസിന്റെ (Cozzens) അഭിപ്രായത്തിൽ ഗേ വൈദികവിദ്യാർഥികളുടെ എണ്ണം കൂടിവരുന്നതിനാൽ സ്ട്രെയ്റ്റ് വൈദികവിദ്യാർഥികൾ വൈദികപഠനം ഉപേക്ഷിച്ച് സെമിനാരി വിട്ടുപോകുന്നു എന്നാണ്.[4] ഗേ വൈദികരുടെ എണ്ണം കൂടിക്കൊണ്ടുമിരിക്കുന്നു.

---

* The Bermuda Triangle which is also known as Devil's Triangle, is a region in the western part of the North Atlantic Ocean where a number of aircraft and surface vessels allegedly disappeared mysteriously.

ഏതെങ്കിലും ഒരു പുരോഹിതനെപ്പറ്റി ലൈംഗികമായ അപവാദങ്ങൾ ഉണ്ടായാൽ ആ സംഭവത്തെപ്പറ്റി നിഷ്പക്ഷമായി അന്വേഷിച്ച് തക്കതായ നടപടി സ്വീകരിക്കാൻ ഓരോ മെത്രാനും കടമയുണ്ട്. കുറ്റം ചെയ്ത വൈദികനെ മാതൃകാപരമായി ശിക്ഷിക്കണം. പ്രായപൂർത്തിയാകാത്ത വരെയാണ് പീഡിപ്പിച്ചതെങ്കിൽ പോലീസിൽ അറിയിക്കണം. അത്തരം വൈദികരെ ഒരു പള്ളിയിൽനിന്നു വേറൊരു പള്ളിയിലേക്ക് സ്ഥലംമാറ്റു ന്നത് സഭയോടും സമൂഹത്തോടും ഒരു മെത്രാൻ ചെയ്യുന്ന അനീതിയാ ണ്. മാർപ്പാപ്പായും മെത്രാന്മാരും സഭയുടെ മുഖത്ത് കരിയും ചെളിയും വാരിത്തേച്ചിരിക്കയാണ്. ആടിന്റെ വേഷം ചമഞ്ഞ ചെന്നായ്ക്കളും വൈദി കരുടെ ഇടയിലുണ്ട്. കുറ്റവാളികളും ഇവരുടെയിടയിലുണ്ടെന്നുള്ള കാര്യം വിസ്മരിക്കാൻ പാടില്ല.

അമേരിക്കയിലും യൂറോപ്പിലുമൊക്കെ വൈദികരുടെ ലൈംഗികപീ ഡനത്തിനിരയായവരിൽ 80% ഉം ആൺകുട്ടികളായിരുന്നു. ഗേ വൈദിക രുടെ എണ്ണം വർധിക്കുന്നതോടെ man-boy sex-ഉം വർധിക്കുന്നു.

2005 നവംബർ നാലാം തീയതി കത്തോലിക്കാസഭയിലെ, സ്വവർഗ രതി ഇഷ്ടപ്പെടുന്ന പുരോഹിതരെയും സെമിനാരിവിദ്യാർഥികളെയും സംബന്ധിച്ച് അധികൃതമായ ഒരു പ്രമാണരേഖ വത്തിക്കാൻ പ്രസിദ്ധം ചെയ്യുകയുണ്ടായി.[5] ഈ പ്രമാണരേഖ പ്രധാനമായി മൂന്നു ഗ്രൂപ്പിൽ ഉ ള്ളവർക്ക് – സ്വവർഗരതിക്രിയ നടത്തുന്നവർ, സ്വവർഗരതിയിലേക്ക് പ്രവ ണത (homosexual tendencies) ഉള്ളവർ, സ്വവർഗരതിസംസ്കാരത്തെ പിന്താങ്ങുന്നവർ – പൗരോഹിത്യവൃത്തിയിൽനിന്നു മുടക്കു കല്പിച്ചിരി ക്കുന്നു. എന്നാൽ സ്വവർഗരതിയിലേക്കുള്ള പ്രവണത കുറെക്കാല ത്തേക്കു മാത്രം ഉണ്ടായിരുന്നവർ (transistory problem) അതിൽനിന്നു വിമുക്തരായി മൂന്നു വർഷം പിടിച്ചുനിന്നാൽ വൈദികവൃത്തിക്ക് യോഗ്യ രാകുന്നു.

ഈ പ്രമാണരേഖ വളരെ അവ്യക്തമാണ്. സ്വവർഗരതിയിലേക്കുള്ള പ്രവണത എന്ന പ്രയോഗംകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നു വ്യക്ത മല്ല. ബ്രഹ്മചര്യവ്രതം എടുക്കുന്നതിനാൽ സ്വവർഗരതിയിലേക്ക് പ്രവ ണതയുള്ള വൈദികരും വൈദികവൃത്തിക്ക് യോഗ്യരാണെന്നുള്ള നിഗ മനത്തിൽ എത്തിച്ചേരുന്നതിൽ അപാകത ഒന്നുമില്ല. യു. എസ്. കോൺ ഫറൻസ് ഓഫ് കാത്തലിക് ബിഷപ്സിന്റെ പ്രസിഡന്റ് ബിഷപ്പ് വില്യം സ്കൈൽസ്റ്റഡിന്റെ (Bishop William Skylstad - 2004-2007) പ്രസ്താവ നയിൽ കണ്ടത് സ്വവർഗരതിയിലേക്ക് പ്രവണതയുള്ള ആൾക്ക് ഒരു നല്ല പുരോഹിതനാകാൻ സാധിക്കുമെന്നാണ്. ഡൊമിനിക്കൻ സഭാംഗങ്ങളുടെ മുൻ മാസ്റ്ററായിരുന്ന തിമൊത്തി റാഡ്ക്ലിഫിന്റെ (Timothy Radcliffe) അഭിപ്രായം സ്വവർഗരതിയിലേക്കു പ്രവണതയുള്ള ധാരാളം പുരോഹി തർ അർപ്പണബോധത്തോടെ വൈദികശുശ്രൂഷ ചെയ്യുന്നുണ്ടെന്നാണ്. തങ്ങളുടെ ദൈവവിളിയിൽ ബോധ്യമുണ്ടെങ്കിൽ ഈ പ്രമാണരേഖയുടെ

അടിസ്ഥാനത്തിൽ ന്യൂനതയുള്ള വൈദികരായി തങ്ങളെത്തന്നെ അവർ തരംതിരിച്ച് കാണരുതെന്നാണ് അദ്ദേഹം പറയുന്നത്.[6]

വടക്കെ അമേരിക്കയിലും യൂറോപ്പിലും ആസ്ട്രേലിയയിലും മറ്റുമുള്ള വൈദികരുടെ സെക്സ് അബ്യൂസ് (sex abuse) അപകീർത്തിമൂലമായിരിക്കാം വത്തിക്കാൻ പൊടുന്നനെ ഈ പ്രമാണരേഖയുമായി രംഗത്തിറങ്ങിയത്. കാരണം, സ്വവർഗരതി എന്ന പ്രതിഭാസം തുടങ്ങിയത് ഇന്നും ഇന്നലെയും അല്ലല്ലോ. അത് പഴയനിയമകാലംമുതൽ ഉള്ളതല്ലേ?

സ്വവർഗരതിയിലേക്കു പ്രവണതയുള്ള പുരോഹിതരെ സ്ത്രീബന്ധത്തിലേക്കു പ്രവണതയുള്ള പുരോഹിതരിൽനിന്ന് വിവേചനം ചെയ്യുകയാണ് ഈ പ്രമാണരേഖകൊണ്ട് വത്തിക്കാൻ ചെയ്തത്.

മെത്രാന്മാർ വൈദികപരിശീലനത്തിൽ അത്യന്തം ശ്രദ്ധാലുക്കളാകേണ്ടതാണ്. ആവശ്യത്തിൽക്കൂടുതൽ വൈദികർ ഒരു രൂപതയ്ക്കു പാടില്ല. എണ്ണത്തെക്കാൾ പ്രധാനം അർഥികളുടെ ഗുണനിലവാരമായിരിക്കണം. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ചുറ്റുപാടിൽ നല്ല അർഥികളെ തിരഞ്ഞെടുക്കുക വളരെ പ്രയാസമാണ്. എണ്ണത്തിനുള്ള തിടുക്കത്തിൽ ഗുണത്തിനുള്ള കണ്ണ് ഇരുണ്ടുപോകാൻ പാടില്ല.

സെക്സിനോടുള്ള അല്മായരുടെ മനോഭാവം കഴിഞ്ഞ അമ്പതു വർഷത്തിനിടെ മാറി. വിവാഹം ചെയ്താലും ഇല്ലെങ്കിലും സെക്സ് അനുദിനജീവിതത്തിലെ ഒരു ഭാഗമാണെന്നുള്ള ആശയവും വളർന്നു.[7] പുരോഹിതർ വിവാഹിതരായിരിക്കണമെന്നാണ് ബഹുഭൂരിപക്ഷം വിശ്വാസികളുടെയും അഭിപ്രായം. പുരോഹിതസംഘടനകളും നല്ല ഒരു സംഖ്യ മെത്രാന്മാരും ഈ അഭിപ്രായത്തെ അനുകൂലിക്കുന്നുണ്ട്.

കഴിഞ്ഞ പത്തു വർഷത്തിനിടെ കത്തോലിക്കാസഭയിൽ സംഭവിച്ച സെക്സ് അബ്യൂസ് അപകീർത്തി വിശ്വാസികളിൽ ധാർമികരോഷം ഉണർത്തിയിട്ടുണ്ട്. സഭയോടുള്ള അവരുടെ വിശ്വാസം നഷ്ടപ്പെടുവാൻ ഈ സംഭവം കാരണമായിട്ടുണ്ട്.

# 6

# ബാലരതിക്കാരായ പുരോഹിതർ
## (PAEDOPHILE PRIESTS)

"All that is needed for evil to suceed is that
human beings do nothing"

- Edmund Bruke

**പു**രോഹിതർ മാതൃകാപരമായ ആത്മീയജീവിതം നയിക്കേണ്ടവരാണ്. പക്ഷേ, അമിതനിയന്ത്രണം കെട്ടുകൾ പൊട്ടിക്കാനുള്ള ത്വര വർധിപ്പിക്കുകയേയുള്ളൂ. പുരോഹിതർ വിവാഹിതരാകരുതെന്ന നിയമമാണ് സഭയിലെ ലൈംഗിക അരാജകത്വത്തിന്റെ ഒരു പ്രധാന കാരണം. ഒപ്പം മറ്റുള്ളവരെ നിയന്ത്രിക്കാനുള്ള ശേഷിയും വേണ്ടതിലേറെ പണവും സഭയിൽ പാപസാഹചര്യങ്ങളായുണ്ട്. ഇതിന്റെയെല്ലാം ഫലമായി കത്തോലിക്കാസഭയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ദുഷ്പ്രവണതകളിലൊന്നാണ് പുരോഹിതരുടെ ബാല ലൈംഗികപീഢനം (Sexual abuse of children).

പാപികളും കുറ്റവാളികളും പുരോഹിതരിൽ ചിലർ മാത്രമാണ്. ഭൂരിപക്ഷം പുരോഹിതരും നല്ലവരാണ്. ഒരു സംഘത്തിലെ ഏതാനും പേരുടെ മാത്രം തെറ്റിന്റെ പേരിൽ ആ സംഘത്തിലെ മുഴുവൻ പേരെയും തെറ്റുകാരാക്കുന്ന (Falsum in uno falsum in ominibus) സിദ്ധാന്തം ഇവിടെ ശരിയല്ല.

പുരോഹിതർ കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചത്, ഇക്കഴിഞ്ഞ ദശകത്തിൽ കത്തോലിക്കാസഭയെ ആകമാനം പിടിച്ചുലച്ച സംഭവമായിരുന്നു. പാശ്ചാത്യനാടുകളായ അമേരിക്ക, കാനഡ, യൂറോപ്പ്, ന്യൂസി

ലാൻഡ്, ഓസ്‌ട്രേലിയ എന്നിവിടങ്ങളിലാണ് ഈ നികൃഷ്ടസംഭവം അധികവും അരങ്ങേറിയത്. പാശ്ചാത്യനാടുകളിലെ മാധ്യമങ്ങളെല്ലാം പുരോഹിതരുടെ ഈ ലൈംഗികദുർവിനിയോഗകേസ്സുകൾ (sex-abuse cases) വളരെ പ്രാധാന്യം കൊടുത്ത് പ്രസിദ്ധീകരിച്ചു. കേരളത്തിലെ മാധ്യമങ്ങളെല്ലാംതന്നെ ഇക്കാര്യങ്ങളിൽ മൗനം പാലിക്കുകയാണ് ചെയ്തത്. (ജോർജ് മൂലേച്ചാലിൽ ഓശാന മാസികയിൽ എഴുതിയ ലേഖനങ്ങൾ വിസ്മരിക്കുന്നില്ല). നമ്മുടെ മാധ്യമങ്ങൾക്ക് പത്രധർമത്തിലും പ്രധാനം സമുദായ നേതൃത്വത്തോടുള്ള വിധേയത്വവും സാമ്പത്തികനേട്ടവുമാണെന്ന് ഇതിൽനിന്ന് നമുക്കനുമാനിക്കാം. വാർത്താമാധ്യമങ്ങൾ ഇപ്രകാരം അധഃപതിക്കുന്നത് സാമൂഹ്യനീതിക്ക് വിലങ്ങുതടിയാണ്.

പുരോഹിതർക്കിടയിൽ സ്വവർഗലൈംഗിക പ്രവണതയുള്ളവർ അഞ്ചിരട്ടിയാണ്. അവർ സ്വന്തം ലൈംഗികദാഹം ശമിപ്പിക്കാൻ ആൺകുട്ടികളെ തേടുന്നവരാണ്. 'ടൈം' സർവേയിൽ പീഡക പുരോഹിതരിൽ 43 ശതമാനം പേരും പന്ത്രണ്ടു വയസ്സോ അതിൽ കുറവോ മാത്രം പ്രായമുള്ള കുട്ടികളെയാണ് പീഡിപ്പിച്ചതെന്നു കണ്ടെത്തിയിട്ടുണ്ട്. ബോസ്റ്റൺ അതിരൂപതയിൽമാത്രം 94 പുരോഹിതരാണ് ബാലപീഡകരായി ആരോപിതരായിട്ടുള്ളത്.[1]

**ബാലരതി (Paedophilia) പല വിധത്തിൽ നിർവചിക്കപ്പെട്ടിട്ടുണ്ട്:**

1. കൗമാരത്തിലെത്തിയിട്ടില്ലാത്ത പന്ത്രണ്ടുവയസ്സിൽ താഴെ മാത്രം പ്രായമുള്ള കുട്ടികളുമായി ചെയ്യുന്ന ലൈംഗിക കർമ്മങ്ങളാണ് ബാലരതി.[2]

2. പ്രായപൂർത്തിയായ ഒരാൾ ഒരു കുട്ടിയുമായോ കുട്ടികളുമായോ ലൈംഗികകർമ്മങ്ങളിൽ ഏർപ്പെടുന്നതാണ് ബാലരതി.

3. ബാലരതി കുട്ടികളോടുള്ള വിലക്ഷണവും (abnormal) നിയമവിരുദ്ധവുമായ താത്പര്യമാണ്.

4. കൗമാരപ്രായംപോലുമാകാത്ത കുട്ടികളുമായി ലൈംഗിക കർമ്മങ്ങളിൽ ഏർപ്പെടുന്നതും അങ്ങനെ ഭാവന ചെയ്യുന്നതുംവഴി ലൈംഗികോത്തേജനവും സംതൃപ്തിയും നേടുന്ന മനോ-ലൈംഗിക-ക്രമക്കേട് എന്നാണ് മനോരോഗചികിത്സാശാസ്ത്രം (Psychiatry) ബാലരതിയെ നിർവചിച്ചിരിക്കുന്നത്. ഇത് സ്വന്തം ലിംഗത്തിൽപ്പെട്ടവരോടായാലും എതിർലിംഗത്തിൽപ്പെട്ടവരോടായാലും ബാലരതിതന്നെ.

കുട്ടികളെ ലൈംഗികമായി ദുരുപയോഗിക്കുന്നവനെ ബാലപീഡകൻ (paedophile) എന്ന് വിളിക്കാം. ഈ പീഡനത്തിന് വിധേയരാകുന്നവരിൽ കൂടുതൽപേരും ആൺകുട്ടികളാണ്.[3] വാഷിങ്ടൺ പോസ്റ്റിന്റെ ഒരു പഠനമനുസരിച്ച് കുറ്റാരോപിതരായ പുരോഹിതരിൽ 80 ശതമാനം പേരും ചെയ്തത് ആൺകുട്ടികളുമായുള്ള വേഴ്ചയായിരുന്നു.[4] സാധാരണക്കാരിൽ 66 ശതമാനത്തിനും സ്ത്രീകളെ പീഡിപ്പിക്കാനുള്ള പ്രവണതയാണുള്ളത്.

കൗമാരപ്രായത്തിലുള്ളവരെ ലൈംഗികമായി ദുരുപയോഗിക്കുന്നതാണ് കൗമാരരതി (Ephebophilia). പ്രായപൂർത്തിയായ പുരുഷന്മാർക്ക് കുമാരന്മാരോടുതോന്നുന്ന സൗന്ദര്യശാസ്ത്രപരമോ ലൈംഗികമോ ആയ താത്പര്യം പുരാതന പേർഷ്യൻ, തുർക്കി, ഉർദു സാഹിത്യത്തിൽ വർണിക്കുന്നുണ്ട്. ഇതിനെ സ്വവർഗരതിയായല്ല കൗമാരരതിയായാണ് കാണേണ്ടതെന്നാണ് പാക്കിസ്ഥാനി പണ്ഡിതനായ താരിക് റഹ്മാൻ വാദിക്കുന്നത്.[5]

ലൈംഗികദുരുപയോഗത്തിനു വിധേയരാകുന്നതിന്റെ ഫലമായി കുട്ടികൾക്ക് പല പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. പീഡനവിധേയരാകുന്നവൻ ഭയവും ലജ്ജയും കുറ്റബോധവും കൊണ്ടു വീർപ്പുമുട്ടി ജീവിതം തുടരേണ്ടിവരുന്നു. കുമ്പസാരിക്കാൻ ചെന്നാൽ തന്നെ അടിമയാക്കിയിരിക്കുന്ന ബാലപീഡകനാരെന്നു പുറത്തു പറയുന്നത് മാരകപാപമാകുമെന്ന ഭീഷണി. താൻ സമൂഹത്തിൽനിന്ന് പുറംതള്ളപ്പെട്ടവനും ആത്മാർഥതയില്ലാത്തവനും കലഹമുണ്ടാക്കുന്നവനും ധനമോഹിയും വ്യാജവാഗ്ദാനങ്ങൾ നല്കുന്നവനും ഒക്കെയാണെന്ന തോന്നൽ അവനിൽ ശക്തമാണ്. കുറ്റബോധം, സ്വയം കുറ്റപ്പെടുത്തൽ, പേടിസ്വപ്നങ്ങൾ, ഉറക്കമില്ലായ്മ (insomnia), ലൈംഗിക ദൗർബല്യം, വിട്ടുമാറാത്ത ഓർമകൾ (flashback), വിട്ടുമാറാത്ത വേദനകൾ, സ്വയം മുറിപ്പെടുത്തൽ, ആത്മഹത്യാപ്രവണത, വൈകാരികാഘാതത്തെത്തുടർന്നുണ്ടാകുന്ന സമ്മർദ്ദം (post traumatic stress disorder), ഉത്കണ്ഠ, മാനസികരോഗം, വ്യക്തിത്വത്തകർച്ച എന്നിവ ചിലതു മാത്രം. ഒരു ബാലപീഡകൻ ഒരു കുട്ടിയെ ദുരുപയോഗിക്കുമ്പോൾ ആ കുട്ടിയുടെ മനോലൈംഗിക വികാസം ശിഥിലമാകുകയാണ്. യാതൊരു തരത്തിലുമുള്ള മരുന്നുകൾക്കും ചികിത്സകൾക്കും ഭേദപ്പെടുത്താനാവില്ലാത്ത തകരാറാണത്.

ആധുനിക മനോരോഗശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: ബാലപീഡകരെല്ലാം വ്യക്തിപരമായോ സാമൂഹികമായോ രോഗികളാണ് (psychopaths or sociopaths). അവർ വീണ്ടും വീണ്ടും തെറ്റ് ആവർത്തിക്കുന്നവരാണ്. ആട്ടിൻകൂട്ടത്തെ ആക്രമിക്കാതിരിക്കാൻ രക്തത്തിന്റെ രുചിയറിഞ്ഞ നായയെ പരിശീലിപ്പിക്കാനാവില്ലല്ലോ. 'കുമ്പസാരിച്ചാൽ പാപം തീരു'മെന്ന ഗീർവാണം ഇക്കാര്യത്തിൽ വിലപ്പോകില്ല. ഒരാളെ ബാലപീഡന പ്രവണതയുള്ളവനോ അതനുസരിച്ചു പ്രവർത്തിക്കുന്നവനോ ആയിരിക്കുന്നതിൽനിന്നു തടയാൻ ഭക്തിമാത്രം പോരാ. തിന്മ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഒന്നാണ്. സാമൂഹ്യരോഗികൾ ധർമബോധമോ കുറ്റബോധമോ സഹാനുഭൂതിയോ ഉള്ളവരല്ല.

ബാലപീഡകർ ഉടമകൾ അടിമകളോടെന്നപോലെയാണ് നിഷ്കളങ്കരായ കുട്ടികളോടു പെരുമാറുന്നത്. ഈ കുട്ടികളെ കാട്ടിലോ പുഴയിലോ മരിച്ചനിലയിൽ കണ്ടെത്തേണ്ടിവന്നേക്കാം. ബാലപീഡകരായ

പുരോഹിതർ ജന്മനാതന്നെ തിന്മനിറഞ്ഞവരാണ്. അവർ നിഷ്കളങ്കരായ കുട്ടികളെ നിരന്തരം ബലാൽസംഗത്തിനു വിധേയരാക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന പരപീഡന പ്രവണതയുള്ളവരാണ് (sadists). ബാലപീഡകർ യാതൊരു ധാർമികബോധവുമില്ലാത്ത ഹിംസ്ര ജീവികളാണ്. ബാലപീഡനം വളരെ ഗൗരവമുള്ള ഒരു കുറ്റകൃത്യമാണ്.

ഇത് മനുഷ്യപ്രകൃതിയിൽത്തന്നെയുള്ള ഒരു രോഗമാണ്. പുരോഹിതർക്ക് ജനങ്ങളുടെമേൽ (പ്രത്യേകിച്ച് കുട്ടികളുടെമേൽ) സ്വാധീന ശക്തിയുണ്ട്. വാസ്തവത്തിൽ കുട്ടികളെ ഇവർ ബലാൽസംഗത്തിനു വിധേയരാക്കുകയാണ്. ബുദ്ധിമാന്മാരാണെങ്കിലും മാനസികവും ആത്മീയവുമായി രോഗബാധിതരായവരാണ് ബാലപീഡകർ എന്നതാണ് വസ്തുത. ബാലപീഡനം കുട്ടിയുടെ തേജസ്സിനെയും ചൈതന്യത്തെയുമാണ് ആക്രമിക്കുന്നത്. ആത്മീയതലത്തിൽ ചെയ്യുന്ന ഒരു കൊലപാതകം തന്നെയാണ് ബാലപീഡനം. കുട്ടികളുടെ നിഷ്കളങ്കതയെ തകർക്കുന്നതിലും വലിയ കുറ്റമോ പാപമോ ഉണ്ടോ?

ബാലപീഡകരായ പുരോഹിതർ കുട്ടികളെ പീഡനവിധേയരാക്കുന്നതിന്റെ കാരണങ്ങൾ പലതാണ്:

1. മാനസികരോഗം
2. ഒരു ഭാര്യക്കുവേണ്ടിയുള്ള ദാഹം
3. സ്വന്തം ബ്രഹ്മചര്യപ്രതിജ്ഞയിലുള്ള നിരാശ
4. ലൈംഗികവൈകൃതം എളുപ്പം സാധ്യമാകുന്ന സാഹചര്യങ്ങൾ

നൂറിലേറെ സ്ത്രീപുരുഷന്മാർ, തങ്ങൾ കുട്ടികളായിരുന്നപ്പോൾ 'ഫാദർ' ജയിംസ് റോബർട്ട് പോർട്ടൻ (Father James Robert Porten) ലൈംഗികപീഡനത്തിന് വിധേയരാക്കിയിട്ടുണ്ടെന്ന് മൊഴിനല്കുകയുണ്ടായി.[6] അൾത്താരബാലന്മാരെയും ബാലികമാരെയും പള്ളി നടത്തുന്ന അനാഥമന്ദിരങ്ങളിലെ കുട്ടികളെയും ഇരകളാക്കി പള്ളിയിലെ അൾത്താരയും ഇരിപ്പിടങ്ങളും സ്വവർഗരതി ശയ്യകളാക്കുകയായിരുന്നു അദ്ദേഹം.

യു.എസ്സിലെ കത്തോലിക്കാസഭ 2002-ൽ ബോസ്റ്റണിൽ തുടങ്ങുകയും തുടർന്ന് ഇതര രൂപതകളിലും വ്യാപകമാവുകയും ചെയ്ത പുരോഹിതരുടെ ബാലപീഡന ആരോപണങ്ങളും കേസുകളുംമൂലം ഇന്ന് അവശനിലയിലാണ്. പീഡകരാണെന്നറിഞ്ഞിട്ടും യാതൊരു ശിക്ഷയും നല്കാതെ ഒരിടവകയിൽനിന്ന് മറ്റൊരിടവകയിലേക്ക് പുരോഹിതരെ സ്ഥലംമാറ്റിയതിനെതിരെ അമേരിക്കയിൽ ഇപ്പോൾ ബഹുജനരോഷം ശക്തമായിക്കൊണ്ടിരിക്കുകയാണ്. ആസ്ട്രേലിയായിലും അയർലൻഡിലും കാനഡായിലുമൊക്കെ ഇതേ പ്രശ്നം ഉയർന്നുവരുന്നുണ്ട്. അമേരിക്കയിൽമാത്രം 1950 മുതൽ 2002 വരെയുള്ള കാലയളവിൽ പുരോഹിതലൈംഗികപീഡനം സംബന്ധിച്ചു ലഭിച്ച പരാതികൾ പതിനായിരത്തിലേറെ വരും. അക്കാലത്ത് ആകെയുണ്ടാ

യിരുന്ന പുരോഹിതരിൽ നാലു ശതമാനത്തോളം (4000 പേർ) പുരോഹിതർക്കും എതിരേ പരാതിയുണ്ടായിരുന്നു!

മോൺസിഞ്ഞോർ ചാൾസ് സിക്ലൂണാ (Monsignor Charles Scicluna) വത്തിക്കാന്റെ വിശ്വാസസത്യ തിരുസംഘത്തിലെ (Congregation for the Doctrine of the Faith) 'പ്രൊമോട്ടർ ഓഫ് ജസ്റ്റീസ്' (the promotor of justice) ആണ്. അദ്ദേഹം പീഡനത്തിലെ ഇരകൾക്കുവേണ്ടി റോമിലെ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട ഒരു പ്രാർഥനാ സമ്മേളനത്തിൽ 2010 ജൂൺ 2-ന് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: "ഈ ലോകത്തുവച്ച് മരണശിക്ഷ കിട്ടുന്നതാണ് നിത്യനരകത്തിലെ തീയിൽപ്പെടുന്നതിനെക്കാൾ ഇവർക്ക് നല്ലത്."

സ്വിസ് പ്രസിഡന്റ് ഡോറീസ് ലോയ്ത്താർഡ് (Doris Leuthard) "പൊതുസമൂഹത്തിൽ നിന്നാണെങ്കിലും പുരോഹിതസമൂഹത്തിൽ നിന്നാണെങ്കിലും കുറ്റവാളികൾ സ്വിസ് ക്രിമിനൽ നിയമത്തിന്റെ മുമ്പിൽ തുല്യരാണ്'' എന്നു വ്യക്തമാക്കിയിട്ടുണ്ട്.[7] സ്വിസ് ബിഷപ്സ് കോൺഫറൻസിന്റെ പ്രസിഡന്റ് നോർബർട്ട് ബ്രൂണർ (Norbert Brunner) സ്വിറ്റ്സർലൻഡിലെ ബാലപീഡനങ്ങളുടെ ഭാരവും ഉത്തരവാദിത്വവും അതുചെയ്തവർ മാത്രമാണ് വഹിക്കേണ്ടതെന്നും രാജ്യത്തെ സഭയ്ക്ക് അതിൽ യാതൊരു പങ്കുമില്ലെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. പീലാത്തോസും ഇങ്ങനെയായിരുന്നല്ലോ കൈകഴുകിയത് (മത്താ. 27: 24). കുറ്റങ്ങൾ ചെയ്ത പുരോഹിതർക്ക് പിഴ വിധിക്കാനും പശ്ചാത്തപിക്കുന്നവർക്ക് ഇളവുനല്കാനും കാനൻ നിയമത്തിൽ വ്യവസ്ഥയുണ്ടെന്നും കൂടി അദ്ദേഹം പറയുകയുണ്ടായി. ബ്രൂണർ എത്ര എളുപ്പം കേസു തീർത്തു! പത്തും പതിനൊന്നും വയസ്സു പ്രായമുള്ള പിഞ്ചുകുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിച്ച കുറ്റകൃത്യത്തിന് കാനൻ നിയമവുമായി വന്നിരിക്കുകയാണ്. സ്വിസ്സ് സർക്കാരിന്റെ നിയമമെവിടെ? ആ പുരോഹിതരെ പോലീസിലേല്പിക്കുകയല്ലേ വേണ്ടത്? കോടതി കേസു വിസ്തരിച്ച് തെറ്റുകാരനെങ്കിൽ ജയിലിൽ പോവുകയല്ലേ വേണ്ടത്? എങ്കിൽ പിന്നീട് മറ്റു കുട്ടികളെ പീഡിപ്പിക്കുകയില്ലല്ലോ. ലോകരാഷ്ട്രങ്ങൾക്ക് സിവിൽ നിയമം ഉള്ള വിവരം ഈ മെത്രാന്മാർക്കറിയില്ലേ? രാജവടിയും അരപ്പട്ടയും കൂമ്പൻതൊപ്പിയും ആയിക്കഴിയുമ്പോൾ ഇവർക്കെന്തേ നേരെ ചൊവ്വേ ചിന്തിക്കാൻ കഴിയാത്തത്? താനൊക്കെ രാഷ്ട്രനിയമങ്ങൾക്കും മുകളിലാണന്നാണ് ഈ ശുംഭന്മാരുടെ വിചാരം. കാനൻ നിയമത്തെ ആരു വകവെയ്ക്കുന്നു? കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ ഓരോ രാജ്യത്തും സിവിൽ നിയമങ്ങളുണ്ട്. ഓരോ പൗരനും അവ അനുസരിക്കാൻ ബാധ്യസ്ഥനുമാണ്.

## സഭയുടെ വിശ്വാസ്യത നഷ്ടപ്പെട്ടോ?

ഇംഗ്ലണ്ടിലും വെയിൽസിലും (England and Wales) ബാലപീഡനത്തിനു ജയിലിൽ കിടക്കുന്ന പുരോഹിതർ സഭാ രേഖകളനുസരിച്ച്

ഇപ്പോഴും നല്ല പുരോഹിതരായി തുടരുകയാണ്. സഭയുടെ ഔദ്യോഗിക ഇയർബുക്കിന്റെ ഏറ്റവും പുതിയ എഡിഷനിൽ (recent editiion of catholic directory) അവരുടെ പേരുകൾ ഉണ്ട്. അവർക്ക് സഭയിൽനിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുമുണ്ട്.[8]

പുരോഹിതരുടെ ലൈംഗികകുറ്റകൃത്യങ്ങൾ സിവിൽ അധികാരികളെ സഭാധികാരികൾ അറിയിച്ചിരുന്നില്ല. പകരം ബാലപീഡകരായ പുരോഹിതരെ വേറൊരു ഇടവകയിലേക്കോ മറ്റൊരു രൂപതയിലേക്കോ രാജ്യത്തിലേക്കോ ഭൂഖണ്ഡത്തിലേക്കോ സ്ഥലംമാറ്റുകയാണ് മെത്രാന്മാർ ചെയ്തത്.

ബാലപീഡകരായ പുരോഹിതർ ഏറ്റവും അധികമുള്ള രാജ്യങ്ങൾ അയർലാൻഡും അമേരിക്കയുമാണ്. കാരണം, ഈ രാജ്യങ്ങളിലാണ് കത്തോലിക്കാസഭയ്ക്ക് രാഷ്ട്രീയക്കാരുടെ ഇടയിൽ കൂടുതൽ സ്വാധീനമുള്ളത്. അതുകൊണ്ട് തെറ്റു ചെയ്താലും രക്ഷപ്പെടാമെന്ന് വൈദികർക്കറിയാം.

കുരിശുയുദ്ധത്തിന്റെ ഇരകളെയും പ്രോട്ടസ്റ്റന്റ് രക്തസാക്ഷികളെയും യഹൂദരെയും പോലെ ബാലപീഡകരായ പുരോഹിതരുടെ ഇരകളാണ് കുട്ടികൾ.

പുരോഹിതർക്ക് അവരുടെ ഇരകളായ ബാലന്മാരെ കണ്ടെത്താൻ പല മേഖലകളുണ്ട്. അവർ അതിനാൽത്തന്നെ മറ്റു ലൈംഗിക കുറ്റവാളികളെക്കാൾ അപകടകാരികളാണ്. ഇക്കാര്യത്തിൽ പ്രലോഭകരുടെ ലൈംഗികാവയവങ്ങളല്ല, ദുഷിച്ച മനസ്സും ആത്മാവുമാണ് കൂടുതൽ അപകടകരമായിരിക്കുന്നത്. വിദ്യാഭ്യാസമോ സ്ഥാനമോ വിവാഹിത/അവിവാഹിതഭേദമോ സ്ത്രീ/പുരുഷ ഭേദമോ മതമോ ജാതിയോ ഒന്നും ബാലപീഡന പ്രവണതയെ ഇല്ലാതാക്കുന്നില്ല. സ്ത്രീകൾക്കും ബാധിക്കാവുന്ന ഒരു രോഗമാണിത്.

സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ ഡോ. തോമസ് പാന്റെ (Dr. Thomas Pante) അമേരിക്കയിലെ നാലു ശതമാനം പുരോഹിതരും ലൈംഗികാപവാദങ്ങളിൽപ്പെട്ടിട്ടുണ്ടെന്നാണ് എഴുതിയിട്ടുള്ളത്.[9] പുരോഹിതരിൽ കുട്ടികൾ അർപ്പിച്ചിരുന്ന വിശ്വാസവും മതാധികാരവും ദുരുപയോഗിച്ചാണ് ആ പുരോഹിതർ കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്തത്. 2002-ന്റെ ആദ്യ പകുതിയിൽ കാലിഫോർണിയായിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 61 പത്രങ്ങളിലും ഇക്കാര്യം വ്യക്തമാക്കിയിരുന്നു. ആ പ്രസിദ്ധീകരണങ്ങളിലൂടെ രണ്ടായിരത്തിലേറെ സംഭവകഥകളാണ് അക്കാലത്ത് പുറത്തുവന്നത്.[10] അമേരിക്കയിൽ Boston Globe പത്രത്തിൽ വന്ന ചില തലക്കെട്ടുകൾ നോക്കുക:

1. Church allowed abuse by priests for years (January 6, 2002).
2. Officials avoided confronting priest over abuse (January 24, 2002).
3. Letters exibit gentle approach toward priest (January 24, 2002).

4. Church settled six law suits against priest (January 28, 2002).
5. Scores of priests involved in sex abuse cases (January 31, 2002).
6. Women says church ignored her outcries (February 13, 2002).
7. Abuse allegations were known to high officials, files show (June 5, 2002).
8. Priest faces charges of raping alter boy (August 28, 2002).
9. Diocese records show more coverups (September 13, 2002).
10. Church tries to block public access to files (November 23, 2002).
11. Records show a trail of secrecy, deception (December 4, 2002).
12. Files show church stuck deals with accusers (December 20, 2002).

വത്തിക്കാന്റെ പ്രതികരണം എങ്ങനെയാണ് എന്നല്ലേ? ഈ അടുത്തകാലത്തു നടന്ന ഒരുദാഹരണം നോക്കൂ:

1984 മുതൽ ബ്രൂഗസിലെ മെത്രാനായ റോജർ വാൻഗേലുവ് (Roger Vangheluwe, Bishop of Bruges) ബാലപീഡനത്തിൽ ഉൾപ്പെട്ടതിന്റെ പേരിൽ കുറ്റം സമ്മതിച്ചുകൊണ്ട് രാജിവയ്ക്കുകയുണ്ടായി. ബെൽജിയൻ ഭരണാധികാരികൾ അദ്ദേഹത്തിന്റെ ഓഫീസ് റെയ്ഡു ചെയ്തപ്പോൾ വത്തിക്കാൻ പ്രതിഷേധിച്ചു. ഇരകളുടെ വികാരങ്ങളെക്കാൾ സഭയുടെ സൽപേരിനാണല്ലോ പ്രാധാന്യം നല്കേണ്ടത്! എന്തൊരു നീതിബോധം?

ലോകത്തെമ്പാടുമായി ആയിരക്കണക്കിന് ആൺകുട്ടികളെയും പെൺകുട്ടികളെയും പുരോഹിതർ ലൈംഗികമായി ദുരുപയോഗിച്ചു. അക്കാരണത്താൽ അമേരിക്കയിൽ മാത്രം പീഡിപ്പിക്കപ്പെട്ടവർക്കു നഷ്ടപരിഹാരമായി 260 കോടി ഡോളർ കത്തോലിക്കാസഭ നല്കേണ്ടി വന്നു. നിരവധി രൂപതകൾ പാപ്പർ ഹർജിയും കൊടുത്തു.[11] വിശ്വാസികളുടെ പണം സഭാധികാരികൾ അങ്ങനെ ധൂർത്തടിച്ചു.

ലൈംഗികബന്ധം പുലർത്താൻ കുമ്പസാരവേളയിൽ നിവേദനം നടത്തിയ (solicit) രണ്ടു പുരോഹിതരെ സഭാഭ്രഷ്ടരാക്കാൻ ട്യൂസൺ ബിഷപ്പ് മാനുവൽ മോറേനോ (Manuel Moreno, bishop of Tucson) ശ്രമിക്കുകയുണ്ടായി എന്ന് അരിസോണാ ഡെയ്‌ലി സ്റ്റാറിലെ (Arizona Daily Star) പാറ്റി മാച്ലർ (Patty Machlor) 2010 ഏപ്രിൽ 1-ന് റിപ്പോർട്ടു ചെയ്തു. എന്നാൽ ആരോപണങ്ങൾ ഒഴിവാക്കാനും സഭയുടെ സൽപ്പേരും സഭാസ്വത്തുക്കളും സംരക്ഷിക്കാനുമാണത്രെ വത്തിക്കാൻ, അതായത് ഇപ്പോഴത്തെ മാർപ്പാപ്പാ, അതിനെതിരുനിന്നു. കുട്ടികളുടെ നന്മയെ അവഗണിച്ച് സഭാധികാരികൾ രഹസ്യം പാലിച്ചു. മാനവികതയ്ക്കു തന്നെ എതിരായ ഒരു പ്രവൃത്തിയായിരുന്നു അത്.

ബാലപീഡകരായ പുരോഹിതർ അധികാര ദുർവിനിയോഗം (abuse of authority), വിശ്വാസ്യതാ ദുർവിനിയോഗം (abuse of trust), ബാല ലൈംഗിക ദുർവിനിയോഗം (child sex abuse), പൗരോഹിത്യ ദുർവിനിയോഗം (clerical abuse), ശാരീരിക ദുർവിനിയോഗം (physical

abuse), മനുഷ്യാവകാശ ദുർവിനിയോഗം (human right abuse), സ്ഥാപന ദുർവിനിയോഗം (institutional abuse) എന്നിങ്ങനെ എത്രയെത്ര ദുർവിനിയോഗങ്ങളാണു ചെയ്തത്?

ബാലപീഡകരായ പുരോഹിതർക്കെതിരെ യാതൊരു നടപടിക്കും തുനിയാത്ത സഭാധികാരികളെപ്പറ്റി നാമെന്താണു കരുതേണ്ടത്? അവരും ബാലപീഡന പ്രവണതയുള്ളവരാണോ? സഭയുടെ സൽപേരു സൂക്ഷിക്കാൻ ബാലപീഡകരെ അവർ സംരക്ഷിക്കുകയാണെങ്കിൽ അവരെ വിടുവിഡ്ഢികളെന്നേ വിളിക്കാനാവൂ. മെത്രാന്മാർ സഭയുടെ സൽപേരു നഷ്ടപ്പെടുത്താതിരിക്കാൻ വിവരം സിവിൽ അധികാരികളെ അറിയിക്കില്ലെന്ന നിലപാടെടുക്കുന്നതല്ലേ കൂടുതൽ ലജ്ജാവഹം?

നവോത്ഥാനത്തിനുശേഷം സഭ ഏറ്റവും കൂടുതൽ വിശ്വാസ്യതാ പ്രതിസന്ധി (credibility crisis) നേരിടുന്ന കാലഘട്ടമാണിതെന്ന് പ്രശസ്ത ദൈവശാസ്ത്രജ്ഞൻ ഹാൻസ് കുങ് (Hans Kueng) പറയുന്നു.[12]

പോപ്പ് ലോകം മുഴുവൻ ക്ഷമ പറഞ്ഞു നടക്കുകയാണ്. സഭയിലെ ക്രിമിനലുകളായ പുരോഹിതരെ പൗരോഹിത്യത്തിൽനിന്നു പുറത്താക്കുകയും സിവിൽ അധികാരികൾക്ക് ഏല്പിച്ചു കൊടുക്കുകയും ചെയ്യുന്നതിനുപകരം നടത്തുന്ന ഈ മാപ്പുചോദ്യം പഞ്ചസാരയിൽ പൊതിഞ്ഞ പൊളിവാക്കുകളാണ്. മാപ്പു ചോദിച്ചുകൊണ്ടു പോപ്പു നടത്തിയ പ്രസംഗങ്ങളിലെ പുണ്യപദങ്ങൾ നോക്കുക: സമാധാനം (peace), പശ്ചാത്താപം (remorse), ക്ഷമാപണം (apology), തെറ്റ് (mistake), സഹിഷ്ണുത (tolerance)..... മധുരപദങ്ങൾ തന്നെ!

ഒരു കപ്പലിന്റെയും അതിലുള്ള മുഴുവൻ യാത്രക്കാരുടെയും ഉത്തരവാദിത്വം കപ്പിത്താന്റേതാണ്. അതുപോലെ സഭയിലിന്നുള്ള എല്ലാ പ്രശ്നങ്ങളുടെയും ഉത്തരവാദി മാർപ്പാപ്പായാണ്. തെറ്റുചെയ്ത പുരോഹിതരെ സംരക്ഷിക്കാൻ നോക്കാതെ പോലീസിനു കൈമാറണം. അവരവരുടെ രാജ്യത്തെ നിയമനുസരിച്ച് അവരെ വിചാരണചെയ്യുകയും ശിക്ഷിക്കുകയും വേണം. ഇതാണ് സഭാധികൃതർ നിർവഹിക്കേണ്ട ഉത്തരവാദിത്വം. സ്വന്തം തെറ്റുകൾ സമ്മതിക്കാതെയും അവയുടെ ഉത്തരവാദിത്വം വഹിക്കാതെയുമുള്ള സഭാധികൃതരുടെ അയഞ്ഞ മനോഭാവം അവിശ്വസനീയംതന്നെ.

ലീജിയനറീസ് ഓഫ് ക്രൈസ്റ്റ് (Legionaries of Christ) എന്ന സംഘടനയുടെ സ്ഥാപകനും ഒരു കുഞ്ഞിന്റെയെങ്കിലും പിതാവുമായ ഫാദർ മാർസിയൽ ഡെഗള്ളാഡോ (Fr. Marcial Degollado) ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ സുഹൃത്തായതിനാൽ നീതിപീഠത്തിനു മുമ്പിൽ എത്തേണ്ടിവന്നില്ല. ശിക്ഷാനടപടികൾക്ക് വിരാമമിടാൻവരെ ശക്തനാണ് മാർപ്പാപ്പാ എന്നതിന് വേറേ തെളിവുവേണോ? എന്നാൽ, വളരെ ഗൗരവാവഹവും ജുഗുപ്സാവഹവുമായ ലൈംഗികകുറ്റം

ആരോപിക്കപ്പെട്ട ഫാദർ മാർസിയലിനെ 2006-ൽ വിശ്വാസസത്യ തിരുസംഘം പൊതു പ്രാർഥനാപരിപാടികളിൽ പങ്കെടുക്കുന്നതിൽനിന്ന് നിരോധിക്കുകയുണ്ടായി. മാർസിയൽ 2008 ജനുവരി 30-നു മരണമടഞ്ഞു.

## ഏതാനും കർദിനാളന്മാർ നല്കിയ പിന്തുണ[13]

ഫാദർ ഒലിവർ ഒ'ഗ്രാഡി (Fr. Oliver O'Grady) എന്ന കത്തോലിക്കാ പുരോഹിതനെ, അദ്ദേഹം ഡസൻ കണക്കിനു കുട്ടികളെ ബലാൽസംഗം ചെയ്തത് മൂടിവയ്ക്കാനായി, 1970-കളിൽ വടക്കൻ കാലിഫോർണിയായുടെ ചുറ്റുമായുള്ള നിരവധി ഇടവകകളിലേക്ക് സ്ഥലം മാറ്റുകയുണ്ടായി. ഫാദർ ഒ'ഗ്രാഡിയെപ്പറ്റി 2006-ൽ ഒരു ഡോക്കുമെന്ററി സിനിമാ നിർമിച്ചു. ഈ ചലച്ചിത്രം ഏറ്റവും നല്ല ഡോക്കുമെന്ററി സിനിമയ്ക്കുള്ള ഒരു അക്കാദമി അവാർഡിന് നാമനിർദേശം ചെയ്യപ്പെടുകയുണ്ടായി. 'തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ' (Deliver Us from Evil) എന്ന പേരിലുള്ള ഈ ചിത്രത്തിൽ, താൻ 25 കുട്ടികളെയെങ്കിലും പീഡിപ്പിച്ചിട്ടുള്ളതായി ഫാദർ ഒ'ഗ്രാഡി സമ്മതിക്കുന്നുണ്ട്. 1976-1984 കാലം മുതൽ തന്നെ ഫാദർ ഒ'ഗ്രാഡി കുട്ടികളെ പീഡിപ്പിക്കുന്നുണ്ടെന്ന് സഭാധികാരികൾക്ക് അറിയാമായിരുന്നു. എന്നാൽ യാതൊരു നടപടിയുമുണ്ടായില്ല. ഒ'ഗ്രാഡിയുടെ സേവനമേഖല സ്റ്റോക്ക്ടൺ (Stockton) രൂപതയായിരുന്നു. അവിടെ 1980-1985 കാലത്ത് ബിഷപ്പായിരുന്നത് ഇപ്പോഴത്തെ ലോസ് ഏഞ്ജലസ് (Los Angeles) ആർച്ചു ബിഷപ്പായ കർദിനാൾ റോജർ മഹോണി (Roger Mahony) ആയിരുന്നു. 1993-ൽ 14 വർഷത്തേക്ക് തടവുശിക്ഷ വിധിക്കപ്പെട്ട് ജയിലിലടയ്ക്കപ്പെട്ട ഒ'ഗ്രാഡി ഏഴു വർഷം കഴിഞ്ഞപ്പോൾ ജയിൽ വിമുക്തനായി. അതിനുശേഷം സ്വദേശമായ അയർലൻഡിലേക്ക് നാടുകടത്തപ്പെട്ടു. അദ്ദേഹം പീഡിപ്പിച്ചവർക്ക് നഷ്ടപരിഹാരമായി മൂന്നു കോടി യു.എസ്. ഡോളർ സ്റ്റോക്ക്ടൺ രൂപത നല്കണമെന്ന് 1998-ൽ ഒരു സിവിൽ കോടതി വിധിച്ചു. ജഡ്ജി പിന്നീട് അത് 70 ലക്ഷം ഡോളറായി കുറവുചെയ്തു. കുട്ടികളെ ഒ'ഗ്രാഡി ലൈംഗികമായി പീഡിപ്പിക്കുന്നുണ്ടെന്നറിഞ്ഞിരുന്നിട്ടും യാതൊരു നടപടിയുമെടുക്കാതെ പള്ളികൾതോറും സ്ഥലംമാറ്റം നല്കിയ റോജർ മഹോണി മെത്രാന് ലോസ് ഏഞ്ജലസ് അതിരൂപതയിലേക്ക് സ്ഥാനക്കയറ്റം കിട്ടി, കർദിനാളുമായി!

ബോസ്റ്റൻ (Boston) അതിരൂപതയിൽ വൈദികർ കുട്ടികളെ ലൈംഗികമായി ദശകങ്ങളോളം പീഡിപ്പിച്ചു. അതറിഞ്ഞിട്ടും അവിടുത്തെ ആർച്ച് ബിഷപ്പ് കർദിനാൾ ബെർനാർഡ് ലോ (Archbishop Cardinal Bernard Law) ആ വൈദികർക്ക് സ്ഥലംമാറ്റം നല്കുകയല്ലാതെ യാതൊരു നടപടികളും സ്വീകരിച്ചില്ല. ബോസ്റ്റൺ അതിരൂപതിലെ അതിരൂക്ഷമായ ബാലലൈംഗികപീഡനം ശ്രദ്ധയിൽപ്പെട്ട അമേരിക്കൻ സിവിൽ അധികാരികൾ മെത്രാപ്പോലീത്തായെ പിടികൂടുമെന്നു വത്തിക്കാൻ മനസ്സിലാക്കി.

അദ്ദേഹത്തെ വത്തിക്കാനിലേക്ക് സ്ഥലം മാറ്റി. 2002 ഡിസംബറിൽ കോടതിവിധിയനുസരിച്ച് അദ്ദേഹത്തെ പിടികൂടാൻ ബോസ്റ്റണിലെ നിയമപാലകർ അവിടെയെത്തുന്നതിന് മണിക്കൂറുകൾ മാത്രം മുമ്പായിരുന്നു അദ്ദേഹത്തിന്റെ 'സ്ഥലംമാറ്റം'. ഇപ്പോൾ കർദിനാൾ ലോ 'സർവസുഖസംപുഷ്ട'നായി വത്തിക്കാനിൽ കഴിയുന്നു. പുരോഹിതർ നടത്തിയ ബാലപീഡനങ്ങൾ മൂടിവയ്ക്കാൻ സജീവപങ്കാളിത്തം വഹിച്ചയാളാണ്, ഇദ്ദേഹം. പുരോഹിതരുടെ ബാലപീഡനത്തിനു വൻതുക നഷ്ടപരിഹാരം നല്കേണ്ടിവന്നതിനെത്തുടർന്ന് അതിരൂപത യിൽ വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായി. 65 പള്ളികളാണ് പൂട്ടേണ്ടിവന്നത്. അമ്പതോളം അതിരൂപതാവൈദികർ കർദിനാൾ രാജി വയ്ക്കണമെന്നുള്ള പെറ്റീഷനിൽ ഒപ്പുവച്ചു. അമേരിക്കൻ കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഇതിനുമുമ്പ് ഇങ്ങനെ സംഭവിച്ചിട്ടില്ല. ഇതൊക്ക യായിട്ടും വത്തിക്കാനിലേക്ക് സ്ഥലംമാറ്റം കിട്ടിയ ഈ 'മഹാമനുഷ്യൻ' 2005-ലെ മാർപ്പാപ്പായെ തെരഞ്ഞെടുക്കാൻ കൂടിയ പേപ്പൽ കോൺക്ലേവിൽ പങ്കെടുത്തിരുന്നു!

റോമിലെ ബസിലിക്കാ ഡി സാന്റാ മരിയാ മജിയോറെയുടെ (Basilica di Santa Maria Maggiore) 'മഹാപുരോഹിത'സ്ഥാനം (Archpriest) കൂടാതെ അദ്ദേഹം താഴെപ്പറയുന്ന തിരുസംഘങ്ങളുടെ മെമ്പറും കൂടി യാണ്.

1. പൗരസ്ത്യ തിരുസംഘം (Congregation of the Oriental Churches).
2. പുരോഹിത തിരുസംഘം (Congregation of the Clergy).
3. ദൈവാരാധനയുടെ തിരുസംഘം (Congregation of Divine worship).
4. കൂദാശകളുടെ തിരുസംഘം (Congregation of Dicipline of the Sacraments).
5. ജനകീയ സുവിശേഷവത്കരണ തിരുസംഘം (Congregation of Evangelization of Peoples).
6. അർപ്പിതരുടെ തിരുസംഘം (Congregation of Institute of conserated life and societies of Apostolic Life).
7. കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ തിരുസംഘം (Congregation of Catholic Education).
8. മെത്രാന്മാരുടെ തിരുസംഘം (Congregation of Bishops).
9. കുടുംബങ്ങൾക്കായുള്ള തിരുസംഘം (Congregation of Pontifical council for the family).

ഒമ്പത് തിരുസംഘങ്ങളിലെ അംഗം. പോരേ പൂരം!

അയർലണ്ടിൽ പീഡനവിധേയരായവരോട് (abuse victims) മാർപ്പാപ്പാ മാപ്പുപറഞ്ഞത് രസകരമായ രീതിയിലാണ്: "കർത്താവ് അനീതി സഹിച്ചു. അതായത്, യേശു ക്രിസ്തുതന്നെ അനീതിയുടെയും നീതിക്കു

നിരക്കാത്ത സഹനത്തിന്റെയും ഇരയായിരുന്നു. കർത്താവിന് നിങ്ങളുടെ വേദനയുടെ ആഴം അറിയാം."[13] ഇത്തരത്തിലുള്ള ശർക്കരയിൽ പൊതിഞ്ഞ ഉപദേശം എത്രത്തോളം ആത്മാർഥമായിരിക്കും?

## പീഡകപുരോഹിതനെ ഒളിവിൽ പാർപ്പിച്ച ബിഷപ്പിനെ കർദിനാൾ ശ്ലാഘിച്ചു[14]

ഒരു റോയിട്ടർ റിപ്പോർട്ട് കാണുക:

ലോകമെങ്ങുമുള്ള പുരോഹിതരുടെ കാര്യങ്ങളിൽ ചുമതലക്കാരനായ വത്തിക്കാൻ കർദിനാൾ ഡാരിയോ കാസ്ട്രിലിയൻ ഹോയോസ് (Cardinal Dario Castrilion Hoyos) ലൈംഗികപീഡകനായ റവ. റെനി ബിസ്സിയെ (Rev. Rene Bissey) പോലീസിലേല്പിക്കാതിരുന്നതിന് ഫ്രഞ്ചു ബിഷപ്പായ പിയർ പിക്കാനെ (French Bishop Pierre Pican) അഭിനന്ദിച്ചു കൊണ്ട് 2001-ൽ ഒരു കത്തെഴുതുകയുണ്ടായി. ലിയോണിൽനിന്നു പ്രസിദ്ധീകരിക്കുന്ന കത്തോലിക്കാ അല്മായരുടെ ഗോലിയാസ് എന്ന മാസികയാണ് ലൈംഗികപീഡകരായ പുരോഹിതരെ തുറന്നുകാട്ടാതിരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന സഭയുടെ രഹസ്യ രേഖകൾ പുറത്തുകൊണ്ടുവന്നത്. വ്യക്തിപരമായി ബാലപീഡനക്കുറ്റം സമ്മതിച്ച് മൂന്നു മാസത്തെ തടവിനു ശിക്ഷിക്കപ്പെട്ടു ജാമ്യത്തിൽ കഴിഞ്ഞിരുന്ന റവ. റെനി ബിസ്സിയെ വിവരം അറിഞ്ഞിരുന്നിട്ടും പിക്കാൻ ഇടവക ജോലിക്ക് നിയോഗിച്ചിരുന്നു. ഇതറിയാനിടയായ ഫ്രഞ്ചു സർക്കാർ ഇതു പോലെയുള്ള എല്ലാ ലൈംഗികപീഡനക്കേസുകളും സിവിൽ അധികാരികളെ അറിയിച്ചിരിക്കണമെന്നു പ്രഖ്യാപിച്ചിരുന്നു. ഒരാൺകുട്ടിയെ നിരന്തരം ബലാൽസംഗം ചെയ്തതിനും മറ്റു പത്തുപേരെ ലൈംഗികമായി പീഡിപ്പിച്ചതിനും പിന്നീട് 18 വർഷത്തെ തടവുശിക്ഷ വിധിക്കപ്പെട്ട റവ. റെനി ബിസ്സിക്ക് യഥാസമയം കുറ്റംചുമത്താതിരുന്ന ഫ്രഞ്ച് ബിഷപ്പിനെയാണ് കർദിനാൾ 2001 സെപ്റ്റംബർ 8-ന് അഭിനന്ദിച്ചത്.

മെത്രാന്മാരും പുരോഹിതരും തമ്മിലുള്ള ബന്ധം ഔദ്യോഗികമെന്നതിലുപരി ആത്മീയ പൈതൃക സ്വഭാവമുള്ളതും സവിശേഷവുമാണെന്ന് കർദിനാൾ ഹോയോസ് മുൻപറഞ്ഞ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ കത്തിൽ മെത്രാനും പുരോഹിതരും തമ്മിലുള്ള സവിശേഷബന്ധം വ്യക്തമാക്കാൻ പ്രസക്തമായ വത്തിക്കാൻ രേഖകളും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളും ഉദ്ധരിച്ചിട്ടുണ്ട്.

ഇക്കാര്യം സംബന്ധിച്ച് തിരുസംഘം ആ കത്തിന്റെ പ്രതികൾ എല്ലാ മെത്രാൻ സമിതികളിലേക്കും അയയ്ക്കുന്നതാണെന്നും കർദിനാൾ എഴുതിയിരുന്നു. കൊളംബിയയിൽ നിന്നുള്ള ഉറച്ച യാഥാസ്ഥിതികനായ കർദിനാൾ 1996 മുതൽ 2006 വരെ പുരോഹിതർക്കായുള്ള വത്തിക്കാൻ വകുപ്പിൽ അംഗമായിരുന്നു. 2000 മുതൽ 2009 വരെ 1988-ൽ സഭാഭ്രഷ്ടരാക്കപ്പെട്ട പാരമ്പര്യ വാദികളായ റിബലുകളുടെ പ്രശ്നം കൈകാര്യം

ചെയ്യുകയും ചെയ്തിരുന്നു. അദ്ദേഹം 2009 ജനുവരി മുതൽ വിശുദ്ധ പത്താം പീയൂസിന്റെ സൊസൈറ്റിയിലെ (Society of Saint Pius X) നിരോധിതരായ നാലു മെത്രാന്മാരെ സഭയിലേക്കു തിരിച്ചെടുക്കാനുള്ള സംഭാഷണത്തിന് നേതൃത്വം കൊടുത്തിരുന്നു.

വത്തിക്കാന്റെ രഹസ്യനീക്കങ്ങളെപ്പറ്റിയുള്ള ചൂടേറിയ ചർച്ചകൾക്കിടയിൽ പീഡകരെപ്പറ്റി പോലീസിന് വിവരം നല്കരുതെന്ന് വ്യക്തമായി ഒരു ബിഷപ്പിനോടും നിർദേശിച്ചിട്ടില്ലെന്നും അവരെ ഒളിപ്പിക്കാൻ നിർദ്ദേശിച്ചു എന്നതിന് തെളിവൊന്നുമില്ലെന്നും വത്തിക്കാൻ പറയുന്നു. വത്തിക്കാൻ വക്താവായ റവ. ഫെഡറിക്കോ ലൊംബാർഡി (Rev. Federico Lombardi) കത്തിന്റെ ഉള്ളടക്കം നിഷേധിച്ചില്ല. എന്നാൽ വിശ്വാസസത്യങ്ങളുടെ തിരുസംഘം, പുരോഹിതർ പ്രായപൂർത്തിയാകാത്ത കുട്ടികളെ ദുരുപയോഗിച്ചതു സംബന്ധിച്ച കേസുകൾ, കേന്ദ്രീകൃതമായ രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

അന്ന് കർദിനാളായിരുന്ന ജോസഫ് റാറ്റ്സിംഗർ, ഇപ്പോഴത്തെ ബെനഡിക്ട് മാർപ്പാപ്പാ, 2001 മെയ് 18-ന് ലോകമെങ്ങുമുള്ള കത്തോലിക്കാ മെത്രാന്മാരോട് കുട്ടികളെ ദുരുപയോഗിക്കുന്ന പുരോഹിതരുടെ വിവരങ്ങൾ താൻ തലവനായ തിരുസംഘത്തിൽ റിപ്പോർട്ടു ചെയ്യണമെന്ന് നിർദേശിച്ചിരുന്നു.

ലോകവ്യാപകമായി കത്തോലിക്കാസഭയിൽ നടന്നുകൊണ്ടിരിക്കുന്ന ബാലപീഡനങ്ങൾ മൂടിവയ്ക്കാൻ സഭാധികാരികൾ നടത്തിയ കുൽസിത ശ്രമങ്ങളാണ് പ്രശ്നങ്ങൾ ഇത്ര വഷളാക്കിയത്. സഭയ്ക്ക് ഭരണാധികാരികളുടെമേൽ ഏറ്റവും സ്വാധീനമുള്ള അയർലാൻഡിലും അമേരിക്കയിൽ മാസച്ചുസെറ്റിലും (massachusetts) ഒക്കെയാണ് ഈ ശ്രമങ്ങൾ വ്യാപകമായുണ്ടായത്. അവിടെയുള്ള ഭരണാധികാരികൾ കുറ്റവാളികളായ പുരോഹിതർക്ക് രാഷ്ട്രീയസംരക്ഷണം നല്കുകപോലുമുണ്ടായി. അതിന്റെ ഫലമായി ബാലപീഡകർ അവരുടെ ശക്തി പ്രകടിപ്പിക്കുകയും ചെയ്തു.

സഭയുടെ പരമാധികാരിതന്നെ ഭയങ്കരന്മാരും കപടവേഷധാരികളുമായ പുരോഹിതരെ സംരക്ഷിക്കുന്നു എന്നതാണ് സഭയിലെ ഏറ്റവും വലിയ പ്രശ്നം. മാർപ്പാപ്പായും മെത്രാന്മാരും തെറ്റുചെയ്യുന്നവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുംവേണ്ടി പലതും ചെയ്യുന്നുണ്ട്. എന്നാൽ ഇരകളായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി അവർ എന്തു ചെയ്തു?

'ബിലാത്തി മലയാളി' (Bilathi Malayalee) എന്ന ഇലക്ട്രോണിക് പബ്ലിക്കേഷനിൽ മെയ് 2011-ൽ വന്ന വാർത്ത അതേപടി ഇവിടെ പകർത്തട്ടെ:

**"പുരോഹിത ബാലരതിയുടെ സാർവ്വലൗകികത**

പാശ്ചാത്യരാജ്യങ്ങളിൽ ബാലരതിയിലേർപ്പെട്ട പുരോഹിതരുടെ ഞെട്ടിക്കുന്ന കഥകൾ പൊന്തിവരുമ്പോൾ കേരളത്തിൽ ഇത്തരം പ്രശ്ന ങ്ങളൊന്നും ഇല്ലല്ലോ എന്നു നമ്മൾ ആശ്വസിക്കാറുണ്ടായിരുന്നു. പക്ഷേ കത്താലിക്കാസഭയുടെ സാർവ്വലൗകിക (Universal) സ്വഭാവം ഇവിടെയും നമ്മേ നിരാശരാക്കുന്നു.

അമേരിക്കയിലെ Kalamazoo രൂപതയിൽ സേവനമനുഷ്ഠിക്കവേ (1973 –74) പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗീകമായി ദുരുപ യോഗം ചെയ്തതിന്റെ പേരിൽ സീറോ മലബാർ (കോട്ടയം അതിരൂ പത) സഭയിൽപ്പെട്ട മലയാളി വൈദികനെതിരെ ഈയിടെ പരാതി ഉണ്ടാ യി. സഭാനേതൃത്വം മുൻകൈയ്യെടുത്ത് അദ്ദേഹത്തെ അമേരിക്കയിൽ നിന്ന് രക്ഷപ്പെടുത്തി എന്നാണ് കേൾക്കുന്നത്.

കേരളത്തിലെ മാധ്യമങ്ങൾ ഈ സംഭവം അറിയാത്തതായി ഭാവി ച്ചെങ്കിലും അമേരിക്കയിലെ ബന്ധപ്പെട്ട രൂപതയുടെ കമ്മ്യൂണിക്കെയിൽ വൈദികന്റെ പേരുസഹിതം വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി."[15]

ഇതുസംബന്ധമായി ഓശാനയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനവും വായിക്കുവാനിടയായി.[16]

ഒരു സംഭവം കൂടി എഴുതാം:

**അമേരിക്കയിലേക്കു തിരിച്ചയയ്ക്കാതിരിക്കാൻ ഫാദർ ഹെൻ (Fr. Henn) ഒളിച്ചോടി**

മൂന്നു ബാലന്മാരെ പീഡിപ്പിച്ചു എന്ന ആരോപിക്കപ്പെട്ടതിനെ ത്തുടർന്ന് റോമിൽ എത്തി വീട്ടുതടങ്കലിൽ കഴിഞ്ഞിരുന്ന ഫാദർ ഹെൻ അമേരിക്കയിലേക്കു തിരിച്ചുവിടാൻ ഇറ്റലിയിലെ സുപ്രീം കോർട്ട് വിധിച്ചതിനെത്തുടർന്ന് വീടുവിട്ട് എങ്ങോട്ടോ പോയിരിക്കുന്നു. അമേരിക്കയിൽ അരിസോണയിലെ ഫീനിക്സിൽ സെന്റ് മാർക്ക്സ് പാരീഷിൽ 1976 മുതൽ 1979 വരെ പുരോഹിതനായിരുന്നപ്പോൾ പ്രായപൂർത്തിയാകാത്ത മൂന്ന് അൾത്താര ബാലന്മാരെ പീഡിപ്പിച്ചതി നായിരുന്നു കേസ്. അന്ന് അരിസോണയിലെ മെത്രാനായിരുന്ന തോമസ് ഒ'ബ്രിയൻ 2003 ജൂണിൽ രാജിവയ്ക്കുന്നതിനുമുമ്പ് പ്രോസിക്യൂട്ടർ മാരോട് ബാലപീഡകരായ പുരോഹിതരുടെ കുറ്റങ്ങൾ മൂടിവച്ചുകൊണ്ട് അവരെ സംരക്ഷിക്കുകയും സ്ഥലംമാറ്റുകയും ചെയ്തതായി സമ്മതി ച്ചിരുന്നു. ഹെൻ അരിസോണായിലെ മാരികോപ്പ കൗണ്ടി കോടതിയിൽ (Arizona's Maricopa County Court) ഒമ്പതു വകുപ്പുകളിൽപ്പെട്ട കുറ്റങ്ങൾക്കായിരുന്നു വിചാരണ ചെയ്യപ്പെടേണ്ടിയിരുന്നത്. എവിടെ ഒളിച്ചാലും ഹെന്നിനെ പിടികൂടി ശിക്ഷിക്കുമെന്ന് മാരികോപ്പ കൗണ്ടിയിലെ അറ്റോർണി ആൻഡ്രൂ തോമസ് (Andrew Thomas) പ്രഖ്യാപിച്ചിട്ടുണ്ട്. ഇറ്റാലിയൻ മജിസ്ട്രേറ്റിന്റെ ഉത്തരവനുസരിച്ചാ

യിരുന്നു വീട്ടുതടങ്കൽ. താൻ നിരപരാധിയാണെന്നും തന്നെ അമേരിക്കയിലേക്കു തിരിച്ചയച്ചാൽ അരിസോണയിലെ ജയിലിൽ മരിക്കേണ്ടിവരുമെന്ന് ഭയമുണ്ടെന്നും പറഞ്ഞ് തിരിച്ചുവിടലിനെ ഫാദർ ഹെൻ ചെറുത്തിരുന്നു.[17]

സഭയുടെ തെറ്റുകൾക്ക് പ്രായശ്ചിത്തം ചെയ്യുമെന്ന മാർപ്പാപ്പയുടെ പ്രസ്താവനയോട് ഒരാൾ വെബ്സൈറ്റിലൂടെ ഇങ്ങനെ പ്രതികരിച്ചിരുന്നു: "സഭാഭ്രഷ്ടും ജയിലുമാണ് ഏറ്റവും നല്ല പ്രായശ്ചിത്തം."

## സുതാര്യതയാണ് പ്രധാനം

പ്രായപൂർത്തിയാകാത്തവരെ ലൈംഗികമായി ദുരുപയോഗിക്കുന്നത് സിവിൽ നിയമത്തിൽ ക്രിമിനൽ ആക്ടാണ്. എന്തുകൊണ്ട് അത്തരം വൈദികരെപ്പറ്റിയുള്ള വിവരം സഭാധികാരികൾ പോലീസിൽ അറിയിക്കുന്നില്ല. ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നില്ല. എന്തുകൊണ്ട് ഈ ക്രിമിനലായ വൈദികരെ സഭാധികാരികൾ സംരക്ഷിക്കുന്നു? സഭാനിയമങ്ങൾ സഭയ്ക്ക്. ക്രിമിനൽ ആക്ടിന് സിവിൾ ലോ. ആ നിയമപ്രകാരം ശിക്ഷിക്കപ്പെടണം. പൗരോഹിത്യത്തിൽനിന്ന് എന്നന്നേക്കുമായി പുറംതള്ളണം. മാർപ്പാപ്പാ മുതൽ താഴെക്കിടയിലുള്ള വൈദികർവരെ ദൈവത്തിന്റെ നാമത്തിൽ കാപട്യം (hypocrisy) കാണിക്കുകയാണ്. സുതാര്യതയില്ലാത്ത ഈ കർദിനാളന്മാരെയും മെത്രാന്മാരെയും സഭയിൽ ആരു വിശ്വസിക്കും? യേശുവിൽ വിശ്വാസം ഉണ്ടെങ്കിലും ഈ സഭാസംവിധാനത്തിൽ ചെറുപ്പക്കാർക്ക് യാതൊരു വിശ്വാസവുമില്ല.

മാർപ്പാപ്പായുടെയും മെത്രാന്മാരുടെയും മീറ്റിംഗുകൾ എന്തുകൊണ്ട് ടി.വിയിലൂടെ പ്രക്ഷേപണം ചെയ്തുകൂടാ? ഇന്ത്യൻ പാർലമെന്റും യു.എസ്. സെനറ്റുമൊക്കെ അവരുടെ സമ്മേളനങ്ങളും ചർച്ചകളുമൊക്കെ സംപ്രഷണം ചെയ്യുന്നുണ്ടല്ലോ! ലൈവ് ടി.വി.യിൽ സഭയുടെ മീറ്റിംഗുകളൊക്കെ ബ്രോഡ്കാസ്റ്റ് ചെയ്തുകൂടേ? എന്തിനാണ് സഭാകാര്യങ്ങളിൽ ഇത്ര രഹസ്യം. ഇത് കത്തോലിക്കാസഭയിൽ ലോകവ്യാപകമായുള്ള പ്രശ്നമാണ്. ജർമനിയിൽ കത്തോലിക്കാസഭ ലൈംഗിക ദുരുപയോഗത്തെപ്പറ്റിയുള്ള പരാതികൾ പരിഹരിക്കാനായി ഒരു ഹോട്ട്ലൈൻ സംവിധാനം ഉണ്ടാക്കി. ബാലപീഡനത്തിനു വിധേയരായവരുടെ, പുരോഹിതർക്കെതിരെയുള്ള, 4000 വിളികളാണ് ആദ്യദിവസം തന്നെ ലഭിച്ചത്.

കാര്യങ്ങൾ മൂടിവയ്ക്കുന്നതിന് കൂട്ടുനിന്ന മെത്രാന്മാർ രാജി വയ്ക്കണം. വത്തിക്കാനിലേക്കു സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും വാങ്ങിയ കർദിനാൾ ബർനാർഡ് ലോ ആർക്കും മാതൃകയാകരുത്. വത്തിക്കാൻ ഇനിയെങ്കിലും അദ്ദേഹത്തെ സിവിൽ അധികാരികൾക്ക് ഏല്പിച്ചുകൊടുക്കണം. മെത്രാന്റെ അധികാരസീമകൾ പുനർനിർവചിച്ചുകൊണ്ടേ നമുക്ക് ഇന്നത്തെ പ്രശ്നങ്ങളിൽനിന്ന് മുക്തരാകാനാവൂ.

2004-ൽ ലോകമെങ്ങുമുള്ള മെത്രാന്മാർക്കായി വത്തിക്കാൻ ഒരു കൈപ്പുസ്തകം (handbook) പ്രസിദ്ധീകരിച്ചിട്ടുണ്ട്. തെളിവുള്ള സംഭവങ്ങളെ സംബന്ധിച്ച് ഉറച്ച, നിശ്ചയദാർഢ്യത്തോടെയുള്ള, എന്നാൽ പരസ്നേഹഭരിതമായ, നിലപാടെടുക്കണമെന്ന് അതിൽ പറയുന്നു. ചില രാജ്യങ്ങളിൽ ബ്രഹ്മചര്യത്തിനും ലൈംഗികസംയമനത്തിനും ഊന്നൽനല്കിക്കൊണ്ടുള്ള സെമിനാരി പരിശീലനം നല്കിത്തുടങ്ങിയിട്ടുണ്ട്. പുരോഹിതർക്കിടയിലുള്ള സ്വവർഗരതി തടയാനും ആ പ്രവണതയുള്ളവരെ പുരോഹിതവൃത്തിയിൽ പ്രവേശിക്കാതെ തടയാനും 2005 നവംബറിൽ വത്തിക്കാൻ ഒരു രേഖ ഇറക്കിയിട്ടുണ്ട്. പ്രധാനമായും മെത്രാന്മാർക്കും സെമിനാരികൾക്കുമായി ഇറക്കിയിട്ടുള്ള അഞ്ചുപേജുള്ള ഈ നിർദേശങ്ങൾ പതിനാറാം ബനഡിക്ട് മാർപ്പാപ്പാ അംഗീകരിച്ചിട്ടുള്ളതാണ്.

ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച പുരോഹിതരിൽ എതിർവർഗ ലൈംഗിക സ്വഭാവമുള്ളവരും (heterosexual) സ്വവർഗ ലൈംഗികസ്വഭാവമുള്ളവരും (homosexual) ഉണ്ട്. രണ്ടു കൂട്ടരും പട്ടത്തിനുമുമ്പ് അവർ എടുത്ത പ്രതിജ്ഞ ലംഘിച്ചു. ഹോമോസെക്ഷ്വൽ വൈദികർ സഭയിൽ കൂടുമ്പോൾ ആൺകുട്ടികൾക്കെതിരെ അതിക്രമമുണ്ടാകാൻ സാധ്യത കൂടുതലുണ്ട്.

ഏതാനും ദശകങ്ങളായി കത്തോലിക്കാസഭ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. പുരോഹിതരുടെ ലൈംഗികപീഡനങ്ങളും ദിവ്യബലിയിൽ പങ്കെടുക്കുന്നവരുടെയും പുരോഹിതരുടെയും എണ്ണത്തിൽ ഉണ്ടായിട്ടുള്ള കുറവും നേതൃത്വ പരാജയവും ഒരു നവീകരണത്തിന്റെ അനിവാര്യതയാണ് സൂചിപ്പിക്കുന്നത്. പുരോഹിതർ നടത്തിയ ലൈംഗികപീഡനക്കേസുകൾ കാര്യക്ഷമമായി കൈകാര്യംചെയ്യാൻ നേതൃത്വത്തിനു സാധിച്ചില്ല. മൗനം പാലിക്കാനുള്ള സന്ദേശമാണ്, നവീകരണത്തിനുള്ള അവസരം സമാഗതമായിരിക്കുന്നു എന്ന സന്ദേശമല്ല, അവർ സ്വീകരിച്ചത്. മെത്രാന്മാരുടെ ചെയ്തികൾ ശരിയായിരുന്നില്ല എന്ന് തെളിഞ്ഞുകഴിഞ്ഞു. വഴിതെറ്റിയ പുരോഹിതരെയും സഭയുടെ സൽപ്പേരും സംരക്ഷിക്കാൻ നടത്തിയ ശ്രമമായിരുന്നില്ല, മറിച്ച്, കുട്ടികളെ പീഡനങ്ങളിൽനിന്ന് സംരക്ഷിക്കാനുള്ള ശ്രമവും ഭാവിയിൽ അതുണ്ടാകാതിരിക്കാനുള്ള പ്രതിരോധവും ആയിരുന്നു മെത്രാന്മാർ ചെയ്യേണ്ടിയിരുന്നത് എന്നു തെളിഞ്ഞുകഴിഞ്ഞു.

2002-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 1,50,000 പുരോഹിതരുടെ കുറവാണ് സഭയിലുള്ളത്. അതു കൂടിയിട്ടേയുള്ളൂ. വസ്തുതകളെ സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കേണ്ടതിനു പകരം മെത്രാന്മാർ ഗവേഷകരെ ആക്രമിക്കുകയാണ് ചെയ്തത്. ആധുനിക പ്രശ്നങ്ങളെ നേരിടാൻ ശേഷിയില്ലാത്ത യാഥാസ്ഥിതികമായ ആശയങ്ങളുള്ളവർ സഭയെ ഭരിക്കുന്നതാണ് മുഖ്യപ്രശ്നം. സഭാനേതൃത്വത്തിലുള്ളവർ

വിരമിക്കേണ്ട പ്രായം കുറയ്ക്കുകയും മെത്രാന്മാരുടെയും മാർപ്പാപ്പാമാരുടെയും ഭരണകാലത്തിന് പരിധിവയ്ക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

ഇത് ക്രിസ്തുവിന്റെ സഭയാണ്. മുൻകാലങ്ങളിൽ പോപ്പുമാരും മെത്രാന്മാരും ഉണ്ടാക്കിയ ശൈഥില്യങ്ങളെ അതിജീവിച്ച സഭയാണിത്. അതുപോലെ ഇതും ഒരു ശുദ്ധീകരണവേളയാണ് (period of purification). ക്രിസ്തുവിന്റെ മൗതികശരീരമായ (Mystical Body of Christ) സഭ ഇന്നും വിശുദ്ധംതന്നെയാണ്. പാപം അതിനെ വികൃതമാക്കിയിട്ടൊന്നുമില്ല. ഭാവിയിൽ വേണ്ടത്ര പുരോഹിതർ ഉണ്ടാവില്ല. പുരോഹിതരും കൂദാശകളുമൊന്നും ഇല്ലാതെതന്നെ മതജീവിതം നയിക്കാൻ വിശ്വാസികൾ പഠിക്കണം.

സഭ നന്നാകണമെന്ന് സഭാനേതാക്കന്മാരിൽ ഭൂരിപക്ഷം പേർക്കും ആഗ്രഹമുണ്ടാകാം. പക്ഷേ, അവർ അതിനായി പരിശ്രമിക്കുകയോ സ്വയം നന്നാകാൻ ശ്രമിക്കുകയോ ചെയ്യുന്നില്ലെന്നുള്ളതാണ് ഖേദകരം.

ഇപ്പോഴത്തെ ശക്തികേന്ദ്രമായ മാർപ്പാപ്പായും കാര്യ നിർവാഹകരും ചെയ്തുകൊണ്ടിരിക്കുന്ന തെറ്റുകൾ നിരവധിയാണ്. ജനനനിയന്ത്രണ നിരോധനം, പുരോഹിതരുടെ ബാലപീഡനം മൂടിവയ്ക്കാനുള്ള ശ്രമം എന്നിവ ഉദാഹരണം. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയെ രണ്ടാം നവീകരണത്തിന്റെ പൂമുഖത്തെത്തിച്ചിരുന്നു. രാജകീയ പുരോഹിതരായ അല്മായർക്കും അവരുടെ അഭിപ്രായങ്ങൾക്കും അർഹിക്കുന്ന വില നല്കാതെ പിന്നാംപുറത്തേക്ക് തള്ളിവിട്ടതാണ് വിശ്വാസികളിൽ അനേകർക്ക് കത്തോലിക്കാസഭയിൽ വിശ്വാസം നഷ്ടപ്പെടാൻ മുഖ്യ കാരണം. ക്രമമായി, അടുത്തടുത്ത് അല്മായർക്കും മതിയായ പ്രാതിനിധ്യമുള്ള സിനഡുകൾ ചേരുന്നതിലൂടെയേ ഏകാധിപത്യ പ്രവണത തകർക്കാനാവൂ. അല്മായർക്ക് അവർ അർഹിക്കുന്ന പ്രാധാന്യം കിട്ടണമെങ്കിൽ ചരിത്രപ്രധാനമായ ആഗോളസഭാ കൗൺസിൽ എത്രയും വേഗം ചേരേണ്ടതുണ്ട്. അത് സഭയുടെ നിലനില്പിനുതന്നെ അനിവാര്യമായിരിക്കുന്നു.

റഷ്യൻ തത്ത്വചിന്തകനായ നിക്കോളാസ് അലക്സാണ്ടറോവിച്ച് ബെർഡിയേവിന്റെ (Nikolas Alexandrovich Berdyaev, 1874-1948) നമ്മുടെ കാലത്തിന്റെ അന്ത്യം (The End of our Time - English translation in 1933) എന്ന ഗ്രന്ഥത്തിൽനിന്നുള്ള ഒരു ദർശനം ഉദ്ധരിച്ചുകൊണ്ട് ഈ അധ്യായം അവസാനിപ്പിക്കട്ടെ: “രാത്രി പകലിനെക്കാൾ ആശ്ചര്യരഹിതമൊന്നുമല്ല. അതും ദൈവസൃഷ്ടിയാണ്; നക്ഷത്രകാന്തിയാൽ പ്രശോഭിതമാണ്. പകലിന് അറിയില്ലാത്ത കാര്യങ്ങളാണ് അതു നമുക്കു വെളിപ്പെടുത്തിത്തരുന്നത്.” (Night is not less wonderful than day, it is equally the work of God; it is lit by the splender of the stars and it reveals to us things that the day does not know).

# 7

# സ്ത്രീപൗരോഹിത്യം

"സ്ത്രീയേ, നീ എന്തിനു കരയുന്നു?"
(യോഹ. 20: 12)

**പൗ**രസ്ത്യസഭകളുടെ കാനോന 754-ൽ "മാമ്മോദീസാ സ്വീകരിച്ച പുരുഷനുമാത്രമേ സാധുവായി തിരുപ്പട്ടം സ്വീകരിക്കാൻ കഴിയൂ" എന്നു കാണുന്നു.[1] അപ്പോൾ സഭാനിയമപ്രകാരം സ്ത്രീകൾക്ക് സാധുവായി തിരുപ്പട്ടം സ്വീകരിക്കാൻ കഴിയില്ല. സഭയുടെ ഔദ്യോഗികപഠനമാണിത്. ഈ പഠനത്തോട് ഭിന്നാഭിപ്രായമുള്ള ഒരു നല്ല ശതമാനം വിശ്വാസികൾ ഇന്നു സഭയിലുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ദൈവശാസ്ത്രജ്ഞരുടെ ഇടയിലും മെത്രാന്മാരുടെ ഇടയിലും വിശ്വാസികളുടെയിടയിലും വളരെയധികം സംവാദങ്ങൾക്ക് ഈ വിഷയം ഇടയായിട്ടുണ്ട്. ഇന്നും ആ സംവാദം തുടർന്നുകൊണ്ടിരിക്കുന്നു.

ഈ സംവാദങ്ങൾക്കു വിരാമമെന്ന രീതിയിൽ 1994 മെയ്മാസത്തിൽ സ്ത്രീകൾക്ക് പട്ടംനല്കാൻ സഭയ്ക്ക് അധികാരമില്ലെന്ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ 'ഓർഡിനാസിയോ സച്ചെർദോത്താലിസ്' (Ordinatio Sacerdotalis, മെയ് 22, 1994) എന്ന അപ്പോസ്തലിക കത്തു വഴി പ്രഖ്യാപിക്കുകയുണ്ടായി.

കൊളോണിലെ കർദിനാൾ ജൊവാക്കിം മൈസ്നർ (Cardinal Joachim Meisner) മാർപ്പാപ്പായുടെ പ്രഖ്യാപനം അപ്രമാദിത്വാധികാരത്തോടെ (Ex Cathedra) ഉള്ളതാണെന്നു പ്രഖ്യാപിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.[2] ഉടൻതന്നെ ചില മെത്രാന്മാരും ദൈവശാസ്ത്രജ്ഞരും വൈദിക - സന്ന്യാസ - അല്മായസംഘടനകളും

മാർപ്പാപ്പായുടെ പ്രഖ്യാപനത്തിന്റെ അവിതർക്കിതസ്വഭാവത്തെ സംശയരൂപത്തിൽ വീക്ഷിച്ചുകൊണ്ടും ചോദ്യംചെയ്തുകൊണ്ടും നിഷേധപ്രസ്താവനകളും ലേഖനങ്ങളും പുറപ്പെടുവിച്ചു. അങ്ങനെ ആഗോളസഭയിൽ പ്രത്യേകിച്ച് പാശ്ചാത്യകത്തോലിക്കാസഭയിൽ മാർപ്പാപ്പായുടെ ഈ പ്രഖ്യാപനം വളരെയധികം കോളിളക്കങ്ങൾ സൃഷ്ടിച്ചു.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ഈ പ്രഖ്യാപനത്തിലെ സംശയങ്ങൾ നിവാരണംചെയ്യാൻ വിശ്വാസസത്യങ്ങളുടെ സംഘത്തലവൻ കർദിനാൾ ജോസഫ് റാറ്റ്സിംഗർ (Cardinal Joseph Ratzinger) – ഇപ്പോഴത്തെ ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പാ – 1995 ഒക്ടോബർ 28–നു പ്രസിദ്ധംചെയ്ത 'സംശയത്തിനു മറുപടി'യിൽ (Responsum Dubium) മാർപ്പാപ്പായുടെ പ്രഖ്യാപനം അസന്ദിഗ്ധമാണെന്നും വിശ്വാസസത്യങ്ങളുടെ ഭാഗമാണെന്നും മാർപ്പാപ്പാക്കുള്ള ഓർഡിനറി ആൻഡ് യൂണിവേഴ്സൽ മജിസ്റ്റേറിയം (Ordinary and Universal Magisterium) ഉപയോഗിച്ചുള്ള അപ്രമാദിത്വവിളംബരമാണെന്നും വ്യക്തമാക്കുകയുണ്ടായി.[3, 4]

എന്നാൽ, മാർപ്പാപ്പായുടെ ഈ പ്രഖ്യാപനം ദൈവികമായ വെളിപാട് (Divinely Revealed) അല്ലെന്നും ഭാവിയിൽ സഭ അപ്രകാരം പഠിപ്പിക്കാൻ സാധ്യതയുണ്ടെന്നും വിശ്വാസസത്യങ്ങളുടെ തിരുസംഘം 1998–ൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

മാർപ്പാപ്പായുടെ പ്രഖ്യാപനത്തെ വിസ്മയത്തോടും സംശയത്തോടും ദുഃഖത്തോടും കൂടിയാണ് ആഗോളസഭ സ്വീകരിച്ചത്. ഒരു തർക്കവിഷയത്തെ നിശ്ശബ്ദമാക്കാൻ അപ്രമാദിത്വം ഉപകരണമാക്കിയതിൽ ദൈവശാസ്ത്രജ്ഞരുടെ ഇടയിൽ അമർഷം ഉണ്ടാവുകയും ചെയ്തു.

സഭാധികാരികളുടെ ശിക്ഷയെ ഭയന്ന് പല മെത്രാന്മാരും ദൈവശാസ്ത്രജ്ഞരും വൈദികരും കന്യാസ്ത്രീകളും അല്മായരും ഈ വിഷയത്തെ സംബന്ധിച്ച് മൗനം പാലിക്കുന്നു. റോമിന്റെ ഖഡ്ഗത്തെ ഗൗനിക്കാതെ ഇപ്പോഴും സംവാദങ്ങളിൽ ഏർപ്പെടുന്നവരുമുണ്ട്.

ലത്തീൻ കാനൻ നിയമപ്രകാരം (1983) കുറ്റകൃത്യത്താൽത്തന്നെ സഭയ്ക്കു പുറത്താക്കപ്പെടുന്നത് (Latae Sententiae, Automatic Excommunication) എട്ടു കുറ്റകൃത്യങ്ങൾവഴിയാണ്. അങ്ങനെ സഭയ്ക്കു പുറത്താക്കപ്പെടുന്ന കുറ്റകൃത്യങ്ങൾ:

1. മതനിന്ദ (heresy), മതഭ്രംശം (apostasy), മതപരമായ ഭിന്നിപ്പ് (schism)
2. തിരുവസ്തുക്കളെ ബോധപൂർവം നശിപ്പിക്കുക
3. മാർപ്പാപ്പായെ ദേഹോപദ്രവം ചെയ്യുക
4. ലൈംഗികപാപത്തിനു കൂട്ടാളിയായ വ്യക്തിയ്ക്ക് പാപമോചനം നല്കുക
5. കുമ്പസാരിക്കുന്ന വ്യക്തിയെ വ്യഭിചാരത്തിനായി ക്ഷണിക്കാൻ കുമ്പസാരക്കൂടുപയോഗിക്കുക

6. മാർപ്പാപ്പായുടെ സമ്മതം കൂടാതെ വേറൊൾക്ക് മെത്രാൻ പട്ടം നൽകുക
7. മെത്രാന്മാരോ വൈദികരോ കുമ്പസാരരഹസ്യം വെളിപ്പെടുത്തുക
8. ഗർഭച്ഛിദ്രം ചെയ്യുക.
   ഇപ്പോൾ കുറ്റകൃത്യത്താൽത്തന്നെ പള്ളിക്കു പുറത്താക്കപ്പെടുന്ന കുറ്റകൃത്യങ്ങളുടെ പട്ടികയിൽ ഒമ്പതാമത്തേതായി ഒരു സ്ത്രീക്കു പട്ടം നല്കുന്നതും ഒരു സ്ത്രീ പട്ടം ആവശ്യപ്പെടുന്നതും വത്തിക്കാൻ ഉൾപ്പെടുത്തിയിട്ടുണ്ട്.
9. ഒരു സ്ത്രീക്കു പട്ടം നല്കുക/ഒരു സ്ത്രീ പട്ടത്തിന് ആവശ്യപ്പെടുക.

ലക്ഷക്കണക്കിന് കത്തോലിക്കർ യൂറോപ്പിലും വടക്കേ അമേരിക്കയിലും തെക്കേ അമേരിക്കയിലും സ്ത്രീപൗരോഹിത്യത്തെ പിന്തുണയ്ക്കുന്നുണ്ട്. മാർപ്പാപ്പായുടെ ഈ പ്രഖ്യാപനത്തിനു ശേഷം റോമൻ കാത്തലിക് വിമൻ പ്രീസ്റ്റ്ഹുഡ് മൂവ്മെന്റിന്റെ (Roman Catholic Women Priesthood Movement) ആഭിമുഖ്യത്തിൽ അമേരിക്കയിൽമാത്രം 2007-08-ൽ 32 സ്ത്രീകൾക്ക് പൗരോഹിത്യം നല്കിയിട്ടുണ്ട്.

ആംഗ്ലിക്കൻ സഭയുടെ തലവനായിരുന്ന കാന്റൻബറിയിലെ മെത്രാപ്പോലീത്താ റോബർട്ട് റൺസി (Archbishop of Cantenbury Robert Runcie) ഈ പ്രഖ്യാപനത്തിനുമുമ്പ് 1985 ഡിസംബറിൽ സ്ത്രീപൗരോഹിത്യം കത്തോലിക്കാസഭയിൽ നിരോധിച്ചാൽ സഭകൾ തമ്മിലുള്ള ഐക്യത്തെ ദോഷകരമായി ബാധിക്കുമെന്ന് മുന്നറിയിപ്പു നല്കി മാർപ്പാപ്പായ്ക്ക് കത്തയച്ചിരുന്നു.[5]

കത്തോലിക്കാസഭ സ്ത്രീകളെ പുരോഹിതരാക്കാത്തതിന്റെ പിന്നിൽ ദൈവികനിയമം (Divine Law) ഉണ്ടെന്ന് പല പ്രോട്ടസ്റ്റന്റു സഭകളും വിശ്വസിക്കുന്നില്ല. ഇവൻജേലിക്കൽ (Evangelical), ഓൾഡ് കാത്തലിക് (Old Catholic), മെഥോഡിസ്റ്റ് (Methodist), എപ്പിസ്കോപ്പേലിയൻ (Episcopalian) എന്നീ ക്രൈസ്തവസഭകൾ സ്ത്രീകൾക്ക് എല്ലാ പട്ടങ്ങളും (മെത്രാൻപട്ടം, വൈദികപട്ടം, ശ്മംശാനാപട്ടം) നല്കി ശുശ്രൂഷാവേലയ്ക്കു നിയോഗിച്ചിട്ടുണ്ട്.

ദൈവം മനുഷ്യപ്രകൃതം സ്വീകരിച്ച് മനുഷ്യനായി, അഥവാ വചനം മാംസമായി. അവൻ നമ്മുടെ രക്ഷയ്ക്കായി പീഡകൾ സഹിച്ച് കുരിശുമരണം വരിച്ചു. മരണത്തിൽ നിന്ന് ഉത്ഥിതനായി പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. അങ്ങനെ ഉത്ഥിതമായ മനുഷ്യപ്രകൃതിയിൽ സ്ത്രീയും പുരുഷനും ഉൾക്കൊണ്ടിരിക്കുന്നു. അപ്പോഴാണ് രക്ഷാകരകർമം പൂർണമാകുന്നത്. ആ ക്രിസ്തുവാണ് നിത്യപുരോഹിതൻ. അവനിൽക്കൂടിയാണ് മനുഷ്യപ്രകൃതിയെ ഉദ്ധരിച്ചതെങ്കിൽ അവന്റെ പൗരോഹിത്യത്തിൽ സ്ത്രീക്കും പുരുഷനും തുല്യ അവകാശമുണ്ട്. ആംഗ്ലിക്കൻ സഭയുടെ നിഗമനം ഇതാണ്.

സ്ത്രീകൾക്ക് പട്ടം നിഷേധിക്കുന്നത് ദൈവശാസ്ത്രപരമായി തെറ്റും

മനുഷ്യാവകാശലംഘനവും സാമൂഹ്യനീതിയോടുള്ള അവഹേളനവുമാണ്.

"സ്ത്രീകളോടുള്ള വിവേചനമായി ഇതിനെ കണക്കാക്കേണ്ടതില്ല. കാരണം, സ്ത്രീകൾക്കും ഉത്തരവാദിത്വങ്ങൾ അവരുടെതായ രീതിയിൽ നിർവഹിക്കുവാനുള്ള അവകാശവും കടമയുമുണ്ട്" എന്ന, സ്ത്രീകൾക്ക് ശുശ്രൂഷാധികാരം നല്കാതെയുള്ള, സഭയുടെ വിശദീകരണം അപലപനീയംതന്നെ.[6] ഇത് സ്ത്രീകളോടുള്ള വിവേചനമല്ലാതെ മറ്റെന്താണ്? വത്തിക്കാനിലെ ടെലിഫോൺ ഓപ്പറേറ്റർമാരായി കന്യാസ്ത്രീകൾക്കുള്ള ഉത്തരവാദിത്വമാണോ അവരുടേതായ ഉത്തരവാദിത്വം? മാർപ്പാപ്പായുടെ ഭക്ഷണം പാകം ചെയ്തും വസ്ത്രങ്ങൾ തുന്നിയും കഴിയുന്നതാണോ അവരുടേതായ രീതിയിലെ കടമകൾ? കന്യാസ്ത്രീകൾ സ്കൂളുകളിലും കോളേജുകളിലും ആശുപത്രികളിലും ജോലി ചെയ്ത് അവരുടെ മഠങ്ങളുടെ സമ്പത്തു വർധിപ്പിക്കുന്നതാണോ അവരുടേതായ രീതിയിലെ കടമനിർവഹണം? വീട്ടമ്മമാർ വികാരിയച്ചന്റെ അനുവാദത്തോടെ അൾത്താരയിൽ പൂക്കൾവച്ച് അലങ്കരിക്കുന്നതാണോ സഭയിലെ അവരുടെ അവകാശം? ശുശ്രൂഷാവേലയിൽനിന്ന് അകറ്റിനിർത്തിയിരിക്കുന്ന സഭയിലെ 50 ശതമാനം വരുന്ന സ്ത്രീകൾ പള്ളിയിൽ പോയി ഞായറാഴ്ചക്കടം വീട്ടുന്നതാണോ അവരുടെ സഭയിലുള്ള അവകാശവും കടമയും?

കർത്താവിന്റെ കല്ലറയ്ക്കു മുമ്പിൽ കരഞ്ഞുകൊണ്ടുനിന്ന മഗ്ദലമറിയത്തോട് യേശു ചോദിച്ചു: "സ്ത്രീയേ, നീ എന്തിനു കരയുന്നു?" (യോഹ. 20: 12). ആ യേശു ഓരോ സ്ത്രീയോടും ഇന്നും ചോദിക്കുന്ന ഒരു ചോദ്യമാണ്, "സ്ത്രീയേ, നീ എന്തിനു കരയുന്നു?" സഭയിലെ ലിംഗഭേദത്താൽ ക്രൂശിക്കപ്പെടുന്ന സ്ത്രീകൾ പ്രത്യുത്തരിക്കുന്നു: "സഭാധികാരികൾ ഞങ്ങളുടെ പൗരോഹിത്യത്തെ എടുത്തുകൊണ്ടുപോയിരിക്കുന്നു." കർത്താവിന്റെ ശിഷ്യരിൽവച്ച് ഏറ്റവും കൂടുതൽ ധൈര്യം പ്രകടിപ്പിച്ച മഗ്ദലമറിയത്തെ വേശ്യയും ആക്കിയിരിക്കുന്നു!

ധാരാളം സ്ത്രീകൾക്ക് പൗരോഹിത്യത്തിലേക്കു വിളിയുണ്ട്. അവർ അവരുടെ പൗരോഹിത്യശുശ്രൂഷ എന്ന അവകാശത്തിനായി വാദിക്കണം. ഭൂമിയിൽ സമാധാനം (Pacem in Terris) എന്ന 23-ാം ജോൺ മാർപ്പാപ്പായുടെ ചാക്രികലേഖനം സ്ത്രീകൾക്ക് ഉത്തേജനം നല്കണം. ഒരു വ്യക്തിക്ക് അവകാശങ്ങൾ ഉണ്ടെങ്കിൽ അയാളുടെ അഭിമാനത്തെ സംരക്ഷിക്കാൻവേണ്ടി ആ അവകാശങ്ങൾക്കായി വാദിക്കാൻ കടപ്പെട്ടിരിക്കുന്നു എന്നാണ് മാർപ്പാപ്പാ ആ ചാക്രികലേഖനത്തിൽ ഊന്നിപ്പറയുന്നത്.[7]

യേശു 12 ശിഷ്യരെ തെരഞ്ഞെടുത്തപ്പോൾ പുരുഷന്മാരെമാത്രം തെരഞ്ഞെടുത്തത് ദൈവഹിതമനുസരിച്ചാണോ അതോ യഹൂദരുടെ സാമൂഹിക ചുറ്റുപാടുകൾകൊണ്ടാണോ എന്നതാണ് ഈ വിഷയത്തിലെ

പ്രധാന ഘടകം. ഒരു സൈദ്ധാന്തിക (Dogmatic) ചോദ്യമാണിത്. പുരുഷന്മാർക്കുമാത്രം പട്ടം നല്കുന്നതാണോ മിശിഹായോടുള്ള വിശ്വസ്തത പാലിക്കാൻ പറ്റിയ മാർഗമെന്ന് സഭ മുൻയുഗങ്ങളിൽ അന്വേഷിച്ചിട്ടുണ്ടോ? ഇല്ലായെങ്കിൽ സഭയുടെ ഇപ്പോഴത്തെ പഠനം എങ്ങനെ നിർണായകവും നിരുപാധികവുമാകും?

12 ഇസ്രായേൽഗോത്രങ്ങളെ പ്രതിനിധീകരിച്ചാണ് യേശു 12 ശ്ലീഹന്മാരെ തെരഞ്ഞെടുത്തത് (ലൂക്കോ. 22: 30). ആ 12 പേരും പുരുഷന്മാരായിരിക്കണമെന്നത് വിശുദ്ധഗ്രന്ഥാടിസ്ഥാനത്തിലുള്ളതും ആ കാലഘട്ടത്തിലെ സംസ്കാരത്തിൽ വളരെ നിർണായകവുമായ ഒരു തീരുമാനമാണ്. എന്നാൽ സമൂഹത്തിൽ സ്ത്രീകളുടെ ചുമതലകൾ മാറിയ ഇന്നത്തെ പരിതസ്ഥിതിയിൽ യേശുവിന്റെ പാരമ്പര്യംതന്നെ സ്ത്രീകൾക്കു പട്ടം നല്കാൻ നമ്മെ നിർബന്ധിക്കുന്നില്ലേ? യേശു എപ്രകാരം യേശുവിന്റെ കാലഘട്ടത്തിലെ സാമൂഹിക സംസ്കാരത്തെ മാനിച്ചുവോ അതുപോലെ ഈ കാലഘട്ടത്തിലെ സംസ്കാരത്തെ മാനിക്കാൻ നാം കടപ്പെട്ടവരല്ലേ?

ഒന്നാം നൂറ്റാണ്ടിലെ പലസ്തീനായിലെ സാമൂഹികചുറ്റുപാടുകൾ സുവിശേഷത്തിൽനിന്നു നമുക്ക് മനസ്സിലാക്കാവുന്നതാണ്. യേശുക്രിസ്തു ജനിച്ചു വളർന്ന് പരസ്യജീവിതം നയിച്ചത് ആ പലസ്തീനായിലാണ്. അന്ന് സ്ത്രീകൾക്ക് സാമൂഹികജീവിതത്തിൽ കാര്യമായ ഭാഗഭാഗിത്വം ഉണ്ടായിരുന്നില്ല. അവർ അപ്രധാനരായിരുന്നു. കാരണം വിശുദ്ധഗ്രന്ഥത്തിൽ പല സ്ത്രീകളും തിരിച്ചറിയപ്പെടുന്നത് അവരുടെ പേരുകൊണ്ടല്ല. മറിച്ച്, അവരുടെ ബന്ധുക്കളുടെ പേരുകൊണ്ടാണ്. ഉദാഹരണത്തിന് യായിറോസിന്റെ പുത്രി (മർക്കോ. 5: 21-43, മത്താ. 9: 18-26, ലൂക്കോ. 8: 40-56), പത്രോസിന്റെ ഭാര്യ, പത്രോസിന്റെ അമ്മായിയമ്മ (മത്താ. 8: 14-17, മർക്കോ. 1: 29-34, ലൂക്കോ. 4: 38-41), പീലാത്തോസിന്റെ ഭാര്യ (മത്താ. 27: 19), രക്തസ്രാവമുള്ള ഒരു സ്ത്രീ (മത്താ. 9: 20-23).[8] എന്നാൽ ഇതുപോലുള്ള സാഹചര്യത്തിൽ പുരുഷന്മാരുടെ പേരുകൾ എടുത്തു പറയുന്നുണ്ട്. ഉദാഹരണത്തിന് തിമേയൂസിന്റെ പുത്രനായ ബർത്തിമയോസ് എന്ന അന്ധനായ യാചകൻ (മർക്കോ. 10: 46).

സ്ത്രീകൾ അന്ന് അപ്രധാനരായിരുന്നെങ്കിലും യേശുവിനോടും യേശുവിന്റെ ശിഷ്യന്മാരോടുമൊത്ത് ആദിമസഭയിൽ എല്ലാവിധ ശുശ്രൂഷകളിലും അവർ മുൻപന്തിയിലായിരുന്നു. 'സ്വർഗരാജ്യം സമാഗതമായിരിക്കുന്നു' എന്ന സദ്വാർത്ത ലോകത്തോടു പ്രസംഗിക്കാൻ പുരുഷന്മാരായ 12 ശിഷ്യരെയാണ് യേശു പ്രത്യേകമായി തെരഞ്ഞെടുത്തത്. പക്ഷേ, യേശു കല്ലറയിൽനിന്ന് ഉയർത്തെഴുന്നേറ്റ മഹത്വത്തിന്റെ സന്ദേശമറിയിക്കാൻ പുരുഷനെയല്ല, സ്ത്രീയെയാണ് തിരഞ്ഞെടുത്തതെന്നത് ഈ സംവാദത്തിൽ വളരെ പ്രസക്തമായ കാര്യമാണ്. ഭാഗ്യപ്പെട്ട മഗ്ദലമറിയമാണ് ആദ്യത്തെ ക്രിസ്ത്യാനി (യോഹ. 20: 11-18).

സഭാധികാരികളുടെ ദൃഷ്ടിയിൽ പൗരോഹിത്യത്തിന് അടിസ്ഥാനമാ

യിട്ടുള്ളത് അപ്പോസ്തലന്മാർ 12 പേരും പുരുഷന്മാരായിരുന്നു എന്നുള്ള താണ്. പക്ഷേ, അവരുടെ വർഗം, നിറം, പ്രായം തുടങ്ങിയ മറ്റു സ്വാഭാവികസവിശേഷതകൾ മറന്ന് സെക്സ് മാത്രം എന്തിന് നിർണായകഘടകമാക്കുന്നു?

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ സ്ത്രീകൾക്കു പൗരോഹിത്യം നല്കാൻ സഭയ്ക്ക് അധികാരമില്ലെന്നു പ്രഖ്യാപിച്ചതിന്റെ പിന്നിലുള്ള പ്രധാന ദൈവശാസ്ത്രം മിശിഹാ 12 പുരുഷന്മാരെയാണ് തന്റെ ശിഷ്യന്മാരായി തിരഞ്ഞെടുത്തതെന്നുള്ളതാണ്. എന്നാൽ ശുശ്രൂഷാപൗരോഹിത്യവും യേശുശിഷ്യന്മാരുമായി യാതൊരു ബന്ധവും ഇല്ലെന്നുള്ളതാണ് യാഥാർഥ്യം. പുതിയനിയമകാലത്ത് ശുശ്രൂഷാപൗരോഹിത്യം സഭയിൽ ഉണ്ടായിരുന്നില്ലെന്ന് എല്ലാ പണ്ഡിതന്മാരും സമ്മതിക്കുന്നുണ്ട്.

യേശു നഗരങ്ങളിലും ഗ്രാമങ്ങളിലും ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു നടന്നപ്പോൾ 12 ശിഷ്യന്മാരോടൊപ്പം അനേകം സ്ത്രീകളും ഉണ്ടായിരുന്നു (ലൂക്കോ 8: 2–3, 10: 38–42). എന്നാൽ യേശു സ്ത്രീക്കോ പുരുഷനോ പുരോഹിതപട്ടം നല്കി അവരെ പുരോഹിതരാക്കിയിട്ടില്ല. പത്രോസോ പൗലോസോ പുരോഹിതരായിരുന്നില്ല. ശുശ്രൂഷാപട്ടം (Ordained Ministry) സഭയുടെ സൃഷ്ടിമാത്രമാണ്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി സഭ സംസ്ഥാപിതമായി വളർന്ന് വികസിച്ചപ്പോൾ ശുശ്രൂഷാപൗരോഹിത്യം സഭയിൽ രൂപാന്തരപ്പെടുകയാണ് ചെയ്തത്.[9]

സ്ത്രീകളുടെ പലവിധ ശുശ്രൂഷകളെപ്പറ്റി നാം വിശുദ്ധഗ്രന്ഥത്തിൽ വായിക്കുന്നുണ്ട്. ഉദാഹരണത്തിന് അപ്പോസ്തല (യൂനിയ, റോമ. 16: 7), ശുശ്രൂഷിക അഥവാ ഡീക്കൻ (ഫോയ്ബ, റോമ. 16: 1–2), പ്രവാചകർ (ഫിലിപ്പിന്റെ പുത്രിമാർ, അപ്പോ. പ്രവ. 21: 9), സഭാസ്ഥാപകർ/മാർഗദർശിനികൾ (പ്രിസ്ക, ലുദിയ, അപ്പോ. പ്രവ. 16: 14–15). ആദിമസഭയിൽ പുരുഷന്മാരെപ്പോലെ സ്ത്രീകളും നേതൃനിരയിൽ ഉണ്ടായിരുന്നു. കോറിന്തിലെ ക്ലോവയും (1 കോറി. 1: 11) പ്രിസ്കയും (1 കോറി. 16: 19) കെംക്രെയാ സഭയിലെ ശുശ്രൂഷികയായ ഫോയ്ബയും (റോമ. 16: 1) അവരുടെ വീടുകളിലെ സഭകളും ഇതിന് ഉദാഹരണങ്ങളാണ്.

പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതുന്നു: “എന്റെ ചാർച്ചക്കാരും എന്നോടൊപ്പം തടങ്കലിൽ കഴിഞ്ഞവരുമായ അന്ദ്രോനിക്കൊസിനും യൂനിയായ്ക്കും എന്റെ ആശംസ അർപ്പിക്കുക. അവർ അപ്പോസ്തലന്മാരിൽ പ്രമുഖരും എന്നെക്കാൾ മുമ്പ് ക്രിസ്തുവിൽ വിശ്വസിച്ചവരുമാണ്” (റോമ. 16: 7). പൗലോസ് യൂനിയായെ അപ്പോസ്തല എന്നുമാത്രമല്ല അപ്പോസ്തലരിൽ പ്രമുഖയായിട്ടാണ് കരുതിയിരുന്നതെന്നതിന് തെളിവല്ലേ, ഇത്? എങ്കിലും സ്ത്രീകൾക്ക് പട്ടം മുടക്കപ്പെട്ടിരിക്കുന്നു. (അടുത്ത കാലം വരെ ബൈബിൾ വിവർത്തനങ്ങളിൽ സ്ത്രീയായ യൂനിയായെ പുരുഷനാമമായ യൂനിയോസ് എന്നാക്കിയിരുന്നു).

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലുണ്ടായിരുന്ന വിശ്വാസികളുടെ മേശ

യാചരണക്കൂട്ടായ്മയിൽനിന്ന് മാറി റോമാസാമ്രാജ്യത്തിന്റെ പള്ളിയാരാധനാസമ്പ്രദായത്തിലേക്ക് സഭ പതുക്കെപ്പതുക്കെ എത്തിച്ചേർന്നു. അതോടെ മുമ്പുണ്ടായിരുന്ന മേശയാചരണം ക്രിസ്തുവിന്റെ ബലിയായി മാറി. ആ കാലഘട്ടത്തിൽത്തന്നെ സഭയിൽ കുലപതി (Patriarchal) സംസ്കാരം ശക്തിപ്പെടുകയും സ്ത്രീകളുടെ നേതൃസ്ഥാനം നഷ്ടപ്പെടുകയും ചെയ്തു.

പ്രാദേശിക കൂട്ടായ്മയിലുള്ള വിശ്വാസികൾ ഒരുമിച്ചുകൂടി സമൂഹത്തിലെ ഉത്തമരെന്നു കരുതുന്ന വ്യക്തികളെ തെരഞ്ഞെടുത്ത് അവരുടെമേൽ കൈകൾവച്ചു പ്രാർഥിച്ച് അവരെ പുരോഹിതരാക്കിത്തുടങ്ങി. അവർ അവരുടെ പ്രദേശങ്ങളിലെ മേലന്വേഷകർ അഥവാ മെത്രാന്മാരായിത്തീർന്നു. അങ്ങനെ കൈവയ്പ്പും പ്രാർഥനയും പട്ടം കൊടുക്കൽ ചടങ്ങിന്റെ അനുഷ്ഠാനങ്ങളായി മാറി. യേശുവിന്റെയും യേശുവിന്റെ ശിഷ്യരുടെയും കാലത്തിനുശേഷം സഭയിൽ ശുശ്രൂഷാപൗരോഹിത്യം ആരംഭിച്ചപ്പോൾ സ്ത്രീകൾക്ക് വൈദികപട്ടം നല്കാതിരുന്നത് ദൈവശാസ്ത്രപരമായ തടസ്സങ്ങളാലായിരുന്നില്ല, ആ കാലഘട്ടത്തിന്റെ പ്രത്യേക സംസ്കാരസവിശേഷതകൾകൊണ്ടു മാത്രമായിരുന്നു. 1976-ൽ വത്തിക്കാന്റെതന്നെ പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ (Pontifical Biblical Commission) സ്ത്രീകൾക്കു വൈദികപട്ടം നല്കുന്നതിനെ നിരോധിക്കുന്നതിന് വേദപുസ്തകാടിസ്ഥാനത്തിലുള്ള ന്യായവാദങ്ങളൊന്നുമില്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

അമേരിക്കയിലെ മെത്രാന്മാർ, പ്രത്യേകിച്ച് തെക്കൻ സംസ്ഥാനങ്ങളിലെ മെത്രാന്മാർ, കത്തോലിക്കരായ നീഗ്രോകൾക്ക് പട്ടംനല്കി ഇടവകവൈദികരാക്കിയിരുന്നില്ല. കേരളത്തിൽ ദളിത്ക്രൈസ്തവർക്കു പട്ടംനല്കി നസ്രാണിപ്പള്ളികളിൽ സേവനത്തിനു വച്ചിരുന്നില്ലല്ലോ. നൂറ്-നൂറ്റിയമ്പതു വർഷങ്ങൾക്കുമുമ്പുള്ള അമേരിക്കൻ സംസ്കാരത്തിൽ നീഗ്രോകളെ വൈദികരാക്കിയിരുന്നില്ലെങ്കിലും ധാരാളം നീഗ്രോവൈദികർ ഇന്ന് അമേരിക്കയിൽ സേവനം ചെയ്യുന്നുണ്ട്. ഇന്നത്തെ മാറിയ സാഹചര്യത്തിൽ അവരെ വൈദികരാക്കാൻ പാടില്ലെന്ന് ആരെങ്കിലും വാദിക്കുമോ? നീഗ്രോകൾക്ക് പട്ടംനല്കാൻ സഭയ്ക്ക് അധികാരമില്ലെന്നു മാർപ്പാപ്പാ വാദിക്കുമോ? ഇതുപോലെയാണ് സ്ത്രീപൗരോഹിത്യത്തിന്റെ കാര്യവും.

പോപ്പ് അലക്സാണ്ടർ മൂന്നാമന്റെ നേതൃത്വത്തിൽ 1179-ൽ കൂടിയ മൂന്നാം ലാറ്ററൻ കൗൺസിലിൽ വച്ച് പണം പലിശയ്ക്കു നല്കുന്നതിനെ നിയമംവഴി സഭ വിലക്കി. പണം പലിശയ്ക്കു നല്കുന്നവർക്ക് സഭ ഭ്രഷ്ടു കല്പിച്ചു (കാനൻ 25). കഴുത പണിയെടുത്തു മുതലാളിക്ക് മുതൽ ഉണ്ടാക്കുന്നതുപോലെ പണം അതിനാൽത്തന്നെ മുതൽ സൃഷ്ടിക്കുന്നില്ല എന്ന വികലദൈവശാസ്ത്രമായിരുന്നു ആ വിലക്കിനാധാരം. പലിശയ്ക്കു പണം കൊടുക്കുന്നവരെ പഴയനിയമത്തിലെ സോദോം - ഗൊമോറാ

നഗരവാസികൾക്കു തുല്യരായി കരുതിയിരുന്നു. എന്നാൽ പണം പലിശയ്ക്കു കൊടുക്കുന്നതിനോടുള്ള സഭയുടെ സമീപനം 18-ാം നൂറ്റാണ്ടായപ്പോഴേക്കും മാറിത്തുടങ്ങി. അതിനുകാരണം ആധുനിക നൂറ്റാണ്ടുകളിലെ ബാങ്കിംഗ് സംവിധാനമായിരുന്നു. ഇന്ന് അമിതപ്പലിശ വാങ്ങുന്നത് പാപകരമായ പ്രശ്നമല്ല. (ഗ്രന്ഥകാരൻ എഴുതിക്കൊണ്ടിരിക്കുന്ന 'മതാധിപത്യം കത്തോലിക്കാസഭയിൽ', എന്ന പുസ്തകത്തിൽ വത്തിക്കാന്റെ സാമ്പത്തിക സുതാര്യതയില്ലായ്മയെപ്പറ്റി ഒരധ്യായമുണ്ട്.) 'ഉത്തമ' കത്തോലിക്കർവരെ ഇന്ന് 'ബ്ലേഡ്' കച്ചവടത്തിലെ വിദഗ്ധരാണ്.[10]

കാലത്തിന്റെ സംസ്കാരസവിശേഷതകൾ കാരണം സമൂഹത്തിലും സഭയിലും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീപൗരോഹിത്യം സഭയിൽ സംഭവിക്കേണ്ട മാറ്റങ്ങളിൽ ഒന്നാണ്. നിത്യസത്യങ്ങൾ മാറ്റമില്ലാതെ തുടരും.

സ്ത്രീപൗരോഹിത്യത്തോടുള്ള സഭയുടെ നിലവിലുള്ള നിലപാടിനെ സാധാരണ വിശ്വാസികൾ ആക്ഷേപരൂപത്തിൽ കാണുന്നു. സഭയോടുള്ള അവരുടെ വിശ്വാസം നഷ്ടപ്പെടുന്നു. കാലത്തിന്റെ ചുവരെഴുത്തുകളെ സഭയ്ക്ക് കാണാൻ കഴിയാതെ പോകുന്നതാണ് ഇതിനു കാരണം.

## ചില സംശയങ്ങൾ:

സ്ത്രീപൗരോഹിത്യത്തെ സംബന്ധിച്ചുള്ള മാർപ്പാപ്പായുടെ പ്രഖ്യാപനം മെത്രാന്മാരും വൈദികരും ദൈവശാസ്ത്രജ്ഞരും മറ്റു വിശ്വാസികളും നിർണായകമായ തീരുമാനമായി കരുതണമെന്ന് വത്തിക്കാൻ അഭ്യർഥിച്ചിരുന്നു. അപ്രമാദിത്വാധികാരത്തോടെ വിശ്വാസസത്യമായി മാർപ്പാപ്പാ ഇതു പ്രഖ്യാപിച്ചതാണെങ്കിൽ അഭ്യർഥനയുടെ ആവശ്യമെന്ത്?

യേശുവിന്റെ പ്രവർത്തനമാതൃകയോടും സഭയുടെ പാരമ്പര്യങ്ങളോടും സഭ വിശ്വസ്തത പാലിക്കണമെന്നാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ഇക്കാര്യത്തിൽ ശഠിച്ചിരുന്നത്. എങ്കിൽ എന്തുകൊണ്ട് സഭാധികാരികൾ യേശുവിന്റെ ലളിതവും ദരിദ്രവുമായ ജീവിതശൈലി സ്വീകരിക്കണമെന്നു മാർപ്പാപ്പാ ശഠിച്ചിരുന്നില്ല?

സുവിശേഷാധിഷ്ഠിതമായി ചിന്തിച്ചാൽ ശ്ലീഹന്മാർ എല്ലാവരും വിദ്യാവിഹീനരും പാവപ്പെട്ടവരുമായിരുന്നു. അതിനാൽ സമ്പത്തിലും സമൃദ്ധിയിലും മുഴുകിക്കഴിയുന്ന ഒരു വ്യക്തിയെ മെത്രാനാക്കാൻ സഭയ്ക്ക് അധികാരമില്ലെന്നു മാർപ്പാപ്പാ ശഠിക്കുമോ?

യേശുവിന്റെ ശിഷ്യന്മാർ എല്ലാവരും യഹൂദരായിരുന്നു. യഹൂദരെ മാത്രമേ മെത്രാന്മാരാക്കാൻ സഭയ്ക്ക് അധികാരമുള്ളൂ എന്ന് പ്രബോധനാധികാരത്തോടെ മാർപ്പാപ്പാ ഇന്നു പ്രഖ്യാപിക്കുമോ?

യേശു തിരഞ്ഞെടുത്ത ശിഷ്യന്മാർ പലസ്തീനാക്കാരായ വെള്ളക്കാർ ആയിരുന്നു. ആഫ്രിക്കയിൽ ജനിച്ച കറുത്ത വർഗക്കാരെ വൈദികരാക്കാൻ സഭയ്ക്ക് അധികാരമില്ലെന്ന് മാർപ്പാപ്പാ ഇന്നു പഠിപ്പിക്കുമോ?

അപ്പോൾ, പട്ടം സ്വീകരിക്കുന്ന വ്യക്തിയുടെ ലിംഗംമാത്രമാണ് പ്രശ്ന മായിട്ടുള്ളത്. സ്ത്രീകളോടുള്ള വിവേചനമായിട്ടല്ലാതെ മറ്റെങ്ങനെയാണ് ഇതിനെ വിശ്വാസികൾക്കു കാണാൻ കഴിയുക?

എല്ലാ പുറജാതികളും യഹൂദരും മാമ്മോദീസാ സ്വീകരിച്ച് കത്തോ ലിക്കരായില്ലെങ്കിൽ നരകത്തിൽ പോകുമെന്ന് 1442-ൽ ഫ്ളോറൻസിൽ കൂടിയ മെത്രാൻ കൗൺസിൽ പ്രഖ്യാപിക്കുകയുണ്ടായി. സഭയുടെ ഇന്നത്തെ നിലപാട് അതാണോ?

സഭയുടെ അംഗീകാരത്തോടെ അടിമകളുടെ ഉടമസ്ഥരായിരുന്നു കൊണ്ട് അവരുടെ അധ്വാനഫലത്തെ ക്രിസ്ത്യാനികൾ ചൂഷണം ചെയ്തിരുന്നു. സഭയുടെ ഇന്നത്തെ നിലപാട് അതാണോ?[11, 12]

പ്രൊട്ടസ്റ്റന്റ് സഭകൾക്ക് പ്രചാരം കിട്ടിവരുന്നതിനെ നിരോധിക്കണ മെന്ന് കത്തോലിക്കാ ഭരണാധികാരികളോട് ഒരുകാലത്ത് സഭ നിർദേശിച്ചിരുന്നു. സഭയുടെ ഇന്നത്തെ നിലപാട് അതാണോ?

ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ!

സഭ പാരമ്പര്യങ്ങൾക്ക് സുസ്ഥിരമായി സാക്ഷ്യംവഹിക്കണമെന്നു മാർപ്പാപ്പാ ആവശ്യപ്പെടുമ്പോൾത്തന്നെ മറ്റു ചില പാരമ്പര്യങ്ങളുടെമേൽ കണ്ണടയ്ക്കുന്നത് ഒരുതരം ചിറ്റമ്മനയം അല്ലേ? സ്ത്രീപൗരോഹിത്യവിഷ യത്തിൽ അത്തരം ഒരു നയമാണ് മാർപ്പാപ്പാ സ്വീകരിച്ചിരിക്കുന്നതെന്നാണ് പരക്കെയുള്ള അഭിപ്രായം.

പഴയനിയമപാരമ്പര്യമനുസരിച്ച് യേശു തന്റെ അവസാനത്തെ പെ സഹായാചരണത്തിന് പുളിപ്പില്ലാത്ത അപ്പമാണ് ഉപയോഗിച്ചത്. യഹൂദ പെസഹായാചരണത്തിന് നിർദേശിച്ചിരുന്ന ഘടകാംശമായിരുന്നു പുളി പ്പില്ലാത്ത അപ്പം. ചരിത്രപരമായ കാരണങ്ങൾ കൊണ്ടല്ല, കർത്താവ് അന്ത്യഅത്താഴത്തിന് വീഞ്ഞ് ഉപയോഗിച്ചത്. യഹൂദസംസ്കാരത്തിന്റെ പ്രചോദനമായിരുന്നു വീഞ്ഞു തെരഞ്ഞെടുക്കാൻ കാരണം. അങ്ങനെ പെസഹായ്ക്ക് പുളിപ്പില്ലാത്ത അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവും ആയി കർത്താവു ശിഷ്യർക്കു നല്കി. മേശയാചരണത്തിൽ പുളിപ്പില്ലാത്ത അപ്പവും വീഞ്ഞും സുപ്രധാനങ്ങളായ ഘടകാംശങ്ങളാ ണ്. എന്നാൽ മദ്യത്തിനടിമകളായ പുരോഹിതർക്ക് വീഞ്ഞിനു പകരം മുന്തിരിങ്ങാനീര് (grape juice) ദിവ്യബലിയർപ്പണത്തിന് ഉപയോഗിക്കാൻ റോം അനുവദിച്ചിട്ടുണ്ട്.[13] ഇതിനർഥം ഒന്നിനുപകരം മറ്റൊന്നുപയോഗി ക്കാൻ റോമിന് തീരുമാനിക്കാമെന്നല്ലേ?

സ്ത്രീകളെ പുരോഹിതരാക്കുന്നതിനു ദൈവശാസ്ത്രപരമായ തടസ്സ ങ്ങളില്ലെങ്കിലും യേശുവിന്റെ പ്രവർത്തനരീതി ഇതിന് വിഘ്നമായിരി ക്കുന്നു എന്നാണ് റോമിന്റെ നിലപാട്. കുമ്പസാരം, സ്ഥൈര്യലേപനം, രോഗീലേപനം തുടങ്ങിയ കൂദാശകൾക്ക് യേശുവിന്റെ പ്രവർത്തനശൈ ലിയാണോ ആധാരം?

യേശു 12 യഹൂദരെയാണ് ശിഷ്യന്മാരായി തെരഞ്ഞെടുത്തത്. യേശു ശ്രദ്ധാപൂർവം പുറജാതിക്കാരെ മാറ്റിനിർത്തിയതായിരിക്കാം. പഴയനിയ

മത്തെ ആദരിച്ചുകൊണ്ടുള്ള യേശുവിന്റെ പ്രവർത്തനരീതിയാണിത്. പക്ഷേ, പുറജാതിക്കാർക്ക് സ്നാപനം നല്കിയപ്പോൾ പുറജാതിയിൽനിന്നുള്ളവരെ മേലന്വേഷകരും മൂപ്പന്മാരുമായി ആദിമസഭ നിയോഗിച്ചു. യേശുവിന്റെ പ്രവർത്തനശൈലിയിൽനിന്നുള്ള വ്യതിയാനമാണ് അത്. എങ്കിൽ, എന്തുകൊണ്ട് ഇന്നത്തെ മാറിയ സാമൂഹികചുറ്റുപാടിൽ, സ്ത്രീകൾക്കു പൗരോഹിത്യം നല്കിക്കൂടാ?

പൗലോസ് ശ്ലീഹാ വളരെ വ്യക്തമായി പറയുന്നു: "ക്രിസ്തുവിൽ സ്നാപനമേറ്റ നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ, അടിമയെന്നോ സ്വതന്ത്രനെന്നോ, സ്ത്രീയെന്നോ പുരുഷനെന്നോ ഭേദം ഇല്ല! നിങ്ങളെല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാണ്" (ഗലാ. 3: 27–28). സ്ത്രീയും പുരുഷനും ക്രിസ്തുയേശുവിൽ ഭേദമില്ലാതെ ഒന്നാണെങ്കിൽ സ്ത്രീകൾക്കു പട്ടം സ്വീകരിക്കാൻ പാടില്ലെന്ന് എങ്ങനെ സഭയ്ക്കു തീർപ്പുകല്പിക്കുവാൻ കഴിയും?

ദൈവരാജ്യത്തിന്റെ സദ്വാർത്ത യേശു പലസ്തീനായിൽ കൂടി പ്രസംഗിച്ചു നടന്നപ്പോൾ തന്റെ സഹായികളായി തിരഞ്ഞെടുത്ത 12 ശിഷ്യന്മാരോടൊപ്പം കുറെ സ്ത്രീകളുമുണ്ടായിരുന്നു. മഗ്ദലക്കാരി മറിയം, ഹേറോദേസിന്റെ കൊട്ടാരം നടത്തിപ്പുകാരനായ ഖൂസയുടെ ഭാര്യ യോവന്ന, സൂസന്ന, മറ്റു സ്ത്രീകൾ ഇവരാണ് അവരിൽ ചിലർ. (ലൂക്കോ. 8: 1–3). യേശുവിന്റെ പുനരുത്ഥാനസന്ദേശം അറിയിക്കാൻ നിയോഗിച്ചത് തന്റെ സ്നേഹിതയായ മഗ്ദലമറിയമിനെയായിരുന്നല്ലോ (യോഹ. 20: 11–18).

ആദിമസഭയിലെ ക്രിസ്ത്യൻ സഭകളുടെ കൂട്ടായ്മകളുടെ സ്ഥാപനത്തിന് സ്ത്രീകൾ പ്രധാനപങ്കു വഹിച്ചിരുന്നു (അപ്പോ. പ്രവ. 18: 24–28). പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ചില പ്രധാനഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കട്ടെ: "നമ്മുടെ സഹോദരിയും കെംക്രെയാ സഭയിലെ ഒരു ശുശ്രൂഷികയുമായ ഫോയ്ബയെ ഞാൻ നിങ്ങൾക്കു ഭരമേല്പിക്കുന്നു. വിശുദ്ധർക്കു യോജിച്ചവിധം നിങ്ങൾ അവളെ കർത്താവിൽ സ്വീകരിച്ച് അവൾക്ക് ആവശ്യകമായ സഹായങ്ങളെല്ലാം നല്കുക. കാരണം, അവൾ പലരുടെയും സഹായിയായിരുന്നു; എന്റെയും. ക്രിസ്തുയേശുവിൽ എന്റെ സഹപ്രവർത്തകരായ പ്രിസ്കയ്ക്കും അക്വിലാസിനും എന്റെ അഭിവാദനം നല്കുക. എനിക്കുവേണ്ടി സ്വന്തം ജീവൻ അപകടത്തിലാക്കിയവരാണ് അവർ. ഞാൻ മാത്രമല്ല, വിജാതീയരുടെ സർവ സഭകളും അവർക്കു നന്ദി പറയുന്നു. അവരുടെ വീട്ടിലെ സഭയ്ക്കും എന്റെ അഭിവാദനം നല്കുക" (റോമാ. 16: 1–5). ദൈവത്തിന്റെ വഴികൾ പഠിപ്പിക്കാൻ പൗലോസിന്റെ ശിഷ്യകളായ ചിലർ മുമ്പോട്ടു വന്നു. അപ്പോളോസിനെ ദൈവമാർഗം സൂക്ഷ്മമായി പഠിപ്പിച്ചത് ഒരു ഭാര്യാ-ഭർതൃടീമാണ്. "സുനഗോഗിൽ അയാൾ ധൈര്യസമേതം പ്രസംഗിച്ചു തുടങ്ങി. എന്നാൽ പ്രിസ്കില്ലയും അക്വിലാസും അയാളുടെ പ്രസംഗം കേട്ടപ്പോൾ അയാളെ കൂട്ടിക്കൊണ്ടുപോയി

ദൈവത്തിന്റെ വഴി കൂടുതൽ സൂക്ഷ്മമായി അയാൾക്കു വിവരിച്ചുകൊടുത്തു" (അപ്പോ. പ്രവ. 18: 26). അങ്ങനെ ആദിമസഭയിലെ പല സ്ത്രീകളും സഭാശുശ്രൂഷയിൽ മുഴുകിയിരുന്നു. എന്നാൽ ഇന്ന് സഭയിൽ പുരുഷസ്ഥാനികളുടെ അധികാര ശ്രേണിഘടനയാണുള്ളത്.[14, 15] അതു മാറ്റണം. പട്ടത്തിൽനിന്നു സ്ത്രീകളെ ഒഴിവാക്കുന്നത് ദൈവികനിയമലംഘനംകൊണ്ടല്ല; നഗ്നമായ ലൈംഗികവിവേചനം കൊണ്ടുമാത്രമാണ്. എല്ലാ പട്ടങ്ങളും (മെത്രാൻ പട്ടം, വൈദികപട്ടം, മ്ശംശാനാ പട്ടം) സ്വീകരിക്കാൻ സ്ത്രീകൾ അർഹരാണ്.

ജ്ഞാനസ്നാനം വഴി പുരുഷനും സ്ത്രീയും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ ന്യായമായും തുല്യ ഓഹരിക്കാരാണ്. സ്ത്രീകളെ മാറ്റി നിർത്തുന്നത് അനീതിയാണ്.

യാഹ്വെ തന്റെ കരബലം കൊണ്ട് ഇസ്രായേൽജനത്തെ ഈജിപ്തിന്റെ അടിമത്തത്തിൽനിന്നു മോചിപ്പിച്ചതിന്റെ ഓർമയാചരണമാണ് പെസഹ (പുറ. 13: 3). ആ പെസഹായാചരണത്തിൽ കുടുംബം മുഴുവനും പങ്കെടുക്കണമെന്നും പെസഹാവിരുന്ന് ഒരു കുടുംബാഹാരമായി ഭക്ഷിക്കണമെന്നും നാം പുറപ്പാടിൽ വായിക്കുന്നുണ്ട് (പുറ. 12: 1–14). അപ്പോൾ കർത്താവിന്റെ അന്ത്യ പെസഹാ ആചരണത്തിന് 12 ശ്ലീഹന്മാരും മറ്റു സ്ത്രീകളും കർത്താവിന്റെ അമ്മയായ മറിയവും കർത്താവിന്റെ സഹോദരീസഹോദരന്മാരും പെസഹാവിരുന്ന് പാകം ചെയ്ത സ്ത്രീകളും പങ്കെടുത്തിരുന്നിരിക്കണം. ആ പെസഹായാചരണത്തിൽ പങ്കെടുത്ത എല്ലാവരോടുംകൂടിയാണ് "എന്റെ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുക" (ലൂക്കോ 22: 19) എന്ന പുതിയ ഉടമ്പടി യേശു നല്കിയത്. അപ്രകാരം യേശു അന്ത്യയത്താഴവേളയിൽ സ്ത്രീകളെയും പുരുഷന്മാരെയും തന്റെ മേശയാചരണത്തിന് അധ്യക്ഷപദം അലങ്കരിക്കാൻ നിയോഗിച്ചു. ലയനാർദൊ ദ വിഞ്ചിയുടെ (Leonardo Da Vinci) പ്രസിദ്ധമായ ഒടുക്കത്തെ അത്താഴ ചിത്രീകരണത്തിൽ പുരുഷന്മാർ മാത്രമേ ഉള്ളൂ. വിരുന്നിൽ പങ്കെടുത്ത സ്ത്രീകൾ എവിടെ? സാധാരണവിശ്വാസികൾക്ക് ആശയക്കുഴപ്പം ഉണ്ടാക്കുന്ന ഒരു ചിത്രമാണത്.

സ്ത്രീ പൗരോഹിത്യവിഷയത്തിൽ അലാസ്കയിലെ (Alaska) ജനേവു (Junaeu) രൂപതയുടെ മെത്രാനായിരുന്ന മൈക്കിൾ കെനിയുടെ (Michael Kenny) അഭിപ്രായമിതാണ്: "വചനം മാംസമായ സംസ്കാരത്തിലും കാലഘട്ടത്തിലും പുരുഷന്മാരെമാത്രം കർത്താവ് തെരഞ്ഞെടുത്തതായിരുന്നു ഉചിതം. പക്ഷേ, പരിത്രാണചരിത്രത്തിൽ അത് അനിവാര്യമാണെന്ന് ഞാൻ വിചാരിക്കുന്നില്ല."[16]

കാലാകാലങ്ങളിൽ സഭാധികാരികൾക്ക് സ്ത്രീകളോട് ഭയവും പകയും വിദ്വേഷവുമാണ്. അതിനു പല കാരണങ്ങൾ ഉണ്ട്:

1. ഏദൻതോട്ടത്തിൽവച്ച് ദൈവം മനുഷ്യന് (ആദം) നല്കിയ കല്പന സ്ത്രീ (ഹവ്വാ) മൂലം ലംഘിക്കപ്പെട്ടു. മനുഷ്യകുലത്തെ മൊത്തത്തിൽ

ബാധിച്ച പാപത്തിന് സ്ത്രീ അങ്ങനെ കാരണക്കാരിയായി. പാപത്തിന് എപ്പോഴും ഒരു ബലിമൃഗം വേണം. അത് ഇവിടെ സ്ത്രീ ആണ്.

ദൈവം തന്റെ ഏക തിരുസുതനെ ഭൂമിയിലേക്കയച്ചാണ് മനുഷ്യ വർഗത്തെ രക്ഷിച്ചത്. അക്കാരണത്താൽത്തന്നെ എല്ലാ സ്ത്രീകൾക്കും സഭാധികാരികളുടെ വീക്ഷണത്തിൽ രണ്ടാംതരം പൗരത്വമേയുള്ളൂ.

ആദിമസഭയിൽ ശുശ്രൂഷയിൽ സ്ത്രീകൾക്ക് സ്ഥാനമുണ്ടായിരുന്നെ ങ്കിലും ഇന്നത്തെ ഹയരാർക്കിയൽ സംവിധാനത്തിൽ സ്ത്രീകൾക്ക് അവർ അർഹിക്കുന്ന സ്ഥാനം ലഭിക്കുന്നില്ല. ഈ അവസ്ഥയ്ക്കു ക്രൈസ്തവമായ എന്തെങ്കിലും നീതീകരണമുണ്ടോ എന്ന് നാമാലോ ചിക്കണം. നീതീകരണമുണ്ടെങ്കിൽ അടിമത്ത സമ്പ്രദായം എന്നെന്നേ ക്കുമായുള്ള ദൈവത്തിന്റെ പദ്ധതിയാണെന്ന് നമുക്കു സമ്മതിക്കേണ്ടി വരുമെന്നോർക്കുക. ഈ സ്ഥിതിയിൽ സ്ത്രീയും പുരുഷനും സ്വതന്ത്ര രാണോ? വിശുദ്ധഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന സമത്വം (മത്താ. 20: 25–26) എവിടെ, എങ്ങനെ സാധ്യമാകും?

2. ആണും പെണ്ണുമായി ദൈവം സൃഷ്ടിച്ച (ഉൽപ. 1: 27) മനുഷ്യന്റെ പകുതിയായ പെണ്ണിനെപ്പറ്റി സഭാപിതാക്കന്മാരിൽ മുന്തിയവരെന്നറിയ പ്പെടുന്നവർ വിലയിരുത്തിയിരിക്കുന്നതു വായിച്ചാൽ നാം അന്ധാളിച്ചു പോകും. നമുക്കതു വിശ്വസിക്കാൻ തന്നെ പ്രയാസമായിരിക്കും. ജെറോം പുണ്യാളൻ (St. Jerome, 331-420) പെണ്ണുങ്ങളെക്കുറിച്ച് എഴുതിയിരിക്കു ന്നത് 'പിശാചിന്റെ പ്രവേശനമാർഗം, ഒരു ആപത്കരമായ ജീവിവർഗം, തേളിന്റെ കൂർത്ത വാൽമുന' (The devil's gateway, a dangerous species, a scorpion's dart) എന്നാണ്! 'മഹാനായ' ഗ്രിഗരി മാർപ്പാപ്പാ (Pope Gregory, the Great, 540-604) പ്രസ്താവിച്ചത് പെണ്ണുങ്ങളെക്കൊണ്ട് 'വേശ്യാവൃത്തി അല്ലെങ്കിൽ പ്രസവം' (harlotry or maternity) എന്നീ രണ്ടുപയോഗങ്ങളേയുള്ളൂ എന്നാണ്!! സ്ത്രീകളെപ്പറ്റി വിശുദ്ധ ജോൺ ഡമഷീൻ (St. John Damascene, 676-754/757) എഴുതിയിരിക്കുന്നത് 'ദുർബ്ബലയായ ഒരു പെൺകഴുത, ഒരു വികൃത നാടവിര, നരകത്തിന്റെ ഉന്നതതാവളം' (a sicked she-ass, a hideous tapeworm, the advanced post of hell) എന്നത്രെ! അക്വിനാസ് പുണ്യവാൻ (St. Thomas Aquinas, 1225-1274) വിശ്വസിച്ചിരുന്നത് 'സ്ത്രീജന്മം നിയമാനുസൃതമല്ലാത്തതും വൈകല്യമാർന്നതുമാണ്' (women are misbegotten and defective) എന്നാണ്! ഫ്രാൻസിസ് സാലസ് പുണ്യവാൻ (St. Francis de Sales, 1567-1622) എഴുതിയത് 'തങ്ങൾക്ക് രാത്രിയിൽ ചെയ്യേണ്ടി വന്നേക്കാ വുന്ന പ്രവൃത്തിയെക്കുറിച്ച് വിവാഹിതരായ ദമ്പതികൾ ചിന്തിക്കുവാൻ പാടില്ല' (married couple should not think of the act they might have to perform in night) എന്നാണ്!!

3. ആയുഷ്കാലബ്രഹ്മചര്യം പ്രതിജ്ഞ എടുത്തിട്ടുള്ള സഭാധികാരി കൾക്ക് സ്ത്രീ പാപകാരണമാണ്. സ്ത്രീകളെ പൗരോഹിത്യത്തിൽ

നിന്നും സഭാഭരണത്തിൽനിന്നും അകറ്റിനിർത്തിയിരിക്കുന്നത് സഭാനേതാക്കന്മാർ പ്രത്യേകോദ്ദേശ്യത്തോടുകൂടിയാണ്.

4. സ്ത്രീകളെ സംബന്ധിച്ചിടത്തോളം സാംസ്കാരികമായ പലവിധ മുൻവിധികളും നിലനില്ക്കുന്നുണ്ട്:

a. പുരുഷന്മാരുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ സ്ത്രീകൾ ശാരീരികമായും ബൗദ്ധികമായും വൈകാരികമായും താണ തരക്കാരാണെന്നുള്ള തെറ്റിദ്ധാരണ.

b. ഭാവിയിൽ ജനിക്കുവാനിരിക്കുന്ന കുട്ടിയെ വഹിക്കുന്നത് പുരുഷബീജമാണെന്നും അക്കാരണത്താൽ സ്ത്രീകൾ അപൂർണരാണെന്നുമുള്ള തെറ്റായ വിശ്വാസം.

c. ദൈവകൃപ നഷ്ടപ്പെടുത്തി ദൈവശാപം ചുമന്നു നടക്കുന്ന പാപിനിയാണ് സ്ത്രീയെന്ന തലതിരിഞ്ഞ ചിന്ത. അവൾ വേദനയോടെയാണല്ലോ പ്രസവിക്കുന്നത്! (ഉൽപ. 3: 16).

d. സ്ത്രീകൾ ശുചിത്വമില്ലാത്തവരാണ്. കാരണം അവർ തീണ്ടാരികളാണ് (menstruation). അവരെ വിശുദ്ധസ്ഥലമായ അൾത്താരയിൽനിന്നും വിശുദ്ധ ശുശ്രൂഷകളിൽനിന്നും അകറ്റിനിർത്തണമെന്ന അശാസ്ത്രീയമായ ധാരണ.

മതനേതാക്കൾക്ക് സ്വന്തം മാതാവിനെ താണതരക്കാരിയും അപൂർണയും പാപിനിയും ശുചിത്വമില്ലാത്തവളുമായി എങ്ങനെ കാണാൻ കഴിയും? ദൈവം സ്നേഹമാകുന്നു. ആ സ്നേഹത്തിന്റെ ചൂട് ഒരമ്മയ്ക്കല്ലാതെ മറ്റാർക്കുണ്ട്? കോടിക്കണക്കിന് ഉത്തമരായ സ്ത്രീകൾ ഈ ഭൂമുഖത്തില്ലേ? ഈ സ്ത്രീവിദ്വേഷം എന്തുകൊണ്ട് യേശുവിന്റെ അമ്മയായ മറിയമിനോടില്ല? മറിയമിനെ എന്തുകൊണ്ടു വാനോളം പുകഴ്ത്തുന്നു? മറിയം എന്തുകൊണ്ട് എല്ലാക്കാര്യങ്ങളിലും അപവാദമാകുന്നു?

മറിയം യഥാർഥത്തിൽ ഒരു പുരോഹിതയല്ലേ? മറിയം യേശുവിനെ നമുക്ക് ഉണ്ണിയേശുവായി തന്നു (ലൂക്കോ. 2: 7). ജറൂസലേം ദേവാലയത്തിൽ കൊണ്ടുചെന്ന് ദൈവത്തിനു സമർപ്പിച്ചു (ലൂക്കോ. 2: 22-24). സ്വന്തം മകനെ ക്രൂശുമരണത്തിന് ഏല്പ്പിച്ചു (യോഹ. 19: 27). യേശുവിനെ പരിശുദ്ധ കുർബാനവഴി എന്നേക്കുമായി നമുക്കു തന്നു (മത്താ. 26: 26-29; ലൂക്കോ. 22: 15-20). യേശുവിന്റെ മാതാവായ മറിയം ഒരു സ്ത്രീയാണ്. മറിയമിന് പുരോഹിതസ്ഥാനം ലഭിക്കാമെങ്കിൽ ഏതൊരു സ്ത്രീക്കും പുരോഹിതയാകാൻ കഴിയും.

സഭ മുറുകെപ്പിടിക്കുന്ന സിദ്ധാന്തങ്ങളെയും അഭ്യാസങ്ങളെയും യുക്തിരഹിതമായ മുൻവിധികാരണം പള്ളിതന്നെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകൾക്ക് പള്ളി വൈദികപട്ടം മുടക്കിയിരിക്കുന്നു. എങ്കിലും ഭാവിയിൽ സഭ സ്വയം തിരുത്തുക തന്നെ ചെയ്യും.

1973-ൽ പോൾ ആറാമൻ മാർപ്പാപ്പാ ഇറ്റലിയിലെ കത്തോലിക്കാ നിയ

മജ്ഞരെ അഭിസംബോധന ചെയ്തുകൊണ്ട് 'ജനിക്കാനുള്ള അവകാശം' എന്ന വിഷയത്തെ സംബന്ധിച്ച് പ്രസംഗിക്കുകയുണ്ടായി.[17] അതിൽ മാർപ്പാപ്പാ സ്വാതന്ത്ര്യം, മനുഷ്യാവകാശം, മതസ്വാതന്ത്ര്യം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് വിശദമായി പ്രസംഗിച്ചു. എന്നാൽ ദൈവേച്ഛയ്ക്ക് വിപരീതമായി സ്ത്രീകൾ ലൈംഗികമായും സാമൂഹികമായും സാംസ്കാരികമായും മതപരമായും അനുഭവിച്ചുകൊണ്ടിരിക്കുന്ന വിവേചനത്തെപ്പറ്റി അദ്ദേഹത്തിന് ഒന്നും പറയുവാനുണ്ടായിരുന്നില്ല. സ്ത്രീപുരുഷ സമത്വം, രാഷ്ട്രീയമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും, ത്വരിതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ആധുനികയുഗത്തിൽ മതപരമായ സമത്വത്തെപ്പറ്റി സഭാനേതാക്കന്മാർക്ക് ഒന്നും പറയുവാനില്ല. വത്തിക്കാന്റെ യു.എൻ. നുൺഷിയോ സെലസ്റ്റിനോ മിഗ്ലിഓറെ മെത്രാപ്പോലീത്താ (Archbishop Celestino Migliore) 2010 മാർച്ച് എട്ടാം തീയതി സ്ത്രീകളുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി ലോകനേതാക്കളോട് പ്രസംഗിച്ചത് വത്തിക്കാന്റെ പഴയ ഭാഷ പുതിയ വാക്കുകളിൽ ആവർത്തിച്ചുകൊണ്ടാണ്. സിവിൽസൊസൈറ്റികളിൽ സ്ത്രീകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നത് പറയാൻ അദ്ദേഹം മറന്നില്ല. സഭയിലെ സ്ത്രീവിവേചനത്തെ സംബന്ധിച്ചാകട്ടെ അദ്ദേഹത്തിന് ഒന്നും പറയാനുണ്ടായിരുന്നില്ല.[18]

ഇവൻജേലിക്കൽ, ഓൾഡ് കാത്തലിക്, മെഥൊഡിസ്റ്റ്, എപ്പിസ്കോപ്പേലിയൻ എന്നീ ക്രിസ്തീയസഭകൾ സ്ത്രീകൾക്ക് മെത്രാൻ പട്ടവും വൈദികപട്ടവും ഡീക്കൻ പട്ടവും നല്കിയിട്ടുണ്ട്. എന്നാൽ കത്തോലിക്കാസഭ മാത്രം സ്ത്രീകൾക്ക് പട്ടം മുടക്കിയിരിക്കുകയാണ്. പക്ഷേ, അതേസമയം മറ്റു ക്രിസ്തീയസഭകളിൽനിന്നു നാം പാഠം പഠിക്കണമെന്നും കഴിവതും ആ സഭകളുമായി ഐക്യത്തിൽ കഴിയാൻ ശ്രമിക്കണമെന്നും രണ്ടാം വത്തിക്കാൻ കൗൺസിലിലെ സഭൈക്യം എന്ന ഡിക്രിയിൽ കാണുന്നുണ്ട്. സ്ത്രീപൗരോഹിത്യം കത്തോലിക്കാസഭ മറ്റു ക്രിസ്തീയസഭകളിൽനിന്നു പഠിക്കേണ്ട വിഷയങ്ങളിൽ ഒന്നാണ്. മറ്റു ക്രിസ്തീയസഭകൾ ചെയ്യുന്നതെല്ലാം ശരിയാണെന്നല്ല ഇവിടെ വിവക്ഷ. പരിശുദ്ധാത്മാവ് മറ്റു സഭകളെയും നയിക്കുന്നുണ്ടെന്നുള്ളതിന്റെ ലക്ഷണമാണിതെന്നു കരുതുന്നതിൽ തെറ്റില്ല.

ദൈവജനശുശ്രൂഷയ്ക്കുള്ള യഥാർഥ പൗരോഹിത്യ 'ദൈവവിളി' ദൈവത്തിൽനിന്നാണെന്നാണ് കത്തോലിക്കാസഭ വിശ്വസിക്കുന്നത്. എങ്കിൽ, എത്രയോ സ്ത്രീകൾക്ക് യഥാർഥത്തിൽ അത്തരം ദൈവവിളികൾ ഉണ്ട്. ധാരാളം കത്തോലിക്കാസ്ത്രീകൾ അത്തരം പൗരോഹിത്യത്തിലൂടെ ദൈവജനശുശ്രൂഷയ്ക്കുള്ള വാസ്തവമായ ദൈവവിളി ഉണ്ടെന്ന് സഹജാവബോധത്താൽത്തന്നെ കരുതുന്നുണ്ട്. പരിശുദ്ധാരൂപിതന്നെ സ്ത്രീഹൃദയങ്ങളിൽ പൗരോഹിത്യത്തിനുള്ള നൈസർഗികമായ വ്യക്തിപ്രഭാവങ്ങളും വരപ്രസാദങ്ങളും ഉദ്ദീപിപ്പിക്കുന്നുണ്ട്.

അത്തരം ദൈവവിളിയെ തടസ്സപ്പെടുത്തുന്നത് കുറ്റകരമായ പ്രവൃത്തിയാണ്.

9-ാം നൂറ്റാണ്ടുവരെ ബൈസന്റൈൻ/ഗ്രീക്കു പാരമ്പര്യങ്ങളിൽ സ്ത്രീകൾക്ക് ഡീക്കൻപട്ടം നല്കിയിരുന്നു. കർദിനാൾ ഫ്രാൻസിസ് ബർബറിനിയുടെ (Cardinal Francis Barberini, 1597-1679) സ്വന്തം ലൈബ്രറിയിലെ പുസ്തകസമുച്ചയത്തിൽ സ്ത്രീകൾക്ക് പട്ടംനല്കുന്ന ക്രമവിധികളുടെ പുരാതന കൈയെഴുത്തുപ്രതിയും ഉണ്ടായിരുന്നു. അന്ന് പൗരസ്ത്യസഭ കത്തോലിക്കാസഭയിൽപ്പെട്ടതായിരുന്നു. 1054-ലാണ് പൗരസ്ത്യസഭ റോമിൽനിന്നു വേർപെട്ടത്.

കാൽസിഡോൺ (Chalcedon, AD 451), രണ്ടാം നിക്യാ (Nicaea, AD 787) തുടങ്ങിയ പുരാതന സഭാകൗൺസിലുകൾ സ്ത്രീകളുടെ ഡീക്കൻപട്ടത്തെ അംഗീകരിച്ചിട്ടുണ്ട്. സ്ത്രീ ഡീക്കന്മാർ പൗലോസിന്റെ കാലം മുതലേ ഉണ്ടായിരുന്നു എന്നുള്ളത് ഒരു ചരിത്രയാഥാർഥ്യമാണ്. പൗലോസും ഡീക്കൻ ഫോയ്ബയും ദൈവശുശ്രൂഷയിൽ സഹപ്രവർത്തകരായിരുന്നു (റോമ. 16: 1-2). പത്രോസിന്റെ ഒന്നാം ലേഖനത്തിൽ ദൈവജനത്തെപ്പറ്റി എഴുതിയിരിക്കുന്നത് 'വിശുദ്ധ പുരോഹിതജനം' (1 പത്രോ. 2: 5) 'രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനതയും' (1 പത്രോ 2: 9) ആണെന്നാണ്. പത്രോസ് ശുശ്രൂഷാ പുരോഹിതരെ അഭിസംബോധന ചെയ്ത് എഴുതിയ ലേഖനമല്ലായിരുന്നു അത്. അന്നു സഭയിൽ യേശുവിൽ സ്നാപനം സ്വീകരിച്ച ദൈവജനം മാത്രമേ ഉണ്ടായിരുന്നുള്ളു, ശുശ്രൂഷാപുരോഹിതരില്ലായിരുന്നു. ദൈവജനത്തിലെ പുരുഷന്മാർക്കുവേണ്ടി മാത്രമാണ് പത്രോസ് ആ ലേഖനം എഴുതിയതെന്ന് ആരെങ്കിലും വാദിക്കുമോ? അപ്പോൾ, സ്നാപനം സ്വീകരിച്ച സ്ത്രീയും പുരുഷനും പുരോഹിതഗണത്തിൽപ്പെടുന്നു. ഒന്നാം മാർപ്പാപ്പാ സ്ത്രീകളെ വിവേചിച്ചുകണ്ടില്ല. 265-ാമത്തെ മാർപ്പാപ്പായ്ക്കാണ് വിവേചനം!

വൈദികശുശ്രൂഷ പ്രധാനമായി കൂദാശാപരികർമങ്ങൾവഴിയുള്ള ദൈവജനസേവനമാണ്. അവിടെ ലിംഗഭേദത്തിനു സ്ഥാനമില്ല.

രണ്ടാം വത്തിക്കാൻ കൗൺസിലിലെ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖയിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ അധ്യായം അവസാനിപ്പിക്കട്ടെ: ".......ഏതൊരു വിവേചനവും അതു സമൂഹത്തെയോ സംസ്കാരത്തെയോ സംബന്ധിച്ചതാകട്ടെ, അല്ലെങ്കിൽ ലിംഗം, ജാതി, വർണ്ണം, സാമൂഹ്യനില, ഭാഷ, മതം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ളതാകട്ടെ, ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കു വിരുദ്ധമെന്ന നിലയിൽ പരിവർജിക്കേണ്ടതും പൂർണ്ണമായി ഉന്മൂലനം ചെയ്യേണ്ടതുമാണ്".

# 8

# ലൈംഗികോർജം സ്നേഹോർജം

"Pope John Paul II teaches sex is a beautiful gift of God. But he can't admit that most of his predecessors taught that it's ugly and disgusting"[1]

**റോ**മൻ കത്തോലിക്കാസഭയ്ക്ക് മനുഷ്യലൈംഗികത ഒരു കീറാമുട്ടിയാണ്. സഭയുടെ ഔദ്യോഗികപഠനത്തിൽ:

1. മറിയമിന് സാധാരണ മനുഷ്യപ്രക്രിയവഴി ഗർഭം ധരിക്കാൻ സാധിക്കുകയില്ല.
2. മറിയമിന്റെ മകൻ ലൈംഗികസംഭോഗത്തിൽക്കൂടിയല്ലാതെ ജനിക്കണം.
3. മറിയം ഗർഭംധരിച്ചപ്പോഴും പ്രസവശേഷവും കന്യകയായിരിക്കണം.
4. യേശുവിന് സഹോദരീസഹോദരന്മാർ ഉണ്ടാകാൻ പാടില്ല. എന്നാൽ, യേശുവിന് സഹോദരീസഹോദരന്മാർ ഉണ്ടെന്ന് വിശുദ്ധഗ്രന്ഥത്തിൽ വളരെ വ്യക്തമായി നിരവധിയിടത്ത് എഴുതിവച്ചിട്ടുണ്ട്:

"അവൻ ജനത്തോടു സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ, അവന്റെ അമ്മയും അവന്റെ സഹോദരരും അവനോടു സംസാരിക്കാൻ പുറത്തു വന്നു നിന്നു. ഒരാൾ അവനോടു പറഞ്ഞു: നിന്റെ അമ്മയും സഹോദരരും നിന്നോടു സംസാരിക്കാൻ ഇതാ, പുറത്തുനില്ക്കുന്നു" (മത്താ. 12: 46–47).

"അപ്പോൾ അവന്റെ അമ്മയും സഹോദരന്മാരും വന്നു. അവർ വെളിയിൽനിന്ന് ആളയച്ച് അവനെ വിളിപ്പിച്ചു. അവന്നു ചുറ്റും ഒരു ജനക്കൂട്ടം ഇരിക്കുന്നുണ്ടായിരുന്നു. അവർ അവനോടു പറഞ്ഞു: 'ഇതാ,

നിന്റെ അമ്മയും സഹോദരന്മാരും സഹോദരിമാരും നിന്നെ കാണാൻ പുറത്തു നില്ക്കുന്നു' " (മർക്കോ. 3: 31–32).

"അപ്പോൾ അവന്റെ അമ്മയും സഹോദരന്മാരും അവന്റെ അടുക്കൽ വന്നു. എന്നാൽ ആൾക്കൂട്ടം നിമിത്തം അവനെ സമീപിക്കാൻ അവർക്കു കഴിഞ്ഞില്ല. 'നിന്റെ അമ്മയും സഹോദരന്മാരും നിന്നെ കാണാൻ പുറത്തു നില്ക്കുന്നു' എന്ന് അവനെ അറിയിച്ചു" (ലൂക്കോ. 8: 19–20).

"ഇവൻ ആ തച്ചന്റെ മകനല്ലേ? ഇവന്റെ അമ്മ മറിയം അല്ലേ? യാക്കോബും യോസേഫും ശിമയോനും യൂദായും അല്ലേ ഇവന്റെ സഹോദരർ? ഇവന്റെ എല്ലാ സഹോദരിമാരും നമ്മോടൊപ്പമില്ലേ?" (മത്താ. 13: 55).

"ഇവൻ ആ മരപ്പണിക്കാരനല്ലേ? മറിയമിന്റെ മകൻ! യാക്കോബ്, യോസെ, യൂദാ, ശിമയോൻ എന്നിവരുടെ സഹോദരൻ! ഇവന്റെ സഹോദരിമാരും ഇവിടെ നമ്മോടൊപ്പമില്ലേ?" (മർക്കോ. 6: 3).

"മഗ്ദലക്കാരി മറിയമും യാക്കോബ്, യോസേഫ് എന്നിവരുടെ അമ്മയായ മറിയമും സെബദിപുത്രന്മാരുടെ അമ്മയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു" (മത്താ. 27: 56).

"ദൂരെ കുറെ സ്ത്രീകളും ഇതെല്ലാം കണ്ടുകൊണ്ടു നിന്നിരുന്നു. ഇവരുടെ കൂട്ടത്തിൽ മഗ്ദലക്കാരി മറിയമും ചെറുയാക്കോബിന്റെയും യോസേയുടെയും അമ്മയായ മറിയമും സലോമിയും ഉണ്ടായിരുന്നു" (മർക്കോ. 15: 40)

"ഇതിന്നുശേഷം അമ്മയോടും സഹോദരന്മാരോടും ശിഷ്യന്മാരോടും കൂടി അവൻ കഫർണാമിലേക്കു പോയി; അവർ അവിടെ കുറെ ദിവസം താമസിച്ചു" (യോഹ. 2: 12).

"യേശുവിന്റെ അമ്മയായ മറിയമിനോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരോടും ഒത്തുചേർന്ന് അവർ ഏക മനസ്കരായി പ്രാർഥനയിൽ മുഴുകിയിരുന്നു" (അപ്പോ. പ്രവ. 1: 14).

"കർത്താവിന്റെ സഹോദരനായ യാക്കോബിനെ അല്ലാതെ മറ്റൊരു അപ്പോസ്തലനെയും ഞാൻ കണ്ടില്ല" (ഗലാ. 1: 19).

"മറ്റ് അപ്പോസ്തലന്മാരെയും കർത്താവിന്റെ സഹോദരരെയും കേപ്പായെയുംപോലെ വിശ്വാസിയായ ഒരു സ്ത്രീയെ കൊണ്ടുനടക്കാൻ ഞങ്ങൾക്കും അവകാശമില്ലേ?" (1 കോറി. 9: 5)

5. യോസേഫോ മറിയമോ യേശുവോ ജീവിതകാലത്ത് ഒരിക്കൽ പോലും ലൈംഗികസംഭോഗം ചെയ്തിട്ടില്ല.
6. യേശുവിന്റെ ശിഷ്യരായശേഷം അപ്പോസ്തലരും പൗലോസും സഭയ്ക്ക് വേണ്ടപ്പെട്ടവരാരുംതന്നെയും ലൈംഗിക സംഭോഗത്തിൽ ഉൾപ്പെട്ടിട്ടില്ല.
7. സ്വയംഭോഗം (masturbation), ജനനനിയന്ത്രണം (birth control), ഗർഭച്ഛിദ്രം (abortion), കൃത്രിമബീജസങ്കലനം (artificial

insemination), വിവാഹമോചനവും പുനർവിവാഹവും (divorce and remarriage) എന്നിവയെല്ലാം നിത്യനരകാഗ്നിക്ക് അർഹമാക്കുന്ന മാരക പാപങ്ങളാണ്.

8. വിവാഹിതപൗരോഹിത്യവും സ്തീപൗരോഹിത്യവും തെറ്റാണ്.
9. ആണും പെണ്ണും തമ്മിലുള്ള നിയമാനുസൃതമായ വിവാഹം അനിവാര്യമായ തിന്മ (necessary evil) ആണ്. പുരോഹിതരോ കന്യാസ്ത്രീകളോ ആകാൻ പ്രാപ്തരല്ലാത്തവർക്കുമാത്രം അനുവദിച്ചിട്ടുള്ള തിന്മയാണത്.
10. കത്തോലിക്കാ സഭാധികാരികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ബൈബിൾ ഭാഗം പൗലോസ്ശ്ലീഹാ കോറിന്തോസുകാരെ ഉപദേശിക്കുന്ന ഈ ഭാഗമാണ്:
    "എല്ലാവരും എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു.... അവിവാഹിതരോടും വിധവകളോടും ഞാൻ പറയുന്നു: എന്നെപ്പോലെ ഒറ്റയ്ക്കു കഴിയുന്നതാണ് അവർക്കു നല്ലത്. എന്നാൽ ആത്മനിയന്ത്രണം സാധ്യമല്ലെങ്കിൽ അവർ വിവാഹം കഴിക്കണം. കാമം കൊണ്ട് എരിയുന്നതിനെക്കാൾ വിവാഹം കഴിക്കുന്നതാണ് ഉത്തമം" (1 കോറി. 7: 7–9).

മനുഷ്യലൈംഗികതയെ സംബന്ധിച്ച യേശുവിന്റെ കാഴ്ചപ്പാടും സഭാപഠനങ്ങളും തമ്മിൽ എണ്ണയും വെള്ളവുംപോലെ വേറിട്ടാണു നില്ക്കുന്നത്:

1. കാനായിലെ കല്യാണത്തിന് യേശു പച്ചവെള്ളത്തിൽനിന്ന് നല്ല വീര്യമുള്ള വീഞ്ഞ് ഉണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തത്. യേശു അങ്ങനെ ആ വിവാഹസല്ക്കാരം ഗംഭീരമാക്കി (യോഹ. 2: 1–12). വിവാഹത്തിലെ ലൈംഗികസംഭോഗം പാപമാണെന്ന് യേശു ചിന്തിച്ചിരുന്നെങ്കിൽ ഈ വിവാഹച്ചടങ്ങിൽ പങ്കെടുത്ത് പാർട്ടി പൊടിപൂരമാക്കുമായിരുന്നോ?
    പോപ്പ് ലെയോ ഒന്നാമൻ (Pope Leo I, 440-461) എല്ലാ വിവാഹ സംഭോഗവും പാപമാണെന്നാണ് പഠിപ്പിച്ചത്. അമിത ഭോഗേച്ഛയില്ലാതെ വിവാഹം പൂർത്തീകരിക്കപ്പെടുകയില്ലെന്നാണ് പോപ്പ് ഇന്നസെന്റ് മൂന്നാമന്റെ (Pope Innocent III, 1198-1216) അഭിപ്രായം. ലൈംഗികസംഭോഗത്തിനു മുമ്പുള്ള ഭാര്യഭർത്താക്കന്മാരുടെ സ്നേഹപ്രകടനങ്ങൾ (foreplay) ചാവുദോഷകാരണമാണെന്നാണ് പതിനേഴാം നൂറ്റാണ്ടിലെ രണ്ടു പോപ്പുമാർ പഠിപ്പിച്ചത്.
2. ശമരിയാക്കാരി വേശ്യയോട് കർത്താവ് കുശലം പറഞ്ഞുകൊണ്ടിരിക്കെ അവിടെ എത്തിയ ശിഷ്യന്മാർ അതുകണ്ട് വിസ്മയിച്ചു. കർത്താവ് അവളെപ്പറ്റി ഒന്നും താഴ്ത്തിപറഞ്ഞില്ല; നിത്യജീവിതത്തിലേക്കുള്ള വഴി അവൾക്ക് ഉപദേശിച്ചുകൊടുക്കുകയാണ് ചെയ്തത് (യോഹ. 4: 4–42). ഇതൊന്നും സഭാധികാരികൾ വായിച്ചിട്ടില്ലേ?

3. ഫരിസേയനായ ശിമയോന്റെ വീട്ടിൽ ഭക്ഷണത്തിനിരുന്ന യേശുവിനെ പാപിനിയായ ഒരു സ്ത്രീ (വേശ്യ) സ്പർശിച്ചപ്പോൾ ശിമയോൻ തെറ്റായ രീതിയിൽ ആത്മഗതം ചെയ്തു. യേശു ആ സ്ത്രീ ചെയ്ത കാര്യങ്ങളെ പുകഴ്ത്തിപറയുകയും അവളെ വിമർശന രൂപത്തിൽ വീക്ഷിച്ച ശിമയോനെ കുറ്റപ്പെടുത്തുകയുമാണ് ചെയ്തത് (ലൂക്കോ. 7: 36–50)
4. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ വിശുദ്ധിനടിച്ച് കല്ലെറിയാൻ വന്നവർ നാണം കെട്ട് ഓരോരുത്തരായി തിരികെപ്പോയി (യോഹ. 8: 2–11). യേശുവിന്റെ കരുണ ഇവിടെ സ്പഷ്ടമാണ്. വ്യഭിചാരത്തിൽ പങ്കുചേർന്ന പുരുഷൻ എവിടെയെന്ന ചോദ്യം അവശേഷിക്കുന്നു.
5. പ്രധാന പുരോഹിതനോടും ജനങ്ങളുടെ മൂപ്പന്മാരോടും കർത്താവ് പറഞ്ഞു: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പ് ദൈവരാജ്യത്തിൽ എത്തുക" (മത്താ. 21: 31).
   സഭാപിതാക്കന്മാർ എന്തുകൊണ്ടാണ് സെക്സ് സംബന്ധമായ പാപത്തെ പാപങ്ങളിലെ രാജവെമ്പാലയായി കാണുന്നത്?
6. യഹൂദരുടെ ഇടയിൽ അവിവാഹിതാവസ്ഥ വളരെ അസാധാരണമാണ്. വരുവാനിരിക്കുന്ന വാഗ്ദത്തരക്ഷകന്റെ മാതാവോ പിതാവോ ആകുന്നത് യഹൂദരുടെ പ്രതീക്ഷയിൽപെട്ടതായിരുന്നു. അതിനാൽത്തന്നെ അവർ വിവാഹം ചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നു.
7. യേശുവും ശിഷ്യന്മാരും അവിവാഹിതരായിരുന്നെങ്കിൽ യഹൂദ സമുദായത്തിൽ അത് വലിയ ഉതപ്പിനു കാരണമാകുമായിരുന്നു. പ്രത്യേക വിശദീകരണവും ന്യായീകരണവും അർഹിക്കുന്ന ഒരു സ്ഥിതിവിശേഷമാണത്. പക്ഷേ, സുവിശേഷത്തിൽ കർത്താവിന്റെയും ശിഷ്യന്മാരുടെയും അവിവാഹിതാവസ്ഥ യെപ്പറ്റി നാം ഒന്നും വായിക്കുന്നില്ല.
8. യേശുവും ശിഷ്യന്മാരും വിവാഹിതരായിരുന്നെന്ന് സുവിശേഷത്തിൽ എടുത്തുപറയുന്നില്ല, പത്രോസിന്റെ കാര്യം ഒഴിച്ച്. ആ സുവിശേഷമൗനത്തിന്റെ അടിസ്ഥാനത്തിൽ യേശുവും ശിഷ്യന്മാരും അവിവാഹിതരായിരുന്നു എന്ന സഭാധികാരികളുടെ നിഗമനം ശരിയോ?
9. വിവാഹത്തിനു പുറത്തും അകത്തും സഭാപിതാക്കന്മാർക്ക് സെക്സ് വൃത്തികെട്ട പ്രവൃത്തിയാണ്. വൃത്തികേടിന്റെ കൂടുതൽ- കുറവിലേ വ്യത്യാസമുള്ളു. കന്യാസ്ത്രീകൾ പയറു കഴിച്ചാൽ അവരുടെ ജനനേന്ദ്രിയങ്ങൾക്ക് ഇക്കിളിയുണ്ടാകുമെന്നും അതിനാൽ കന്യാസ്ത്രീകൾ പയറു കഴിക്കരുതെന്നും ജറോം പുണ്യവാൻ നിർദേശിച്ചു. ലൈംഗികരോഗ ചികിത്സയിൽ ജറോം വിദഗ്ധൻ തന്നെ.
10. യേശുവിന്റെ പഠനങ്ങൾക്ക് വിരുദ്ധമായി പൗലോസും ആഗസ്തിനോസും അംബ്രോസും ജറോമും ഒരുപറ്റം ബ്രഹ്മചാരികളായ പാപ്പാ

മാരും ബ്രഹ്മചര്യജീവിതമാണ് ആദർശപരമായ ജീവിതമെന്ന് പഠിപ്പിക്കുന്നു. അതിനുള്ള ന്യായങ്ങൾ എവിടെ?

11. ആറാം പൗലോസ് പാപ്പായും രണ്ടാം ജോൺ പോൾ പാപ്പായും സ്ത്രീകളുടെ സുരക്ഷിതവേളയിലെ (the safe period) സെക്സിനെ പ്രോത്സാഹിപ്പിക്കുന്നവരാണ്. തെർമോമീറ്ററും (thermometer) കലണ്ടറും (calender) കണക്കുകൂട്ടലും എല്ലാം ഇക്കാര്യത്തിൽ തെറ്റിപ്പോയെന്നിരിക്കാം. ഭാര്യാഭർത്താക്കന്മാരുടെ ലൈംഗികസംഭോഗത്തിന് ഈ 'ഒളിച്ചേ-കണ്ടേ' കളി നടത്തണ്ട കാര്യമുണ്ടോ? മിണ്ടാമഠത്തിലെ കൗശലക്കാരികളായ കന്യാസ്ത്രീകൾ ഇതിൽ വിദഗ്ധരായിരിക്കാം. പക്ഷേ, ജോലിത്തിരക്കിൽ കഴിയുന്ന വീട്ടമ്മമാർക്ക് ഈ കണക്കുകൾ കൂട്ടാൻ സമയമെവിടെ? എഴുത്തും വായനയും അറിയാൻ പാടില്ലാത്ത വീട്ടമ്മമാരും ഈ ഭൂമുഖത്തുണ്ടല്ലോ. അവരുടെ കാര്യവും വളരെ അവതാളത്തിലാണ്. സഭാധികാരികളുടെ നോട്ടത്തിൽ സെക്സ് സന്താനോത്പാദനത്തിനുവേണ്ടി മാത്രമേ ആകാവു! വിനോദത്തിന് സെക്സ് (sex for fun) വിവാഹിതരാണെങ്കിൽത്തന്നെ പാടില്ല. അത്രതന്നെ.

12. ഒരു ഭ്രൂണം പോലും കളങ്കരഹിതമായ മനുഷ്യക്കുട്ടിയാണെന്ന് സഭ പഠിപ്പിക്കുന്നു. ഭ്രൂണത്തെ നശിപ്പിക്കുന്നത് കൊലപാതകത്തിന് സമമാണ്. അപ്പോൾത്തന്നെ ജ്ഞാനസ്നാനം സ്വീകരിക്കുന്നതുവരെ ഉത്ഭവപാപംമൂലം കുട്ടികൾ പിശാചിന്റെ പിടിയിലാണെന്നും ജ്ഞാനസ്നാനത്തിനുമുമ്പ് ആ കുട്ടികൾ മരിച്ചാൽ ദൈവത്തെ അഭിമുഖമായി കാണാൻ സാധിക്കയില്ലെന്നും സഭ പഠിപ്പിക്കുന്നു.

13. പട്ടത്തിന് ബ്രഹ്മചര്യപ്രതിജ്ഞയെടുക്കണമെന്ന് മാർപ്പാപ്പാമാർ ശാഠ്യം പിടിക്കുന്നു. യേശു വിവാഹിതരായവരെയാണ് തന്റെ ശിഷ്യന്മാരായി തെരഞ്ഞെടുത്തതെന്ന് ഈ മാർപ്പാപ്പാമാർ എന്തുകൊണ്ട് ചിന്തിക്കുന്നില്ല? ഇന്നായിരുന്നെങ്കിൽ വിശുദ്ധ പത്രോസിന് പാപ്പാസ്ഥാനം പോയിട്ട് പട്ടംപോലും കിട്ടുകയില്ലായിരുന്നു. വിവാഹി തനായ പത്രോസ് ഇന്നത്തെ സഭാചുറ്റുപാടിൽ പട്ടം സ്വീകരിക്കാൻ അയോഗ്യനാണല്ലോ.

14. അതിക്രൂരമായ കുറ്റങ്ങൾ ചെയ്യുന്നവർക്ക് ചില രാഷ്ട്രങ്ങളിലെ കോടതികൾ വധശിക്ഷ വിധിക്കാറുണ്ട്. സഭ അതിനെ നഖശിഖാന്തം എതിർക്കുന്നു. എന്നാൽ, കുരിശുയുദ്ധങ്ങൾ വഴിയും ഇൻക്വിസിഷൻ വഴിയും ക്ഷുദ്രസ്ത്രീ നിർമാർജനം വഴിയും കൊന്നതുകൂടാതെ ജർമ്മനിയിലെ നാസി കത്തോലിക്കർ ലക്ഷക്കണക്കിന് യഹൂദരെ കൊന്നതുമെല്ലാം കൊലപാതകമല്ലേ?

15. നിയമാവർത്തനത്തിൽ (Deuteronomy) നാം ഇങ്ങനെ വായിക്കുന്നു: "യജമാനനിൽനിന്നു നിന്റെ അടുക്കലേക്കു രക്ഷപ്പെട്ട ഒരു അടിമയെ യജമാനന്നു വിട്ടുകൊടുക്കരുത്. നിന്റെകൂടെ, നിങ്ങളുടെ മധ്യേ,

> നിന്റെ പട്ടണങ്ങളിലൊന്നിൽ അയാൾ തെരഞ്ഞെടുക്കുന്ന സ്ഥലത്ത്, അയാൾ ഏറ്റവും ഇഷ്ടപ്പെടുന്ന ഇടത്തിൽ അയാൾ പാർക്കണം. നീ അയാളെ ഞെരുക്കരുത്" (ആവ. 23: 15–16). ഈ നിയമത്തിനു വിപരീതമായി പൗലോസ് അടിമയായ ഒനേസിമൊസിനെ അയാളുടെ ഉടമസ്ഥനായ ഫിലേമോന്ന് തിരിച്ചയച്ചുകൊടുത്തു (ഫിലേ. 8–20). അടിമയ്ക്ക് അഭയസ്ഥാനം കണ്ടുപിടിച്ചു കൊടുക്കുകയല്ല പൗലോസ് ചെയ്തത്. കർത്താവിൽ തന്റെ സഹോദരീസഹോദരന്മാരായിരിക്കുന്നവർ അടിമകളാകുന്നതിൽ പൗലോസിന് ഖേദമില്ല. യജമാനനെ അനുസരിക്കണമെന്നാണ് പൗലോസ് അവരെ ഉപദേശിക്കുന്നത് (എഫേ. 6: 5–6; 1 തിമൊ. 6: 1–3). ഈ പൗലോസാണ് ലൈംഗികതയുടെ കാര്യത്തിൽ "എല്ലാവരും എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു" (1 കോറി. 7: 7) എന്ന് നമ്മെ ഉപദേശിക്കുന്നത്.

കത്തോലിക്കാസഭയുടെ ലൈംഗികവീക്ഷണത്തിൽ ഉണ്ടായി ട്ടുള്ള വൈകല്യങ്ങൾ തിരുത്താൻ ഏറ്റവും നല്ല മാർഗദർശനം ഈ പുസ്തകത്തിന്റെ ആദ്യ അധ്യായത്തിൽത്തന്നെ കൊടുത്തിട്ടുണ്ട്. അത് ഒരിക്കൽകൂടി ഉദ്ധരിക്കാം:

ഉൽപത്തിയിലെ രണ്ടാം അധ്യായത്തിൽ ദൈവം ആദാമിന്റെ ബ്രഹ്മചര്യത്തെയാണ് (Virginity) സൃഷ്ടികർമത്തിൽ നല്ലതല്ലാത്തതായി ആദ്യമായി കാണുന്നത്. കാരണം, ആ ബ്രഹ്മചര്യം ആദം സ്വതേ തെരഞ്ഞെടുത്തതായിരുന്നില്ല. "അനന്തരം കർത്താവായ ദൈവം അരുൾ ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അയാൾക്കു പറ്റിയ ഒരു സഹായിയെ ഞാൻ ഉണ്ടാക്കിക്കൊടുക്കും" (ഉൽപ. 2: 18). അവളാണ് ഹവ്വ. "അതുകൊണ്ടു പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. അവർ ഒരു ശരീരമായിത്തീരും. പുരുഷനും ഭാര്യയും നഗ്നരായിരുന്നു. അവർക്കു നാണം തോന്നിയതുമില്ല" (ഉൽപ. 2: 24–25). ഒരു മനുഷ്യൻ ഭാര്യയെ ലൈംഗികമായി സ്നേഹിക്കുന്നതിൽ യാതൊരു ലജ്ജയുടെയും ആവശ്യമില്ലായെന്ന് ദൈവം തറപ്പിച്ചും ഉറപ്പിച്ചും വ്യക്തമാക്കുകയാണ് ഇതുവഴി ചെയ്തത്. ആദാമിന്റെ ലൈംഗിക സന്തോഷം പ്രേമഗീതമായി മാറുന്നു: "ഒടുക്കം, ഇതാ, എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും എന്റെ മാംസത്തിൽനിന്നുള്ള മാംസവും! നരനിൽ നിന്ന് എടുക്കപ്പെട്ടിരിക്കയാൽ ഇവൾ നാരി എന്നു വിളിക്കപ്പെടും" (ഉൽപ. 2: 23). ദൈവം ആണും പെണ്ണുമായി സൃഷ്ടിച്ച മനുഷ്യരോട് അരുൾചെയ്തു: "നിങ്ങൾ സന്താനപുഷ്ടിയോടെ പെരുകി ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുക" (ഉൽപ. 1: 28).

ഇതിനോടു ചേർത്തുവച്ച് വായിക്കേണ്ടതാണ്, ഞാൻ രണ്ടാം അധ്യായത്തിൽ ഉദ്ധരിച്ചിട്ടുള്ള, മത്തായിയുടെ സുവിശേഷത്തിൽ ഫരിസേയരുടെ ചോദ്യത്തിനുത്തരമായി യേശു പറയുന്ന വാക്കുകൾ.

'ആദിയിൽ സ്രഷ്ടാവു മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. "ഇക്കാരണത്താൽ പുരുഷൻ മാതാപിതാക്കളെ വിട്ടു ഭാര്യയോടു ചേരണം, അവർ ഇരുവരും ഒരു ശരീരമായിത്തീരണം" എന്നു കല്പിച്ചു. ഇതൊന്നും നിങ്ങൾ വായിച്ചിട്ടില്ലേ? അതിനാൽ, പിന്നീട് അവർ രണ്ടല്ല, ഒരു ശരീരമാണ്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ' (മത്താ. 19: 4–6).

ദൈവം സ്ത്രീപുരുഷ ലൈംഗികത സൃഷ്ടിക്കുകയും അവരുടെ ലൈംഗികസംഭോഗം വഴി സന്താനങ്ങൾ പെരുകി ഭൂമുഖം മുഴുവൻ മനുഷ്യരാൽ നിറയണമെന്ന് കല്പിക്കുകയും ചെയ്തു എന്നത് സെമറ്റിക് മതങ്ങളെല്ലാം അംഗീകരിക്കുന്നുണ്ട്.

വിവാഹപ്രായമെത്തിയ യഹൂദ പുരുഷന്മാരെല്ലാം വിവാഹം കഴിക്കണമെന്ന പാരമ്പര്യം യേശു സുവിശേഷം പ്രസംഗിക്കുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്നു എന്നും യഹൂദർ ലൈഗികതയെ വിശുദ്ധമായി കണ്ടിരുന്നു എന്നും കത്തോലിക്കാ സഭാധികാരികൾ ചില സ്ഥാപിത താത്പര്യങ്ങളോടെയാണ് യേശു വിവാഹിതനല്ല എന്നു വാദിക്കുന്നതെന്നും ആദ്യ അധ്യായത്തിൽ വ്യക്തമാക്കിയിരുന്നു.

രണ്ടാമത്തെ അധ്യായത്തിൽ സ്ത്രീപുരുഷശരീരങ്ങൾ ഒന്നാകണം (ഉൽപ. 2: 25) എന്നത് ദൈവകല്പനയാണ് എന്നും ലൈംഗികാനന്ദത്തിനുവേണ്ടിക്കൂടിയാണ് ദൈവം നമ്മെ സൃഷ്ടിച്ചത് (1 കോറി. 7: 5) എന്നും ബൈബിളിന്റെയും ശരീരശാസ്ത്രത്തിന്റെയും പിൻബലത്തോടെ സ്ഥാപിച്ചിട്ടുണ്ട്.

മൂന്നാമധ്യായത്തിൽ ജനനനിയന്ത്രണം സംബന്ധിച്ച് ദൈവജനത്തിന്റെ വിശ്വാസം എന്താണെന്ന ധാരണ അനുപേക്ഷണീയമാണ് എന്നു സഭാധികാരികൾ മറന്നു എന്നും 80 മുതൽ 90 ശതമാനം വരെ വിശ്വാസികൾ സഭയുടെ ഈ നിലപാടിനെതിരായി ജനനനിയന്ത്രണം നടത്തുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത് എന്നും വ്യക്തമാക്കിയിരുന്നു.

നാലാമധ്യായത്തിൽ "അവിവാഹിതാവസ്ഥ പൗരോഹിത്യത്തിന്റെ അനിവാര്യമായ ഘടകമല്ല" എന്ന് രണ്ടാം ജോൺ പോൾ മാർപ്പാപ്പ പോലും സമ്മതിക്കുന്നുണ്ടെന്നും പൗരോഹിത്യവും അവിവാഹിതാവസ്ഥയുമായി ബന്ധപ്പെടുത്തുന്നതിന് ചരിത്രപരമോ ദൈവശാസ്ത്രപരമോ ആയ യാതൊരു ന്യായീകരണവുമില്ലെന്നും സ്ഥാപിച്ചിട്ടുണ്ട്. ഈ വാദഗതികൾ ബൈബിൾവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് സമർഥിച്ചിട്ടുള്ളത് ഇവിടെ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു:

കർത്താവിന്റെ ശിഷ്യന്മാരിൽ യോഹന്നാനൊഴിച്ച് ബാക്കിയെല്ലാവരും വിവാഹം ചെയ്തിരുന്നിരിക്കണം. "ദുർന്നടപ്പിലേക്കു പ്രലോഭനം ഉള്ളതുകൊണ്ട് ഓരോ പുരുഷനും സ്വന്തമായി ഭാര്യയും ഓരോ സ്ത്രീക്കും സ്വന്തമായി ഭർത്താവും ഉണ്ടായിരിക്കണം" (1 കോറി. 7: 2) എന്നാണ് പൗലോസ്ശ്ലീഹാ കോറിന്തോസുകാരെ ഉപദേശിച്ചത്.

സഭയിലെ മേലന്വേഷകസ്ഥാനം വഹിക്കുന്നയാൾ ഏകഭാര്യാവ്രതനും കുടുംബകാര്യങ്ങൾ ഭംഗിയായി നിർവഹിക്കുന്നവനും സ്വന്തം മക്കളെ അനുസരണയിലും മാന്യതയിലും വളർത്തുന്നവനുമായിരിക്കണമെന്നും (1 തിമൊ. 3: 1–5) ശുശ്രൂഷകർ ഏകഭാര്യാവ്രതക്കാരും സന്താനങ്ങളെയും കുടുംബത്തെയും നന്നായി നിയന്ത്രിച്ചു നടത്തുന്നവരുമായിരിക്കണമെന്നും പൗലോസ് അപ്പോസ്തലൻ നിർദേശിക്കുന്നുണ്ട് (1 തിമൊ. 3: 12).

താഴെപ്പറയുന്ന കാര്യങ്ങളാണ് അഞ്ചും ആറും അധ്യായങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളത്: സ്വവർഗരതി സങ്കീർണസ്വഭാവമുള്ളതാണ്. വിവാഹിതർക്ക് പൗരോഹിത്യം നിഷേധിക്കുന്നതും പുരോഹിതർക്കിടയിൽ സ്വവർഗരതി പ്രവണതയുള്ളവരുടെ എണ്ണം കൂടുന്നതും തമ്മിൽ ബന്ധമുണ്ട്. ആ പ്രവണതയുള്ള കൂടുതൽപേർ പുരോഹിതവൃത്തിയിലേർപ്പെടാനും ആൺകുട്ടികളെ ലൈംഗികമായി ദുരുപയോഗിക്കാനും ഇടയായിട്ടുണ്ട്. അതിന്റെ ഫലമായി സഭയ്ക്ക് മാനഹാനിയും ധനനഷ്ടവും ഉണ്ടായതിന്, സഭാധികാരികളാണ് മുഖ്യപ്രതികൾ.

ഏഴാമധ്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളത് ഇനിയും പറയുന്ന കാര്യങ്ങളാണ്: യേശുവും അപ്പോസ്തലരും സ്ത്രീകളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. സ്ത്രീകൾക്ക് പൗരോഹിത്യം നിഷേധിക്കുന്നതിന് ബൈബിളോ ദൈവശാസ്ത്രമോ ഉദ്ധരിച്ച് ന്യായീകരണം നല്കാനാവില്ല. മറ്റുപല സഭകളും സ്ത്രീകൾക്കും ശുശ്രൂഷാ പൗരോഹിത്യം സ്വീകരിക്കാൻ അനുവദിച്ചിട്ടുണ്ട്. സ്ത്രീ വിവേചനത്തിൽ നിന്ന് കത്തോലിക്കാസഭ പിന്മാറിയാൽ അത് സഭയ്ക്കും സമൂഹത്തിനും നന്മയേ ഉളവാക്കൂ.

ശാസ്ത്രീയവും കത്തോലിക്കാസഭയുടെ ദൈവശാസ്ത്രത്തോടു ചേർത്തുവയ്ക്കാവുന്നതുമായ ലൈംഗികവീക്ഷണം സംബന്ധിച്ച് മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഏതാനും പുസ്തകങ്ങളുണ്ട്. പ്രശസ്ത ദൈവശാസ്ത്രജ്ഞരായ ഡോ. എസ്. കാപ്പൻ എസ്.ജെ. നാല്പതോളം വർഷംമുമ്പ് എഴുതിയ 'നാളത്തേക്ക് ഒരു ലൈംഗിക സദാചാരം', ഡോ. ഫെലിക്സ് പൊടിറ്റം ഒ.എഫ്.എം. (ക്യാപ്) 2008–ൽ എഴുതി പ്രസിദ്ധീകരിച്ച 'ലൈംഗികത – ദൈവത്തിന്റെ കയ്യൊപ്പ്' എന്നിവ അവയിൽ പ്രധാനമാണ്. കൂടാതെ സാധു ഇട്ടിയവിരായുടെ ആത്മകഥയായ 'വെറും ഒരു പഥികൻ' എന്ന പുസ്തകത്തിലും ശ്രദ്ധാർഹമായ ചില നിരീക്ഷണങ്ങളുണ്ട്. ആദ്യം ഉദ്ധരിച്ച ബൈബിൾ ഉദ്ധരണികളോളം തന്നെ, കത്തോലിക്കാസഭയുടെ ധാർമികതയ്ക്കും ദൈവശാസ്ത്രത്തിനും വിരുദ്ധമല്ലാത്ത വിധത്തിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാം എന്ന എന്റെ വിചാരധാര ശക്തമാക്കാൻ അവയും സഹായകമായിട്ടുണ്ട്.

പട്ടാളജീവിതവും സെമിനാരിജീവിതവും പരിവ്രാജക ജീവിതവും പകർന്ന ജീവിതാനുഭവങ്ങളുടെയും ഉൾക്കാഴ്ചകളുടെയും അടിസ്ഥാന

ത്തിൽ അമ്പത്താറാം വയസ്സിൽ ഗൃഹസ്ഥനായിത്തീർന്ന പ്രശസ്ത എഴുത്തുകാരനായ സാധു ഇട്ടിയവിരാ തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില നിരീക്ഷണങ്ങൾ ഇനിയും ഉദ്ധരിക്കാം:

"ലൈംഗികത ദൈവത്തിന്റെ ദാനമാണ്. ലൈംഗികചോദനകൾ നിയന്ത്രിക്കേണ്ടവയാണെങ്കിൽക്കൂടി നിഗ്രഹിക്കരുതാത്തവയാണ്. നിഗ്രഹിക്കാൻ ശ്രമിക്കുന്നിടത്ത് "ഞാൻ കർത്താവിനോടുള്ള സ്നേഹത്തെപ്രതി ഒരിക്കലും ഭക്ഷിക്കുകയില്ല" എന്നു പറയുന്നയാൾ കട്ടുതിന്നുന്നതുപോലെ നമ്മൾ വളഞ്ഞ വഴികൾ സ്വീകരിച്ചെന്നു വരും.....

......ദൈവസ്നേഹത്തിനു വേണ്ടിയും പുണ്യത്തിനു വേണ്ടിയും ദൈവം ആഗ്രഹിക്കാത്തത് ഒന്നും നമ്മൾ ചെയ്യണ്ടാ. ആഹാരനീഹാരാദികളിലെന്നതുപോലെ ലൈംഗികതയിലും നമുക്കു നിയന്ത്രണമാണു വേണ്ടത്; നിഗ്രഹമല്ല.

......നമ്മുടെ സഭയിൽ ബ്രഹ്മചര്യം ശീലിക്കുന്ന സന്ന്യസ്തർ ഉണ്ട്. അവരുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ആദരിക്കുന്നു; ത്യാഗമനസ്ഥിതിയെ ഞാൻ അഭിനന്ദിക്കുന്നു. അവരൊക്കെ എന്നോടു വളരെ സ്നേഹം കാണിച്ചിട്ടുണ്ട്. അതിന് അവരോടെനിക്കു നന്ദിയുണ്ട്. എന്നാലും കുറെ കഴിയുമ്പോൾ ഇപ്പോഴത്തെ രീതിയിലുള്ള കന്യാവ്രതവും നിത്യബ്രഹ്മചര്യവും നിന്നുപോകും എന്നാണ് എന്റെ വിചാരം."[2]

"......അവിവാഹിതനായി ജീവിച്ചിരുന്ന കാലത്തേതിനെക്കാൾ ദൈവത്തിന്റെ പൈതൃകസ്നേഹത്തെയും വാത്സല്യത്തെയും കരുതലിനെയും കരുണയെയുംപറ്റി കൂടുതൽ മനസ്സിലാക്കാൻ എനിക്കു സാധിച്ചിട്ടുള്ളത് ഒരു അപ്പനായതിനുശേഷമാണ് എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.

......എല്ലാ ജീവജാലങ്ങളും വളരുന്നത് പുത്രനിൽനിന്ന്/പുത്രിയിൽ നിന്ന് പിതാവിലേക്ക്/മാതാവിലേക്കാണ് (from the child to the parent)

......പൈതൃകസ്നേഹവും മാതൃസ്നേഹവും ആണ് മാതാപിതാക്കന്മാരോടുള്ള മക്കളുടെ സ്നേഹത്തിലും വലുത്. എല്ലാ ജീവജാലങ്ങളും അവയ്ക്ക് അറിഞ്ഞുകൂടെങ്കിൽത്തന്നെയും വളരുന്നത് ശിശുസഹജമായ സ്നേഹത്തിൽനിന്ന് മാതാപിതാക്കന്മാരുടെ സ്നേഹത്തിലേക്കാണ് (from filial love to parental love). ഈ വളർച്ചയാകട്ടെ പുത്രനിൽനിന്നു പിതാവിലേക്കുള്ള നമ്മുടെ അടിസ്ഥാനപരമായ വളർച്ച (intrinsic growth) ആണ് ദ്യോതിപ്പിക്കുന്നത്" (മത്തായി 5: 48).[3]

ഫെലിക്സ് പൊടിറ്റം ഭാരതീയ കത്തോലിക്കാ സഭാചരിത്രത്തിൽ, ധാർമിക-ദൈവശാസ്ത്ര വിചിന്തനമേഖലയിൽ വിശേഷിച്ച്, ലൈംഗിക ധാർമികതയിൽ വ്യക്തിമുദ്ര പതിച്ച ദൈവശാസ്ത്രജ്ഞനാണ്. 'ലൈംഗികത - ദൈവത്തിന്റെ കയ്യൊപ്പ്' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതിയിരിക്കുന്നു:

"മനുഷ്യന് അനുഭവിക്കാൻ കഴിയുന്ന ഏറ്റവും ശക്തമായ ആനന്ദം ലൈംഗികാനന്ദമാണെന്ന് ഈ വിഷയത്തെക്കുറിച്ച് പഠിച്ച നഥാനിയേൽ,

ബ്രാൻഡൻ തുടങ്ങിയവർ സാക്ഷ്യപ്പെടുത്തുന്നു. മറ്റ് ആനന്ദങ്ങൾ അത്രകണ്ട് ശക്തവും തീവ്രവുമല്ല. വ്യക്തിയെ മുഴുവൻ ഗ്രസിക്കുന്ന, സർവ്വാംഗ സ്പർശിയായ, ജീവിതത്തെ മൂല്യവത്തായ ഒരനുഭവമായി പരിവർത്തിപ്പിക്കുന്ന ആനന്ദമാണത്. ജീവിതം നല്ലതും നന്മനിറഞ്ഞതും അതിനാൽത്തന്നെ ജീവിതയോഗ്യവുമാണെന്നും ജീവിക്കാൻ തനിക്ക വകാശമുണ്ടെന്നും ഈ ആനന്ദം മനുഷ്യമനസ്സിനെ ഉപദേശിക്കുന്നു. പ്രേമമധുരം പുരണ്ട വാക്കുകൾകൊണ്ടും വികാരാവേശം കൊണ്ടും ശാരീരികബന്ധംകൊണ്ടും പങ്കാളികളിൽ അപൂർവ്വതീവ്രമായ ഒരു സ്വയാവബോധം സൃഷ്ടിക്കപ്പെടുകയാണ്. അത് അവരുടെ മനസ്സിനെയും ആത്മാവിനെയും അനുരഞ്ജിപ്പിക്കുന്നു. താൻ സ്വന്തമെന്നഭിമാനിക്കുന്ന ശരീരം തന്റെ സ്വന്തമല്ലെന്നും പങ്കാളിയുടെ ആനന്ദത്തിന്റെ സ്രോതസ്സാ ണെന്നും ഇരുവരും മനസ്സിലാക്കുന്നു. 'ഞാൻ ഞാൻ തന്നെയാണ്; എന്നാൽ ഞാൻ അവന് (അവൾക്ക്) ആനന്ദകാരണമാകുന്നു' എന്ന സ്വരലയമധുരമായ താദാത്മ്യത്തിൽ പരസ്പരം പൂരകങ്ങളായി വർത്തി ക്കുന്ന ദമ്പതികൾ ശരീരത്തിന്റെയും ആത്മാവിന്റെയും മഹത്വകീർത്തനം മൗനമായിട്ടാലപിക്കുന്നവരാണ്."[4]

എസ്. കാപ്പൻ 'നാളത്തേക്കൊരു ലൈംഗികസദാചാരം' എന്ന പുസ്തകത്തിൽ 1972-ൽ എഴുതിയിട്ടുള്ളത് ലൈംഗികധാർമികത സംബന്ധിച്ചുള്ള ചിന്തകളിൽ എക്കാലത്തും പരിഗണിക്കേണ്ട കാര്യങ്ങളാണ്. അതിൽനിന്ന് പ്രസക്തമെന്നു തോന്നുന്ന ഏതാനും ഖണ്ഡികകൾ മാത്രം ഉദ്ധരിക്കുന്നു:

"മനുഷ്യതയുടെ സമഗ്രമായ വികാസവും സാഫല്യവുമായിരിക്കണം ലൈംഗികസദാചാരത്തിന്റെ, അല്ല, എല്ലാ സദാചാരത്തിന്റെയും മൗലികപ്രമാണം."[5]

"കാമത്തിന് മറ്റു ജീവിതമൂല്യങ്ങളോടുള്ളതിനെക്കാൾ സുദൃഢമായ ബന്ധമാണ് സ്നേഹത്തോടുള്ളത്. കാമസ്നേഹങ്ങൾ അവയുടെ ആന്തരമായ ലക്ഷ്യത്തെ വച്ചുനോക്കുമ്പോൾ, പരസ്പരാപേക്ഷിക ങ്ങളാണെന്നു കാണാം. മാത്രമല്ല, വിജ്ഞാനം, സർഗശക്തി എന്നിവ വളരാനും വിരിയാനും വേണ്ട ആത്മീയാന്തരീക്ഷം സൃഷ്ടിക്കാൻ കാമം ഉപകരിക്കുന്നത്, അത് സ്നേഹത്തിന്റെ ആവിഷ്കാരോപാധിയാകു മ്പോൾ മാത്രമാണ്. ഈ നിലയ്ക്കുനോക്കുമ്പോൾ, സ്നേഹമെന്നു പറയുന്നത് അനേകം മൂല്യങ്ങളിലൊന്നല്ലെന്നും ഒരർത്ഥത്തിൽ അതൊരു സാർവത്രികമൂല്യമാണെന്നും തെളിയും."[6]

"...ബന്ധങ്ങളുടെ ധാർമ്മികത നിർണയിക്കേണ്ടത് അവ എത്രമാത്രം സ്നേഹത്തിന്റെ ബാഹ്യപ്രകാശനമാണ് എന്നു നോക്കിയിട്ടാണ്. വിവാഹത്തിനു മുമ്പോ പിമ്പോ എന്നതല്ല നിർണായകം. വിവാഹത്തിനു ശേഷം സ്ത്രീപുരുഷന്മാർ സ്നേഹത്തെ കൈയൊഴിച്ചിട്ട് വെറും കാമോപകരണമായി പരസ്പരം ഉപയോഗിക്കയാണെങ്കിൽ അതു

സദാചാര വിരുദ്ധമാണ്. കേരളത്തിലെ കാര്യമെടുത്താൽ ലൈംഗിക ദുരാചാരം അവിവാഹിതരുടെ ഇടയിലെന്നതിനെക്കാൾ വിവാഹത്തിന്റെ മറയ്ക്കു പിന്നിലല്ലേ നടമാടുന്നതെന്നു സംശയിക്കാതെ തരമില്ല."[7]

ഈ പുസ്തകത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളെയും ഈ കാഴ്ചപ്പാടോടെ സമീപിക്കാവുന്നതാണ്.

'ലൈംഗികത – ദൈവത്തിന്റെ കയ്യൊപ്പ്' എന്ന പുസ്തകത്തിന്റെ മുഖവാക്യത്തിൽ ജിജോ കുര്യൻ മൂലയിൽ എഴുതുന്നു:

"ഊർജ്ജത്തെ മനുഷ്യർക്ക് അടക്കിവയ്ക്കാനാവില്ല. കാരണം, അത് ക്രിയാത്മകവും ചലനാത്മകവുമാണ്. എന്തിലത് അടച്ച് അമർച്ചചെയ്യുന്നുവോ അതിന്റെ പ്രതലങ്ങളെ അത് ഭേദിക്കും. ഏറ്റവും വലിയ ഊർജ്ജം ജീവോർജ്ജമെങ്കിൽ അതിനു ചാരുത പകരുകയും ഊഷ്മളമാക്കുകയും ചെയ്യുന്നത് ലൈംഗികോർജ്ജമാണ്. ആത്മീയാർത്ഥത്തിൽ അത് സ്നേഹോർജ്ജമാണ്. അമർച്ചചെയ്യുന്നതനുസരിച്ച് വികലമായ രൂപങ്ങളിലും ഭാവങ്ങളിലും അത് പ്രകടമാകും. അത് വ്യക്തിത്വത്തിന്റെ ആകർഷകത്വവും ജീവിതത്തിന്റെ സൗകുമാര്യവും നഷ്ടപ്പെടുത്തും."[8]

അതേ ഗ്രന്ഥത്തിന്റെ 'മുന്നുര'യിൽ പ്രശസ്ത മനശ്ശാസ്ത്രജ്ഞൻ പി.എം. മാത്യു വെല്ലൂർ എഴുതുന്നു:

"ബൈബിളിന്റെ ആരംഭത്തിൽ സൃഷ്ടിയെ പരാമർശിക്കുന്നതു മുതൽ പുരുഷന് മേധാവിത്വവും സ്ത്രീയ്ക്ക് വിധേയത്വവും നല്കാനുള്ള ഗൂഢശ്രമം നടന്നിരുന്നു. രൂപമില്ലാത്ത ആത്മാവാകുന്ന ദൈവത്തിന് സ്രഷ്ടാവിന്റെ രൂപം നല്കി. ഏദൻ തോട്ടത്തിലേക്ക് നടന്നു വരികയും 'ആദാമേ' എന്നു വിളിക്കുകയും ചെയ്യുന്ന പുരുഷനായ ദൈവം പുരുഷന് പങ്കാളിയായി സൃഷ്ടിച്ച സ്ത്രീയെ പ്രത്യേകമായി സൃഷ്ടിക്കുന്നതിനു പകരം, ആദാമിന്റെ വാരിയെല്ലിൽനിന്ന് സൃഷ്ടിച്ചു എന്ന ആശയം ഇതിന് ഉദാഹരണമാണ്. കുറ്റം ചെയ്യാൻ പുരുഷനെ പ്രേരിപ്പിക്കുന്ന, സാത്താന് കൂട്ടുനില്ക്കുന്ന, ആളായ സ്ത്രീയെ അശുദ്ധിയുള്ള നികൃഷ്ടജീവിയാക്കാനോ വിശുദ്ധയാക്കാനോ ആണ് ശ്രമിക്കുന്നത്. ദൈവസൃഷ്ടിയായ സ്ത്രീയെ സ്ത്രീയായി അംഗീകരിക്കാൻ പുരുഷൻ മടിക്കുന്നു. ബൈബിൾ രേഖപ്പെടുത്തിയ പുരുഷന്റെ മേധാവിത്വം പ്രകാശിതമാകുകയാണിവിടെ. സ്ത്രീയെ യഥായോഗ്യം മനസ്സിലാക്കിയ പുരുഷന് അവളെ ഭയമായിരുന്നു എന്നുവേണം കരുതുവാൻ.

സ്ത്രീ ഭൂമിയും പുരുഷൻ കൃഷിക്കാരനുമാണ്. അവിടെ ഒരു വിത്ത് പാകിയിട്ടു പുരുഷൻ മാറിനില്ക്കും. പുരുഷൻ ആരുടെ ഗർഭാശയത്തിലാണ് രൂപംകൊള്ളുന്നത്? ഒൻപതുമാസം വഹിച്ചു കൊണ്ടു നടക്കുകയും പ്രസവശേഷം കാക്കയ്ക്കും പൂച്ചയ്ക്കും കൊടുക്കാതെ സംരക്ഷിച്ചു വളർത്തിക്കൊണ്ട് വരുകയും ചെയ്യുന്നതാരാണ്? സ്ത്രീയാണ്. അവൻ വളർന്നു പുരുഷനായിക്കഴിഞ്ഞും വിവാഹശേഷം ആരുടെകൂടെയാണ് കിടക്കുന്നത്? അതിന്റെ ഫലമായുണ്ടാകുന്ന സന്താനങ്ങൾ വളർച്ച

പ്രാപിച്ച് അവരുടെ ഇണയോടൊപ്പം അകന്നുപോകുമ്പോൾ പിന്നെയും വല്യമ്മയുടെ കൂടെയല്ലേ കിടപ്പ്? ഒന്നാലോചിച്ചാൽ സ്ത്രീയിൽനിന്ന് പുരുഷന് മോചനമുണ്ടോ? എങ്കിലും പുരുഷനില്ലെങ്കിൽ സ്ത്രീക്ക് ജീവിതത്തിൽ എന്താണ് പ്രസക്തി? പുരുഷനും സ്ത്രീയും പരസ്പരപൂരകങ്ങളാണ്; പ്രത്യുത്പാദനത്തിൽ തുല്യപ്രാധാന്യമുള്ളവരാണ്. എങ്കിലും മുഖ്യപങ്കുവഹിക്കുന്നതും സഹിക്കുന്നതും സ്ത്രീയാണ്. അവൾക്കുള്ള മനസ്സാന്നിദ്ധ്യവും സഹനശക്തിയും അംഗീകരിച്ചു കൊടുക്കാൻ പുരുഷൻ തയ്യാറില്ല. ഈ വസ്തുത അവളെ ബോദ്ധ്യപ്പെടുത്താതിരിക്കാനും അവളെ അടിച്ചമർത്താനും അപകീർത്തിപ്പെടുത്താനും നടത്തുന്ന ശ്രമത്തിന്റെ പിന്നിൽ അവളോടുള്ള ഭയമാണ് മുന്നിൽ നില്ക്കുന്നത്. സ്ത്രീയുടെ ലൈംഗികതയിൽ, ആർത്തവമുൾപ്പെടെ അശുദ്ധിയും പാപവും കണ്ടെത്തുകയും ദൈവികകർമ്മങ്ങളിലും സഭാനേതൃത്വത്തിലും നിന്ന് അവളെ മാറ്റിനിർത്തുകയും ചെയ്തിട്ട് പുരുഷലൈംഗികതയിൽ പ്രത്യേകിച്ച് അശുദ്ധിയൊന്നും കാണാതിരിക്കുന്നത് പുരുഷമേധാവിത്വത്തിന്റെ ഇരട്ടത്താപ്പു നയമാണെന്ന് സ്ത്രീകൾ ചിന്തിച്ചുതുടങ്ങിയിരിക്കുന്നു."[9]

അതേ ഗ്രന്ഥത്തിൽ 'അജപാലനമാനങ്ങൾ' എന്ന അധ്യായത്തിൽ പൊടിമറ്റം എഴുതുന്നു:

"ധാർമ്മികതയുടെ നാരായവേര് എത്തിനില്ക്കുന്നത് നന്മയിൽ പരിപൂർണ്ണത പ്രാപിച്ചുവെന്ന മാനുഷികനേട്ടത്തിലല്ല, ദൈവത്തിന്റെ വ്യവസ്ഥകളില്ലാത്ത സ്നേഹത്തിലും അതിനോട് പ്രത്യുത്തരിക്കാനുള്ള മനുഷ്യന്റെ ആഗ്രഹത്തിലും പരിശ്രമങ്ങളിലുമാണ്. പരമ്പരാഗത ധാർമ്മികതയ്ക്ക് രണ്ട് നിലപാടുകളേയുള്ളു. ഒന്നുകിൽ ഒരു പ്രവൃത്തി പരിപൂർണ്ണമായ നന്മ അല്ലെങ്കിൽ അത് പരിപൂർണ്ണമായ തിന്മ. ഇവയ്ക്ക് രണ്ടിനുമിടയിൽ ഒരു ധാർമ്മികാവസ്ഥയില്ലെന്നുവരുമ്പോൾ, നന്മയിൽ ജീവിക്കാൻ നിരന്തരം ശ്രമിക്കുന്ന നിഷ്കപടരായ വിശ്വാസികൾ ഏറെ ആന്തരിക സംഘട്ടനം അനുഭവിക്കുന്നു. ആത്മാർത്ഥരായ വിശ്വാസികൾ തങ്ങളുടെ മനശ്ശക്തിയുടെ ദൗർബ്ബല്യം നിമിത്തം ചിലപ്പോൾ തങ്ങൾ പാപികളാണെന്ന് സ്വയം പഴിച്ച്, വിശുദ്ധ ജീവിതം തങ്ങൾക്ക് അസാധ്യമെന്നുനിനച്ച്, നിരന്തരം കുറ്റബോധത്തിൽ കഴിയുകയും, ചിലരെങ്കിലും തീരുമാനങ്ങളുടെ വഴിവിട്ട് വികാരങ്ങൾക്ക് തങ്ങളുടെ ജീവിതം വിട്ടുകൊടുക്കുകയും ചെയ്യുന്നു.

വ്യക്തികളുടെ ബാഹ്യപ്രവൃത്തികളെ നിരീക്ഷിച്ച് അവരുടെ ആത്മീയതയും ധാർമ്മികതയും നിശ്ചയിക്കുന്ന രീതി ശരിയായ നിലപാടല്ല..... ഒരുവന്റെ ഹൃദയത്തെ വെളിപ്പെടുത്താൻ കഴിയുന്നതിൽ മനുഷ്യന്റെ പ്രവൃത്തികൾക്ക് ഏറെ പരിധികളുണ്ട്. ഹൃദയങ്ങളെ കാണാൻ കഴിവുള്ളവൻ ദൈവമാണ്. അജപാലനദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ആത്മീയനേതാക്കൾ സ്വന്തമാക്കേണ്ടത് ഈ ദൈവികകഴിവാണ്. പുണ്യ

ത്തിൽ ജീവിക്കാൻ ശ്രമിച്ചിട്ട് പരാജയപ്പെട്ടു പോകുന്നവരുടെ പാപവും പുണ്യജീവിതം നയിക്കാൻ ഒരിക്കൽപോലും ശ്രമം നടത്താത്തവരുടെ പാപവും തമ്മിൽ കാതലായ ധാർമ്മികവ്യത്യാസമുണ്ടെന്ന് തിരിച്ചറിഞ്ഞ് വേണം വിശ്വാസികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ."[10]

"......അജപാലന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമാണ് കത്തോലിക്കാസഭയുടെ ഔദ്യോഗിക ധാർമ്മികനിയമസംഹിതയെ സാർവ്വത്രികവും അലംഘ്യവുമായ നിയമമായി വ്യത്യസ്തമായ ധാർമ്മികവീക്ഷണമുള്ള മനുഷ്യരുടെ മുന്നിൽ അവതരിപ്പിക്കുക എന്നത്. ഉദാഹരണത്തിന്, കുഞ്ഞുങ്ങൾ വേണ്ടെന്ന് വയ്ക്കുന്ന സമ്പൽസമൃദ്ധമായ പാശ്ചാത്യനാടുകളിലെ ദമ്പതികളോട് കൃത്രിമജനനനിയന്ത്രണമാർഗ്ഗങ്ങൾ ഉപയോഗിക്കരുതെന്ന് നിഷ്കർഷിക്കുന്നതിലെ ധാർമ്മികതയല്ല, ദരിദ്രരായ, എട്ടും പത്തും മക്കൾക്ക് ജന്മം കൊടുത്തു കഴിഞ്ഞ, ആഫ്രിക്കൻ ദമ്പതിമാരോട് കൃത്രിമ ജനനനിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കരുത് എന്നു പറയുമ്പോഴുള്ളത്. ആദ്യത്തെ നിലപാട് ധാർമ്മികവും പ്രോത്സാഹനജനകവുമാണെങ്കിൽ രണ്ടാമത്തേത് അധാർമ്മികവും തിന്മയുടെ പരിപോഷണവുമാണ്. ചില ഗോത്രവർഗ്ഗങ്ങളുടെ ഇടയിൽ വിവാഹപൂർവ്വ ലൈംഗിക ബന്ധവും ബഹുഭാര്യാത്വവുമൊക്കെ സർവ്വസാധാരണമാണെന്നിരിക്കെ, അവ ആദർശപൂർണ്ണമായ ലൈംഗിക ജീവിതരീതികളല്ലെങ്കിലും, ഗോത്രത്തിന്റെ സമൂഹമനസാക്ഷിക്ക് തെറ്റെന്നു തോന്നാത്തിടത്തോളം അവയെ അധാർമ്മികമെന്ന് വിധിയെഴുതാനാവില്ല. അവയുടെ പേരിൽ യേശുവിന്റെ സദ്വാർത്തയും കൗദാശിക ജീവിതവും അവർക്ക് നിഷേധിക്കാനും പാടില്ല....[11]

ഇനിയും അതേ പുസ്തകത്തിന്റെ 'ഉപസംഗ്രഹം' ഉദ്ധരിക്കാം:

"ക്രിസ്തീയതയുടെ കേന്ദ്രസന്ദേശം ദൈവരാജ്യമൂല്യമായ സ്നേഹത്തിന്റെ പ്രഘോഷണവും ജീവിതവുമാണ്. സ്നേഹിക്കാനുള്ള മനുഷ്യന്റെ കഴിവ് വേരുപിടിച്ച് നില്ക്കുന്നതാകട്ടെ ലൈംഗികതയിലും. ക്രൈസ്തവരുടെ ഇടയിലെ പരമ്പരാഗത ധാർമ്മികത ചെയ്തിരുന്നത് ക്രിസ്തുമതത്തെ ഒരു ലൈംഗിക-വിരുദ്ധ മതമായി അവതരിപ്പിക്കുകയായിരുന്നു. ഇത് വളരെ വികലമായ ഒരു കാഴ്ചപ്പാടാണെന്ന് നമ്മുടെ കാലഘട്ടം തിരിച്ചറിഞ്ഞിരിക്കുന്നു. ഇന്ന് ലൈംഗികതയെന്ന ദൈവികദാനത്തിന്റെ മൂല്യം തിരിച്ചറിഞ്ഞ്, അതിനെ അംഗീകരിച്ച്, പ്രോത്സാഹിപ്പിച്ച്, പരിപോഷിപ്പിക്കാനുള്ള ധാർമ്മിക ദൗത്യമാണ് നമുക്കുള്ളത്. ചാരിത്ര്യമേഖലയിലെ ലൈംഗികവിലക്കുകൾ പലതും ശാസ്ത്രജ്ഞാനം സിദ്ധിക്കാത്ത ഒരു കാലഘട്ടത്തിന്റേതായതുകൊണ്ട് പല അബദ്ധധാരണകളും അവയിൽ കടന്നുകൂടിയിട്ടുണ്ടെന്ന് നാം അംഗീകരിച്ച് തിരുത്താൻ തയ്യാറാകണം.

ലൈംഗികധാർമ്മികത വിലയിരുത്തപ്പെടേണ്ടത് വ്യക്തികൾ തമ്മിലുള്ള ആന്തരിക ബന്ധത്തിന് മുൻഗണന കൊടുത്തുകൊണ്ടായിരിക്കണം,

അല്ലാതെ ഏതെങ്കിലുമൊക്കെ ലൈംഗികപ്രവൃത്തികളെ കേന്ദ്രീക രിച്ചുകൊണ്ടായിരിക്കരുത്. ലൈംഗിക നന്മ-തിന്മകളുടെ വ്യക്തമായ ഒരു ലിസ്റ്റ് തയ്യാറാക്കി തദനുസരണം ധാർമ്മികജീവിതം നയിക്കുന്ന യാന്ത്രി കവും ഉത്തരവാദിത്വരഹിതവുമായ ഒരു ധാർമ്മികതയല്ല, മൂന്നാം സഹ സ്രാബ്ദത്തിലെ മാനവർക്കുവേണ്ടി ക്രിസ്തീയ ചൈതന്യത്താൽ പ്രേരി തരായി പുരോഗമനദൃഷ്ട്യാ വീക്ഷിക്കുന്ന ആധുനിക ധാർമ്മിക ദൈവ ശാസ്ത്രജ്ഞർ വിഭാവനം ചെയ്യുന്നത്.

ധാർമ്മികത വ്യക്തികളുടെ ഉത്തരവാദിത്വമാണ്. വ്യക്തികൾ അവ രുടെ ആന്തരികബന്ധത്തിലും മൂല്യക്രമങ്ങളിലും അർത്ഥപൂർണ്ണതയിലും അടിസ്ഥാനമിട്ട് സ്വതന്ത്രമായി ജീവിക്കുകയും പ്രവർത്തിക്കുകയും തീരു മാനങ്ങളിലെത്തിച്ചേരുകയും ചെയ്യുന്നിടത്താണ് ധാർമ്മികതയുടെ പൂർണ്ണമായ ആവിഷ്കാരം സംഭവിക്കുന്നത്."[12]

സഭ യഥാർഥത്തിൽ ചെയ്യേണ്ടതെന്തെന്ന് മുൻ ഉദ്ധരണികളിൽനിന്ന് വ്യക്തമായിട്ടുണ്ടാവുമല്ലോ. എന്നാൽ, സഭാധികാരം ഇന്ന്, വിലക്കുകളും നിരോധനങ്ങളുംകൊണ്ട് വ്യക്തികളുടെ ധാർമികനിലവാരം ഉയർത്താ മെന്ന തെറ്റിദ്ധാരണയിൽപ്പെട്ട നിലയിലാണ്. രണ്ടാം വത്തിക്കാൻ കൗൺ സിലിലൂടെ കിട്ടിയ കാറ്റിലും വെളിച്ചത്തിലുമിരുന്ന് നമുക്കു ചെയ്യാനാ വുന്നത് എന്തെല്ലാമാണെന്ന് ഇത്തരുണത്തിൽ ചിന്തിക്കേണ്ടതുണ്ട്.

കാനോൻനിയമങ്ങളുടെ അടിസ്ഥാനം വ്യാജരേഖകളാണെന്ന് സഭാധികാരികൾതന്നെ സമ്മതിക്കുന്നുണ്ട്. അപ്രമാദിത്വമാകട്ടെ, മാർപ്പാപ്പാ സ്വയം പ്രഖ്യാപിച്ചിട്ടുള്ളതാണ്. വൈദികരുടെ അവിവാഹിതാ വസ്ഥ, സ്ത്രീപൗരോഹിത്യം മുതലായവയെപ്പറ്റി ഇവയുടെ അടിസ്ഥാന ത്തിൽ ഇറക്കുന്ന കല്പനകൾക്കു കാര്യമായ വിലകല്പിക്കാൻ വിശ്വാസികളിൽ ബഹുഭൂരിപക്ഷവും ഇന്നു തയ്യാറല്ല. ജനനനിയന്ത്രണ ത്തെപ്പറ്റിയുള്ള സഭാധികാരികളുടെ നിലപാടിനെ ഭൂരിപക്ഷം വിശ്വാസി കളും അംഗീകരിക്കുന്നില്ല എന്നത് മിക്ക സഭാധികാരികൾക്കും മനസ്സിലാ യിട്ടുണ്ട്. എന്നിട്ടും നിലപാടുമാറ്റാൻ സഭാധികാരം തയ്യാറാകാത്തത് നേതൃസ്ഥാനത്തിരിക്കുന്നവരുടെ വ്യക്തിപരമായ ചില ദൗർബല്യങ്ങൾ മൂലമാണ് എന്ന് മിക്ക വിശ്വാസികൾക്കും മനസ്സിലായിട്ടുണ്ട്. കുരിശുയുദ്ധ ങ്ങളിലും ഇൻക്വിസിഷനിലും മറ്റും വരുത്തിയ തെറ്റുകൾപോലെ സഭാധികാരം ഈ തെറ്റുകളും ഇന്നല്ലെങ്കിൽ നാളെ തിരുത്തുകയും മാപ്പു ചോദിക്കുകയും ചെയ്യും എന്ന കാര്യവും അവർക്ക് നിശ്ചയമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽപോലെ ഒരു ആഗോള കൗൺസിൽ വിളിച്ചുകൂട്ടി അതിലൂടെയേ ഈവക പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം കണ്ടെത്താനാവൂ.

ബൈബിൾസന്ദേശങ്ങളെ വിവേകപൂർവം ഉൾക്കൊള്ളാൻ മാർഗദർശനം പകരാനുള്ള സംവിധാനമാണ് സഭ. ബൈബിളിൽ എഴുതിയിരിക്കുന്നതെല്ലാം സത്യം എന്ന നിലയിൽ അന്ധമായി വിശ്വസിക്കാനല്ല, അതിലെ ചരിത്രപരവും സാംസ്കാരികവും രാഷ്ട്രീയ

വുമായ തലങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് അതിൽനിന്ന് ആത്മീയമായ ഉൾക്കാഴ്ചകൾ നേടാനാണ് നാം ശ്രമിക്കേണ്ടത്. അതിനു പരിമിതികളുണ്ടായിരുന്ന കാലത്താണ് കത്തോലിക്കാസഭ ബൈബിൾവായന പ്രോത്സാഹിപ്പിക്കാൻ മടിച്ചിരുന്നത്. എങ്കിലും കത്തോലിക്കാസഭ ബൈബിളിന്റെയും പാരമ്പര്യങ്ങളുടെയും പിൻബലത്തോടെ രണ്ടായിരം വർഷത്തിലേറെക്കാലം യേശുവിന്റെ ഗുരുകുലമായി പ്രവർത്തിച്ച ചരിത്രമുള്ളതും അതിനാൽത്തന്നെ സർവാദരണീയമായിത്തീർന്നിട്ടു ള്ളതുമായ മഹാപ്രസ്ഥാനമാണ്.

ആദിമസഭ ഗാർഹികസഭകളായിരുന്നു. ആ പാരമ്പര്യം പോർട്ടുഗീസുകാരുടെ ആഗമനം വരെ, ഇവിടെ കേരളത്തിൽ, നിലവിലുണ്ടായിരുന്നു. ഗാർഹികബന്ധങ്ങളും അയൽബന്ധങ്ങളും ദൃഢീകരിക്കുന്നതിലൂടെ യേശുവിന്റെ പ്രബോധനങ്ങൾക്കനുസൃതമായി സഭാചൈതന്യം എങ്ങനെ വീണ്ടെടുക്കാമെന്നു വിശദീകരിക്കാനുള്ള ശ്രമങ്ങൾ ആത്മാർഥതയുള്ള ഇടവകയച്ചന്മാർ, കേരളത്തിലെ മിക്ക ഇടവകകളിലും ഇന്നുള്ള കുടുംബക്കൂട്ടായ്മകളിൽ, തുടങ്ങിവച്ചിട്ടുണ്ട്.

ഇടവകകളിലെ കുടുംബക്കൂട്ടായ്മകളെ ബൈബിൾ വായിക്കാനും അതിൽനിന്നു ലഭ്യമാകുന്ന ഉൾക്കാഴ്ചകൾ പങ്കുവയ്ക്കാനുമുള്ള വേദികളായി വളർത്താൻ കഴിഞ്ഞാൽ അങ്ങനെയുള്ള കൂട്ടായ്മകളുടെ കൂട്ടായ്മകൾക്ക് സഭാ സിനഡുകളിലും തദ്ദേശ സഭാകൗൺസിലുകളിലും ആഗോള സഭാകൗൺസിലിലും നിർണായകപ്രാതിനിധ്യം ലഭിക്കും. അങ്ങനെ ഒരു ആഗോളസഭാകൗൺസിലിന്, ബൈബിളിലും യേശുവിന്റെ ഉദ്ബോധനങ്ങളിലും അധിഷ്ഠിതമായി ചിന്തിച്ചാൽ, പരിഹരിക്കാനാവാത്ത ഒരു പ്രശ്നവും ഉണ്ടാവില്ല.

# സൂചിക
(REFERENCES)


### അധ്യായം ഒന്ന്: യേശു വിവാഹിതനോ?

1. Anthony T. Padovano, As God, what would Joseph's son have done?, National Catholic Reporter, 12, April 1996

### അധ്യായം രണ്ട്: സഭയും ലൈംഗികതയും

1. St. Augustine, Confessions
2. St. Augustine, City of God, 14. 26
3. Rich Heffern, Sex in Cahoots with the Sacred, National Catholic Reporter, Dec.17, 1999

### അധ്യായം മൂന്ന്: ജനനനിയന്ത്രണം

1. Bernard Haring, My Hope for the Church, Liguori Publications, May 1999, p. 72
2. Pope Paul VI, Humanae Vitae, 25 July 1968
3. Pope Pius XI, Casti Connubii, 31 December 1932
4. John T. Noonan, Contraception, Harvard University Press, 1966
5. John Cardinal Newman, On Consulting the Faithful in Matters of Doctrine, The Rambler, July 1859
6. Pope Leo XIII, Quadragesimo Anno, 15 May 1931
7. David Martin, A General Theory of Secularization, Harper & Row, 1978, p. 78
8. Andrew Greeley, Going Their Own Way, New York Times Magazine, Oct. 10, 1982, pp. 28-29

### അധ്യായം നാല്: പൗരോഹിത്യവും അവിവാഹിതാവസ്ഥയും

1. Kelly, J.N.D. Oxford Dictionary of Popes, New York, Oxford Press, 1986
2. A. Padovano, Joseph's Son, National Catholic Reporter, April 12, 1996
3. B.R. Straus, The Chatholic Church, David and Charles, England, p. 37

4. B.R. Straus, Ibid., p. 34
5. K.J. Torjesen, When Women Were Priests, Harper, San Fransisco, 1993, p. 34
6. A. Padovano, Power, Sex, and Church Structures, A lecture presented at Call to Action, Chicago, 1994
7. Uta Ranke-Heinemann, Eunuchs For The Kingdom of Heaven, Doubleday, New York, 1990, p. 100
8. A.L. Barstow, Married Priests and the Reforming Papacy: The Eleventh-Century Debates, The Edward Mellen Press, Lewiston, New York, 1982, p. 21
9. Theodore Mackin, Divorce and Remarriage, Paulist Press, 1984, p.116
10. Uta Ranke-Heinemann, op. cit., p. 110
11. Celebacy, Canon Law of, The New Encyclopedia, New York, McGrow Hice, 1967
12. A.L. Barstow, op. cit., p. 112
13. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്റ്റ്യൻ സ്റ്റഡീസ്, ഓശാന മൗണ്ട്, 1994, pp. 190-191
14. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം പബ്ലിക്കേഷൻസ്, ബാംഗ്ലൂർ, 2004, pp. 190-191
15. Hans Kueng, Open Letter to the Bishops of the Catholic Church, April 16, 2010
16. Annie Murphy, Forbidden Fruit, Little, Brown and Company, Boston, 1993
17. Time, April 27, 2009, p. 15
18. Michigan Catholic, July 27, 2007, p. 2
19. Dallas Morning News Riview, February 18, 2004

## അധ്യായം അഞ്ച്: സ്വവർഗരതിയും പൗരോഹിത്യവും

1. Donald B. Cozzens, The Changing Face of the Priesthood, The Liturgical Press, Collegeville, 2000
2. Chacko Kalarickal, വത്തിക്കാന്റെ ഇരട്ടത്താപ്പുനയം, ഓശാന, മാർച്ച് 2006, p. 15
3. A.W. Richard Sipe, Sex, Priests and Power: Anatomy of a Crisis, Brunner/Mazel, Philadelphia, 1995, pp. 44-54
4. Donald B. Cozzens, op. cit., p. 135
5. Congregation For Catholic Education, Concerning the Criteria for the Discernment of Vocations with regard to Persons with Homosexual Tendencies in view of their Admission to the Seminary and to Holy Orders, 4 November 2005
6. British Catholic Weekly, Tablet, 25 Nov. 2005
7. John Macionis, Society, The Basics, 7th Edition, Prentice Hall, 2004, p. 165

## അധ്യായം ആറ്: ബാലരതിക്കാരായ പുരോഹിതർ

1. John R. Kinkel, Chaos in the Catholic Church, A call for Reform, Random House, 2008

2. American Psychiatric Association, Diognostic and Statistical Mauual of Mental Disorders, 4th Edition, Rev. 2000
3. Edwards, M., Treatment for Paedophiles: Treatment for Sex Offenders, Paedophile Policy and Prevention, Australian Institute of Criminology Research and Public Policy Series (12), 74-75, 1997
4. The Washington Post, February 29, 2004, p. A9
5. Rahman T, Boy-Love in the Urdu Ghazal, Annual of Urdu Studies, 7, 1-20, 1990
6. New York Times, July 15, 1992
7. Reuters, Geneva, March 28, 2010
8. Riazat Butt, The guardian (London), Sept. 15, 2010
9. Thomas G. Pante, Pastoral Psychology, Vol. 52, No. 5, May 2004, The Sexuaual Abuse Crisis in the Roman Catholic Church, Springer Publishing, 2004
10. CBS News, Has Media Ignoned Sex Abuse in School?, 27 Aug. 2006
11. Rachel Zoll, Letters: Catholic bishops warned in 50s of abusive priests, Associated Press in USA Today, New York
12. Irish Times, April 18, 2010
13. Pastoral Letter of the Holy Father Pope Benedict XVI on account of sexual abuse in Irelend by Catholic Officials, Section 6, March 19, 2010
14. Associated Press, April 22, 2010
15. Bilathi Malayalee, May 2011, p.13, www.bilathi.info
16. ജോസഫ് പുലിക്കുന്നേൽ, ആരെ ജയിലിലടയ്ക്കണം? ശിക്ഷിക്കണം? ഓശാന, ഏപ്രിൽ 2011, pp. 35-42.
17. http://www.bishop-accountability.org./news/2006/07_08/2006_08_03_ANSA_P...11/27/2010

## അധ്യായം ഏഴ്: സ്ത്രീപൗരോഹിത്യം

1. പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, Oriental Institue of Religious Studies, India, മൂന്നാം പതിപ്പ്, p. 555
2. Hermann Josef Pottmeyer, Refining the Question about Women's Ordination, America, Oct. 26, 1996, pp. 16-18
3. Ann Graff, Infallibility, U.S. Catholic, April 1996, pp. 6-11
4. Hermann Josef Pottmeyer, op. cit.
5. Robert Runcie, Letter to Pope John Paul II, Dec. 11, 1985
6. പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, op. cit., p. 555
7. Pope John XXIII, Pacem In Terris, April 11, 1963, Para. 44
8. Richard Bauckham, Gospel Women, W.R. Eerdmans Pub. Co., Introduction, p. XXI
9. John R. Danahue, Women, Priesthood and Vatican, America, Vol. 136, April 02, 1977, pp. 285-289
10. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം, 1994, p. 235

11. National Catholic Reporter, Nov 24, 2000, p. 28
12. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, op. cit., p. 173
13. Letter of Cardinal Seper, Prefect of the Sacred Congregation for the Doctrine of Faith to Cardinal Krol, President of the National Conference of Catholic Bishops of America, May 02, 1974
14. Catechism of the Catholic Church
15. പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, op. cit., p. 551
16. Michigan Catholic, Aug. 28, 1992
17. Pope Paul VI, The Right to be Born, An Address to the Italian Catholic Jurists, The Pope Speaks, Vol. XVII, No. 4 (1973), p. 335
18. Florida Catholic, Vatican: Status of women improving but many still face hardship, March 26 - April 8, 2010, p. A 10
19. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം പബ്ലിക്കേഷൻസ്, ബാംഗ്ലൂർ, 2004, p. 528

## അധ്യായം എട്ട്: ലൈംഗികോർജം സ്നേഹോർജം

1. Catholic Arrogance.org, Why is Catholic Church so obsessed with just about everything sexual?, 2008
2. സാധു ഇട്ടിയവിരാ, വെറും ഒരു പഥികൻ, ഒന്നാം പതിപ്പ്, മീഡിയാ ഹൗസ്, ഡൽഹി, 2009, p. 104
3. സാധു ഇട്ടിയവിരാ, Ibid, p. 103
4. ഫെലിക്സ് പൊടിമറ്റം, ലൈംഗികത-ദൈവത്തിന്റെ കയ്യൊപ്പ്, മീഡിയാഹൗസ്, ഡൽഹി, pp. 81-82
5. എസ്. കാപ്പൻ, നാളത്തേക്ക് ഒരു ലൈംഗികസദാചാരം, രണ്ടാം പതിപ്പ്, മാനുഷം പ്രസിദ്ധീകരണം, ഏറ്റുമാനൂർ, 1994, p. 22
6. എസ്. കാപ്പൻ, Ibid, p. 37
7. എസ്. കാപ്പൻ, op. cit., p. 58
8. ഫെലിക്സ് പൊടിമറ്റം, op. cit., p. 7
9. ഫെലിക്സ് പൊടിമറ്റം, op. cit., pp. 11-12
10. ഫെലിക്സ് പൊടിമറ്റം, op. cit., pp. 110 -111
11. ഫെലിക്സ് പൊടിമറ്റം, op. cit., p. 112
12. ഫെലിക്സ് പൊടിമറ്റം, op. cit., pp. 124 -125